പനത്തടി ഗ്രാമ പഞ്ചായത്ത്

ജനകീയ ആസൂത്രണം

സമഗ്ര വികസനരേഖ



151-7



ഭാരതത്തിന്റെ ചൈതന്യം ഗ്രാമങ്ങളാണെന്നു കണ്ടെത്തിയ മഹാത്മാവേ.....

ഒരു ജനതയുടെ മോഹങ്ങൾക്കു ചിറകുൾ നൽകി, ചരിത്രത്തിലേക്കു നടന്നു നീങ്ങിയ അങ്ങയുടെ മോഹഭംഗങ്ങളുടെ സ്മരണകൾക്കു മുന്നിൽ ഈ ഗ്രാമസംഗമം സമർപ്പിക്കട്ടെ.....

003

പനത്തടി ഗ്രാമ പഞ്ചായത്ത്

ജനകീയ ആസൂത്രണം

സമഗ്ര വികസന രേഖ

മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ



H. ഗോപാലകൃഷ്ണ ഭട്ട്

ആദ്യത്തെ പ്രസിഡൻറ്

ശ്രീ. എം. കുഞ്ഞിരാമൻ നമ്പ്യാർ

മുൻ പ്രസിഡൻറ്



ശ്രീ. എച്ച്. നാരായണ ഭട്ട്

മുൻ പ്രസിഡൻറ്

005

ഉള്ളടക്കം

ആമുഖം
പൊതു വിവരണം
ഭരണചരിത്രം
സാമൂഹ്യ - സാംസ്കാരിക ചരിത്രം
ജനകീയാസൂത്രണം പനത്തടിയിൽ
കൃഷിയും ജലസേചനവും
പട്ടികജാതി - പട്ടികവർഗക്ഷേമം
കുടിവെള്ളം - പൊതുജനാരോഗ്യം
പാർപ്പിടവും സാമൂഹ്യക്ഷേമവും
ഗതാഗതം
ഊർജം
വിദ്യാഭ്യാസം
വ്യവസായം
സഹകരണം
വനിത
വിഭവസമാഹരണം
മാർക്കറ്റ്
സംസ്ക്കാരം
മൃഗസംരക്ഷണം - മത്സ്യബന്ധനം

006

KASARGOD DISTRICT

PANATHADI PANCHAYATH



ആമുഖം

രാഷ്ട്രപിതാവായ മഹാത്മജിയുടെ ചിരകാല സ്വപ്നമായിരുന്ന ഗ്രാമസ്വരാജ് എന്ന സങ്കൽപത്തെ യാഥാർത്ഥ്യമാക്കുന്നതിന് യശഃശരീരനായ മുൻ പ്രധാനമന്ത്രി രാജീവ്ഗാന്ധി തുടക്കം കുറിച്ചെങ്കിലും പിന്നീട് അധികാരത്തിൽ വന്ന ഗവൺമെൻറ് 73, 74 ഭരണഘടന ഭേദഗതിയിലൂടെ അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച സ്വപ്നം യാഥാർത്ഥ്യമാക്കിയിരിക്കുകയാണ്.

കേരളത്തിൻെറ 9ാം പദ്ധതി ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തുന്നതിന് കേരളത്തിലെ പുതിയ ഗവൺമെൻറും ആസൂത്രണ ബോർഡും ചേർന്ന് ആവിഷ്ക്കരിച്ച ജനകീയ ആസൂത്രണ പരിപാടി പഞ്ചവൽസര പദ്ധതികളുടെ ആവിഷ്കാരത്തിലും നടത്തിപ്പിലും പുതിയ ചക്രവാളങ്ങൾ തേടുകയാണ്. അന്യമായിരുന്ന ഒരു ശൈലി പുനർജനിക്കുന്നു.

ഓരോ പ്രദേശത്തിൻെറയും ഭൂപ്രകൃതിയും വിഭവ ശേഷിയും ജനകീയ ആവശ്യങ്ങളും കണക്കിലെടുത്ത്. പദ്ധതികൾ മുൻഗണനാക്രമത്തിൽ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന മഹത്തായ യജ്ഞം നാം ഏറ്റെടുത്തിരിക്കുകയാണ്. ഇതുവഴി പഞ്ചായത്തിൻെറ മുഴുവൻ വികസനവും ഒറ്റയടിക്ക് യാഥാർത്ഥ്യമാകുമെന്നുള്ള വിശ്വാസവും അമിത പ്രതീക്ഷകളുമില്ല. എങ്കിലും ലഭ്യമാകുന്ന പദ്ധതി വിഹിതവും മനുഷ്യ പ്രയത്നവും ഏകോപിപ്പിച്ച് നാടിൻെറ പുരോഗതിയോടൊപ്പം ജനങ്ങളുടെ സാമൂഹ്യ സാംസ്ക്കാരിക ഉന്നമനവും ലക്ഷ്യമാക്കിയുള്ള ഈ പ്രസ്ഥാനത്തിന് എല്ലാതുറകളിൽ നിന്നും ആത്മാർത്ഥമായ സഹകരണം ഉണ്ടായാൽ വികസനത്തിൻെറ ഒരു പുതിയ മാനം നമ്മെ തേടിയെത്തും എന്നതിന് സംശയമില്ല.

പനത്തടി പഞ്ചായത്ത് പൊതു വിവരണം

പഞ്ചായത്തിൻെറ പേര്	-	പനത്തടി
ഉൾപ്പെടുന്ന ഗ്രാമങ്ങൾ	-	കള്ളാർ, പനത്തടി
ബ്ലോക്ക്,പഞ്ചായത്ത് ഡിവിഷനുകൾ	-	കള്ളാർ, പനത്തടി
താലൂക്ക്	-	ഹോസ്ദുർഗ്
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	-	പനത്തടി
അസംബ്ലി മണ്ഡലം	-	ഹോസ്ദുർഗ്
വിസ്തീർണ്ണം	-	140.62 ച.കി.മീ.
ലൊക്കേഷൻ	-	ഉത്തര അക്ഷാംശം 25° ക്കും, 30° ക്കും ഇടയിലും പൂർവ്വ രേഖാംശം 75.15°ക്കും 75.25°ക്കും ഇടയിൽ

അതിരുകൾ - വടക്ക് ബേഡഡുക്ക പഞ്ചായത്തും കർണ്ണാടക സംസ്ഥാനവും, തെക്ക് ബളാൽ പഞ്ചായത്ത്, കിഴക്ക് കർണ്ണാടക സംസ്ഥാനം, പടിഞ്ഞാറ് കോടോം-ബേളൂർ പഞ്ചായത്ത്.

മൊത്തം ജനസംഖ്യ (1991 സെൻസസ് പ്രകാരം) 36239

സ്ത്രീകൾ	-	17860
പുരുഷൻമാർ	-	18379
പട്ടികജാതി പുരുഷൻമാർ	-	2536
സ്ത്രീകൾ	-	2535
പട്ടികവർഗ്ഗം പുരുഷൻമാർ	-	2734
സ്ത്രീകൾ	-	2790
സാക്ഷരതാ നിരക്ക് സ്ത്രീകൾ	-	65.53%
പുരുഷൻമാർ	-	73.66%
ജന സാന്ദ്രത	-	257.7 ച. കി. മി

ഭരണചരിത്രം

പഞ്ചായത്തിൽ ആദ്യമായി ജനാധിപത്യ ഭരണക്രമം 18-5-1956 ന് നിലവിൽ വന്നു. രാജപുരത്ത് വച്ച് പനത്തടി പഞ്ചായത്തിൻെറ പ്രഥമയോഗം ചേർന്ന് ശ്രീ. എച്ച്. ഗോപാലകൃഷ്ണ ഭട്ടിനെ പ്രസിഡൻറായി തിരഞ്ഞെടുത്തു. വൈസ് പ്രസിഡൻറായി ബി. കൃഷ്ണൻ നായരും തിരഞ്ഞെടുക്കപ്പെട്ടു. ആദ്യ ഭരണസമിതിയിൽ കോട്ടവളപ്പ് മൊയ്തീൻകുഞ്ഞി, കള്ളാർ, വി. കുഞ്ഞമ്പുനായർ വാഴവളപ്പ്, പി. കുഞ്ഞിരാമൻകപ്പള്ളി, മാധവനായ്ക്ക് ഉതിരക്കുളം, ചാർത്തൻ പാണത്തൂർ, മത്തായി കൊശപ്പള്ളി, രാജപുരം ദാമോദരസർളായ പെരുതടി എന്നിവർ അംഗങ്ങളായിരുന്നു. 23-12-63 മുതൽശ്രീ എം കുഞ്ഞിരാമൻ നമ്പ്യാർ പ്രസിഡണ്ടും മാത്യു ചേരുവേലിൽ വൈസ് പ്രസിഡണ്ടുമായി രണ്ടാമത്തെ ഭരണസമിതി അധികാരത്തിൽ വന്നുശ്രീമാൻ എച്ച് നാരായണ ഭട്ട്, വി. കുഞ്ഞമ്പുനായർ, സി. സി. ജനാർദ്ദനൻ, പാറക്കാടൻ രാമൻ നായർ, കാട്ടൂർ നാരായണൻനമ്പ്യാർ, തോബി തോമസ്, എന്നിവർ ഭരണസമിതിയിലെ അംഗങ്ങളുമായിരുന്നു. വനിതാ അംഗത്തെ പ്രസിഡണ്ട് നേരിട്ട് നോമിനേറ്റ് ചെയ്യുകയായിരുന്നു. ശ്രീ കാട്ടൂർ നാരായണൻ നമ്പ്യാരുടെ അംഗത്വം മൂന്നു മാസത്തിനുള്ളിൽ തുടർച്ചയായി മൂന്നു യോഗങ്ങളിൽ ഹാജരാവാതിരുന്നതുമൂലം നഷ്ടപ്പെട്ടു. 5-9-65ന് മാത്യു ചേരുവേലിൽ രാജിവെക്കുകയും ആ ഒഴിവിൽ 8-12-66ന്

ബി മുഹമ്മദ് കുഞ്ഞിയെ തെരഞ്ഞെടുക്കുകയും ചെയ്തു. 6-3-67ന് ശ്രീ എച്ച് നാരായണ ഭട്ടിനെ വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുത്തു. 27-9-79ന് വീണ്ടും ശ്രീ എം കുഞ്ഞിരാമൻ നമ്പ്യാർ പ്രസിഡണ്ടായും ശ്രീ കെ. രാഘവൻ ശ്രീ കെ അനന്തരായ ഷേണായി, ശ്രീ എൻ ഇ തോമസ്, ശ്രീ സി ടി ഫിലിപ്പ്, ശ്രീ എം കൃഷ്ണൻ നായർ, ശ്രീ എം രാഘവൻ നായർ, ശ്രീ എച്ച് ശ്യാം സുന്ദർ ഭട്ട് എന്നീ അംഗങ്ങളുൾപ്പെട്ട മൂന്നാമത്തെ ഭരണസമിതി നിലവിൽ വന്നു. 8-2-88ന് ശ്രീ എച്ച് നാരായണ ഭട്ട് പ്രസിഡണ്ടും ശ്രീമതി ത്രേസ്യാമ്മ ജോസഫ് വൈസ് പ്രസിഡണ്ടും, ശ്രീ എം സി മാത്യു, ശ്രീ ബി എം അബ്ദുൾറഹിമാൻ, ശ്രീ അബ്രഹാം കടുതോടി, ശ്രീമതി എ കാർത്യായനിയമ്മ, ശ്രീ മോഹൻദാസ് ഷേണായി, ശ്രീ പി രാജൻ, ശ്രീ പി കെ ചന്ദ്രശേഖരൻ, ശ്രീ പി അബ്ബാസ്, ശ്രീ എൻ കൃഷ്ണനായ്ക്ക്, ശ്രീ കെ. കെ. കുഞ്ഞിരാമൻ എന്നിവരടങ്ങിയ നാലാമത്തെ ഭരണസമിതി നിലവിൽ വന്നു. 25-7-94ന് പ്രസിഡണ്ടായിരുന്ന ശ്രീ എച്ച് നാരായണഭട്ട് അന്തരിച്ചു. അതേതുടർന്ന് മെമ്പറായിരുന്ന ശ്രീ പി കെ ചന്ദ്രശേഖരനെ പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയുടെ പ്രസിഡണ്ടായി ഗവൺമെൻറ് നോമിനേറ്റ് ചെയ്തു.

പിന്നീടു നടന്ന തെരഞ്ഞെടുപ്പിലൂടെ 2-10-95മുതൽ നിലവിലുള്ള 5-ാമത്തെ ഭരണസമിതി അധികാരമേറ്റു. ശ്രീ പി. കെ. ചന്ദ്രശേഖരൻ പ്രസിഡണ്ടും ശ്രീമതി ത്രേസ്യാമ്മ ജോസഫ് വൈസ് പ്രസിഡണ്ടും ശ്രീ കെ. ടി. മാത്യു സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാനുമായി.

അംഗങ്ങൾ

ശ്രീമതി എച്ച്. ലീല

ശ്രീ ബാബു കദളിമറ്റം

ശ്രീമതി എം. ലക്ഷ്മി

ശ്രീ ഫിലിപ്പ് ഓണശ്ശേരി

ശ്രീ കെ സുകുമാരൻ

ശ്രീമതി എം വി പുഷ്പകുമാരി

ശ്രീ എം. വി. ഭാസ്കരൻ

ശ്രീ ജോർജ് ഐസക്

ശ്രീമതി ലിസി ജോൺ

ശ്രീ കെ ബാലകൃഷ്ണൻ

ശ്രീ വി. നാരായണൻ നായർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് *പനത്തടി ഡിവിഷൻ*

ശ്രീ പി. രാജൻ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് *പനത്തടി ഡിവിഷൻ*

ശ്രീ ശശിധരൻ കപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ *കള്ളാർ ഡിവിഷൻ*

അധികാര വികേന്ദ്രീകരണത്തിൻെറ ഭാഗമായി ജനാധിപത്യ പ്രക്രിയയിലൂടെ പനത്തടിക്ക് ഉയർന്ന പരിഗണന ലഭിച്ചിട്ടുണ്ട്. കേരളത്തിൽ ആദ്യമായി ജില്ലാ കൗൺസിൽ നിലവിൽ വന്നപ്പോൾ പനത്തടി ഡിവിഷനിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട അഡ്വ. ശ്രീ എം. സി. ജോസ് കാസർകോട് ജില്ലയുടെ പ്രഥമ ജില്ലാ കൗൺസിൽ പ്രസിഡണ്ടായത് പഞ്ചായത്തിന് അംഗീകാരമായിരുന്നു.

സാമൂഹിക സാംസ്കാരിക ചരിത്രം

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൻെറ കിഴക്ക് മലനാടിൻെറ ഭാഗമായി കുടക് ജില്ലയോട് തൊട്ടുരുമ്മി സമുദ്ര നിരപ്പിൽ നിന്നും 3480 അടിവരെ ഉയരമുള്ള മലനിരകളും താഴ്വരകളും ചേർന്നു കിടക്കുന്ന പ്രകൃതി രമണീയമായ പ്രദേശമാണ് പനത്തടി പഞ്ചായത്ത്. മദ്രാസ് സംസ്ഥാനത്തിൻെറ ഭാഗമായി തെക്കൻ കർണ്ണാടക ജില്ലയിൽ ഉൾപ്പെട്ടിരുന്ന പനത്തടി വിവിധ മത വിശ്വാസങ്ങളുടേയും ആചാരാനുഷ്ഠാനങ്ങളുടേയും സംഗമഭൂമി കൂടിയാണ്. കൂർഗിൽ നിന്നും ആരംഭിച്ച് പഞ്ചായത്തിൻെറ ഏതാണ്ട് മദ്ധ്യഭാഗത്തു കൂടി കിഴക്ക് പടിഞ്ഞാറായി ഒഴുകുന്ന ചന്ദ്രഗിരിപുഴ ഇവിടുത്തെ കാർഷിക മേഖലയെ ധന്യമാക്കുന്ന പുണ്യനദിയാണ്. ഇവിടുത്തെ കാലാവസ്ഥയും, മൺതരങ്ങളും, ജലസ്രോതസുകളും കർഷകരെ ആകർഷിക്കുന്ന മുഖ്യഘടകങ്ങളാണ്. പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥലങ്ങളും പുരാതനമായ തുളുച്ചേരി തറവാട്ടു വകയും നീലേശ്വരം കോവിലകം, കോടോം തറവാട് എന്നിവരുടെ അധീനതയിലുമായിരുന്നു. ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കുന്നതുവരെ ജൻമികുടിയാൻ വ്യവസ്ഥയാണ് ഇവിടെ നിലനിന്നിരുന്നത്. സ്ഥലവാസികളായ ഹരിജനങ്ങൾ ജൻമി കൊടുക്കുന്ന സ്ഥലത്ത് കുടിൽ കെട്ടി താമസിക്കുകയും പുനം, കുരുമുളക് എന്നീ കൃഷികൾ 2/10 പാട്ടം വ്യവസ്ഥയിൽ കൃഷിചെയ്ത് ഉപജീവനം നടത്തി ജൻമിയെ സേവിച്ചുപോന്നിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് ജൻമികുടുംബങ്ങൾക്ക് അവകാശമായി ലഭിച്ചിരുന്ന പട്ടേലർ പദവി ഉപയോഗിച്ച് നാടുഭരിച്ചിരുന്ന സമ്പ്രദായമാണ് ഇവിടെ ഉണ്ടായിരുന്നത്. നാട്ടിലെ അനൗദ്യോഗിക ഭരണ തലവനായിരുന്നു പട്ടേലർ. ആത്മഹത്യയോ, കൊലപാതകങ്ങളോ പോലുള്ള അത്യാഹിതങ്ങൾ നടന്നാൽ നാട്ടുകാർ പട്ടേലരെ ആദ്യം വിവരമറിയിക്കുകയും പട്ടേലർക്ക് പ്രഥമറിപ്പോർട്ട് തയ്യാറാക്കി പോലീസിലും കോടതിയിലും സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം ഉണ്ടായിരുന്നു. കളക്ടർ ഉൾപ്പെടെ ഉള്ള സർക്കാർ ഉദ്യോഗസ്ഥൻമാർ

ആദ്യമായി പട്ടേലരുമായി ബന്ധപ്പെട്ടതിനു ശേഷമേ നാട്ടിലെ മറ്റുകാര്യങ്ങളിൽ ഇടപെട്ടിരുന്നുള്ളു. കുടുംബ പാരമ്പര്യ രീതിയിൽ തുടർന്നു വന്നിരുന്ന പട്ടേലർ സ്ഥാനം ശ്രീ കോടോത്ത് കുഞ്ഞമ്പു നായർ, കോടോത്ത് കേളുനായർ എന്നിവർക്കു ശേഷം ശ്രീ. എം. കുഞ്ഞിരാമൻ നമ്പ്യാർക്കായിരുന്നു. 1956ലാണ് ജനാധിപത്യ രീതിയിലുള്ള ഭരണം നിലവിൽ വന്നത്. അന്ന് രാജപുരത്തും പാണത്തൂരും യോഗം ചേർന്ന് ഓരോ സ്ഥലത്തുനിന്നും നാലംഗങ്ങൾ വീതം പഞ്ചായത്തിലെ പൊതുസഭയിലേക്ക് തിരഞ്ഞെടുത്തു. പഞ്ചായത്ത് പ്രസിഡൻറിനേയും ജനങ്ങൾ നേരിട്ടാണ് തിരഞ്ഞെടുത്തിരുന്നുത്. ഇത്തരത്തിൽ തിരഞ്ഞെടുത്ത ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. എച്ച്. ഗോപാലകൃഷ്ണ ഭട്ടായിരുന്നു.

ജൻമികളുടെ കുടിയാൻമാരായ ആദിവാസികളെ കൂടാതെ സൗത്ത് കാനറയിൽ നിന്നും മഹാരാഷ്ട്ര വംശജരായ മറാഠി സമൂഹം പനത്തടിയിലെത്തുകയും കുന്നിൻ ചെരുവുകളിൽ കൂട്ടമായി കുടിൽ കെട്ടി താമസിച്ചു കൃഷി ചെയ്തു ജീവിച്ചു. ആടുമാടുകളെ വളർത്തുന്ന ഇക്കൂട്ടർ വന്യമൃഗങ്ങളുടെ ഉപദ്രവം ഭയന്നാണ് കൂട്ടമായി താമസിച്ചിരുന്നത് എന്നു പറയപ്പെടുന്നു. ഹിന്ദികലർന്ന മറാഠി ഭാഷയാണ് ഇവർ സംസാരിക്കുന്നത്. കാസർഗോഡ് ജില്ലയിൽ പനത്തടിയിലും അപൂർവ്വം ചില പഞ്ചായത്തുകളിലും കാണുന്ന മറാഠി വിഭാഗം ഈ നാടിൻെറ സാമൂഹ്യ ആചാരങ്ങളുമായി ഇഴുകിചേർന്ന് കൂലിപ്പണി ചെയ്തും സ്വന്തമായി കൃഷി നടത്തിയും ഉപജീവനം നടത്തുന്ന അദ്ധ്വാനശീലരാണ്. കൃഷിപണി എടുക്കുമ്പോൾ മഴനനയാതിരിക്കാൻ ഇലയും മുളയും കൊണ്ടുണ്ടാക്കുന്ന മരക്കൊരമ്പയും തെങ്ങോല കൊണ്ടുണ്ടാക്കുന്ന ഓലക്കൊരമ്പയും ആദിവാസികളോടൊപ്പം എല്ലാ വിഭാഗം കർഷകരും ഉപയോഗിച്ചിരുന്നു. കൂടാതെ കോപ്പാള വിഭാഗക്കാർ കവുങ്ങിൻെറ പാളകൊണ്ട് നിർമ്മിക്കുന്ന തൊപ്പിയും, അരയിൽ കത്തി സൂക്ഷിക്കുന്നതൊടങ്ങും ഇവിടുത്തെ പ്രത്യേക ആകർഷണങ്ങളായിരുന്നു. ജൻമിമാരുടെ ആജ്ഞാനുസരണം പകലന്തിയോളം പണിയെടുത്തിരുന്ന മാവിലർ, ചെറുമൻ, വേട്ടുവർ എന്നീ പട്ടിക വർഗക്കാർ പുല്ലു മേഞ്ഞ കുടിലുകളിലാണ് താമസിച്ചിരുന്നത്. സന്ധ്യസമയങ്ങളിൽ കുടിലുകളിൽ നിന്നും ഉയർന്ന തുടിയുടേയും പുല്ലാങ്കുഴലിൻെറയും നാടൻ പാട്ടുകളുടേയും നാദബ്രഹ്മത്തിൽ കഷ്ടതകൾ മറന്ന് ആഹ്ളാദിച്ചിരുന്ന ആ ഗ്രാമീണത ഇന്ന് അന്യമായിരിക്കുന്നു.

രണ്ടാം ലോകമഹായുദ്ധം പൊട്ടിപുറപ്പെട്ടതോടെ ഭക്ഷ്യ സാധനങ്ങൾ ലഭ്യമല്ലാതാവുകയും ജീവിതം വഴിമുട്ടുകയും ചെയ്ത സാഹചര്യത്തിൽ കോട്ടയം രൂപതയിൽപ്പെട്ട ഏതാനും ഇടവകകളിൽ നിന്നും മലബാറിലേക്ക് കുടിയേറ്റം നടത്താൻ അന്നത്തെ അഭിവന്ദ്യ ചുളപ്പറമ്പിൽ തിരുമേനി മംഗലാപുരം സെൻറ് അലോഷ്യസ് കോളേജിലെ അദ്ധ്യാപകനായിരുന്ന പ്രൊഫസർ വി.ജെ. ജോസഫ് കണ്ടോത്തുമായി ആലോചിക്കുകയുണ്ടായി. പ്രൊ. വി.ജെ. ജോസഫിൻെറ അന്വേഷണത്തിൽ നിന്നും കണ്ണൂർ ജില്ലയുടേയും സൗത്ത് കാനറയുടേയും ഫലഭൂയിഷ്ടമായ കിഴക്കൻ മലയോരങ്ങൾ കുടിയേറ്റ ജനതയ്ക്ക് പറ്റിയ സ്ഥലമാണെന്ന് ബോദ്ധ്യപ്പെട്ടതനുസരിച്ച് പനത്തടി ഗ്രാമത്തിൽ നീലേശ്വരം കോവിലകം വക സ്ഥലത്തിൽ നിന്നും 1800 ഏക്കർ സ്ഥലം 1942 മാർച്ച് 26ാം തീയതി ഹോസ്ദുർഗ് സബ് രജിസ്ട്രാർ ആപ്പീസിൽ വച്ച് അഭിവന്ദ്യ ചൂളപ്പറമ്പിൽ പിതാവിൻെറ പേരിൽ ജൻമം വാങ്ങി. ഈ സ്ഥലം 12 1/2 ഏക്കർ വീതമുള്ള 72 ബ്ലോക്കുകളായി തിരിച്ച് വിവിധ ഇടവകകളിൽപ്പെട്ട 72 കുടുംബക്കാർക്ക് ഏക്കർ സ്ഥലത്തിന് 6 രൂപയും 2രൂപാ ആധാരചിലവ് ഉൾപ്പെടെ മൊത്തം 8 രൂപാ വില നിശ്ചയിച്ച് ഒരു ബ്ലോക്ക് സ്ഥത്തിന് 100 രൂപാ വിലയ്ക്ക് നൽകുകയും ചെയ്തു. അങ്ങിനെ 1943 ഫെബ്രുവരി 20ാം തീയതി ഉറ്റവരേയും ഉടയവരേയും ഉപേക്ഷിച്ച് സാഹസികതയുടേയും നാഗരികതയുടേയും സംസ്കാരത്തിൻെറതുമായ പാത വെട്ടിതുറന്ന് പനത്തടിയുടെ മലമടക്കുകളിൽ 72 കുടുംബങ്ങൾ എത്തിപ്പെട്ടു. കാഞ്ഞങ്ങാട് റയിൽവേ സ്റ്റേഷനിൽ നിന്നും വീട്ടുസാധനങ്ങൾ കാളവണ്ടിയിൽ കയറ്റി കുടുംബാഗങ്ങൾ കൂട്ടമായി കാളവണ്ടിക്കു പിറകേ നടന്ന് ഏച്ചിക്കോൽ എന്നറിയപ്പെട്ടിരുന്ന രാജപുരത്തെത്തി. മലമ്പനിയോടും, കാട്ടുമൃഗങ്ങളോടും മല്ലടിച്ച് മണ്ണിനെ പൊന്നാക്കി മാറ്റിയ അദ്ധ്വാനശീലരായ കുടിയേറ്റക്കാരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി, രാജപുരത്ത് ഞായറാഴ്ചകളിൽ ദിവ്യബലി അർപ്പിക്കുന്നതിനായി പണിതീർത്ത 100 അടി നീളവും 20 അടി വീതിയുമുള്ള ഓലഷെഡിൽ 1943 ജൂൺ മാസത്തിൽ പനത്തടിയിലെ ആദ്യത്തെ സ്കൂൾ ആരംഭിച്ചു. ഇത് പനത്തടി പഞ്ചായത്തിലെ പതിനായിരക്കണക്കിന് ജനങ്ങളെ വിദ്യാഭ്യാസത്തിൻെറ ഉന്നത ശ്രേണിയിലേക്ക് കൈ പിടിച്ചുയർത്താൻ നിദാനമായി. ശ്രീ പി. സി. ലൂക്കോസ് ആയിരുന്നു ഈ സ്കൂളിൻെറ ആദ്യത്തെ ഹെഡ്മാസ്റ്റർ. ഈ സ്കൂൾ പടിപടിയായി ഉയർന്നു ഹോളി ഫാമിലി ഹൈസ്കൂളായി മാറി.

1959 - 65 കാലഘട്ടത്തിൽ നടന്ന N S S കുടിയേറ്റവും പനത്തടി പഞ്ചായത്തിലെ കാർഷിക, സാമൂഹിക, സാംസ്കാരിക മേഖലകളിലെ പരിവർത്തനത്തിന് ആക്കം കൂട്ടി. N S S സമുദായാചാര്യനായ ശ്രീ മന്നത്തു പത്മനാഭൻെറയും അന്നത്തെ ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ മക്കപ്പുഴ

വാസുദേവൻ പിള്ളയുടെയും ശ്രമഫലമായിട്ടായിരുന്നു NSS കുടിയേറ്റം സാക്ഷാത്കരിക്കപ്പെട്ടത്. ഇതിന്റെ ഫലമായി 1959 മെയ് മാസത്തിൽ നീലേശ്വരം കോവിലകത്തെ 6 അവകാശികളിൽനിന്നായി പനത്തടി വില്ലേജിലെ റീ സർവേ നമ്പർ 273/1 A ൽപ്പെട്ട 5000 ഏക്കർ ഭൂമി വിലക്കുവാങ്ങി. ഇതിൽ 1500 ഏക്കർ ഭൂമിയാണ് ഇന്ന് ജില്ലയിലെ ഏറ്റവും വലിയ റബ്ബർ എസ്റ്റേറ്റ് ആയി മാറിയത്. അഡ്വ. ശ്രീ വി. പി. ഗോവിന്ദൻ നായർ ശ്രീ സി. ജി. പരമേശ്വരൻ നായർ എന്നീ NSS കോളനി സ്പെഷ്യൽ ആഫീസർമാരുടെ നേതൃത്വത്തിൽ മദ്ധ്യകേരളത്തിലെ മിക്കവാറും എല്ലാ താലൂക്കുകളിലും നിന്നുമായി 80 കുടുംബങ്ങളാണ് ആദ്യഘട്ടത്തിൽ കുടിയേറിയത്. രണ്ടാം ഘട്ടമായി 1970 - 75 കാലഘട്ടത്തിൽ തെക്കൻ ജില്ലകളിൽനിന്നുമായി 500 ഓളം കുടുംബങ്ങളും ഈ മണ്ണിലെത്തി. ഒരു കുടുംബത്തിന് 5 ഏക്കർ സ്ഥലം വീതമാണ് ആദ്യം നൽകിയിരുന്നത്. പൊതുവെ വ്യാപകമായി കൃഷിചെയ്യുവാൻ താൽപര്യമില്ലാതിരുന്ന നായർ സമുദായക്കാർക്ക് തദ്ദേശവാസികളുടേയും മറാഠി സമുദായക്കാരുടേയും കൃസ്തീയ കുടിയേറ്റക്കാരുടേയും കഠിനാദ്ധ്വാനം പുതിയ പ്രതീക്ഷകൾ നൽകി. ആ കാർഷിക സംസ്കാരത്തിൽ ഇവരും മുഴുകുകയായിരുന്നു. ശാസ്ത്രീയമായി റബ്ബർകൃഷി നടത്തുന്ന NSS എസ്റ്റേറ്റ് കേരളത്തിലേതന്നെ ഒരു മാതൃകാ തോട്ടമാണ്.

പൊന്നം കൃഷി, കുരുമുളക് കൃഷി, എന്നീവ കൂടാതെ അത്യാവശ്യത്തിന് തെങ്ങ്, കമുങ്ങ്, കശുമാവ്, മാവ്, പ്ലാവ്, എന്നീ കൃഷികളും മാത്രമായിരുന്നു മുമ്പ് ഇവിടെ ഉണ്ടായിരുന്നത്. എന്നാൽ കുടിയേറ്റ കർഷകർ ഭക്ഷ്യാവശ്യങ്ങൾക്കായി കപ്പ, ചേന, കാച്ചിൽ, ചേമ്പ്, ചെറുകിഴങ്ങ് എന്നീ കൃഷികളും റബ്ബർ കമുങ്ങ് തെങ്ങ്, എന്നീ തോട്ടവിളകളും വ്യാപകമായി കൃഷിചെയ്യാൻ തുടങ്ങി.

കുടിയേറ്റക്കാരും തദ്ദേശവാസികളും വളരെ സൗഹാർദത്തിലാണ് കഴിഞ്ഞിരുന്നത്. കോളനി നിവാസികളോടും കുടിയേറ്റത്തിന് നേതൃത്വം നൽകിയ വൈദികരോടും തദ്ദേശ വാസികൾ വളരെ ബഹുമാനവും സ്നേഹവും പ്രകടിപ്പിച്ചിരുന്നു. കുടിയേറ്റക്കാരെ നിർലോഭമായി സഹായിച്ചിരുന്നവരിൽ പ്രമുഖരായ പട്ടേലർ ശ്രീ കുഞ്ഞിക്കേളു നായർ, സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന എ. സി. കണ്ണൻ നായർ, മുൻ എം. എൽ. എ. എം. കെ നമ്പ്യാർ, എം. കുഞ്ഞിരാമൻ നമ്പ്യാർ എന്നിരെ കുടിയേറ്റജനത ഇന്നും നന്ദിയോടെ സ്മരിക്കുന്നു. അതുപോലെത്തന്നെ കോളനികളുടേയും പനത്തടി പഞ്ചായത്തിന്റെയും സാമൂഹ്യ സാംസ്കാരിക സാമ്പത്തിക വളർച്ചയ്ക്ക് പിന്നിൽ പ്രവർത്തിച്ച് കുടിയേറ്റ ജനതയ്ക്ക് നേതൃത്വവും, മാർഗനിർദേശവും നൽകിയ ബഹുമാനപ്പെട്ട വൈദികരേയും NSS നേതാക്കളെയും ഇവിടുത്തെ എല്ലാ വിഭാഗം ജനങ്ങളും ആദരിക്കുകയും സ്മരിക്കുകയും ചെയ്യുന്നു.

1970ൽ 40 കുടുംബങ്ങൾപനത്തടിയിലെ ഏറ്റവും ഉയരം കൂടിയ പ്രദേശമായ മലബാറിലെ ഊട്ടി എന്നറിയപ്പെടുന്ന റാണിപുരത്ത് കുടിയേറി. എന്നാൽ യാത്രാസൗകര്യങ്ങളും സേവനരംഗങ്ങളുടെ അപര്യാപ്തതയും കാട്ടുമൃഗങ്ങളുടെ ശല്യവും കാരണംഇവിടുത്തെ ചുരുക്കം ചില കുടുംബങ്ങൾ കൂടുതൽ സൗകര്യങ്ങൾതേടി പഞ്ചായത്തിന്റെ താഴ്വര പ്രദേശങ്ങളിൽമാറിത്താമസിക്കുവാൻ ഇടയായിട്ടുണ്ട്. എങ്കിലും വിനോദസഞ്ചാര കേന്ദ്രമായ ബേക്കൽ പദ്ധതിയുടെ പൂർത്തികരണത്തോടെ റാണിപുരവും കേരളത്തിലെഅറിയപ്പെടുന്ന ഒരു വിനോദസഞ്ചാര കേന്ദ്രമായി മാറും എന്ന് ഇവിടുത്തെ ജനങ്ങൾ പ്രതിക്ഷിക്കുന്നു.

പനത്തടി പഞ്ചായത്ത് രൂപീകരണത്തിനു ശേഷം ഏറ്റവും കൂടുതൽ വർഷം പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം അലങ്കരിച്ചത് ശ്രീ എം. കുഞ്ഞിരാമൻ നമ്പ്യാരാണ്. അദ്ദേഹത്തിന്റെ സേവന കാലഘട്ടത്തിലാണ് വികസന പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ ഈ പ്രദേശത്ത് ആരംഭിച്ചത്. മാവുങ്കാൽ വരെ എത്തിനിന്ന വൈദ്യുതിലൈൻ പാണത്തൂർ വരെ ദീർഘിപ്പിക്കുന്നതിന് ശ്രീ കുഞ്ഞിരാമൻ നമ്പ്യാരും അന്തരിച്ച ഫാദർ സ്റ്റീഫൻ മുതുകാട്ടിലും ചേർന്ന് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി രാജപുരത്ത് ആദ്യമായി വൈദ്യുതി ലഭിക്കുകയും അതോടനുബന്ധിച്ച് കോടോം ബേളൂർ, പുല്ലൂർ, ബളാൽ എന്നീ പഞ്ചായത്തുകളിലും വൈദ്യുതി ലഭിക്കുന്നതിന് സഹായകമാവുകയും ചെയ്തു. പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ കുഞ്ഞിരാമൻ നമ്പ്യാർ പനത്തടി സർവീസ് സഹകരണ ബേങ്ക് പ്രസിഡണ്ട്, കണ്ണൂർജില്ലാ സഹകരണ ബേങ്ക് പ്രസിഡണ്ട്, ബി ഡി സി ചെയർമാൻ, എം എൽ എ, ഡി.ഡി.സി അംഗം എന്നിങ്ങനെ ഒരേസമയം പലതുറകളിലും പ്രവർത്തിച്ചിരുന്നതിനാൽ എസ് എഫ് ഡി എ, എം എഫ് എ എൽ തുടങ്ങിയ പദ്ധതി വിഹിതത്തിൽനിന്നും പരമാവധി തുക പഞ്ചായത്തിന് ലഭ്യമാക്കുകയും സോയിൽ കൺസർവേഷൻ പദ്ധതി, പനത്തടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, കോളിച്ചാൽ - മാനടുക്കം റോഡ്, പാണത്തൂർ - കല്ലപ്പള്ളി - ബഡ്ഡഡുക്ക റോഡ് തുടങ്ങിയ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ സാധിച്ചു. മുൻകാലങ്ങളിൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ മനുഷ്യപ്രയത്നം ഉൾപ്പെടെയുള്ള ജനപങ്കാളിത്തം ഉണ്ടായിരുന്നത്കൊണ്ട് ലഭിക്കുന്ന തുച്ഛമായ സർക്കാർ വിഹിതം കൊണ്ട് മെച്ചപ്പെട്ട രിതിയൽ വികസനപ്രവർത്തനങ്ങൾ

011

പൂർത്തികരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന ജനകായാസൂത്രണ പരിപാടിയും ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

1968 ഒടുവിൽ ശ്രീ ജോസഫ് കനകമൊട്ടയുടെയും ശ്രീ ടി ഗോവിന്ദൻ നായരുടേയും നേതൃത്വത്തിൽ ബസ് പാസഞ്ചേഴ്സ് അസോസിയേഷൻ രൂപീകരിച്ച് തിരുവനന്തപുരത്ത് പോയി ട്രാൻസ്പോർട്ട് മന്ത്രി ഇമ്പിച്ചി ബാവയെ കണ്ട് നിവേദനം കൊടുത്തതിന്റെ ഫലമായി 15-2-69ൽ പയ്യന്നൂർ - പാണത്തൂർ സ്റ്റെയിറ്റ് ബസ്സ് നമ്മുടെ പഞ്ചായത്തിൽ സർവീസ് ആരംഭിച്ചു.

1979 മാർച്ചിലും 80 മാർച്ചിലും കാസർഗോഡ് - ഹൊസ്ദുർഗ് മലയോര വികസന സമിതിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടറി ശ്രീ ജോസഫ് കനകമൊട്ടയുടെ നേതൃത്വത്തിൽ പൂക്കയം തൂക്കുപാലത്തിൽനിന്നും മലയോര ജ്യോതി കൊളുത്തിക്കൊണ്ട് മലയോര കർഷക ജാഥ തിരുവനന്തപുരത്തേക്ക് പോവുകയും സെക്രട്ടറിയേറ്റ് നടയിൽ ധർണ നടത്തുകയും ചെയ്തിരുന്നു. എങ്കിലും മലയോര കർഷകരുടെ ചിരകാലാഭിലാഷമായ മലയോര റോഡിന്റെ ആവശ്യം ഇനുയും പൂവണിഞ്ഞിട്ടില്ല. അവിഭക്ത കണ്ണൂർ ജില്ലയിൽ കാസർഗോഡ് സബ്കലക്ടറായിരുന്ന ശ്രീ ആനന്ദബോസിന്റെ മനസ്സിലുദിച്ച ഗ്രാമോത്സവം എന്ന സങ്കൽപ്പം ഇന്ത്യയിൽ ആദ്യമായി പനത്തടി പഞ്ചായത്തിലെ രാജപുരത്ത്വച്ച് നടത്തപ്പെട്ടു. 1980 മെയ് 6, 7 തീയതികളിൽ നടന്ന ഗ്രാമോത്സവത്തിൽഎല്ലാ വകുപ്പുകളിലേയും ജില്ലാതല ഉദ്യോഗസ്ഥൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് ജനങ്ങളുടെ പരാതികളും നിർദേശങ്ങളും സ്വീകരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പുകൽപിക്കുകയും നിർദേശങ്ങൾ നടപ്പിലാക്കുകയും ചെയ്തു. ഈ പരിപാടിയുടെ ചുവടു പിടിച്ചാണ് പിൽക്കാലത്ത് ജനസമ്പർക്ക പരിപാടി എന്ന ആശയം നിലവിൽ വന്നത്. 1984 ൽ കാസർഗോഡ് ജില്ലാ രൂപികരണത്തോടെ പനത്തടിയെ ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്തായി പരിഗണിച്ച് പരമാവധി പദ്ധതി വിഹിതം നൽകികൊണ്ട് വികസനരംഗത്ത് അർഹമായ സ്ഥാനം ലഭ്യമായികൊണ്ടിരിക്കുകയാണ്.

കുടകു വനാന്തരങ്ങളുടെ മടിത്തട്ടിൽ, പഞ്ചായത്തിന്റെ അതിർത്തിയിൽ ഉത്തരകേരളത്തിലെ ഭക്തജനങ്ങളുടെ ആശാകേന്ദ്രമായ കിഴക്കേ കോവിലകം തുളുർവ്വനത്ത് ഭഗവതി ക്ഷേത്രവും പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് കള്ളാറിന്റെ തിരുനെറ്റിയിൽ തിലകം ചാർത്തുന്ന മഹാവിഷ്ണു ക്ഷേത്രവും സഹ്യാദ്രിയെ നിത്യവും പള്ളിയുണർത്തുന്ന പെരുതടി ശിവക്ഷേത്രവും അംബരചുബികളായി മണിനാദം മുഴക്കുന്ന രാജപുരം തിരുകുടുംബ ദേവാലയം, മാലക്കല്ല് ലൂർദ്ദ്മാതാ പള്ളി പനത്തടി സെൻറ് ജോസഫ്സ് പള്ളി, പാണത്തൂർ സെൻറ്മേരീസ് പള്ളി എന്നീ ക്രൈസ്തവ ദേവാലയങ്ങളും, കള്ളാർ പാണത്തൂർ മുസ്ലീം പള്ളികളും പഞ്ചായത്തിലെ പ്രധാനപ്പെട്ട ആദ്ധ്യാത്മിക കേന്ദ്രങ്ങളാണ്. രാജ്യത്തിന്റെ പലഭാഗങ്ങളിലും വർഗീയ സംഘർഷങ്ങൾ നടമാടിയപ്പോഴും നാനാജാതി മതസ്ഥരും കൈകോർത്തു പിടിച്ചു ദേശീയോദ്ഗ്രഥനത്തിന്റെയും മത സൗഹാർദ്ദത്തിന്റെയും പ്രതീകങ്ങളായി നിലകൊള്ളുന്ന പ്രദേശമാണ് പനത്തടി.

കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി വിദ്യാഭ്യാസ രംഗത്ത്, ഇവിടുത്തെ രാഷ്ട്രീയ സാമൂഹ്യ നേതാക്കൻമാരുടേയും മതമേലദ്ധ്യക്ഷൻമാരുടെയും പഞ്ചായത്ത് ഭരണ സമിതികളുടേയും നിതാന്ത പരിശ്രമത്തിന്റെ ഫലമായി ഒട്ടേറെ മാറ്റങ്ങൾ വരുത്തുവാൻ സാധിച്ചിട്ടുണ്ട്, രാജപുരം കൊട്ടോടി, ബളാംതോട് എന്നീ ഹൈസ്കൂളുകളെ കൂടാതെ 4 യു.പി. സ്കൂളുകളും 7 എൽ.പി. സ്കൂളുകളും പഞ്ചായത്തിൽ നിലവിലുണ്ട്.

ഉന്നത സാങ്കേതിക വിദ്യാഭ്യാസ രംഗത്തിന് പ്രാധാന്യംകൊടുത്തു കൊണ്ട് 1995 ൽ സ്ഥാപിക്കപ്പെട്ട രാജപുരം സെൻറ് പയസ് ടെൻത് കോളേജ് ഈ മേഖലയുടെ അഭിമാന സ്തംഭമായി തലയുയർത്തി നിൽക്കുന്നു.

വികസന പ്രവർത്തനങ്ങളിൽ ഒരു പുതിയ സമീപനം സ്വീകരിച്ചു കൊണ്ട് ജനപങ്കാളിത്തം ഉറപ്പ് വരുത്തി, 9-ാം പദ്ധതിയിൽ ലഭ്യമാക്കുന്ന പദ്ധതി വിഹിതവും പഞ്ചായത്തിന്റെ തനതുവരുമാനവും, മനുഷ്യ വിഭവശേഷിയും കോർത്തിണക്കി ആസൂത്രണം ചെയ്യുകയാണെങ്കിൽ സമഗ്ര പുരോഗതിക്ക് അത് അടിത്തറ പാകും എന്ന വിശ്വാസത്തോടെ നമുക്ക് മുന്നേറാം.

012

വികസന രേഖ - അണിയറ ശില്പികൾ

ശ്രീ. പി. കെ. ചന്ദ്രശേഖരൻ (ചെയർമാൻ)
ശ്രീ. പി. ടി. മാത്യു (കൺവീനർ)
ശ്രീ. പി. രാജൻ
ശ്രീ. ശശിധരൻ കപ്പള്ളി
ശ്രീമതി. ത്രേസ്യാമ്മ ജോസഫ്
ശ്രീ. കെ. ടി. മാത്യു
ശ്രീ. ജോർജ് ഐസക്ക്
ശ്രീ. ബാബു കദളിമറ്റം
ശ്രീ. ഫിലിപ്പ് ഓണശേരി
ശ്രീ. എം. വി. ഭാസ്ക്കരൻ
ശ്രീ. കെ. സുകുമാരൻ
ശ്രീമതി. എം. വി. പുഷ്പകുമാരി
ശ്രീ.. കെ. ബാലകൃഷ്ണൻ
ശ്രീ. എം. യു. തോമസ്
ശ്രീ. പി. വിജയൻ
ശ്രീ. ദേവസ്യാ ആൻറണി
ശ്രീ. എസ്. മധുസൂദനൻ
ശ്രീ. ആർ. വിജയകുമാർ
ശ്രീ. പി. എ. ബാബു
ശ്രീ. ബി. ലക്ഷ്മണൻ
ശ്രീ. ഡോ. ഷെയിക്കോയ
ശ്രീ. ഒ. കെ. ജനാർദ്ദനൻ
ശ്രീ. ടി. പി. ചന്ദ്രൻ
ശ്രീ. എൻ. പി. കരുണാകരൻ
ശ്രീ. കെ. പി. അജന്തകുമാർ
ശ്രീ. ബിജു കൊളപ്പുറം
ശ്രീ. വിമൽകുമാർ
ശ്രീമതി. സുലേഖ ബീവി
ശ്രീമതി. കെ. ജെ. ഇന്ദിരാദേവി
ശ്രീ. കെ. പത്മനാഭൻ
ശ്രീ. ബി. വിജയഭാനു
ശ്രീ. എം. ജി. വേണുഗോപാൽ
ശ്രീ. വി. മുകുന്ദൻ
ശ്രീ. പി. മധുസൂദനൻ
ശ്രീ. എം. സുരേന്ദ്രൻ
ശ്രീ. ടോമി
ശ്രീ. അപ്പച്ചൻ
കവർ - നിറം പൂടാംകല്ല്

പനത്തടി പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

013



അഡ്വ. പി. കെ. ചന്ദ്രശേഖരൻ

പ്രസിഡൻറ്

ത്രേസ്യാമ്മ ജോസഫ്

വൈസ്. പ്രസിഡൻറ്



കെ. ടി. മാത്യു

സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ

മെമ്പർമാർ

എച്ച്. ലീല

വാർഡ് 1

ബാബു കദളി മറ്റം

വാർഡ് 4

എം. ലക്ഷ്മി

വാർഡ് 5

ഫിലിപ്പ് ഓണശേരിൽ

വാർഡ് 6



സുകുമാരൻ. കെ

വാർഡ് 7

പുഷ്പ കുമാരി. എം. വി.

വാർഡ് 8

01



എം.വി. ഭാസ്കരൻ

വാർഡ് 10

ജോർജ് ഐസക്ക്

വാർഡ് 11

ലിസി ജോൺ

വാർഡ് 12

കെ. ബാലകൃഷ്ണൻ

വാർഡ് 13

പി. ടി. മാത്യു

കൺവീനർ, ജനകീയാസൂത്രണം



ബി. വിജയഭാനു

സെക്രട്ടറി



പി. രാജൻ

ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ്



വി. നാരായണൻ നായർ

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ്



ശശിധരൻ കപ്പള്ളി

ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

ജനകീയാസൂത്രണം പനത്തടിയിൽ

015

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ സ്വപ്നമായിരുന്നു ഗ്രാമസ്വരാജ്. 1994 ഏപ്രിൽ 24ന് കേരളത്തിൽ നിലവിൽവന്നെങ്കിലും വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ തുടങ്ങിയിരുന്നില്ല.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചുകൊണ്ട് വികസനരംഗത്ത് എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും അതുവഴി ഒരു പുതിയ വികസനസംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാരും സംസ്ഥാന പ്ലാനിംഗ് ബോർഡും മുമ്പോട്ടുവന്നു. പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശം ലഭിക്കുന്നതിനു മുമ്പുതന്നെ പനത്തടി പഞ്ചായത്തിലെ ജനങ്ങളുടെ മനസ്സിൽ വികസനരംഗത്ത് ആസൂത്രണത്തിന്റെ ആവശ്യകത വേരുറച്ചുകഴിഞ്ഞിരുന്നു. ഇതിന്റെ വെളിച്ചത്തിൽ 1996 ഫെബ്രുവരി 19-ാം തിയ്യതി കള്ളാർ എൽ.പി. സ്കൂളിൽ വെച്ച് നടന്ന പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് ഒരു "ആസൂത്രണ ശില്പശാല" നടത്തപ്പെട്ടു.

ഈ ശില്പശാലയിൽ, പഞ്ചായത്തിന്റെ സമഗ്രവികസനപ്രക്രിയയിൽ ജനപങ്കാളിത്തം ഉണ്ടാവണമെന്ന് ആഗ്രഹിച്ചുകൊണ്ട് എല്ലാ വാർഡുകളിൽനിന്നും ധാരാളം നിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായി.

ജില്ലാ പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ 1996 സെപ്തംബർ 3, 4, 5 തിയതികളിൽ കാഞ്ഞങ്ങാട് ടൗൺഹാളിൽ വെച്ച് നടത്തിയ ജനകീയാസൂത്രണം ഒന്നാംഘട്ടം പരിശീലനത്തിൽ പഞ്ചായത്തിൽനിന്നും ശ്രീ. പി.ടി. മാത്യു, ശ്രീ. പി.ജെ. തോമസ്, ശ്രീ.എസ്. മധുസൂദനൻ, ശ്രീ മോനച്ചൻ, ശ്രീ. വിജയകുമാർ ശ്രീ അരുൺകുമാർ എന്നിവർ പങ്കെടുത്തു. പനത്തടി പഞ്ചായത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ശ്രീ പി.ടി. മാത്യുവിനെ കൺവീനറായി തിരഞ്ഞെടുത്തു.

ഭാവി പ്രവർത്തനങ്ങൾക്കായി 11.9.96ന് പഞ്ചായത്ത് ഓഫീസിൽവെച്ച് രാഷ്ട്രീയ - സാമൂഹ്യ - സാംസ്കാരിക പ്രവർത്തകർ, ഉദ്യോഗസ്ഥന്മാർ, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന യോഗം വിളിച്ചു ചേർത്ത് സ്വാഗതസംഘം രൂപീകരിക്കുകയും പഞ്ചായത്തുതല ഒന്നാംഘട്ടം പരിശീലനം ബളാംതോട് ഗവ. ഹൈസ്ക്കൂളിൽ വെച്ച് നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

12-9-96ന് രാവിലെ 9 മണിക്ക് പഞ്ചായത്തുപ്രസിഡണ്ട് ശ്രീ. പി.കെ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ പരിശീലനപരിപാടി ജില്ലാ പഞ്ചായത്ത് വൈസ്. പ്രസിഡൻറ് ശ്രീ. വി. നാരായണൻനായർ ഉദ്ഘാടനം ചെയ്തു. 51 പുരുഷന്മാരും 21 സ്ത്രീകളും ഉൾപ്പെടെ 72 പേർ പങ്കെടുത്തു. സംസ്ഥാന റിസോഴ്സ് പേഴ്സൺ ശ്രീ. കുക്കാനം റഹിമാൻ, പഞ്ചായത്തിൽനിന്നും പരിശീലനം നേടിയ ഡി.ആർ.പി.മാർ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. പഞ്ചായത്തിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും പരിശീലനത്തിൽ പങ്കെടുത്തിരുന്നു. ഗ്രാമസഭകളിൽ ഗ്രൂപ്പുചർച്ചകൾ നയിക്കുന്നതിനുവേണ്ടി ഒരു വാർഡിൽനിന്നും 2 പേർ പ്രകാരം 26 പേരെ പി.ആർ.പിമാരായി തെരഞ്ഞെടുത്ത് പ്രവർത്തനം മുമ്പോട്ട് നീങ്ങി.

22-9-96, 29-9-96, 6-10-96, 12-10-96, 13-10-96 എന്നീ തിയതികളിലായി പഞ്ചായത്തിലെ 13 വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭകൾ നടത്തപ്പെട്ടു. 6 ഗ്രൂപ്പുകളും 12 ഗ്രൂപ്പുകളുമായിട്ടാണ് ഗ്രാമസഭകളിൽ വിഷയചർച്ചകൾ നടന്നത്.

13 വാർഡുകളിലുമായി 2500 പുരുഷന്മാരും 584 സ്ത്രീകളുമടക്കം 3084 പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. ഇതിൽ 1212 പേർ പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെട്ടവരായിരുന്നു. ഗ്രാമസഭകളിലെ ഏറ്റവും കൂടിയ ഹാജർ 355ഉം ഏറ്റവും കുറഞ്ഞത് 105ഉം ആയിരുന്നു.

25-9-96, 3-10-96, 8-10-96, 15-10-96 എന്നീ

തീയ്യതികളിൽ പരിശീലകരുടെ യോഗം വിളിച്ച് അവലോകനം നടത്തിയിരുന്നു. 22-10-96ന് പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും റിസോഴ്സ് പേർസൺസും സംയുക്തമായി യോഗം ചേർന്ന് രണ്ടാം ഘട്ടം പരിശീലനത്തിന് അയക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി.

ഒക്ടോബർ 26,27,30 തിയതികളിൽ കാഞ്ഞങ്ങാട് ടൗൺഹാളിൽ വെച്ച് നടന്ന രണ്ടാം ഘട്ടം പരിശീലന പരിപാടിയിൽ വൈസ് പ്രസിഡൻറ് പി. രാജൻ, മെമ്പർ ശശിധരൻ കപ്പള്ളി, പഞ്ചായത്ത് പ്രസിഡൻറ്, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരെ കൂടാതെ കൺവീനർ ശ്രീ. പി.ടി. മാത്യു, ശ്രീ. പി. വിജയൻ, കെ. മോനിച്ചൻ, വിജയകുമാർ, പി.എ. ബാബു ശ്രീ. ദേവസ്യ ആൻറണി, എസ്. മധുസൂദനൻ, അഗ്രി. അസിസ്റ്റൻറ് എം.യു. തോമസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലക്ഷ്ണണൻ, പഞ്ചായത്ത് സിക്രട്ടറി വിജയഭാനു, ടൈബ്രൽ എക്സ്റ്റൻഷൻ ഓഫീസർ ശിവദാസൻ എന്നിവരും പങ്കെടുത്തിരുന്നു.

5-11-96ന് മാലക്കല്ല് ജി.എം. കോളേജിൽവെച്ച് പഞ്ചായത്ത് വികസന സെമിനാർ' നടത്തുന്നതിലേക്കുള്ള സ്വാഗതസംഘം രൂപീകരണയോഗം നടന്നു. പഞ്ചായത്ത് പ്രസിഡണ്ടിൻെറ അദ്ധ്യക്ഷതതയിൽ നടന്ന യോഗത്തിൽവെച്ച് ശ്രീ. കെ.ടി. മാത്യു കൺവീനറായി ഭക്ഷണകമ്മിറ്റിയും ശ്രീ ബാബു കദളിമറ്റം കൺവീനറായി പ്രോഗ്രാം കമ്മിറ്റിയും ശ്രീ. പി.ടി. മാത്യു കൺവീനറായി പബ്ലിസിറ്റി കമ്മിറ്റിയും രൂപീകരിച്ചു.

11-11-96 ബളാംതോട് ഗവ. ഹൈസ്ക്കൂളിൽ വെച്ച് പഞ്ചായത്തുതല രണ്ടാംഘട്ടം പരിശീലനം ബ്ലോക്ക് വൈസ്പ്രസിഡൻറ് ഉദ്ഘാടനം ചെയ്തു. അവിടെ വെച്ച് വികസന റിപ്പോർട്ട് തയ്യാറാക്കാൻ 12 ഗ്രൂപ്പുകൾക്കും പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചു. 12-11-96ന് പഞ്ചായത്ത് ഓഫീസിൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി.

13-11-96ന് കൺവീനർ ശ്രീ. പി.ടി. മാത്യു എം.യു. തോമസ് എന്നിവർ ചേർന്ന് ശ്രീ. എച്ച്. മാധവഭട്ട്, ശ്രീ പി.സി. ലൂക്കോസ്, ശ്രീ. ടി. ഗോവിന്ദൻനായർ എന്നിവരുമായി കാരണവർ ചർച്ച നടത്തി.

14-11-96ന് കൺവീനർ ശ്രീ. പി.ടി. മാത്യുവിൻെറ നേതൃത്വത്തിൽ ബ്ലോക്ക് പഞ്ചായത്ത് അംഗം ശശിധരൻ കപ്പള്ളി, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ജോർജ് ഐസക്ക്, കെ. സുകുമാരൻ, എം. ലക്ഷ്മി, അഗ്രി.അസിസ്റ്റൻറ് എം.യു. തോമസ്, ദേവസ്യ ആൻറണി, വിജയകുമാർ, സെബാൻ, ജയിസി എന്നിവർ ചേർന്ന് പഠന പര്യടനം നടത്തി. റാണിപുരത്തുനിന്നും ആരംഭിച്ച് പന്തിക്കാൽ, പെരുതടി, പുളിക്കൊച്ചി, താനിക്കാൽ, കൊളപ്പുറം, ചാമകൊച്ചി, പ്രാന്തർകാവ്, ചണ്ണക്കാട്, മാലക്കല്ല്, പൂക്കുന്നം, ചെരുമ്പച്ചാൽ വഴി കനീലടുക്കം വരെ കാൽനടയാത്ര ചെയ്തു വിവരങ്ങൾ ശേഖരിച്ചു.

20-11-96ന് രാജപുരം ഹൈസ്ക്കൂളിൽവെച്ച് വീണ്ടും സ്വാഗതസംഘം യോഗം ചേർന്ന് വികസന സെമിനാറിൻെറ നടത്തിപ്പിനെക്കുറിച്ച് ആലോചിച്ചു.

26-11-96ന് പഞ്ചായത്ത് ഭരണസമിതി - ഡി.ആർ.പി.മാരുടെ യോഗം ചേർന്ന് വികസന റിപ്പോർട്ടിൻെറയും വികസന സെമിനാറിൻെറയും പുരോഗതി വിലയിരുത്തുകയും 4-12-96ന് ബുധനാഴ്ച രാജപുരം ഹോളിഫാമിലി ഹൈസ്ക്കൂളിൽവെച്ച് പഞ്ചായത്ത് വികസന സെമിനാർ നടത്തുന്നതിന് തീരുമാനം എടുക്കുകയും ചെയ്തു.

പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ എല്ലാ ഘട്ടങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസി. ശ്രീ. രാജൻ, മെമ്പർ ശ്രീ. ശശിധരൻ കപ്പള്ളി പഞ്ചായത്ത് സെക്രട്ടറി ശ്രീ. ബി.വിജയഭാനു മറ്റ് സ്റ്റാഫ് അംഗങ്ങൾ, പഞ്ചായത്തിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ, രാഷ്ട്രീയ സാമൂഹ്യ സംഘടനാ ഭാരവാഹികളും സജീവമായി പങ്കെടുത്തു.

ഇന്ത്യയുടെ ഒമ്പതാം പഞ്ചവത്സര പദ്ധതി - ലക്ഷ്യങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജ്ജനവും തൊഴിൽ അവസരങ്ങളുടെ വർദ്ധനവും
2. വിലകൾ പിടിച്ചുനിറുത്തുക
3. എല്ലാവർക്കും ഭക്ഷ്യലഭ്യത, പോഷകസുരക്ഷ
4. അടിസ്ഥാനസൗകര്യങ്ങൾ - ശുദ്ധജലം, പ്രാഥമികാരോഗ്യം, പ്രാഥമിക വിദ്യാഭ്യാസം, പാർപ്പിടം, റോഡുകൾ എന്നിവ വ്യാപിപ്പിക്കുക.
5. ജനസംഖ്യാ വർദ്ധനവു കുറയ്ക്കുക
6. പരിസ്ഥിതി സുരക്ഷയോടുള്ള വികസനം, വികസനത്തിൽ ജനകീയ പങ്കാളിത്തവും സാമൂഹിക പങ്കാളിത്തവും
7. വികസനത്തിൽ പങ്കാളികൾ ആകാൻ വനിതകളേയും പിന്നോക്ക വിഭാഗങ്ങളേയും ശക്തരാക്കുക.
8. പഞ്ചായത്ത്രാജ്, സഹകരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക.
9. സ്വയം പര്യാപ്തത ലക്ഷ്യമാക്കി മുന്നേറുക.

വനിതാക്ഷേമം

ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുതലം മുതൽ സമഗ്രവികസനത്തിന്റെ മാർഗ്ഗവും ലക്ഷ്യവും കണ്ടെത്താനുള്ള അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ അന്വേഷണത്തിൽ വെറും സാധാരണക്കാരൻ മുതൽ ആസൂത്രണ വിദഗ്ധർ വരെ ഭാഗഭാക്കാകുന്നുവെന്നത് ഏറെ പുതുമ പകരുന്നു. ഈ രാജ്യത്തെ ഓരോ വ്യക്തിയും, അതിലൂടെ സമൂഹവും രാജ്യവും സ്വയം പര്യാപ്തമാകണം എന്നതാണ് ആസൂത്രണത്തിന്റെ ലക്ഷ്യമെങ്കിൽ വനിതാക്ഷേമം ഒരു പ്രധാന വിഷയമായി കണ്ട് അതിനുവേണ്ടി ചെയ്യുന്ന ഏതു പ്രവർത്തനവും കാലിക പ്രാധാന്യം അർഹിക്കുന്നതാണ്. "മാതൃദേവോ ഭവ" എന്ന ഉപനിഷത്ത് വചനം അനുസരിച്ച് സ്ത്രീക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനവും ആദരവും അധികാരവും പണ്ട് ലഭിച്ചിരുന്നു. സൃഷ്ടി സ്ഥിതി പരിപാലനങ്ങൾ സ്ത്രീയുടെ ധർമ്മമായിരുന്നു. നമ്മുടെ ഇടയിൽ നിലനിന്നിരുന്ന മരുമക്കത്തായം ഈ യാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. എന്നാൽ ഇന്ന് ഒരു രണ്ടാംതരം പൗരത്വം മാത്രമേ സ്ത്രീക്ക് സമൂഹം കൽപ്പിച്ച് കൊടുക്കുന്നുള്ളൂ. അവസരസമത്വം നിഷേധിക്കപ്പെട്ട ഭൂരിപക്ഷം സ്ത്രീകളും വെറും അടുക്കളക്കാരികളായി കഴിയുകയാണ്. ഈ അവസ്ഥ മാറിയാലേ സമഗ്രവികസനം സാധ്യമാകൂ. അതിന് ആദ്യം വേണ്ടത് തങ്ങൾ അബലകളല്ല, ശക്തിസ്വരൂപിണികളാണ് എന്ന അറിവ് അവർക്ക് നൽകുക എന്നതാണ്. അത് വിദ്യാഭ്യാസത്തിലൂടെ മാത്രമേ നമുക്ക് നൽകാൻ കഴിയൂ. രണ്ടാമത്, തൊഴിലും വരുമാനവും സ്വാതന്ത്ര്യവുംകൊണ്ട് അവളുടെ ഭദ്രത ഉറപ്പിക്കുക എന്നതാണ്. ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ പനത്തടി ഗ്രാമപഞ്ചായത്തിലെ വനിതകൾക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചുനടപ്പിൽ വരുത്തേണ്ടത് എന്നതിനെപ്പറ്റി ഒരു സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

കേരളത്തിൽ ആയിരം പുരുഷന്മാർക്ക് ആയിരത്തിമുപ്പത്തേഴ് സ്ത്രീകൾ എന്ന അനുപാതത്തിലാണുള്ളത്. മിക്കവാറും പഞ്ചായത്തുകളിൽ വനിതകൾ പുരുഷന്മാരേക്കാൾ അധികമാണ്. എന്നാൽ പനത്തടി പഞ്ചായത്തിൽ വനിതകളുടെ എണ്ണം പുരുഷന്മാരേക്കാൾ കുറവാണ്. 9-ാം പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്ന് "സ്ത്രീകൾ അവഗണിക്കപ്പെടുന്നുവെന്ന പോരായ്മ പരിഹരിക്കുക" എന്നതാണല്ലോ. അതിനാൽ സ്ത്രീകൾക്ക് മാത്രമായി വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ടുമാത്രമായില്ല, അവരെ സംഘടിപ്പിച്ച് സമൂഹത്തിലേക്ക് കൊണ്ടുവരാൻ പ്രേരിപ്പിക്കണം. അതിനായി മഹിളാ പ്രസ്ഥാനങ്ങൾ, മഹിളാസമാജങ്ങൾ, വനിതാ സഹകരണസംഘങ്ങൾ എന്നിങ്ങനെയുള്ള പദ്ധതികൾ ഉണ്ടാകണം.

പനത്തടി പഞ്ചായത്തിൽ എല്ലാ വാർഡുകളിലും കൂടുതൽ മഹിളാസമാജങ്ങൾ സ്ഥാപിച്ച് വനിതകളെ പൊതുരംഗത്തേക്ക് ആകർഷിക്കണം. ഐശ്വര്യ മഹിളാസമാജം പാലംങ്കല്ല്, അഞ്ജലി മഹിളാസമാജം പ്രാന്തർകാവ്, ചന്ദ്രികാ മഹിളാസമാജം കുളപ്പുറം, മദർ തെരേസ മഹിളാസമാജം പനത്തടി, മാനടുക്കം മഹിളാസമാജം എന്നിങ്ങനെ ഏതാനും മഹിളാസമാജങ്ങൾ മാത്രമേ ഈ പഞ്ചായത്തി പ്രവർത്തിക്കുന്നുള്ളൂ.

പനത്തടി പഞ്ചായത്തിലെ പൊതുപ്രവർത്തക രംഗത്തും രാഷ്ട്രീയരംഗത്തും മറ്റും നേതൃസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന വനിതകൾ വളരെ കുറവാണ്. മഹിളാസമാജങ്ങൾ, അംഗനവാടികൾ എന്നിങ്ങനെയുള്ള പ്രസ്ഥാനങ്ങളിലൂടെ വനിതകളെ പ്രോത്സാഹിപ്പിച്ച് അവരുടെ സാമൂഹിക പദവി ഇനിയും ഉയർത്തേണ്ടിയിരിക്കുന്നു. പനത്തടി പഞ്ചായത്തിൽ നടന്ന അനൗപചാരിക വിദ്യാഭ്യാസ പരിപാടിയുമായി ബന്ധപ്പെട്ട് അധ്യാപനരംഗത്ത് പ്രവർത്തിച്ച വനിതകൾ ചുരുക്കമാണ്. പക്ഷേ ഈ പരിപാടിയുമായി സഹകരിച്ച പഠിതാക്കളിൽ കൂടുതൽ ഫലം ഉളവായത് വനിതകളിലാണ്. പുരുഷന്മാരേക്കാൾ താൽപര്യപൂർവ്വം ക്ലാസിൽ വരികയും സംസ്ഥാനതലത്തിൽ നടത്തിയ മൂല്യനിർണ്ണയത്തിൽ കൂടുതൽ മികവുകാണിച്ചത് വനിതകളാണ്.

വിദ്യാഭ്യാസരംഗത്ത് പഞ്ചായത്തിലെ വനിതകൾ പൊതുവെ പിന്നോക്കമാണ്. പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസരംഗത്ത്. ആദ്യകാലത്ത് തെക്കൻ നാടുകളുമായി ബന്ധമുണ്ടായിരുന്ന ഏതാനും ആൾക്കാർ മാത്രം കോളേജുവിദ്യാഭ്യാസം നേടിയിട്ടുള്ളൂ. ഭൂരിഭാഗം പെൺകുട്ടികളും സ്കൂൾ വിദ്യാഭ്യാസംകൊണ്ട് പഠനം നിറുത്തിയിരുന്നു. എസ്.എസ്.എൽ.സി. കഴിഞ്ഞാൽ പ്രീഡിഗ്രിയോ തത്തുല്യമായ മറ്റ് ഏതെങ്കിലും കോഴ്സുകൾക്കോ ചേരണമെങ്കിൽ ദീർഘദൂരം യാത്രചെയ്യേണ്ടിവരുന്നു. ഈ രംഗത്ത് മാറ്റം വരുന്നതിനാവശ്യമായ വിദ്യാഭ്യാസസ്ഥാപനങ്ങളൊന്നും പഞ്ചായത്തിലോ സമീപപ്രദേശത്തോ ഇല്ല. അതിനാൽ രാജപുരത്തും കൊട്ടോടിയിലും പനത്തടിയിലും പ്രീഡിഗ്രി പഠനത്തിനാവശ്യമായ വിദ്യാഭ്യാസസ്ഥാപനങ്ങൾ അത്യന്താപേക്ഷിതമാണ്.

പ്രൈമറി വിദ്യാഭ്യാസരംഗത്ത് പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ ഓരോ എൽ.പി. സ്കൂളും, കുടുംബൂർ, പാണത്തൂർ എന്നീ സ്കൂളുകളോട് ചേർന്ന് പെൺകുട്ടികൾക്കായുള്ള ഓരോ ഹോസ്റ്റലും സ്ഥാപിച്ചാൽ ഈ പ്രദേശത്തെ പെൺകുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ കഴിയും.

ആരോഗ്യരംഗത്ത് പഞ്ചായത്തിലെ വനിതകൾ വളരെയധികം ക്ലേശങ്ങൾ അനുഭവിക്കുന്നുണ്ട്. പ്രത്യേകിച്ച് പ്രസവശുശ്രൂഷകൾക്ക് യാതൊരുവിധ സൗകര്യങ്ങളും പഞ്ചായത്തിലില്ല. ഇന്ന് പഞ്ചായത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന പ്രധാനപ്രശ്നങ്ങളിലൊന്നാണിത്. ഇതിനൊരു പരിഹാരമുണ്ടാകണമെങ്കിൽ പൂടംകല്ലിലും പാണത്തൂരും ഓരോ പ്രസവവാർഡും ഓരോ ഗൈനക്കോളജിസ്റ്റിനെയും നിയമിച്ചേ പറ്റൂ. കൊച്ചുകുട്ടികളുടെ ചികിത്സാരംഗത്തും വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് നിലവിലുള്ള ആശുപത്രികളിലെങ്കിലും ഓരോ ശിശുരോഗവിദഗ്ധനെ നിയമിക്കുകയും നിലനിർത്തുകയും ചെയ്താൽ ഈ രംഗത്തും ആശ്വാസകരമാകും.

ഗർഭിണികളുടെയും ശിശുക്കളുടെയും ആരോഗ്യപരിപാലനത്തിനായി പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗനവാടികൾ സ്ഥാപിക്കണം. പഞ്ചായത്തിൽ ആകെ 20 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വലിപ്പമനുസരിച്ച് 35 അംഗനവാടികളെങ്കിലും ഉണ്ടെങ്കിലേ ഒരുവിധം നന്നായി പ്രവർത്തിക്കാൻ കഴിയൂ. നിലവിലുള്ള അംഗനവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന വനിതകൾ തീർത്തും നിരാശരാണ്. 9.30 A.M. മുതൽ 3.30 P.M. വരെ വളരെ ഉത്തരവാദിത്വമുള്ള ജോലി ചെയ്തിട്ടും പ്രതിമാസം 500 രൂപ മാത്രമാണ് ഇപ്പോഴത്തെ പ്രതിഫലം. അതുകൊണ്ട് ഇവരുടെ പ്രതിഫലം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. പനത്തടി പഞ്ചായത്തിൽ ബളാംതോട്, അരിപ്രോഡ്, പ്രാന്തർകാവ്, ഇടക്കടവ് എന്നീ സ്ഥലങ്ങളിൽ അംഗനവാടികളൊന്നുംതന്നെയില്ല. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടണമെങ്കിൽ നാട്ടുകാരുടെ സഹകരണം കൂടിയേ തീരു. അതിനാൽ അംഗനവാടികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ബോധവൽക്കരണം നടത്തേണ്ടതാണ്.

കൃഷിമേഖലയിൽ പഞ്ചായത്തിലെ 5% വനിതകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. കാർഷിക മേഖലയിൽ അഭിവൃദ്ധി പ്രാപിച്ചാലേ പഞ്ചായത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കാര്യമായ മാറ്റം വരുത്താൻ കഴിയും. പച്ചക്കറി, പുഷ്പകൃഷി, ഔഷധസസ്യകൃഷി എന്നിങ്ങനെയുള്ള കൃഷികൾ നടത്തുന്നതിനാവശ്യമായ പ്രോത്സാഹനവും സാമ്പത്തിക സഹായങ്ങളും മഹിളാസമാജങ്ങൾ മുഖേനയോ മറ്റ് ഏതെങ്കിലും ഏജൻസികൾ വഴിയോ നൽകിയാൽ കാർഷികരംഗത്ത് വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ കഴിയും.

പഞ്ചായത്തിലെ വനിതകൾ അനുഭവിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരയുടെ അപര്യാപ്തതയാണ്. ഉൾപ്രദേശങ്ങളിൽ നിന്നും രാജപുരം, മാലക്കല്ല്, പാണത്തൂർ പോലെയുള്ള സ്ഥലങ്ങളിൽ എത്തുന്ന വനിതകൾക്ക് അവരുടെ പ്രാഥമികാവശ്യങ്ങൾക്ക് യാതൊരുവിധ സൗകര്യങ്ങളുമില്ല. ഇത് മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ ഉളവാക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ചുള്ളിക്കര, പൂടംകല്ല്, രാജപുരം, കള്ളാർ, മാലക്കല്ല്, കോളിച്ചാൽ, പനത്തടി, ബളാന്തോട്, പാണത്തൂർ എന്നീ പ്രധാന സ്ഥലങ്ങളിലെങ്കിലും ഓരോ മൂത്രപ്പുര നിർമ്മിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇതിന്റെ നിർമ്മാണ ചെലവുകൾക്കാവശ്യമായ പണം അതാതു പ്രദേശങ്ങളിലെ പൊതുജനങ്ങളിൽ നിന്നും മർച്ചന്റ് അസോസിയേഷൻ പോലുള്ള സംഘടനകളിൽ നിന്നും സ്വരൂപിക്കാവുന്നതാണ്. ഇപ്രകാരം നിർമ്മിക്കുന്ന മൂത്രപ്പുരകൾ വൃത്തിയായി നിലനിൽക്കണമെങ്കിൽ പഞ്ചായത്തിൽ നിന്നും ഒരു സ്റ്റാഫിനെ നിയമിക്കേണ്ടതാണ്. ഇതിനാവശ്യമായ ചിലവ് ഉപഭോക്താക്കളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സ്വരൂപിക്കാനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്.

വ്യവസായരംഗത്ത് പഞ്ചായത്തിലെ ഒരു ശതമാനത്തിൽ താഴെ വനിതകളേ ഏർപ്പെട്ടിട്ടുള്ളു. ഈ രംഗത്ത് കൂടുതൽ അഭിവൃദ്ധിപ്പെടണമെങ്കിൽ വനിതാസഹകരണസംഘങ്ങൾ, മഹിളാസമാജങ്ങൾ, ഖാദിബോർഡ്, മിൽമ എന്നിവയുടെയൊക്കെ സഹകരണത്തോടെ കൂടുതൽ ചെറുകിട വ്യവസായസ്ഥാപനങ്ങൾ സ്ഥാപിച്ച് കൂടുതൽ വനിതകളെ ആകർഷിക്കാൻ കഴിയണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ ഒന്നാം വാർഡിലെ കുടുബൂർ ഭാഗത്ത് ഒരു സഹകരണ സംഘം സ്ഥാപിച്ച് ഒരു തയ്യൽ പരിശീലനകേന്ദ്രം സ്ഥാപിക്കണം. രണ്ടാം വാർഡിലെ കൊട്ടോടിയിൽ കശുവണ്ടി സംസ്ക്കരണ കേന്ദ്രം, തയ്യൽ പരിശീലനകേന്ദ്രം, വനിതകൾക്കായുള്ള ഒരു ബേക്കറി, ഒരു ചകിരി വ്യവസായ യൂണിറ്റ് എന്നിവ ആരംഭിക്കണം. മൂന്നാം വാർഡിലെ മുണ്ടമാണി ഇടക്കാവ് പ്രദേശത്ത് കയർ, കശുവണ്ടി, കൈത്തറി എന്നീ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം. നാലാം വാർഡിൽ ചകിരി ഉൽപ്പന്നങ്ങളുടെയും വാഴനാര്, ഭക്ഷ്യവസ്തുക്കളുടെയും സംസ്ക്കരണസംവിധാനം ഉണ്ടാക്കണം. അഞ്ചാം വാർഡിൽ വനിതാ സഹകരണസംഘം സ്ഥാപിച്ച് തയ്യൽ പരിശീലനകേന്ദ്രം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, സഹകരണാടിസ്ഥാനത്തിലുള്ള ആടുവളർത്തൽ, കോഴി വളർത്തൽ എന്നിവ തുടങ്ങണം. ആറാം വാർഡിൽ കൈത്തൊഴിലുകളായ പായ്നെയ്ത്ത്, ബീഡിതെറുപ്പ് എന്നിവ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ചെയ്തുകൊടുക്കണം. എട്ടാം വാർഡിൽ ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണം. തയ്യൽപരിശീലനകേന്ദ്രം, ബേക്കറി, പുഷ്പകൃഷി എന്നിവ തുടങ്ങാനാവശ്യമായ പദ്ധതികൾ ചെയ്തുകൊടുക്കണം. ഒമ്പതാം വാർഡിലെ പൂക്കയം ഭാഗത്ത് ആടുമാടുകളെ വളർത്തൽ, കോഴി വളർത്തൽ എന്നിവ തുടങ്ങാനാവശ്യമായ സാമ്പത്തിക സഹായങ്ങളും പ്രോത്സാഹനവും ചെയ്തുകൊടുക്കണം. പത്താം വാർഡിൽ കൂൺകൃഷി, പുഷ്പകൃഷി, കരകൗശലവസ്തുക്കൾ എന്നിവ തുടങ്ങുന്നതിനാവശ്യമായ പരിശീലനവും സാമ്പത്തികസഹായവും നൽകണം. പതിനൊന്നാം വാർഡിൽ പാണത്തൂർ ടൗണിൽ സഹകരണ മേഖലയിൽ ഒരു വനിതാ ഹോട്ടൽ, കോഴി വളർത്തൽ, തയ്യൽ പരിശീലനകേന്ദ്രം, എംബ്രോയ്ഡറി എന്നിവയ്ക്കാവശ്യമായ പരിശീലനവും സൗകര്യവും ചെയ്തുകൊടുക്കണം. പന്ത്രണ്ടാം വാർഡിൽ ഒരു തയ്യൽ പരിശീലനകേന്ദ്രവും ഏതാനും തയ്യൽ മെഷിനുകളും വിതരണം ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ വനിതകളിൽ ബഹുഭൂരിപക്ഷവും അനുഭവിക്കുന്ന മാനസികവും ശാരീരികവുമായ സംഘർഷം ഒഴിവാക്കുന്നതിന് പുരുഷന്മാർക്കിടയിലെ മദ്യപാനത്തിനും മയക്കുമരുന്നിനുമെതിരെ സംഘടിക്കണം. പ്രത്യേകിച്ച് കൽപ്പള്ളി, പാണത്തൂർ പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന മദ്യഷാപ്പുകൾ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

പനത്തടി പഞ്ചായത്തിൽ ആകെയുള്ള 17,860 വനിതകളിൽ 14,000 വനിതകളും പ്രത്യേകിച്ച് തൊഴിലൊന്നും ഇല്ലാത്തവരാണ്. തൊഴിലാളികളിൽ ഏറിയ പങ്കും പ്ലാന്റേഷൻ കോർപ്പറേഷനിൽ ജോലി ചെയ്യുന്നവരാണ്. വനിതകൾക്ക് തൊഴിൽ മേഖലയിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സ്ത്രീസംവരണം ഏർപ്പെടുത്തേണ്ടതാണ്.

തൊഴിൽമേഖലയിലെ സ്ത്രീ പങ്കാളിത്തം സംബന്ധിച്ച്

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കർഷകതൊഴിലാളികൾ	1632	3042
നിർമ്മാണതൊഴിലാളികൾ	13	162
വ്യാപാരം	31	728
കൃഷി	319	2474
ചെറുകിടവ്യവസായം	267	303
മൃഗസംരക്ഷണം	508	2127
കാറ തൊഴിലാളി	16	51

(1991ലെ സെൻസസ് അനുസരിച്ച്)

കലാകായികരംഗങ്ങളിൽ പഞ്ചായത്തിലെ വനിതകൾക്ക് ആശാവഹമായ പ്രോത്സാഹനം ലഭിക്കുന്നില്ല. കായിക പരിശീലനത്തിന് സൗകര്യപ്രദമായ ഗ്രൗണ്ടിന്റെ അഭാവം ഉണ്ട്. രാജപുരം, മാലക്കല്ല് പനത്തടി എന്നിവിടങ്ങളിൽ ഓരോ ഗ്രൗണ്ടും വനിതൾക്കായി പരിശീലനക്യാമ്പും നടത്തിയാൽ കായികരംഗത്ത് മുന്നേറാൻ കഴിയും. പാണത്തൂരിലെ ഗ്ലൈസമ്മ തോമസ് കായികരംഗത്ത് അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. കലാരംഗത്തും കൂട്ടായ പ്രയത്നവും പരിശീലനവും നൽകിയാൽ കൂടുതൽ നേട്ടം കൈവരിക്കാൻ കഴിയും. മാലക്കല്ലിലെ സ്മിതമോൾ സൈമൺ കലാരംഗത്ത് അഭിമാനാർഹമായ നേട്ടം കൈവരിച്ചിട്ടുണ്ട്. വനിതകൾക്കായി ഒരു സാംസ്ക്കാരിക കേന്ദ്രം സ്ഥാപിച്ച് കലയെ പ്രോത്സാഹിപ്പിക്കണം. എല്ലാ വർഷവും പഞ്ചായത്തുതലത്തിൽ കലാകായികമത്സരങ്ങൾ നടത്തി വനിതകളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

വനിതകളുടെ ആത്മവിശ്വാസവും കായിക ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കളരിപ്പയറ്റ്, കരാട്ടേ, സൈക്കിൾ സവാരി, ഡ്രൈവിംഗ് എന്നിവയിലൊക്കെ പരിശീലനം നൽകുന്നതിനാവശ്യമായ സൗകര്യങ്ങൾ വനിതാസഹകരണസംഘങ്ങളുടെ മേൽനോട്ടത്തിൽ ആരംഭിക്കണം.

പഞ്ചായത്തിലെ 7269 കുടുംബങ്ങളിൽ 850-ഓളം കുടുംബങ്ങൾക്ക് കുടുംബനാഥകളാണുള്ളത്. വനിതകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്. ഇപ്പോൾ 80 വനിതകൾക്കാണ് പഞ്ചായത്തിൽ നിന്നും വിധവാപെൻഷൻ നൽകുന്നത്. അതുകൊണ്ട് മുഴുവൻ വിധവകൾക്കും വിധവാപെൻഷൻ കൊടുക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന മറ്റൊരു പ്രശ്നം സ്ത്രീതൊഴിലാളികൾക്ക് കുറഞ്ഞ കൂലിയേ ലഭിക്കുന്നുള്ളൂ എന്നാണ്. ഇത് തികച്ചും നീതിരഹിതമാണ്. അതിനാൽ സ്ത്രീപുരുഷഭേദമില്ലാതെ തുല്യജോലിക്ക് തുല്യവേതനം നടപ്പാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

കൂലിനിരക്കുകൾ വ്യക്തമാക്കുന്ന പട്ടിക

തൊഴിൽ മേഖല	സ്ത്രീകൾ Rs.	പുരുഷന്മാർ Rs.
കർഷകതൊഴിലാളി	50/-	90/-
നിർമ്മാണതൊഴിലാളി	80/-	120/-

പനത്തടി ഗ്രാമപഞ്ചായത്തിലെ വനിതകൾ അനുഭവിക്കുന്ന ഏതാനും പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. സാമൂഹ്യസേവനരംഗത്ത് വനിതകളുടെ അഭാവം അനുഭവപ്പെടുന്നു.
2. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.
3. മഹിളാസമാജങ്ങൾ, വനിതാസഹകരണസംഘങ്ങൾ, അംഗൻവാടികൾ എന്നിവയുടെ കുറവ്.
4. കോളേജ് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കുറവ്.
5. ഗൈനക്കോളജിസ്റ്റിന്റെറയും, ശിശുരോഗവിദഗ്ധന്റെറയും കുറവ്.
6. അംഗൺവാടി അധ്യാപികമാർ ന്യായമായ പ്രതിഫലമില്ലാതെ വിഷമിക്കുന്നു.
7. പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടെ പ്രാഥമിക സൗകര്യങ്ങൾക്കുള്ള കുറവ്.
8. ചെറുകിട വ്യവസായസ്ഥാപനങ്ങളുടെ കുറവ്.

പരിഹാരനിർദ്ദേശങ്ങൾ

1. വനിതാകമ്മീഷന്റെ പ്രവർത്തനവുമായി സഹകരിച്ച് വനിതകളുടെ പ്രശ്നങ്ങൾക്ക് സത്വരനടപടി സ്വീകരിക്കുക.
2. സ്ത്രീകളെ പൊതുരംഗത്ത് കൂടുതലായി ആകർഷിക്കുന്നതിനും പ്രവർത്തിക്കുന്നതിനും പുരുഷന്മാരുടെ സഹകരണം ഉറപ്പുവരുത്തണം.
3. തീവണ്ടികളിലെ ലേഡീസ് കമ്പാർട്ടുമെൻറ് മധ്യഭാഗത്ത് പ്രത്യേക കളറിൽ ആക്കിയാൽ വനിതകൾക്ക് കൂടുതൽ സൗകര്യപ്രദമാകും. അതിനാവശ്യമായ നടപടിക്രമങ്ങൾ ഉണ്ടാവണം.
5. വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം കൂട്ടണം.
6. ഡ്രൈവിംഗ് പരിശീലനത്തിനുള്ള സൗകര്യം പഞ്ചായത്തിൽ ഏർപ്പെടുത്തുക.
7. കായികവികസനത്തിന് ആവശ്യമായ കളിസ്ഥലവും സാങ്കേതിക പരിജ്ഞാനവും ഏർപ്പെടുത്തുക.
8. തൊഴിൽമേഖലയിൽ സ്ത്രീസംവരണം ഏർപ്പെടുത്തുക.
9. മദ്യപാനം, ബലാത്സംഗം, സ്ത്രീപീഡനം തുടങ്ങിയ സാമൂഹികതിന്മകൾക്കെതിരെ നടപടിയും ബോധവൽക്കരണവും ഉണ്ടാക്കുക.
10. പെൺകുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനാവശ്യമായ വിദ്യാഭ്യാസസ്ഥാപനങ്ങളും ഹോസ്റ്റലുകളും സ്ഥാപിക്കുക.

"പിതാ രക്ഷതി കൗമാരേ
ഭർത്താ രക്ഷതി യൗവനേ
പുത്രോ രക്ഷതി വാർദ്ധക്യേ
നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി" .....?

020

പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം

1991ലെ കാനേഷുമാരി പ്രകാരം പനത്തടി പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 30%ത്തോളം പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടുന്നവരാണ്. ഇതിൽ 15.24% പട്ടികവർഗ്ഗക്കാരും 13.99% പട്ടികജാതിക്കാരുമാണ്. പട്ടികജാതിക്കാർ സ്വന്തമായി കൃഷിഭൂമി കൈവശപ്പെടുത്താൻ അനുവദിക്കാത്ത സാഹചര്യം നിലനിന്നിരുന്നു. ഈ വിഭാഗക്കാർ ജന്മിയുടെ വിസ്തൃതമായ കൃഷിഭൂമിയിൽ മാറിമാറി അടിയാളന്മാരായി പണിയെടുക്കുകയും ചെയ്തുവന്നിരുന്നു. മറിച്ച് പട്ടികവർഗ്ഗക്കാർ ഒരേ സമയം അടിയാളന്മാരായും കൃഷിഭൂമി സ്വന്തമാക്കി ആദായം എടുത്തുവരികയും ചെയ്തു. സംസ്ഥാനത്ത് ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി കുടികിടപ്പവകാശം പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുകയും, പട്ടികജാതിക്കാർക്ക് ഒന്നുമില്ലാതെ വരികയും ചെയ്തു. ഇത് ഈ രണ്ടു വിഭാഗങ്ങസ് തമ്മിൽ സാമ്പത്തികവും സാമൂഹികവുമായ വലിയ അന്തരം നിലനിനൽക്കുന്നതിന് കാരണമായി.

പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുമായി ഈ പഞ്ചായത്തിൽ മൂന്നുവീതം സമുദായങ്ങൾ നിലവിലുണ്ട്. വർഷങ്ങളായി സാമൂഹിക അടിമത്തവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയും ജന്മി-കുടിയാൻ വ്യവസ്ഥിതിയും അതിന്റെ പാരമ്യതയിൽ അനുഭവിച്ചറിഞ്ഞ ഈ വിഭാഗങ്ങളിലെ ഉന്നമനം, അൽപമെങ്കിലും ആശാവഹമായത് കുടിയേറ്റ കർഷകരുടെ ആഗമനവും മേൽ സൂചിപ്പിച്ച ഭൂപരിഷ്ക്കരണ നിയമവുമാണ്. തുടർന്ന് ഭരണഘടനയിൽ വിഭാവനം ചെയ്ത വിവിധങ്ങളായ സർക്കാർ ക്ഷേമ പ്രവർത്തനങ്ങൾ പ്രത്യേകം പ്രത്യേകം വകുപ്പുകളിലൂടെ ഈ വിഭാഗങ്ങൾക്ക് കാലാകാലങ്ങളിൽ നൽകിവരുന്നത് ഒന്നുകൊണ്ടുമാത്രമാണ്, ഈ പരിഷ്കൃത നൂറ്റാണ്ടിൽ അൽപമെങ്കിലും പുരോഗതി ഇവരുടെയിടയിൽ കൈവരിക്കാൻ സാധിച്ചത്. സർക്കാർ നൽകിവരുന്ന സാമ്പത്തികവും അല്ലാതെയുമുള്ള ഏതൊരു ക്ഷേമപ്രവർത്തനങ്ങളും, പരിപൂർണ്ണമായി ഗുണഭോക്താവിന് കിട്ടുന്നില്ലെങ്കിലും, കിട്ടുന്നവതന്നെ വളരെ തുച്ഛവും, ജനസംഖ്യാനുപാതികവുമല്ലാത്തതിനാലും, അതിലേറെ പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൊണ്ടും അർഹതപ്പെട്ടവർക്ക് കിട്ടാതെ വരികയും ചെയ്യുന്നത് സാമ്പത്തിക സാമൂഹിക അസമത്വം ഇന്നും നിലനിൽക്കാൻ കാരണമാണ്.

പട്ടികജാതി വിഭാഗം

പനത്തടി പഞ്ചായത്തിൽ ആകെ 64 കോളനിയിൽ 1035 കുടുംബങ്ങളായി ഇവർ വ്യാപിച്ചുകിടക്കുന്നു. മാവിലൻ, വേട്ടുവൻ, നളിക്കെതായ (കോപ്പാളൻ) എന്നീ മൂന്ന് സമുദായങ്ങളായാണ് പട്ടികജാതിക്കാർ നിലവിലുള്ളത്.

കോളനികളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ		ആകെ
		പുരു.	സ്ത്രീ	
64	1035	2953	2843	5796

മാവിലൻ സമുദായം: ഈ വിഭാഗങ്ങളിലെ ആളുകൾ പൊതുവെ അദ്ധ്വാനശീലരും വരമൊഴിയില്ലാത്തതുളു ഭാഷയുമാണ് സംസാരിക്കുന്നത്. മയ്യൻ എന്ന പദത്തിൽ നിന്നുമാണ് മാവിലൻ എന്നു പേരുണ്ടായതെന്നാണ് അനുമാനിക്കുന്നത്.

വേട്ടുവൻ സമുദായം: അമ്പും വില്ലും കണവയും ഉപയോഗിച്ച് വനങ്ങളിൽ നായാട്ടുമായി കഴിഞ്ഞുകൂടിയ "വനവേടൻ" എന്ന നാമത്തിൽ നിന്നുമാണ് വേട്ടുവൻ എന്ന പേർ ഈ സമുദായത്തിന് കിട്ടിയതെന്ന് പറയപ്പെടുന്നു.

നളിക്കേദായ (കോപ്പാളൻ): കാസർകോട് ജില്ലയിൽ മാത്രം കണ്ടുവരുന്ന ന്യൂനപക്ഷമാണ് ഈ പട്ടികജാതി സമുദായം. കമ്പുങ്ങിൽ നിന്നും സുലഭമായി ലഭിക്കുന്ന പാളകൊണ്ട് മനോഹരങ്ങളായ തൊപ്പികളും മറ്റു സാധനങ്ങവും ഉണ്ടാക്കി ഉപജീവനം നടത്തിയിരുന്ന ഇവരുടെ കുലതൊഴിലുമായി ബന്ധപ്പെടുത്തിയാണ് കോപ്പാളൻ എന്ന പേർ കിട്ടിയതെന്നാണ് അനുമാനിക്കുന്നത്. ഇവരും ലിപിയില്ലാത്ത തുളു ഭാഷയാണ് സംസാരിച്ചുവരുന്നത്. പട്ടികജാതിയിലെ മാവിലൻ, വേട്ടുവൻ എന്നീ സമുദായങ്ങളെ കീർത്താഡ്സിന്റെ ശുപാർശപ്രകാരം പട്ടിവർഗ്ഗത്തിൽ ഉൾപ്പെടുത്താൻ നിർദ്ദേശമുണ്ടെങ്കിലും അവ ഇതുവരെയും നടപ്പിൽ വരുത്തിയിട്ടില്ല.

ആചാരങ്ങൾ: പട്ടികജാതി വിഭാഗത്തിലെ പഴയതലമുറകൾ മുമ്പുണ്ടായിരുന്ന വൈവിധ്യമാർന്ന ആചാരാനുഷ്ടാനങ്ങൾ ഇന്നും നിലനിർത്തിപ്പോരുന്നുണ്ടെങ്കിലും യുവതലമുറയിൽ അവ ഇല്ലാതായി വരുന്നുണ്ട്. ജന്മി-കുടിയാൻ ബന്ധം നിലനിന്നിരുന്ന കാലങ്ങളിൽ ഈ വിഭാഗങ്ങളിലെ ആളുകൾക്ക് വിവാഹം ചെയ്യണമെങ്കിൽ ജന്മിയുടെ അനുവാദം വേണമായിരുന്നു. വിവാഹശേഷം ജന്മിയുടെ തറവാട്ടുമുറ്റത്ത് സ്ത്രീകളും പുരുഷന്മാരും ചേർന്ന് തുടികൊട്ടി നൃത്തം വെയ്ക്കുന്ന സമ്പ്രദായം നിലനിന്നിരുന്നെങ്കിലും ഇവ ഇന്നില്ല. ദൈവങ്ങളെ കെട്ടിയാടുന്ന സമ്പ്രദായങ്ങളും കുലദൈവങ്ങളെ പൂജിക്കുകയും മാന്ത്രികകർമ്മങ്ങളാൽ അസുഖങ്ങൾ ഭേദമാക്കാനുള്ള ചടങ്ങുകൾ ഇവരുടെ

ഇടയിൽ ഇന്നും നിലനിൽക്കുന്നുണ്ട്. ഇവർ വിശ്വസിച്ചു പോരുന്ന ദൈവങ്ങൾക്ക് പുത്തരി നൽകുന്ന സമ്പ്രദായം ഇന്നും കാണാം. ദൈവകോലങ്ങളായി കെട്ടിയാടുന്ന കുഞ്ഞിക്കോരൻ ദൈവം, വനദേവന്മാരായ വീരഭദ്രൻ, കാട്ടുമൂർത്തി, അതുപോലെ വിഷ്ണുമൂർത്തി, ചാമുണ്ഡേശ്വരി,കുടുമ്മൻ തെയ്യം, പഞ്ചുരുളി ഗുളികൻ എന്നിങ്ങനെ ഒട്ടനവധി തെയ്യക്കോലങ്ങളും നാട്ടുമൂപ്പന്മാരുടെ നേതൃത്വത്തിൽ കെട്ടിയാടിക്കപ്പെടുന്നത് മരിച്ച മൂപ്പന്മാർ തെയ്യക്കോലങ്ങളായി മാറുന്നുവെന്ന സങ്കൽപ്പത്തിൽ അടിസ്ഥാനപ്പെടുത്തിയാണ്. പഞ്ചമാസങ്ങളിലെ ആധിവ്യാധികൾ ഇല്ലാതാക്കാനുള്ള സങ്കൽപ്പത്തിൽ വീടുകൾതോറും ദൈവകോലങ്ങളെ കെട്ടി കയറിയിറങ്ങാറുള്ള പതിവ് ഇന്നുമുണ്ട്.

പട്ടികജാതി കോളനികളുടെ വിവരണം

	കോളനിയുടെ പേർ	കുടുംബങ്ങളുടെ / വീടുകളുടെ എണ്ണം	ആകെ	വാർഡ്
1	നാണംകൊടൻ	21	103	I
2	കുടുംബൂർ	22		
3	പൂക്കുന്നം	37		
4	ചിറ്റക്കാൽ	23		
5	ചീമുള്ളടുക്കം	27	36	II
6	കാഞ്ഞിരഞ്ഞടി	9		
7	അയ്യൻകാവ്	14	131	III
8	കരിന്ത്രംകല്ല്	13		
9	ഓട്ടുകണ്ടം	10		
10	ചേറ്റുകല്ല്	15		
11	എടക്കടവ്	23		
12	കുറുമാണം	12		
13	കൊല്ലാംകോട്	4		
14	മണിക്കല്ല്	17		
15	ഓണി	14		
16	മൂണ്ടമാണി	9		
17	ഒക്ളാവ്	29	120	IV
18	പുഞ്ചക്കര	12		
19	നൂറ്റാർ	6		
20	എലികോട്ടുകയ	14		
21	വട്ടിയാർകുന്ന്	21		
22	ഒന്നാംമൈൽ	17		
23	കോട്ടക്കുന്ന്	21		
24	ഒരള	20	30	V
25	18-ാം മൈൽ	10		
26	പ്രാന്തർകാവ്	15	205	VI
27	മണാട്ടികുണ്ട്	11		
28	ചുള്ളിയോടി	26		
29	അരയാർപള്ളം	21		
30	അടോട്ടുകയ	13		
31	കപ്പള്ളി	21		
32	നാഗത്തുപാടി	19		
33	പെരിങ്കയ	23		
34	നീലിമല	14		
35	ചെറുപനത്തടി	42		
36	പ്രാന്തർകാവ്	20	70	VII
37	കൊളപ്രം	17		
38	മൊട്ടംകൊച്ചി	12		
39	കോഴിചിറ്റ	21		
40	വെള്ളങ്കല്ല്	28	54	VIII
41	തച്ചർക്കടവ്	20		
42	കോളിച്ചാൽ	6		
43	കോയത്തടുക്കം	8	8	IX
44	ചിറംങ്കടവ്	8	59	X
45	പുത്തൂരടുക്കം	12		
46	മാവുങ്കാൽ	13		
47	കാപ്പിത്തോട്ടം	21		
48	അരിപ്രോഡ്	5		
49	മൈലാട്ടി	15	109	XI
50	പാറക്കടവ്	31		
51	നീലച്ചാൽ	5		
52	ഗാന്ധിപുരംകോളനി	36		
53	പട്ടുവം	22		
54	ചെമ്പേരി	35	55	XII
55	മൈലാട്ടി	8		
56	പരിയാരം	12		
57	കോയത്തടുക്കം	3	3	XII

പട്ടികവർഗ്ഗ വിഭാഗം

പനത്തടി പഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ 49 കോളനികളിൽ 949 കുടുംബങ്ങളായി 5691 അംഗങ്ങളും ഒറ്റതിരിഞ്ഞും മൂന്ന് പ്രത്യേക സമുദായങ്ങളായി മറാഠി, മരയരയർ, മലകുടിയാൻ എന്നിങ്ങനെയായി താമസിച്ചുവരുന്നു.

കോളനികളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ		ആകെ
		പുരു.	സ്ത്രീ	
79	949	2801	2890	5691

മറാഠി വിഭാഗം: വരമൊഴിയില്ലാത്ത മറാഠിഭാഷ സംസാരിക്കുന്ന ഈ വിഭാഗങ്ങൾ മഹാരാഷ്ട്രയിലെ ശിവജിയുടെ പിൻഗാമികളാണെന്നാണ് വിശ്വസിക്കുന്നത്. ഇവരുടെയിടയിൽ വൈവിധ്യമാർന്ന മത-ആചാരാനുഷ്ടാനങ്ങൾ നിലനിൽക്കുന്നതായി കാണാം. ജന്മി കുടിയാൻബന്ധം നിലനിന്ന കാലത്ത് ഇക്കൂട്ടർ അടിമത്തവും കഷ്ടതയും അനുഭവിച്ചിട്ടുണ്ട്.

മലയരയർ വിഭാഗം: പട്ടികവർഗ്ഗക്കാരിൽ തുലോം കുറവായ ഇക്കൂട്ടർ ക്രിസ്തുമതത്തിൽ വിശ്വസിച്ചുപോരുന്നവരും മുൻകാലത്തു മലമടക്കുകളിൽ മാത്രം വസിച്ച് പ്രത്യേക ഭാഷയും സംസ്കാരവും ആചാരാനുഷ്ഠാനങ്ങളും നിലനിർത്തിയവരുമാണ്. ഇന്ന് പഴയ ആചാരങ്ങളൊന്നും ഇവരുടെയിടയിൽ കാണാനില്ല.

മലകുടിയാൻ വിഭാഗം: പഞ്ചായത്തിൽ കല്ലപ്പള്ളി എന്ന ദിക്കിൽ മാത്രം താമസിച്ചുവരുന്നവരും കാർഷി

കവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരും വരമൊഴിയില്ലാത്ത പ്രത്യേക കുടിയാൻഭാഷ സംസാരിക്കുന്നവരുമായ ഈ സമുദായം മലയടിവാരങ്ങളിൽ മാത്രം താമസിച്ചുവരുന്നവരാണ്. ഇവരുടെ പ്രധാന ആരാധനാമൂർത്തി വനദേവന്മാരായിരുന്നുവെന്ന് കരുതപ്പെടുന്നു.

ആചാരങ്ങൾ: പ്രത്യേകതരം ആചാരങ്ങൾ വെച്ചുപുലർത്തുന്ന വിഭാഗമാണ് പട്ടികവർഗ്ഗത്തിൽ മറാട്ടിവിഭാഗം. മറ്റു പട്ടികവർഗ്ഗ സമുദായങ്ങളെ അപേക്ഷിച്ച് കല്ല്യാണം തുടങ്ങിയ മംഗള കർമ്മങ്ങൾ ബ്രാഹ്മണരുടെ കാർമ്മികത്വത്തിലാണ് നടത്തുന്നത്. കൂടാതെ മറ്റു സമുദായത്തിൽ പതിവില്ലാത്ത ധാര കർമ്മവും 3 ദിവസത്തെ പ്രത്യേക തയ്യാറെടുപ്പും ചടങ്ങും നിലനിൽക്കുന്നുണ്ട്. പൊങ്ങന്മംഗലം, ചേലമംഗലം തുടങ്ങിയ ആചാരങ്ങളും തുടർന്നുപോരുന്നുണ്ട്. പ്രത്യേക ദൈവകർമ്മങ്ങളും ദൈവകോലങ്ങളെ കെട്ടിയാടിക്കുന്ന രീതിയും ഇവരുടെയിടയിലുണ്ട്. ഭൈരവപൂജയും സമുദായത്തിൽ കാണാം.

പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളുടെയും സമ്പന്നമായ കരവിരുതും അനുഷ്ഠാന കലകളും മതിയായ പ്രോത്സാഹനത്തിന്റെയും സംരക്ഷണത്തിന്റെയും അഭാവത്താൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇവ സംരക്ഷിക്കുന്നതിനും പുനരാവിഷ്ക്കരിക്കുന്നതിനുമായി ബോധപൂർവ്വമായ ശ്രമം ഉണ്ടാകേണ്ടതുണ്ട്. പട്ടികവർഗ്ഗസമുദായങ്ങളുടെ ലഘുവിതരണം ഇതോടൊപ്പം ചേർക്കുന്നു.

പനത്തടി ഗ്രാമ പഞ്ചായത്തിലെ ST കോളനികൾ

നമ്പർ	വാർഡ്	കോളനിയുടെ പേര്	കോളനിയിലെ വീടുകളുടെ എണ്ണം	കോളനിയിലെ ജനസംഖ്യ	കോളനിയുടെ എണ്ണം	വാർഡിലെ ജനസംഖ്യ
1	I	പെരുമ്പള്ളി	56	225	1	225
2	II	കോഴിമുള്ള്	12	75		
3		പുതിയക്കടി	32	125		
4		ആടകം	13	46	3	471
	III					
5	IV	വട്ടിയാർക്കുന്ന്	19	94	1	94
6	V	നീളംക്കയം	27	105		
7		കരിപ്പാട്	28	128		
8		പറക്കയം	54	225	3	458
9	VI	നിലിമല	12	53		
10		അടോട്ട്ക്കയ	17	75		
11		പെരിങ്കയ	13	64	3	192
12	VII	മാട്ടകുന്ന്	36	169		
13		താന്നിക്കൽ	12	66		
14		ചെമ്പംവയൽ	16	88		
15		കടമല	13	77		
16		പുളിംകൊച്ചി	33	169		
17		പെരുതടി	62	305		
18		നെല്ലിത്തോട്	28	108	7	982

പനത്തടി ഗ്രാമ പഞ്ചായത്തിലെ ST കോളനികൾ

നമ്പർ	വാർഡ്	കോളനിയുടെ പേര്	കോളനിയിലെ വീടുകളുടെ എണ്ണം	കോളനിയിലെ ജനസംഖ്യ	കോളനിയുടെ എണ്ണം	വാർഡിലെ ജനസംഖ്യ
19	VIII	അച്ചൻപാറ	33	137		
20		കാപ്പിതോട്ടം	12	67		
21		കുറുഞ്ഞി	45	226		
22		വെള്ളക്കല്ല്	15	66		
23		ഇരിക്കുംകല്ല്			4	496
24	IX	ബിംബുങ്കൽ	26	113		
25		ചുഴിപ്പ്	7	25		
26		പാടി	7	27		
27		തിമ്മൻചാൽ	23	97		
28		പനക്കയം	11	43		
29		പുലിക്കടവ്	16	60		
30		വാതിൽമാടി	21	76	7	441
31	X	പുത്തൂരടുക്കം	30	130		
32		ഘടിക്കാൽ	12	47		
33		പുളിയാർകൊച്ചി	13	66		
34		മാച്ചിപ്പള്ളി	18	86		
35		മാപ്പുച്ചേരി	17	72	5	401
36	XI	കുണ്ടുപ്പള്ളി	39	168		
37		മൈലാട്ടി	27	107		
38		ഉതിരക്കുളം	38	89		
39		നിലംചാൽ	12	73		
40		നെരോടി	20	79	5	516
41	XII	പാടികൊച്ചി	23	101	3	324
42		കമ്മാടി (മലകുടിയ)	21	87		
43		കേളപ്പക്കയം	23	136		
44	XIII	കോയത്തടുക്കം	17	82		
45		ചാമുണ്ടിക്കുന്ന്	46	204		
46		തുമ്പോടി	39	185		
47		അടുക്കം	13	46		
48		ഓട്ടമല	95	485		
49		ചെർണൂർ	15	712	6	1073
						5673

024

വിദ്യാഭ്യാസം: ഒരു കാലത്ത് വിദ്യാഭ്യാസം പാടെ നിഷേധിക്കപ്പെട്ട ഒരു വിഭാഗമാണ് പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾ. അതിന്റെ പോരായ്മകൾ ഇന്നും നിലനിൽക്കുന്നതിനാൽ പഴയതലമുറയടങ്ങുന്ന കുടുംബങ്ങളെ ബോധപൂർവ്വമായ ഇടപെടലുകൾ നടത്തി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കികൊടുക്കേണ്ടതാണ്. വിദ്യാഭ്യാസപരമായി ഈ വിഭാഗം ഇന്നും താഴെതട്ടിലാകാൻ കാരണം സാമ്പത്തിക പരാധീനത, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത, സാമൂഹ്യ പിന്നോക്കാവസ്ഥ എന്നിവയാണ്. കുടുംബങ്ങളുടെ സാമ്പത്തികനില ഭദ്രമല്ലാത്തതിനാൽ ഇന്നുള്ള പരിമിതമായ വിദ്യാഭ്യാസാനുകൂല്യങ്ങളും സാമ്പത്തിക ആനുകൂല്യങ്ങളും വർദ്ധിപ്പിക്കേണ്ടതാണ്. നടപ്പ് അദ്ധ്യയന വർഷത്തിലെ പട്ടികജാതി /വർഗ്ഗവിഭാഗത്തിലെ ഔപചാരിക വിദ്യാഭ്യാസം നടത്തിവരുന്നവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

സ്കൂൾ തലം	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ	കൊഴിഞ്ഞു പോയത്		ആകെ
				ആൺ	പെൺ	
L.P	569	529	1089	10	11	21
U.P	419	354	773	15	13	28
H.S.	222	245	467	5	4	9

സാമൂഹ്യ സാംസ്കാരികനില

വിദ്യാഭ്യാസനിലവാരത്തിൽ പഞ്ചായത്തിൽ ഈരണ്ടു വിഭാഗങ്ങളിലായി മൊത്തം 10%ത്തോളം മാത്രമേ സാമാന്യവിദ്യാഭ്യാസം നേടിയിട്ടുള്ളൂ. പിൻതലമുറക്കാർക്ക് വിദ്യാഭ്യാസം ലഭിക്കാത്ത സാഹചര്യവും ഒട്ടുമിക്ക വിദ്യാർത്ഥികളും ചെറുപ്പത്തിൽ തന്നെ കുടുംബബാധ്യത ഏറ്റെടുക്കേണ്ടിവരുന്ന അവസ്ഥയുമാണിന്നുള്ളത്. അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിലെ വികസനപ്രവർത്തനങ്ങളുടേയും സാംസ്കാരിക പ്രവർത്തനങ്ങളുടേയും മുഖ്യധാരയിലേക്ക് ഈ വിഭാഗങ്ങൾ ഇനിയും മറ്റു വിഭാഗങ്ങളോടൊപ്പം എത്തിയിട്ടില്ല. സമൂഹവും നിയമങ്ങളും ഏറെ പുരോഗതി പ്രാപിക്കുകയും പരിഷ്കൃതമാകുകയും ചെയ്തിട്ടുണ്ടെങ്കിലും തുല്യമായ സാമൂഹികനീതിയും സമത്വവും ഉറപ്പുവരുത്തുന്നുണ്ടെങ്കിലും പല മേഖലകളിലും ഇനിയും മാറ്റങ്ങൾ ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. സാംസ്കാരിക രംഗത്ത് പുരുഷന്മാരേക്കാൾ ഏറെ പിന്നിൽ സ്ത്രീകളാണെന്ന കാര്യം ഏറെ ശ്രദ്ധേയമാണ്.

തൊഴിൽ

പട്ടികജാതി/വർഗ വിഭാഗങ്ങൾ അവരുടെ കുലതൊഴിലുകളായ കൊട്ട നെയ്ത്ത്, പായനെയ്ത്തും വനവിഭവങ്ങൾ ശേഖരണം ഇവകളിൽ ഏർപ്പെട്ടിരുന്നുവെങ്കിലും കാലാനുസൃതമായി അസംസ്കൃത സാധനങ്ങൾ ലഭ്യമല്ലാതെ വന്നതിനാൽ എല്ലാവരും കൂലിപ്പണികളിലും കാർഷിക - നിർമ്മാണ ജോലികളിലും ഏർപ്പെട്ടിരിക്കുകയാണ്. ഇവരുടെ ഇടയിലുള്ള സാമൂഹിക - അസംതുലിത ഇല്ലാതാക്കാൻ സാമ്പത്തിക അടിത്തറ ഭദ്രമാക്കേണ്ടത് അനിവാര്യമായതിനാൽ ഓരോ കുടുംബത്തിനും തൊഴിൽ മേഖലയിൽ പ്രാമുഖ്യം നൽകേണ്ടതാണെന്നും കുടുംബവരുമാനം വർദ്ധിപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതമാകാനുള്ള സംരംഭങ്ങൾ നടത്തേണ്ടതുമാണ്.

പാർപ്പിടം: പാർപ്പിട പ്രശ്നം ഒരു ആഗോള പ്രശ്നമാണെന്നതിൽ തർക്കമില്ല. ഇതിൽ ഏറ്റവും കൂടുതൽ വിഷമത അനുഭവിക്കുന്നത് താഴെ തട്ടിലുള്ള പട്ടികജാതി /വർഗ്ഗ വിഭാഗങ്ങളാണ്. ഇവർ എല്ലാവരും തന്നെ. കൂടിൽകെട്ടിയാണ് താമസിച്ചുവരുന്നത്. എന്നാൽ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന ഈ വിഭാഗങ്ങൾക്ക് പാർപ്പിട സൗകര്യമുണ്ടാക്കുന്നതിന് സർക്കാരും തദ്ദേശ വകുപ്പും മറ്റു ഏജൻസികളും നൽകുന്ന ആനുകൂല്യങ്ങൾ ഒന്നുകൊണ്ടുമാത്രമാണ് ഒരുവിധമെങ്കിലും ഉറപ്പുള്ള സാധാരണ വീടുകൾ ഉണ്ടാക്കാൻ സാധിക്കുന്നത്.

സ്വതവേ സാമ്പത്തിക പരാധീനതയിൽ ഉഴലുന്ന പട്ടികജാതി/വർഗ്ഗങ്ങൾക്ക് പാർപ്പിടത്തിന് നൽകിവരുന്ന വളരെ തുച്ഛമായ തുക സമീപകാലത്ത് അല്പം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ ഭൂപ്രകൃതിക്കും ആളോഹരി വരുമാനത്തിന്റേയും അടിസ്ഥാനത്തിൽ പരിമിതമാണ്. സ്വന്തമായി ഭൂമി ലഭ്യമല്ലാത്തവരും അതിനുവകയില്ലാത്തവരുമായതിനാൽ വീടും സ്ഥലവും വാങ്ങിക്കുന്നതിന് ആവശ്യമായ ധനസഹായം ഇവർക്ക് നൽകുകയും ഓരോ വർഷവും ഏറ്റവും പിന്നോക്കം നിൽക്കുന്ന ഓരോ കോളനി വീതം പഞ്ചായത്ത്/സർക്കാർ ഏജൻസികൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ സന്നദ്ധസംഘടനകൾ എന്നിവരാൽ ദത്തെടുത്ത് പാർപ്പിടപ്രശ്നവും അനുബന്ധ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റൊരു ഏജൻസിയുടെ സഹായമില്ലാതെ ഏതു രീതിയിലുമുള്ള ഉന്നമനവും ഇവരെ സംബന്ധിച്ചിടത്തോളം അപ്രാപ്യമാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

ആരോഗ്യം: സാമൂഹിക അസമത്വത്തിന്റെ തീഷ്ണത അത്യന്തം അനുഭവിച്ച പട്ടികജാതി/വർഗ്ഗങ്ങളുടെ ജീവിതരീതി സാമൂഹികമായി ഉയർന്നവരുമായി പൊരുത്തപ്പെടാൻ പാടില്ലെന്ന അലിഖിത നിയമം വർഷങ്ങൾക്കുമുമ്പ് നിലനിന്നതിനാൽ അതു തുടർന്നുവരാൻ നിർബന്ധിതമായ അവസ്ഥയാണ് ആരോഗ്യപ്രശ്നത്തിൽ ഈ വിഭാഗങ്ങൾ ഏറ്റവും പിന്നോക്കം നിൽക്കാൻ കാരണം. കൂടാതെ വിദ്യാഭ്യാസമില്ലായ്മ, അജ്ഞത, അന്ധവിശ്വാസം, അതിലുപരി സാമ്പത്തിക പരാധീനത, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരാനുള്ള ഈവിഭാഗങ്ങളുടെ വിമുഖത ഇവയും കാരണങ്ങളാണ്. ആരോഗ്യപ്രവർത്തകരുടെ ആത്മാർത്ഥമായസഹായങ്ങളും നിരന്തരമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും പരമാവധി ഏജൻസികളെകൊണ്ട് നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. അടിസ്ഥാനപരമായി കുടുംബവരുമാനം തൃപ്തികരമല്ല.
2. എല്ലാവർക്കും സ്വന്തമായി വീടില്ല. കോളനികളിലെ വീടുകൾ മിക്കവയും പഴക്കം ചെന്നതും തീർത്തും വാസയോഗ്യമല്ലാത്തവയുമാണ്.
3. കോളനികളിൽ എല്ലാവർക്കും കുടിവെള്ളവും വൈദ്യുതിയും എത്തിയിട്ടില്ല.
4. കോളനികളിലേക്കുള്ള റോഡുകൾ തീർത്തും ഗതാഗതയോഗ്യമല്ല.
5. ആരോഗ്യസംവിധാനം വേണ്ടത്ര മെച്ചപ്പെട്ടതല്ല. നിർദ്ധന കുടുംബങ്ങളെ ചികിത്സിക്കുന്നതിനും മറ്റുമുള്ള കാര്യങ്ങളിൽ വേണ്ടത്ര ഊന്നൽനൽകുന്നില്ല.
6. നിലവിലുള്ള സർക്കാർ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരല്ല.
7. ഒട്ടുമുക്കാൽ കോളനികളും വർഷകാലങ്ങളിൽ മറ്റു പ്രദേശങ്ങളുമായി ഒറ്റപ്പെടുന്നു.
8. ഐ.ആർ.ഡി.പി പദ്ധതികൾ വേണ്ടത്ര ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നില്ല.
9. കോളനികളിൽനിന്നും ഒറ്റപ്പെട്ടുതാമസിച്ചുവന്ന കുടുംബങ്ങൾക്ക് കാലാകാലങ്ങളിൽ സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല.
10. കോളനികളെ കേന്ദ്രീകരിച്ച് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നിലവിലില്ല.
11. വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ചുവരുന്ന അംഗൻവാടി, ബാലവാടി, നഴ്സറി സ്കൂളുകൾ എന്നീ സ്ഥാപനങ്ങൾ ഒട്ടുമിക്ക കോളനികളിലും ഇല്ല.
12. തൊഴിൽ മേഖല ഉറപ്പുവരുത്തുന്ന പട്ടികജാതി, വർഗ്ഗ സഹകരണസംഘങ്ങൾ നിലവിലില്ല.
13. ഈ വിഭാഗങ്ങളിലെ അർഹരായ ആളുകൾക്ക് വാർദ്ധക്യ - വിധവാ - വികലാംഗ പെൻഷനുകൾ വേണ്ടത്ര കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കിയില്ല.
14. കൈവശഭൂമിക്ക് പട്ടയം ഇല്ല
15. പൊതുശ്മശാനം ഇല്ല
16. വീടുവെക്കുന്നതിനും കൃഷിക്കും വേണ്ടത്ര ഭൂമി ഇല്ല. ലഭിച്ച ഭൂമിതന്നെ അന്യാധീനപ്പെട്ടുപോകുന്നു.
17. കോളനികളിൽ ഭൂരിഭാഗം കുടുംബങ്ങൾക്കും കക്കൂസ് ഇല്ല.
18. കോളനികളിൽ തുടർ വിദ്യാഭ്യാസ / സാക്ഷരതാ കേന്ദ്രങ്ങൾ ഇല്ല. കൂടാതെ ടി.വി. സെൻററുകൾ, സാംസ്കാരിക നിലയങ്ങൾ ഇവയൊന്നും മിക്ക കോളനികളിലും ഇല്ല.
19. എല്ലാ പ്രദേശത്തും വേനൽകാലത്ത് കുടിവെള്ള ക്ഷാമം നേരിടുന്നു.
20. പ്രാഥമികവിദ്യാഭ്യാസം വേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
21. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലേർപ്പെടുന്നതിനുള്ള സംവിധാനങ്ങളില്ല.

സാധ്യതകൾ

1. കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിന് പരമ്പരാഗത കുടിൽവ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ നടത്തണം.
2. സാമൂഹ്യ സേവനമേഖലകളിലും വിദ്യാഭ്യാസ മേഖലകളിലും മറ്റുമേഖലകളിലും സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ഏറ്റവും വേഗത്തിലും തൃപ്തികരമായ തോതിലും നൽകണം.
3. കോളനികളിൽ എല്ലായിടത്തും പ്രത്യേക ഘടകപദ്ധതി പ്രകാരം, കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
4. എസ്.സി.പി./ടി.എസ്.പി ഫണ്ടുകളുടെ തോതു (ശതമാനം) വർദ്ധിപ്പിച്ച് എല്ലാ കോളനി റോഡുകൾക്കും പരമപ്രാധാന്യം നൽകി ടാർ ചെയ്തു ഗതാഗതയോഗ്യമാക്കാനുള്ള നടപടികൾ കൈകൊള്ളുകയും ഇല്ലാത്ത കോളനികളിൽ പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്യുക.
5. ആരോഗ്യരക്ഷ മെച്ചപ്പെടുത്തുന്നതിന് മാരകരോഗങ്ങൾ, പകർച്ചവ്യാധികൾ ഇവ തടയുന്നതിന് ബോധവൽക്കരണ സെമിനാറുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുക.
6. കാലാകാലങ്ങളിൽ സർക്കാർ നൽകിവരുന്ന ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് ബോധവൽക്കരണവും ഇതിനായി പ്രത്യേക ലഘുലേഖകളും തയ്യാറാക്കി കോളനികളിൽ വിതരണം ചെയ്യുക.
7. കോളനികളുമായി ബന്ധപ്പെടുന്നതും തടസ്സമായി വരുന്നതുമായ ഗ്രാമീണറോഡുകൾക്ക് കുറുകെ കലുങ്കുകളുടെ സ്ഥായിയായ നടപ്പാലങ്ങളും നിർമ്മിക്കുക.
8. ഐ.ആർ.ഡി.പി പോലുള്ള പദ്ധതികൾ എല്ലാവർക്കും ലഭിക്കുന്നതിനും വേണ്ട രീതിയിൽ നടപ്പിൽ വരുത്തുന്നതിനും ജനകീയ കമ്മിറ്റികളുടെ മേൽനോട്ടം ഉറപ്പുവരുത്തുക.
9. കോളനികളിൽനിന്നും ഒറ്റപ്പെട്ടു താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ആവശ്യമായ ആനുകൂല്യങ്ങൾക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

10. മൂന്നോ അതിലധികമോ കോളനികൾ കേന്ദ്രീകരിച്ച് കോളനിവാസികൾക്ക് തൊഴിൽസംരംഭം ഉറപ്പുവരുത്തുന്നതിനുവേണ്ടി സഹകരണാടിസ്ഥാനത്തിൽ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുറക്കുക.

11. കോളനികൾ കേന്ദ്രീകരിച്ച് അംഗൺവാടി ബാലവാടി, നഴ്സറി സ്കൂൾ എന്നിവ ആരംഭിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.

12. വാർദ്ധക്യ - വിധവ - വികലാംഗ പെൻഷനുകൾ അർഹരായവർക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

14. കോളനികളുമായി ബന്ധപ്പെടുത്തി പൊതു ശ്മശാനങ്ങൾ ഉണ്ടാക്കണം.

15. വീടുവെക്കുന്നതിനും കൃഷി ചെയ്യുന്നതിനും വേണ്ട ഭൂമി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഉള്ള ഭൂമി അന്യാധീനപ്പെടാതെ പരിഹരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

16. മുഴുവൻ കുടുംബങ്ങൾക്കും സാനിട്ടേഷൻ സൗകര്യങ്ങൾ ഉറപ്പാക്കുക.

17. കോളനികൾതോറും ടി.വി. സെൻററുകൾ കമ്മ്യൂണിറ്റി ഹാളുകൾ, സാംസ്കാരികനിലയങ്ങൾ ഇവ നിർമ്മിക്കുകയും തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്യുക.

18. സ്വയംതൊഴിൽ ചെയ്യാൻ മുന്നോട്ടുവരുന്ന യുവതീയുവാക്കൾക്ക് നിലവിലുള്ള പ്രയാസമേറിയ നിബന്ധനകൾ ഒഴിവാക്കികൊണ്ട് ബാങ്ക് വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

19. വാസയോഗ്യമല്ലാത്ത കോളനി വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

20. കോളനികളിൽ നിലവിലുള്ള കിണറുകൾ ഉപയോഗശൂന്യമായവ ആഴംകൂട്ടി ജലലഭ്യത ഉറപ്പുവരുത്തുകയും ആവശ്യമുള്ളിടത്തു പുതിയ കിണറുകളും ജലവിതരണസൗകര്യങ്ങളും നടപ്പിലാക്കുക.

21. എല്ലാ കോളനികളും സമഗ്രവികസനം ലക്ഷ്യമാക്കി ഐ.എച്ച്.ഡി.പി പോലുള്ള പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തുക.

22. പട്ടികജാതി/വർഗ്ഗ കോളനികളിൽ നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് കൊണ്ട് പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുക.

23. പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും കൊഴിഞ്ഞുപോക്കു തടയുന്നതിൽ ഡി.പി.ഇ.പി. പ്രവർത്തനമേഖല വിപുലീകരിക്കുകയും അതുപോലുള്ള സർക്കാർ സംരംഭങ്ങൾ കോളനികൾ കേന്ദ്രീകരിച്ച് ത്വരിതഗതിയിൽ പ്രവർത്തനം വ്യാപിപ്പിക്കുക.

24. ചുരുക്കം ചില ഗതാഗതയോഗ്യമായ റോഡുകൾ ഉള്ള കോളനികളിലേക്ക് ബസ് ഗതാഗതം ആരംഭിക്കാനുള്ള നടപടികൾ കൈകൊള്ളുക.

സഹകരണം

സഹകരണ പ്രസ്ഥാനങ്ങൾ നമ്മളുടെ ഗ്രാമീണജീവിതത്തിന്റെ ജീവനാഡിയാണ്. കൂട്ടായ്മയാണ് അതിന്റെ സന്ദേശം. ഈ കൂട്ടായ്മയാണ് ഏതൊരു പ്രദേശത്തിന്റേയും വികസനത്തിന്റേയും സാംസ്കാരിക വളർച്ചയുടേയും അടിത്തറ.

ഇന്ന് സാവധാനത്തിൽ അന്യംനിന്നുവരുന്ന പരസ്പര വിശ്വാസവും പൊതുനന്മയ്ക്കായി ഒന്നു ചേരുന്നതിനുള്ള വൈമുഖ്യവും മാറ്റിനിർത്തികൊണ്ട് പുരോഗതിയുടെ പടവുകൾ ചവുട്ടികയറുവാനുള്ള ഏറ്റവും ശക്തമായ മാധ്യമം സഹകരണമേഖലയാണ്. നമ്മുടെ നാട്ടിൽ അനുദിനം അതിന്റെ പ്രസക്തി വർദ്ധിച്ചുവരുന്നു.

1904 ലെ സഹകരണനിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കംകുറിക്കുന്നത്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സഹകരണമേഖല പടർന്നുപന്തലിച്ച പൊതു - സ്വകാര്യമേഖലകളെ പോലെതന്നെ സാമൂഹ്യജീവിതത്തിന്റെ നാനാവശങ്ങളേയും സ്വാധീനിച്ചുകൊണ്ട് മുന്നോട്ടുപോവുകയാണ്.

പനത്തടി പഞ്ചായത്തിൽ സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ സഹകരണ പ്രസ്ഥാനത്തിന്റെ സന്ദേശം എത്തുകയും അതിന് ചെറിയ രീതിയിൽ തുടക്കം കുറിക്കുകയും ചെയ്തിരുന്നു. അങ്ങനെ തുടക്കംകുറിച്ച ഒരു ചെറിയ സഹകരണ സംരംഭമാണ് ഇന്ന് നമ്മുടെ പ്രദേശത്തിന്റെ അഭിമാനസ്തംഭമായി വളർന്ന പനത്തടി സർവ്വീസ് സഹകരണബാങ്ക്. കൃഷിക്കാരെ സഹായിക്കുകയും അവരുടെ ഇടയിൽ മിതത്വം സ്വയം പര്യാപ്തത, പരസ്പരസേവനതൃഷ്ണ എന്നീ ഗുണങ്ങൾക്ക് പ്രോത്സാഹനം നൽകുകയും അതിലേക്ക് വേണ്ട പദ്ധതികൾ ഉണ്ടാക്കുകയും പ്രായോഗികമാക്കുകയും ചെയ്യുക എന്നീ ലക്ഷ്യത്തോടെ 17-6-1947ന് സർവ്വശ്രീ എച്ച് മാധവഭട്ട്, കുഞ്ഞികൃഷ്ണൻനായർ, ബി. കുഞ്ഞമ്പുനായർ, കെ. അബ്ദുള്ള തുടങ്ങിയ 22-ഓളം ആളുകൾ കള്ളാറിൽ ശ്രീ. എൻ. കുഞ്ഞമ്പുനായരുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഒരു പരസ്പര സഹായ സഹകരണസംഘം രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചു.

തുടർന്ന് 25-6-1947ന് കള്ളാർ ബംഗ്ലാവിൽവെച്ച് നടന്ന പ്രഥമയോഗത്തിൽ ശ്രീ. കള്ളാർ അബ്ദുള്ളഹാജിയെ പ്രഥമ പ്രസിഡന്റായും ശ്രീ. മാധവഭട്ടിനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു.

19-2-1949ൽ ഈ സ്ഥാപനം കള്ളാർ വിവിധോദ്ദേശ സഹകരണസംഘമായി പുനർ നാമകരണം ചെയ്യുകയും ശ്രീ. കെ.എം. നാരായണൻ നമ്പ്യാർ പ്രസിഡന്റായും ശ്രീ. എച്ച്. മാധവഭട്ട് സെക്രട്ടറിയായും പ്രവർത്തനം തുടരുകയും ചെയ്തു. പിന്നീട് പനത്തടി വൻകിട കാർഷിക സഹകരണസംഘം എന്ന നിലയിലേക്ക് ഉയരുകയും 9-10-1960ന് പനത്തടി സർവ്വീസ് സഹകരണ ബാങ്കായി ഇന്നത്തെ നിലയിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ട ആദിവാസി ജനവിഭാഗങ്ങളുടേയും വികസനദാഹവുമായികടന്നുവെന്ന കുടിയേറ്റ ജനതയുടെയും അതിനുമുമ്പ് നമ്മുടെ പ്രദേശത്തുണ്ടായിരുന്ന തദ്ദേശ വാസികളുടെയും വ്യത്യസ്തമായ സാംസ്കാരിക അന്തർധാരകളേയും ജീവിതക്രമത്തേയും സമന്വയിപ്പിച്ച് ഒരു സമൂഹമായി വളർത്തിയെടുക്കുന്നതിൽ പനത്തടി സർവ്വീസ് സഹകരണബാങ്ക് ഒരു പ്രമുഖ സ്ഥാനം വഹിച്ചിട്ടുണ്ട്.

പനത്തടി സർവ്വീസ് സഹകരണബാങ്ക് ഒരു എത്തിനോട്ടം

പ്രവർത്തന പരിധി	:	പനത്തടി, കള്ളാർ, കോടോം വില്ലേജുകൾ
ആകെ അംഗങ്ങൾ	:	17,500
പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	:	34,59,178 രൂപ
സർക്കാർ ഓഹരി	:	2,93,300 രൂപ
ഓഹരി വില	:	10 രൂപ
നിക്ഷേപങ്ങൾ:		
സ്ഥിരം	:	3,24,29,856.70 രൂപ
ഹ്രസ്വകാലം	:	1,32.03,353.59 രൂപ
ആകെ	:	4,56,21,976.29 രൂപ
വിതരണം ചെയ്ത വായ്പകൾ		
ഹ്രസ്വകാലം	:	2,02,31,998 രൂപ
മദ്ധ്യകാലം	:	1,71,314 രൂപ
ദീർഘകാലം	:	58,79,805 രൂപ
ഐ.ആർ.ഡി.പി	:	2,27,725 രൂപ
മറ്റ് വായ്പകൾ		
കാർഷികേതരം	:	1,44,86,129 രൂപ
സ്വർണ്ണപണയം	:	1,87,50,984 രൂപ
മദ്ധ്യകാല കാർഷികേതര വായ്പ	:	75,739 രൂപ
സ്വീകരിച്ച വായ്പകൾ:		
കെ.ഡി.സി ബാങ്ക്	:	3,17,58,387 രൂപ
പിരിഞ്ഞ്കിട്ടാനുള്ള വായ്പ	:	1,02,10,751 രൂപ
സ്ഥാപനത്തിന്റെ ചിലവുകൾ		
വാർഷികം	:	23,34,265.25 രൂപ
ജീവനക്കാരുടെ എണ്ണം	:	31

മറ്റ് പ്രവർത്തനങ്ങൾ

കൺസ്യൂമർ സ്റ്റോറുകൾ : 4

റേഷൻ റീട്ടേയിൽ ഡിപ്പോ : 6

(അവലംബം - ദ്വിതീയ വിവര ശേഖരണം)

പൂടംകല്ലിൽ അതിവിശാലമായ 25.52 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഭൂസ്വത്തുക്കളും അതിൽ തലയെടുപ്പോടെ ഉയർന്നുനിൽക്കുന്ന ഹെഡ്ഓഫീസ് കെട്ടിടവും ബാങ്കിന് മുതൽകൂട്ടാണ്.

ത്യാഗധനനായ ശ്രീ. എച്ച്. മാധവഭട്ട് ദാനം ചെയ്തതാണ് കോടികൾ വിലമതിക്കുന്ന സ്ഥലം.

ക്ഷീരോൽപാദക സഹകരണസംഘങ്ങൾ

കാർഷികമേഖലയായ പനത്തടി പഞ്ചായത്തിൽ ഏറ്റവും പ്രധാന ഉപതൊഴിലാണ് ക്ഷീരോൽപാദനം. എന്നാൽ ഈ രംഗത്ത് സഹകരണമേഖല കടന്നുവന്നിട്ട് ഏതാനും വർഷങ്ങൾ മാത്രമേ ആയിട്ടുള്ളു. അതിനുമുമ്പ് ഉൽപാദിപ്പിച്ചിരുന്ന പാൽ പ്രാദേശിക ഉപയോഗത്തിന് ഹോട്ടലുകളിലും ചായകടകളിലും വിറ്റഴിക്കുകയല്ലാതെ കർഷകർക്ക് മറ്റ് മാർഗ്ഗം ഉണ്ടായിരുന്നില്ല. എന്നാൽ ഗുജറാത്തിലെ ആനന്ദ് മാതൃകയിലുള്ള ക്ഷീരോൽപാദക സഹകരണസംഘങ്ങൾ 'മിൽമയുടെ' നിയന്ത്രണത്തിൽ ആവിഷ്കരിക്കാൻ തുടങ്ങിയതോടെ പനത്തടി പഞ്ചായത്തിലും ഈ രംഗത്ത് ഒരു വലിയ മുന്നേറ്റംതന്നെ ഉണ്ടായി.

പട്ടിക ശ്രദ്ധിക്കുക

പട്ടിക 2 (അവലംബം ദ്വിതീയ വിവരശേഖരണം)

	സംഘത്തിന്റെ പേര്	സ്ഥിതിചെയ്യുന്ന സ്ഥലം	പ്രവർത്തനപരിധിയിലുള്ള വാർഡുകൾ	സ്ഥാപിത-വർഷം	95-96ലെ ടേൺഓവർ
1.	പാണത്തൂർ ക്ഷീരോൽപാദക സഹകരണസംഘം	പാണത്തൂർ	10 (ഭാഗികം) 11,12	1989	2,40,540.84
2.	ബളാന്തോട് ക്ഷീരോൽപാദക സഹകരണസംഘം	ബളാംതോട്	8,10 (ഭാഗികം) 9, 13	1988	1,24,829.5
3.	കോളിച്ചാൽ ക്ഷീരോൽപാദക സഹകരണസംഘം	കോളിച്ചാൽ	6,8 (ഭാഗികം) 7	1988	25,03,289.06
4.	മാലക്കല്ല് ക്ഷീരോൽപാദക സഹകരണസംഘം	മാലക്കല്ല്	5, 6, 1 (ഭാഗികം)	1988	11,22,545.69
5.	രാജപുരം ക്ഷീരോൽപാദക സഹകരണസംഘം	രാജപുരം	3, 4, 2 (ഭാഗികം)	1988	21,31,464.86
6.	കൊട്ടോടി ക്ഷീരോൽപാദക സഹകരണസംഘം	കൊട്ടോടി	1, 2 (ഭാഗികം)	1988	3,52,178.70

029

ക്ഷീരോൽപാദകസഹകരണ സംഘത്തിന്റെ വളർച്ച കഴിഞ്ഞ നാല് വർഷങ്ങളിൽ ഒരു രേഖാചിത്രം.



ഇതര സഹകരണ സ്ഥാപനങ്ങൾ

സഹകരണ മേഖലയ്ക്ക് എന്നും വളക്കൂറുള്ള മണ്ണാണ് പനത്തടി പഞ്ചായത്ത്. പനത്തടി സർവ്വീസ് സഹകരണ സംഘത്തിനേറയും ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടേയും വളർച്ച വിളിച്ചോതുന്നത് ഈ യാഥാർത്ഥ്യത്തിലേയ്ക്കാണ്. എന്നാൽ സഹകരണ മേഖലയുടെ വൈവിധ്യവൽക്കരണം ഇനിയും ഒരു മരീചികയാണ്. ഒട്ടേറെ രംഗങ്ങളിൽ സഹകരണ പ്രസ്ഥാനം കാലെടുത്ത്വെച്ചിട്ടുണ്ട് എങ്കിലും ശൈശവദിശയിൽ തന്നെ ചലനരഹിതമാവുന്ന പ്രവണത ഈ മേഖലയിൽ ആശങ്ക സൃഷ്ടിക്കുന്നുണ്ട്. സഹകാരികളും സഹകരണ പ്രസ്ഥാനത്തിന്റെ അഭ്യുദയകാംക്ഷികളും അതീവശ്രദ്ധയോടെ അപഗ്രഥിക്കേണ്ട ഒരു കാര്യമാണിത്. ചുവടെ ചേർത്ത പട്ടിക ശ്രദ്ധിക്കുക.

പട്ടിക 3 (അവലംബം ദ്വിതീയ വിവരശേഖരണം)

ക്രമ നമ്പർ	സഹകരണ സ്ഥാപനത്തിന്റെ പേര്	ലക്ഷ്യം	സ്ഥാപക വർഷം	പ്രവർത്തന ക്ഷമം അതെ/അല്ല
1.	പനത്തടി പഞ്ചായത്ത് പട്ടിക - വർഗ്ഗ സഹകരണസംഘം	പട്ടികവർഗ്ഗക്ഷേമം	1983	അതെ
2.	പനത്തടി റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റി	റബ്ബർ വിപണനം	1990	അല്ല
3.	പനത്തടി കശുവണ്ടി ഉൽപാദക വിപണന സംസ്കരണ സൊസൈറ്റി	കശുമാവ് കൃഷി വികസനവും വിപണനവും	1992	അല്ല
4.	മാലക്കല്ല് പഴം പച്ചക്കറി വിപണന സംസ്കരണ സഹകരണസംഘം	പഴം പച്ചക്കറി വിപണനവും സംസ്കരണവും	1992	അല്ല
5.	പനത്തടി പഞ്ചായത്ത് പോൾട്രി കോപ്പറേറ്റീവ് സൊസൈറ്റി	കോഴി വളർത്തൽ	1989	അല്ല
6.	രാജപുരം കോപ്പറേറ്റീവ് സ്റ്റോർ	കൺസ്യൂമർ	1947	അതെ
7.	മാലക്കല്ല് കൺസ്യൂമേഴ്സ് സൊസൈറ്റി	,,	1992	അല്ല
8.	കൊട്ടോടി കൺസ്യൂമേഴ്സ് സൊസൈറ്റി	,,	,,	,,
9.	പനത്തടി കൺസ്യൂമേഴ്സ് സൊസൈറ്റി	,,	,,	,,
10.	പാലംകല്ല് കൺസ്യൂമേഴ്സ് സൊസൈറ്റി	,,	,,	,,
11.	പനത്തടി ലേബർ കോൺട്രാക്ട് സൊസൈറ്റി	തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ	1992	അല്ല
12.	പനത്തടി വനിതാ ഗ്രാമ വ്യവസായ സഹകരണസംഘം	വനിതാ ക്ഷേമം	1992	അതെ

സ്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ

സ്കൂൾ വിദ്യാർത്ഥികളുടെ പഠനോപകരണങ്ങളുടേയും പാഠപുസ്തകങ്ങളുടേയും വിതരണം ലക്ഷ്യമാക്കികൊണ്ട് താഴെ പറയുന്ന സഹകരണസംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

പട്ടിക 4

ക്രമ നമ്പർ	സഹകരണ സ്ഥാപനത്തിന്റെ പേര്	ലക്ഷ്യം	സ്ഥാപിത വർഷം
1.	ബളാംതോട് ജി.എച്ച്.എസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	വിദ്യാഭ്യാസ സഹകര്യങ്ങൾ	1992
2.	കൊട്ടോടി ,, ,,	,,	,,
3.	രാജപുരം എച്ച്.എഫ്. എച്ച്.എസ്. കോ-ഓപ്പ റേറ്റീവ് സൊസൈറ്റി	,,	1975
4.	രാജപുരം എ.യു.പി.എസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	,,	1976

കാർഷിക വികസന സഹകരണസംഘങ്ങൾ

ഹോസ്ദുർഗ് താലൂക്ക് പരിധിയായി പ്രവർത്തിക്കുന്ന ഹോസ്ദുർഗ് സഹകരണ ഗ്രാമവികസന ബാങ്ക് പനത്തടി പഞ്ചായത്തിലെ സഹകരണമേഖലയിൽ വളരെ പ്രധാന സ്ഥാനം വഹിക്കുന്നു. പഞ്ചായത്ത് പരിധിയിൽ ചുള്ളിക്കരയിൽ ഈ ബാങ്കിന്റെ ഒരു ബ്രാഞ്ച് പ്രവർത്തിച്ചുവരുന്നു. ബാങ്ക് പഞ്ചായത്ത് പരിധിയിൽ നൽകുന്ന വിവിധ വായ്പകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 5

എത്ര പേർക്ക്	ഏതിനം വായ്പ	നൽകിയ തുക
321	സാധാരണ വായ്പ	3507600
1793	പദ്ധതി വായ്പ	24586600
60	കാർഷികേതര വായ്പ	4982500
238	ഭവനവായ്പ	7846400

സഹകരണ സംഘങ്ങളായി രജിസ്റ്റർ ചെയ്യപ്പെട്ടവ അല്ലെങ്കിലും സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കാർഷിക സമിതികൾ പഞ്ചായത്തിൽ നിലവിലുണ്ട്. മുമ്പ് വിവിധ കേരവികസന സമിതികൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ പഞ്ചായത്ത് തലത്തിൽ ഒരു കേരവികസന സമിതിയാണ് പ്രവർത്തിക്കുന്നത്. ഇതര കാർഷിക സമിതികളുടെ വിശദാംശങ്ങൾ പട്ടിക 6-ൽ കൊടുക്കുന്നു.

പട്ടിക 6

പാടശേഖര സമിതികൾ	കുരുമുളക് സമിതികൾ	റബ്ബർ ഉൽപാദക സംഘങ്ങൾ
അജ്ജനമുക്കോട്	രാജപുരം	രാജപുരം
ചുള്ളിക്കര	പെരുമ്പള്ളി	പെരുമ്പള്ളി
അയ്യങ്കാവ്	മാലക്കല്ല്	മാനടുക്കം
കള്ളാർ	പാണത്തൂർ	മാലക്കല്ല്
കനിയടുക്കം	മാനടുക്കം	പാടി
ചെരുപനത്തടി	കടമല	പാണത്തൂർ
പാണത്തൂർ		ചിറങ്കടവ്
ബീംബുങ്കാൽ (ST)		

കാർഷികമേഖലയുടെ പ്രാധാന്യവും പ്രയോജനവും കണക്കിലെടുത്ത് ഈ രംഗത്തുള്ള എല്ലാ സമിതികളേയും ഉത്തേജിപ്പിക്കുന്നതിനും ക്രിയാത്മകമായി പ്രവർത്തിക്കുന്നതിനും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു.

കാസർകോട് ജില്ലാ സഹകരണബാങ്ക് അതിന്റെ മാലക്കല്ല് ബ്രാഞ്ചിലൂടെ ഈ പ്രദേശത്ത് നേരിട്ട് വിവിധ വായ്പകൾ വിതരണം ചെയ്യുന്ന ഒരു സഹകരണ അപ്പക്സ് സ്ഥാപനമാണ്. 94-95 സാമ്പത്തിക വർഷത്തിൽ 42.85 ലക്ഷം രൂപയുടെ വായ്പകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്.

റബ്ബർ വിപണന സംസ്കരണ രംഗത്തെ ജില്ലയിലെ പ്രമുഖ സഹകരണ സ്ഥാപനമായ കാസർകോട് ജില്ലാ റബ്ബർ മാർക്കറ്റിങ് സഹകരണ സംഘത്തിന്റെ പ്രവർത്തനകേന്ദ്രം ചിറ്റാരിക്കാലിലാണെങ്കിലും ഈ പഞ്ചായത്തിലെ മാലക്കല്ലിലുള്ള ബ്രാഞ്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

ഹോസ്ദുർഗ്ഗ് സഹകരണ മാർക്കറ്റിങ് സൊസൈറ്റി വിപണനരംഗത്തും ഹോസ്ദുർഗ് സഹകരണ ഭവനനിർമ്മാണ സഹകരണസംഘം ഭവനനിർമ്മാണ രംഗത്തും പ്രവർത്തിച്ചുവരുന്നുണ്ട്.

ഇനിയുമുണ്ടെത്രയോകാതം
ഉറങ്ങുംമുമ്പ് പിന്നിടാൻ

ഇനിയുമുണ്ട് സഹകരണ രംഗത്ത് എത്രയോ വികസന സാദ്ധ്യതകൾ. ഈ രേഖ ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ പ്രശ്നങ്ങളും അവയുടെ പരിഹാര നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

സഹകരണ മേഖലയിലെ ഗ്രാമസഭയിലൂടെ വന്ന പ്രശ്നങ്ങളിലൂടെ ഒരു എത്തിനോട്ടം

031

1. പെരുമ്പള്ളി, അയ്യങ്കാവ്, പുഞ്ചക്കര, കല്ലപള്ളി, മാനടുക്കം, പാലംങ്കല്ല്, കള്ളാർ, കൊളപ്പുറം, ആടകം, പ്രാന്തർകാവ്, ഘടിക്കാൽ, അടോട്ടുകയം, പൂത്തുരടുക്കം, മാവുങ്കാൽ പന്തിക്കാൽ എന്നീ പ്രദേശങ്ങളിൽ ക്ഷീരവിപണനത്തിന് സൗകര്യമില്ല.
2. സഹകരണ സ്ഥാപനങ്ങൾ വഴി കന്നുകാലി വളർത്തുന്നതിന് കർഷകർക്ക് മതിയായ രീതിയിൽ വായ്പകൾ ലഭ്യമല്ല.
3. ബളാന്തോട് ക്ഷീരോൽപാദക സഹകരണസംഘത്തിന്റെ കീഴിലുള്ള ചാമുണ്ടിക്കുന്നിലെ സംഭരണ കേന്ദ്രം മുഴുവൻ സമയവും പ്രവർത്തനക്ഷമമല്ല.
4. പ്രാദേശികാടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങൾ വിരളമാണ്.
5. തൊഴിലധിഷ്ഠിത വായ്പകളുടെ ലഭ്യതകുറവ്
6. ഭവനനിർമ്മാണ വായ്പാസഹകരണ സംഘത്തിന്റെ അപര്യാപ്തത.
7. സഹകരണമേഖലയിൽ വായ്പ (കാർഷികം - കാർഷികേതരം) യഥാസമയങ്ങളിൽ എളുപ്പം ലഭ്യമല്ല.
8. സഹകരണ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നില്ല.
9. കൺസ്യൂമർ സ്റ്റോറുകളുടെ അപര്യാപ്തത.
10. അർഹതപ്പെട്ട കാർഷികവായ്പ ലഭിക്കുന്നില്ല.
11. വനിതാ വ്യവസായ സഹകരണസ്ഥാപനങ്ങൾ വിരളമാണ്.
12. "കടലാസ് സഹകരണസംഘങ്ങൾ" ഒട്ടനവധിയുണ്ട്. ഇവ പ്രവർത്തനരഹിതമാണ്.
13. സർക്കാർ ഓഡിറ്റിങ്ങ് യഥാസമയങ്ങളിൽ നടത്തി ഓഡിറ്റിങ്ങ് കോസ്റ്റായും മറ്റിനങ്ങൾക്കും വേണ്ടി ഈടാക്കുന്ന സംഖ്യയുടെ പരിധി കുറയ്ക്കുക.
14. മെമ്പർമാരുടെ ആവശ്യങ്ങൾ പൂർണ്ണമായും നികത്തികൊടുക്കത്തക്കവിധത്തിൽ സാമ്പത്തിക സഹായം ജില്ലാബാങ്കിൽനിന്ന് കാലാകാലങ്ങളിൽ ലഭിക്കുന്നില്ല.
15. പനത്തടി പഞ്ചായത്തിൽ 3845.40 ഹെക്ടർ സ്ഥലത്ത് തെങ്ങിൻതോട്ടമുണ്ടെങ്കിലും ഇതിൽ നിന്നും ലഭിക്കുന്ന തേങ്ങയുടെ ഉപോൽപന്നങ്ങളായ തൊണ്ട്, ചിരട്ട എന്നിവ ഉപയോഗശൂന്യമാവുകയാണ്. ഇവ ഉപയോഗപ്രദമാക്കാൻ സഹകരണാടിസ്ഥാനത്തിൽ വ്യവസായിക യൂണിറ്റുകൾ ഇല്ല.
16. പഞ്ചായത്തിലെ ഏറ്റവും വ്യാപകമായ കൃഷിയായ റബ്ബർ കൃഷിരംഗത്തെ സഹകരണ സ്ഥാപനങ്ങൾ ഫലപ്രദമായി പ്രയത്നിക്കുന്നില്ല.
17. സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ മുഴുവൻ ആവശ്യങ്ങൾക്കും ഉതകുന്ന രീതിയിൽ വായ്പകൾ ലഭിക്കുന്നില്ല.
18. സഹകരണരംഗത്ത് പ്രൊഫഷണൽ മാനേജ്മെന്റിന്റെ അഭാവം അനുഭവപ്പെടുന്നു.
19. പട്ടികജാതി /പട്ടികവർഗ്ഗ മേഖലയിൽ സഹകരണ പ്രസ്ഥാനങ്ങൾ വേണ്ടത്ര ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

സഹകരണമേഖലയിലെ സാധ്യതകൾ - ഗ്രാമസഭയിലൂടെ

1. സർവ്വീസ് സഹകരണ സ്ഥാപനങ്ങളിൽ ഭൂമി സംബന്ധമായ വിവരങ്ങൾ ശേഖരിക്കുന്നതിനും അർഹമായ തോതിൽ വായ്പ ലഭ്യമാക്കുന്നതിനും പരിശോധന നടത്തുവാൻ ബാങ്കുകളിൽ ഫീൽഡ് ഉദ്യോഗസ്ഥന്മാരെ നിയമിക്കണം.
2. കാർഷികവായ്പയുടെ പലിശനിരക്ക് കുറച്ചുകൊണ്ട് കർഷകർക്ക് വായ്പ പരമാവധി നൽകുന്നതിന് സഹകരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം.
3. പരമ്പരാഗത കൈതൊഴിലുകൾ (കുട്ട, വട്ടി, പായ, ഗൃഹോപകരണ നിർമ്മാണം) എന്നിങ്ങനെ നാനാ മേഖലകളിലും സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കണം.
4. നാണ്യവിളകൾ സംസ്കരിച്ച് വിപണിയിൽ എത്തിക്കുന്നതിനാവശ്യമായ വ്യവസായസഹകരണ സ്ഥാപനങ്ങൾ ഉണ്ടാവേണ്ടത് പ്രാദേശിക ഉൽപന്നങ്ങളുടെ വില യഥാവിധത്തിൽ കർഷകന് ലഭ്യമാക്കുന്നതിന് ഉപകരിക്കും.
5. കെട്ടിടനിർമ്മാണ സഹകരണ സംഘങ്ങൾ ആരംഭിക്കണം.
6. ഹ്രസ്വകാല വായ്പാപരിധി 15,000 രൂപയായി വർദ്ധിപ്പിക്കണം.
7. ഗ്രൂപ്പ് ഡിപ്പോസിറ്റ് സ്കീം നടപ്പിലാക്കുക.
8. കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ട്രാക്ടർ, സ്പ്രേയർ, ട്രില്ലർ,വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുക. ഇതിനായി പാട ശേഖര സമിതികൾ രൂപീകരിച്ച് ഗ്രൂപ്പ് ഫാമിങ്ങ് സൊസൈറ്റി രൂപീകരിക്കണം.
9. വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കണം.
10. ചെങ്കൽ വ്യവസായ സഹകരണസംഘരൂപീകരണം വഴി ചെറിയതോതിലെങ്കിലും തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ സാധിക്കും.
11. സഹകരണാടിസ്ഥാനത്തിൽ കൺസ്യൂമർ സ്റ്റോറുകൾ മറ്റ് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം.
12. കൃത്യമായി ത്രൈമാസ ഓഡിറ്റിങ്ങ് നടത്തിയാൽ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.
13. പ്രാഥമിക സഹകരണസംഘങ്ങളുടെ നിയന്ത്രണം ഇടത്തട്ടുകൾ ഒഴിവാക്കി സംസ്ഥാന സഹകരണ ബാങ്കിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ കൊണ്ടുവരിക.
14. കടലാസ് സഹകരണ സ്ഥാപനങ്ങൾ അടിയന്തരമായി പ്രവർത്തന ക്ഷമമാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ആരംഭിക്കണം.
15. റബ്ബർ കർഷകരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് നിലവിലുള്ള സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുക.
16. സഹകരണ സംഘങ്ങളുടെ ലാഭവിഹിതത്തിൽ നിന്നും നിശ്ചിത ശതമാനം തുക അതാത് പ്രദേശത്തിന്റെ വികസന പ്രക്രിയയ്ക്കുവേണ്ടിയും നന്മയ്ക്കുമായി ഉപയോഗിക്കണം.
17. പനത്തടി സർവ്വീസ് സഹകരണ ബാങ്കിനേറെയും പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘത്തിനേറെയും ശാഖകൾ ആവശ്യമായ പ്രദേശങ്ങളിൽ ആരംഭിക്കണം.
18. സഹകരണ മേഖലയിലെ ജീവനക്കാർക്ക് പ്രൊഫഷണൽ മാനേജ്മെന്റ് കോഴ്സിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

വ്യവസായം

കാസർകോട് ജില്ലയിലെ മലയോര പഞ്ചായത്തായ പനത്തടിയിൽ വൻകിട ആധുനിക വ്യവസായങ്ങൾ ഒന്നുംതന്നെയില്ല. വൈദ്യുതി ക്ഷാമം, വിദഗ്ദ്ധതൊഴിലാളികളുടെ അഭാവം തുടങ്ങി പല പ്രതിസന്ധികൾ ഉണ്ടെങ്കിലും ചില ചെറുകിട യൂണിറ്റുകൾ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. കാർഷിക അധിഷ്ഠിത വ്യവസായങ്ങൾക്ക് ഇവിടത്തെ സാധ്യത ചൂഷണംചെയ്യാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ മേഖല നന്നായി മുതലെടുത്താൽ പഞ്ചായത്തിന് വ്യാവസായികരംഗത്ത് ശോഭനമായ ഭാവി ഉണ്ടാകും.

പരമ്പരാഗത വ്യവസായങ്ങൾ

1970വരെ ഇവിടെ സുലഭമായി ലഭിച്ചുവന്നിരുന്ന ചൂരൽ, ഈറ്റ, മുള, കാട്ടുവള്ളികൾ മുതലയാവ ഉപയോഗിച്ചുള്ള പമ്പരാഗത കുടിൽ വ്യവസായങ്ങൾ നല്ലനിലയിൽ പ്രവർത്തിച്ചുവന്നിരുന്നു. എന്നാൽ തോട്ടവിളകൾക്ക് ഊന്നൽ ലഭിച്ചതോടെ പരമ്പരാഗത വ്യവസായങ്ങളുടെ അസംസ്കൃത സാധനങ്ങളായ ചൂരൽ, ഈറ്റ, കാട്ടുവള്ളികൾ എന്നിവക്ക് ദൗർല്ലഭ്യം നേരിടുവാൻ തുടങ്ങി. പുഴയോരത്തും, തോട്ടരികിലുമുള്ള "കണ്ടൽകാടുകളുടെ" നാശം ഈ പരമ്പരാഗത വ്യവസായത്തെ നാശോന്മുഖമാക്കി. ഇതുമൂലം പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിലെ കാരണവന്മാരുടെ തൊഴിൽ നഷ്ടപ്പെടുവാൻ ഇടയാക്കി.

ചൂരൽക്കാടുകൾ അപ്രത്യക്ഷമായതോടെ പാണത്തൂർ ആസ്ഥാനമായുള്ള ചൂരൽകൊട്ട വിപണിതന്നെ ഇല്ലാതായികൊണ്ടിരിക്കുന്നു. എങ്കിലും ചൂരൽ ഉപയോഗിച്ച് ചൂരൽ ഫർണ്ണീച്ചർ നിർമ്മാണം പാണത്തൂരിൽ നടക്കുന്നു എന്നുള്ളത് ആശാവഹമാണ്.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യതൊഴിൽ നഷ്ടപ്പെടാതിരിക്കാൻ, അവരുടെ ക്ഷേമം ഉറപ്പുവരുത്തുവാൻ കേരളാ - കർണ്ണാടക സർക്കാരുകൾ മറ്റുള്ള സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയതു മാതിരി ഫോറസ്റ്റിൽനിന്നും ചൂരൽ, ഈറ്റ മുതലായവ കൊത്തിയെടുക്കാൻ ആദിവാസി മേഖലയിലെ മൂപ്പന്മാർക്ക് പെർമിറ്റ് കൊടുത്ത് ഈ പാരമ്പര്യ തൊഴിൽ നഷ്ടപ്പെടുത്താതെ നോക്കേണ്ടതാണ്. ചൂരൽ ഫർണ്ണീച്ചർ നിർമ്മാണം മെച്ചപ്പെടുത്തുന്നതിനും, വിപുലീകരിക്കുന്നതിനുമായി ഈ മേഖലയിൽ സഹകരണ സംഘങ്ങളുടെ പ്രസക്തി ഏറെയാണ്.

നമ്മുടെ പഞ്ചായത്തിൽ സ്വകാര്യ ബീഡി കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഭൂരിഭാഗവും സ്ത്രീകളാണ് ഈ രംഗത്തുള്ളത്. ഇവർക്ക് ആവശ്യമായ ബീഡിയില, നൂല്, ചുക്ക മുതലായവ അസംസ്കൃത പദാർത്ഥങ്ങൾ എത്തിച്ചുകൊടുക്കുന്നതും ഉല്പന്നങ്ങൾ ഏറ്റുവാങ്ങുന്നതും വൻകിട ബീഡി കമ്പനിക്കാരുടെ ഏജൻറുമാരാണ്. ഇത്തരം സ്വകാര്യ കമ്പനികളിൽ പ്രവർത്തിക്കുന്നവർക്ക് തൊഴിൽ സ്ഥിരത, മെച്ചപ്പെട്ട വേതനം, ഉയർന്നനിരക്കിലുള്ള ബോണസ്, ഗ്രാറ്റുവിറ്റി, സാമ്പത്തിക ആനുകൂല്യത്തോടെയുള്ള പ്രസവ അവധി എന്നിവ ലഭിക്കുന്നില്ല. ചൂഷണത്തിന് വിധേയമായ ഈ മേഖലയെ രക്ഷിക്കാൻ സഹകരണ പ്രസ്ഥാനങ്ങൾ മുന്നോട്ടുവരേണ്ടതാണ്.

പഞ്ചായത്തിൽ വിവിധഭാഗങ്ങളിലായി സ്വകാര്യ മേഖലയിൽ 8 കരിങ്കൽ ക്വാറികളുണ്ട്. അനേകം സ്ത്രീ - പുരുഷ തൊഴിലാളികൾക്ക് പണി ലഭിക്കുന്ന ഈ മേഖല നമ്മുടെ പഞ്ചായത്തിൽ ഒരു ചെറുകിട വ്യവസായമായി പുഷ്ടിപ്പെട്ടുകൊണ്ടിരിക്കയാണ്. ക്വാറികളിൽ ജില്ലി നിർമ്മാണ തൊഴിലുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്ന അനേകം സ്ത്രീ തൊഴിലാളികളുമുണ്ട്.

പഞ്ചായത്തിലെ പ്രധാന വ്യവസായസംരംഭങ്ങളും അവയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

സ്ഥാപനങ്ങളുടെ പേര്	ഉൽപ്പന്നം	തൊഴിലാളികളുടെ എണ്ണം	
		പുരുഷൻ	സ്ത്രീ
സ്കിൻ സ്കാൻ പ്രോഡക്ട്സ് ബളാന്തോട്	കലാമിൻ	4	
സെൻറ് മേരീസ് ബ്രിക്സ്, മാലക്കല്ല്	സിമൻറ് ഇഷ്ടിക	6	-
കുന്നംകുഴയ്ക്കൽ എഞ്ചിനീയറിംങ് വർക്സ്, രാജപുരം	റബ്ബർ റോളർ	3	-
പനത്തടി വനിതാ ഗ്രാമ വ്യവസായ സഹകരണസംഘം പാണത്തൂർ	സൂര്യകാന്തി അഗർബത്തി	-	6

നമ്മുടെ പഞ്ചായത്തിലെ പാൽ ഉൽപാദന സഹകരണസംഘങ്ങളോടനുബന്ധിച്ച് പാല് ഉല്പന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നു. അവിടെ ഓരോ യൂണിറ്റിലും നാലോളം വനിതകൾ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.

പനത്തടി ഗ്രാമ പഞ്ചായത്തിലെ മിൽക്ക് പ്രോഡക്ട് യൂണിറ്റുകൾ

മിൽക്ക് പ്രോഡക്ട് യൂണിറ്റുകളുടെ പേരും, സ്ഥലവും	ജോലിചെയ്യുന്ന സ്ത്രീകളുടെ എണ്ണം
1. മാധുരി മിൽക്ക് പ്രോഡക്ട്, കൊട്ടോടി	4
2. അഭിരുചി മിൽക്ക് പ്രോഡക്ട് യൂണിറ്റ്, രാജപുരം	4
3. മമത മിൽക്ക് പ്രോഡക്ട് യൂണിറ്റ് മാലക്കല്ല്	4
4. തേജസ് മിൽക്ക് പ്രോഡക്ട് യൂണിറ്റ് ബളാന്തോട്	4
5. മിൽക്കോസ് മിൽക്ക് പ്രോഡക്ട് യൂണിറ്റ് പാണത്തൂർ	4

അവലംബം- ദ്വിതീയ വിവരശേഖരണം

കുടിൽ വ്യവസായങ്ങളായ പപ്പടം നിർമ്മാണം, നാടൻ പലഹാര നിർമ്മാണ യൂണിറ്റുകൾ, ബേയ്ക്കറികൾ, തയ്യൽ പരിശീലന കേന്ദ്രങ്ങളും ഇവിടെയുണ്ട്.

വ്യവസായരംഗത്തെ നൂതന സംരംഭങ്ങൾ

ആധുനിക വ്യവസായരംഗത്ത് പനത്തടി ഗ്രാമ പഞ്ചായത്ത് വളരെ പിന്നോക്കം നിൽക്കുന്നു. യന്ത്ര സഹായത്തോടുകൂടിയുള്ള വ്യവസായ സംരംഭങ്ങൾ തുലോം കുറവാണ്. എങ്കിലും ഈ രംഗത്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് സിമൻറ് ഇഷ്ടിക നിർമ്മിക്കുന്ന ജോമ്പി ഹോളോബ്രിക്സ് കോളിച്ചാൽ.

കോൺക്രീറ്റ് കട്ടിലകൾ, ജനലുകൾ നിർമ്മിക്കുന്ന മാലക്കല്ലിലെ ലൂർദ്മാതാ സിമൻറ് ഫ്രയിം വർക്ക്സ് പഞ്ചായത്തിലെ പുതിയ സംരംഭമാണ്. നമ്മുടെ പഞ്ചായത്തിൽ സുലഭമായുള്ള മരങ്ങൾ ഉപയോഗിച്ച് യന്ത്രസാമഗ്രികളുടെ സഹായത്തോടെയുള്ള ഫർണ്ണീച്ചർ ഷോപ്പുകൾ പഞ്ചായത്തിൽ ഉണ്ട്. വിദഗ്ദ്ധരായ തൊഴിലാളികളുടെ അഭാവം ഈ മേഖലയെ തളർത്തുന്നു.

പഞ്ചായത്തിൽ രണ്ട് പ്രിൻറിങ്ങ് പ്രസ്സുണ്ട്. ഒന്ന് സഹകാര്യമേഖലയിൽ രാജപുരത്ത് പ്രവർത്തിക്കുന്നു. രണ്ട് പുരുഷന്മാരും മൂന്ന് സ്ത്രീകളും അവിടെ ജോലി ചെയ്യുന്നു.

രണ്ടാമത്തെ പ്രസ് പനത്തടിയിലുള്ള "പനത്തടി പഞ്ചായത്ത് പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘം" കീഴിലുള്ളതാണ്. ഇവിടെ രണ്ട് പുരുഷന്മാരും രണ്ട് സ്ത്രീകളും ജോലി ചെയ്യുന്നു. ഈ സംഘത്തിൻെറ കീഴിൽ ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും തയ്യൽ പരിശീലന കേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

വ്യവസായരംഗത്തെ പ്രശ്നങ്ങൾ

1) ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത
2) സംരംഭങ്ങളുടെ അപര്യാപ്തത
3) സാങ്കേതിക പരിജ്ഞാനത്തിൻെറ കുറവ്
4) വിദഗ്ദ്ധ തൊഴിലാളുകളുടെ ദൗർലഭ്യം
5) വൈദ്യുതിയുടെ ലഭ്യതകുറവ്
6) വിവിധ വകുപ്പ് മേധാവികൾ വ്യവസായസംരംഭകരോട് കാണിക്കുന്ന ആലസ്യ മനോഭാവം
7) സംരംഭങ്ങൾക്ക് വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ
8) നമ്മുടെ പഞ്ചായത്തിലുള്ള ലഭ്യമായിട്ടുള്ള വിദേശ മൂലധനം ഇവിടെതന്നെ ഉപയോഗപ്പെടുത്തുന്നതിന് വരുത്തുന്ന വീഴ്ച
9) മര വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രതികൂലമായി നിൽക്കുന്ന സാങ്കേതിക നിയമങ്ങൾ
10) ദേശസാൽകൃത ബാങ്കുകളുടെ അഭാവം
11) പഞ്ചായത്തുതലത്തിൽ വ്യവസായ വികസന യൂണിറ്റ് ഇല്ലാത്തതിൻെറ കുറവ്
12) കൂലി വർദ്ധനവ് മുതലായവ ഒക്കെ പഞ്ചായത്തിൽ വ്യവസായ സ്ഥാപനങ്ങൾ ഉയർന്നുവരുന്നതിന് തടസ്സമായി നിൽക്കുന്നു.

സാധ്യതകൾ

കാർഷിക അധിഷ്ഠിത വ്യവസായങ്ങൾക്ക് സാധ്യതയുള്ള മേഖലയാണ് ഇത്. ഇവിടത്തെ അടിസ്ഥാന കാർഷിക ഉല്പന്നങ്ങളായ റബ്ബർ, തേങ്ങ, കശുവണ്ടി, സുഗന്ധവ്യജ്ഞനങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾ.

റബ്ബർ

1. ഈ പഞ്ചായത്തിൽ സുലഭമായുള്ള റബ്ബർ തടി കയറ്റി അയക്കുകയാണ് ഇന്നത്തെ പതിവ്. ഭാരിച്ച ലോറി വാടക കൊടുത്ത് കൊണ്ടുപോകുന്ന റബ്ബർ തടി ഇവിടെ വെച്ച് തന്നെ സംസ്കരിക്കുന്നതിനാവശ്യമായ ഫാക്ടറികൾ ഈ മേഖലയിൽ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. റബ്ബർതടി പ്രോസ്സസിങ്ങ് യൂണിറ്റിലൂടെ തടി സംസ്കരിച്ച് ഫർണീച്ചർ, പ്ലൈവുഡ്, പായ്ക്കിങ്ങ് കേസ് നിർമ്മിക്കുന്നതിനാവശ്യമായ സംരംഭങ്ങൾ ഇവിടെ തുടങ്ങേണ്ടതാണ്.
2. റബ്ബർ കൊണ്ട് പ്രത്യേക തരത്തിലുള്ള പശ, റബ്ബർ ബാൻറ്, കൈയ്യുറ, പന്ത് തുടങ്ങി കളിപ്പാട്ടങ്ങൾ ഉണ്ടാക്കുന്ന ചെറുകിട യൂണിറ്റുകൾ ഇവിടെ ആരംഭിക്കാവുന്നതാണ്.
3. ഫോം ബെഡ് ഉണ്ടാക്കുന്ന ചെറുകിട യൂണിറ്റ്
4. ഒട്ടുപാല് ക്രംബ് റബ്ബർ ആക്കി മാറ്റുന്ന ഫാക്ടറി യൂണിറ്റ്
5. പാണത്തൂരിൽ ടയർ റീസോളിങ്ങ് യൂണിറ്റ്

കേരോല്പന്നങ്ങൾ

1. തേങ്ങാ/കരിക്ക് വെള്ളം സംഭരിച്ച് ശീതളപാനീയമാക്കി മാറ്റുന്ന വ്യവസായം.
2. കർഷകരുടെ സഹകരണസംഘത്തിലൂടെ കൊപ്ര ഉണക്കുവാനും ഉരുളൻ കൊപ്ര ഉണ്ടാക്കുന്നതിനുള്ള സംരംഭം ആരംഭിക്കുക.
3. അനുബന്ധ വ്യവസായമെന്ന നിലയിൽ ചിരട്ട കൊണ്ടുള്ള കരകൗശലവസ്തുക്കളും, ചിരട്ടകരികൊണ്ടുള്ള ഉല്പന്നങ്ങളും നിർമ്മിക്കുന്ന യൂണിറ്റ്
4. സുലഭമായുള്ള തേങ്ങാ ഉപയോഗിച്ച് തേങ്ങാ പൗഡർ ഉണ്ടാക്കുന്ന വനിത വ്യവസായ യൂണിറ്റ്.
5. ഇവിടെ ആട്ടി ഉണ്ടാക്കുന്ന ശുദ്ധമായ വെളിച്ചെണ്ണ കൊണ്ട് ടോയ്‌ലറ്റ് സോപ്പ് /ബാർ സോപ്പ് ഉണ്ടാക്കുന്ന ചെറുകിട യൂണിറ്റ്/സ്വയം തൊഴിൽ സംരംഭവുമാകാം.
6. ഉപയോഗശൂന്യമായി പോകുന്ന ചകിരികൊണ്ട് ചകിരി നാര് വ്യവസായ യൂണിറ്റ്
   എ) ചകിരി കൊണ്ട് ബെഡ്ഡും മറ്റ് കുഷ്യൻ ഉണ്ടാക്കുന്ന ചെറുകിട യൂണിറ്റുകൾ
   ബി) ചകിരി ചോറ് ജൈവ വളമാക്കുന്നതിനുള്ള സംരംഭങ്ങൾ.

വാണിജ്യ ആവശ്യത്തിനായി വാങ്ങുന്ന തേങ്ങാ ഇവിടെതന്നെ കൊപ്രയാക്കി മാറ്റുമ്പോൾ ഇപ്പോൾ കർഷകർ ഉപയോഗശൂന്യമായി കളയുന്ന തൊണ്ട് (50 പൈസ) ചിരട്ട (25 പൈസ) തേങ്ങാവെള്ളം ഇവ ഫലപ്രദമായി ഉപയോഗിക്കുന്നതുവഴി ചുരുങ്ങിയത് കർഷകന് 1 തേങ്ങയിൽ 75 പൈസയെങ്കിലും അധിക വില ലഭിക്കുന്നതാണ്.

കശുവണ്ടി മേഖല

മേൽത്തരം കശുവണ്ടി ഉല്പാദിപ്പിക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടെ പഞ്ചായത്ത്. ഈ രംഗത്തെ മികച്ച ഉല്പാദകരായ പ്ലാന്റേഷൻ കോർപ്പറേഷന്റെ വലിയ എസ്റ്റേറ്റുകൾ സ്ഥിതിചെയ്യുന്നതും ഈ പഞ്ചായത്തിൽ തന്നെയാണ്. ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന കശുവണ്ടി ഭീമമായ ലോറി ചാർജും സംഭരണ നഷ്ടങ്ങളും സഹിച്ച് കൊല്ലത്ത് കൊണ്ടുപോകാതെ കോർപ്പറേഷൻ തന്നെ കശുവണ്ടി ഫാക്ടറി ഇവിടെ സ്ഥാപിച്ച് കശുവണ്ടി സംസ്കരിക്കുന്ന ഏർപ്പാട് ഉണ്ടാക്കുക. അടുത്തുള്ള മംഗലാപുരം തുറമുഖത്തിന്റെ സൗകര്യം ഉപയോഗിക്കുകയും ചെയ്യാം.

കശുവണ്ടി സംസ്കരിച്ച് പരിപ്പ് എടുക്കുന്നതിനുള്ള ഫാക്ടറി പഞ്ചായത്തിൽ സ്ഥാപിക്കുക.

1. കശുവണ്ടി സീസണിൽ പാഴായി പോകുന്ന കശുമാങ്ങയിൽനിന്ന് ഗവേഷണത്തിലൂടെ ശാസ്ത്രജ്ഞർ ശീതളപാനീയവും വ്യാവസായിക ആവശ്യത്തിനുള്ള സ്പിരിറ്റും ഉണ്ടാക്കാമെന്ന് കണ്ടുപിടിച്ചിട്ടുണ്ടല്ലോ. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് കശുമാങ്ങാ - അനുബന്ധ വ്യവസായം ആരംഭിക്കേണ്ടതാണ്.
2. കശുവണ്ടി തോടിൽനിന്നും ഓയിൽ ഉണ്ടാകുന്ന ചെറുകിട യൂണിറ്റ് (അനുബന്ധ വ്യവസായം).

എ. കുരുമുളക്, ഇഞ്ചി, ജാതിക്കാ ഇവ സംസ്കരിക്കാനുംഎസ്സൻസ് ഉണ്ടാക്കുന്നതുമായ ഫാക്ടറികളുടെ യൂണിറ്റുകൾ.

ബി. വാഴനാര് ഉപയോഗിച്ച് വിവിധയിനം കൗതുകവസ്തുക്കൾ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ വനിത സംരംഭകരുടെ യൂണിറ്റ്.

3. അടയ്ക്കാ അധിഷ്ഠിത വ്യവസായം
4. കവുങ്ങിൻ പാള പാഴായി പോകാതെ കരകൗശല വസ്തുക്കൾ , പ്ലേറ്റുകൾ ഉണ്ടാക്കുന്ന യൂണിറ്റ്
5. ഒരു കൈത്തറി നെയ്ത്ത് കേന്ദ്രം
6. നോട്ട്ബുക്ക് നിർമ്മാണവും ബുക്ക് ബൈൻറിംഗ് നടത്തുന്നതിനുള്ള യൂണിറ്റ്
7. അച്ചാർ നിർമ്മാണ യൂണിറ്റ്
8. കൂൺ കൃഷി
9. റബ്ബർ ചെരിപ്പ്/ബാർ നിർമ്മാണ ചെറുകിട യൂണിറ്റ്
10. ജൈവവള യൂണിറ്റ്
11. പാണത്തൂരിൽ ഒരു ഡീസൽ / പെട്രോൾ പമ്പ് ആരംഭിക്കുക.
12. കള്ളാർ, പാണത്തൂർ എന്നിവിടങ്ങളിൽ വ്യവസായസംരംഭങ്ങളെ സഹായിക്കാൻ ദേശസാൽകൃത ബാങ്കുകൾ സ്ഥാപിക്കുക.

ടൂറിസത്തെ വ്യവസായമായി കാണുക

1. റാണീപുരത്ത് കെ.ടി.ഡി.സി ഹോട്ടൽ ശൃംഖല സ്ഥാപിക്കുക.
2. പ്രകൃതിരമണീയമായ റാണീപുരത്ത് ഉയരമുള്ള രണ്ട് മുനമ്പുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന 'റോപ്പ്-വേ' നിർമ്മിച്ച് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുക.

036

കൃഷിയും ജലസേചനവും

ഹോസ്ദുർഗ്ഗ് താലൂക്കിൽ മലനാടിന്റെ ഭാഗമായി തീരപ്രദേശത്തുനിന്നും 25 കി. മീ. കിഴക്കുമാറി സമുദ്ര നിരപ്പിൽ നിന്നും 1000 അടി മുതൽ 3450 അടി വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഭൂപ്രദേശമാണ് പനത്തടി പഞ്ചായത്ത്. കള്ളാർ പനത്തടി എന്നീ റവന്യൂ വില്ലേജുകളിലായി 14062 ഹെക്ടർ സ്ഥലമാണ് പഞ്ചായത്തിന്റെ വിസ്തൃതി

റാണിപുരം, പെരുതടി, പുളിങ്കൊച്ചി, കല്ലപ്പള്ളി-കമ്മാടി, ഓട്ടമല, തുമ്പോടി, കോട്ടക്കുന്ന്, നീലിമല, കരിയത്തുമല, ഓണി, തുടങ്ങിയ കുന്നിൻ പ്രദേശങ്ങളും, താഴ്വരകളും, സമതല പ്രദേശങ്ങളും ഉൾപ്പെട്ട പനത്തടി പഞ്ചായത്തിലെ ഭൂമി. ഭൂരിഭാഗവും കുരുമുളക് എന്നീ തോട്ട വിളകളും മരച്ചീനി, നെല്ല്, വാഴ, ഇഞ്ചി, മഞ്ഞൾ എന്നിവയും പഞ്ചായത്തിലെ മുഖ്യകൃഷികളാണ്.

പഴയ റവന്യൂ സെറ്റിൽമെന്റ് രേഖപ്രകാരം മൊത്തം ഭൂവിസ്തൃതിയുടെ 530.12 ഏക്കർ നിലവും 26949.38 ഏക്കർ പുരയിടവും 4305.74 ഏക്കർ പുറം പോക്കും 3015.94 ഏക്കർ കൃഷിയോഗ്യമായ തരിശും 146.6 ഏക്കർ പട്ടയത്തോട്ടവും 128.59 ഏക്കർ റോഡും, 15.60 ഏക്കർ തോടും ഉൾപ്പെട്ട ഭൂപ്രദേശമാണ്. ഭൂരിഭാഗം ഭൂവുടമകളും ചെറുകിട നാമമാത്ര കർഷകരാണ്.

പട്ടിക-1

1993 മുതൽ 1996 വരെ പഞ്ചായത്തിലെ മഴയുടെ ശരാശരി അളവ്

നമ്പർ	വർഷം	ജനു	ഫെബ്രു	മാർച്ച്	ഏപ്രി	മെയ്	ജൂൺ	ജൂലൈ	ആഗ	സെപ്	ഒക്ടോ	നവം	ഡിസ
1	1993	-	-	30	-	387	232	350	180	130	167	185	-
2	1994	-	-	110	253	200	413	485	421	325	300	312	-
3	1995	-	-	-	-	234	729	1102	515	209	218	-	-
4	1996	-	-	-	-	190	540	520	290	120	100	300	-

(അവലംബം PCK - NSS എസ്റ്റേറ്റ് വർഷമാപിനി)

പട്ടിക 2

ഇനം	വിസ്തീർണ്ണം		
	പനത്തടി ഏക്കർ	കള്ളാർ ഏക്കർ	ആകെ ഏക്കർ
നിലം	224.89	305.23	530.12
പുരയിടം	15893.00	11056.38	26949.38
പുറമ്പോക്ക്	3505.69	800.05	4305.74
A Wലാൻറ്	2225.04	790.90	3015.94
പട്ടയത്തോട്ടം	85.52	61.08	146.60
ആകെ	21934.14	13013.64	34947.78

(അവലംബം വില്ലേജ് അടിസ്ഥാന റജിസ്റ്റർ)

35° ക്കുമേൽ ചെരിവുള്ള പ്രദേശമാണ്. ഇവിടെ മെയ് മാസം മുതൽ 6മാസം തുടർച്ചയായി മഴ ലഭിക്കുന്നു. തെക്കു പടിഞ്ഞാറൻ കാലവർഷവും തുലാവർഷവും ശരാശരി ലഭിക്കുന്ന പ്രദേശമാണ്. നവംബർ മുതൽ ഏപ്രിൽ വരെ വരണ്ട കാലാവസ്ഥയും അനുഭവപ്പെടുന്നു . ചരൽ മണ്ണ്, ചെമ്മണ്ണ്, ചരൽ ചേർന്ന കറുത്ത മണ്ണ് എന്നിവയാണ് പ്രധാനപ്പെട്ട മണ്ണിനങ്ങൾ. റബ്ബർ, തെങ്ങ്, കവുങ്ങ്, കശുമാവ്,

038

പട്ടിക രണ്ട് (എ) കാണുക

പഞ്ചായത്തിൽ 4874.79 ഹെക്ടർ റബർ കൃഷിയും 3845.40 ഹെക്ടർ തെങ്ങു കൃഷിയും 746.80 ഹെക്ടർ കവുങ്ങ് കൃഷിയും, 695 ഹെക്ടർ കുരുമുളക് കൃഷിയും 989.25 ഹെക്ടർ കശുമാവ് കൃഷിയും 150 ഹെക്ടർ നേന്ത്രവാഴ കൃഷിയും 75 ഹെക്ടർഇഞ്ചി കൃഷിയും 46 ഹെക്ടർ മഞ്ഞൾ കൃഷിയും 65 ഹെക്ടർ കപ്പകൃഷിയും, 40 ഹെക്ടർ പച്ചക്കറി കൃഷിയും 188 ഹെക്ടർ നെൽകൃഷിയുമുണ്ട്. ഇതിൽ 1526 ഹെക്ടർ കേരളാ പ്ലാന്റേഷൻ കോർപ്പറേഷൻ വക എസ്റ്റേറ്റും 600 ഹെക്ടർ എൻ.എസ്.എസ് എസ്റ്റേറ്റും 380 ഹെക്ടർ പെരുതടി എസ്റ്റേറ്റും 360 ഹെക്ടർ കോട്ടയം എസ്റ്റേറ്റുമാണ്. പെരുതടി എസ്റ്റേറ്റിൽ ഏലം ഗ്രാമ്പു എന്നീ സുഗന്ധ വിളകളും കൃഷി ചെയ്തു വരുന്നു.

നീലേശ്വരം കക്കാട്ട് മഠത്തിൽ കോവിലകം മഹാപ്രഭ തമ്പുരാട്ടിയുടെയും തുളുച്ചേരി കോടോത്ത് ജന്മികുടുംബങ്ങളുടേയും വകയായിരുന്നു പനത്തടി പഞ്ചായത്തിലെ ഭൂരി ഭാഗം സ്ഥലങ്ങളും. കോവിലകത്തെ കാര്യസ്ഥൻമാരാണ് വസ്തുകാര്യങ്ങൾ നോക്കി നടത്തിയിരുന്നത്. സ്ഥലവാസികളായ ഹരിജനങ്ങൾ കുടിയാന്മാരായ ജന്മി കൊടുക്കുന്ന സ്ഥലത്ത് കുടിൽ കെട്ടി താമസിച്ചിരുന്നു. തങ്ങളുടെ ജന്മിക്കല്ലാതെ മറ്റൊരാൾക്ക് പണിക്കു പോകുവാൻ അവർക്ക് അവകാശമില്ലായിരുന്നു. പൊനം കൃഷിയായിരുന്നു ആദ്യം നടത്തിയിരുന്നത്. പൊനത്തിൽ നെല്ലിചുറ്റും തുവര, മുത്താറി, ചാമ, ചോളം,തെന, എന്നിവയും കൃഷി ചെയ്തിരുന്നു. 2/10 പാട്ടം വ്യവസ്ഥയിലായിരുന്നു അക്കാലത്ത് കൃഷി ചെയ്തിരുന്നത്. ഒരു പ്രാവശ്യം കൃഷിചെയ്താൽ ആ സ്ഥലത്ത് അഞ്ചു വർഷം കഴിഞ്ഞു മാത്രമേ വീണ്ടും കൃഷി ചെയ്തിരുന്നുള്ളു. കുടിയാന്റെ കുടിലിനു ചുറ്റും കുരുമുളക് വച്ചു പിടിപ്പിക്കുകയും പിന്നീട് അത് വള്ളി തോട്ടങ്ങളായി വ്യാപിക്കുകയും ചെയ്തു. 2/10 കുരുമുളകിനും ജന്മിക്ക് നൽകിവന്നരുന്നത്.

മലബാർ കുടിയാന്മ നിയമം നിർത്തലാക്കാൻ മദ്രാസ് അസംബ്ലിയിൽ ബില്ല് കൊണ്ട് വന്നങ്കിലും ആദ്യം പാസായില്ല. പിന്നീട് വീട് കെട്ടി താമസിക്കുന്ന വളപ്പിൽ പത്തിൽ രണ്ട് പാട്ടം കൊടുക്കണ്ട എന്ന ഭേദഗതിയോടെ ബില്ല് പാസായി. 1957 നവംബർ 5 ന് കൃഷിക്കാരനെ കൃഷിസ്ഥലത്ത് നിന്നും ഒഴിപ്പിക്കേണ്ട എന്ന നിയമം കേരള ഗവ. പാസാക്കി. 1967 ൽ ജൻമിയും കുടിയാനുമായുള്ള ബന്ധം മുട്ടി. കുടിയാൻ കൈവശ ഭൂമിയുടെ പട്ടയത്തിന് ലാൻറ് ട്രിബ്യൂണലിൽ അപേക്ഷ കൊടുക്കുകയും പട്ടയം ലഭിച്ചാൽ ജന്മ വില ഒരുമിച്ചയക്കാൻ നിവർത്തിയില്ലാത്തതു കൊണ്ട് 16 വാർഷിക ഗഡുക്കളായി കുടിയാൻ സർക്കാരിലേക്ക് അടക്കേണ്ടതും സർക്കാർ ജന്മിക്ക് ജന്മ വില ഒന്നിച്ച് കൊടുക്കുന്ന നിയമം പ്രാബല്യത്തിൽ വന്നു.

കുരുമുളക് കൃഷിക്ക് പുറമേ, പ്ലാവ്, മാവ്, കവുങ്ങ് എന്നിവയും വീട്ടാവശ്യത്തിനുള്ള തേങ്ങ ലഭിക്കാൻ തെങ്ങ് കൃഷിയും ചെയ്തിരുന്നു. 1943 ഫെബ്രുവരി 2 ന് കോട്ടയം രൂപതയിൽപ്പെട്ട 72 കുടുംബങ്ങൾ പനത്തടയിൽ കുടിയേറിയതോടെ കാർഷിക രംഗത്ത് പരിവർത്തനങ്ങളുടെ കാലഘട്ടം ആരംഭിച്ചു. മുൻപറഞ്ഞ കൃഷികളെ കൂടാതെ ഹ്രസ്വകാല വിളകളും കൃഷി ചെയ്തിരുന്ന പനത്തടി പഞ്ചായത്തിൽ തെങ്ങ് റബർ, കവുങ്ങ്, കുരുമുളക് തുടങ്ങിയ തോട്ടവിളകളു വ്യാപകമായി കൃഷി ചെയ്യാൻ ആരംഭിച്ചു. ഇതനും പുറമേ കപ്പ, ചേന, ചേമ്പ്, കാച്ചിൽ, ചെറു കിഴങ്ങ്, ഇഞ്ചി, മഞ്ഞൾ, കച്ചോലം , തുടങ്ങിയ കുറുമ്പൂപ്പ് (നട്ടി കൃഷി) കൃഷികളും പനത്തടി പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ സ്ഥാനം പിടിച്ചു. സ്ഥലവാസികളായ ഭൂ ഉടമകൾ ചെറിയ തോതിൽ ഉൽപാദിപ്പിച്ചിരുന്ന തേങ്ങ, ചക്ക, മാങ്ങ, തുടങ്ങിയ ഭക്ഷ്യ വസ്തുക്കൾക്ക് കുടിയേറ്റക്കാരുടെ ആഗമനത്തോടെയാണ് വില ലഭിക്കാൻ തുങ്ങിയത്. കുടിയേറ്റ ജനതയ്ക്ക് കാട്ടു പന്നിയും മലമ്പനിയും ആയിരുന്നു ഏറ്റവും വലിയ ഭീഷണികൾ. കാട്ടു മൃഗങ്ങളുടെ ശല്യത്തിൽ നിന്നും രക്ഷ നേടുന്നതിനു വേണ്ടി കൃഷിക്കാർക്ക് സർക്കാർ നാടൻ തോക്ക് ഉപയോഗിക്കുന്നതിനുള്ള ലൈസൻസ് നൽകിയിരുന്നു. പൊനം കൃഷിയും കുരുമുളക് കൃഷിയും പ്രധാനമായി കണ്ടിരുന്ന സ്ഥലവാസികളായ കർഷകർ കുടിയേറ്റക്കാരുടെ കൃഷി രീതികൾ അവലംഭിക്കാൻ തുടങ്ങി. 1931 ൽ പുരിഷന് ഉച്ചപ്പണിക്ക് ഒരിടങ്ങഴി നെല്ലും, സ്ത്രീക്ക് അര ഇടങ്ങഴി നെല്ലുമായിരുന്നു കൂലി. 1943 ൽ പുരുഷന് 8 അണയോ അല്ലെങ്കിൽ രണ്ടിഴങ്ങഴി നെല്ലോ, സ്ത്രീക്ക് നാലണയോ ഒരിടങ്ങഴി നെല്ലോ ആയിരുന്നു കൂലി. 1944 ൽ റേഷൻ കട ആരംഭിച്ചതോടു കൂടി കൂലിക്ക് നെല്ല് എന്നത് മാറി പുരുഷന് ഒരു രൂപയും സ്ത്രീക്ക് അര രൂപയും കൂലി ലഭിക്കുവാൻ തുടങ്ങി.

പട്ടിക 3

039

1932 മുതൽ 1996 വരെയുള്ള കൂലി നിരക്ക് (ഉച്ചപ്പണിക്ക്)		
വർഷം	പുരുഷ തൊഴിലാളി	സ്ത്രീ തൊഴിലാളി
1932	1 ഇടങ്ങഴി നെല്ല്	അര ഇടങ്ങഴി നെല്ല്
1943	8 അണ അല്ലെങ്കിൽ 2 ഇടങ്ങഴി നെല്ല്	4 അണ അല്ലെങ്കിൽ 1 ഇടങ്ങഴി നെല്ല്
1944	1 രൂപ	അര രൂപ
1954	2 രൂപ	ഒന്നര രൂപ
1964	3 രൂപ	2 രൂപ
1974	12 രൂപ	8 രൂപ
1984	20 രൂപ	15 രൂപ
1994	35 രൂപ	25 രൂപ
1996	50 രൂപ	35 രൂപ

(അവലംബം നാട്ടറിവ്)

പ്രധാനപ്പെട്ട കൃഷികൾ

നെല്ല്

പൊനം കൃഷിക്ക് പുറമേ യഥേഷ്ടം വെള്ളം ലഭിക്കുന്ന താഴ്ന്ന പ്രദേശങ്ങളിൽ ചെറിയ കുന്നുകൾ നിരത്തി തട്ടുകളാക്കി നെൽകൃഷി അരംഭിച്ചു. വെള്ളത്തിന്റെ ലഭ്യതയനുസരിച്ച് ഒരുപ്പു നിലങ്ങൾ ഇരുപ്പു നിലങ്ങളാക്കി മാറ്റാൻ കർഷകർ മുമ്പോട്ടു വന്നു. രണ്ടാം ലോക മഹായുദ്ധ കാലഘട്ടത്തിൽ ഭക്ഷ്യ ക്ഷാമം അനുഭപ്പെട്ടതിനെ തുടർന്ന് നെൽ കൃഷിയുടെ വിസ്തൃതി വർദ്ധിച്ചു. ഭൂ പരിഷ്ക്കരണ നിയമം നടപ്പിൽ വന്നതോടു കൂടി കൃഷി ഭൂമിയുടെ വിസ്തൃതി കുറയുകയും തെങ്ങ് റബർ തുടങ്ങിയ നാണ്യ വിളകൾ കൃഷി ചെയ്യാൻ ആരംഭിക്കുകയും ചെയ്തു. ഇതോടു കൂടി പൊനകൃഷി ഏതാണ്ട് നിലച്ചമട്ടായി. 60 കളിൽ ബ്ലോക്കിൽ നിന്നും കുന്നുകൾ തട്ടാക്കി വയലുകളാക്കുന്നതിനും കുളം കുഴിക്കുന്നതിനും സാമ്പത്തിക സഹായം ലഭിച്ചിരുന്നതിനാൽ ഈ പ്രദേശങ്ങളിൽ നെൽ കൃഷി കൂടുതൽ വ്യാപിക്കുവാൻ ഇടയായി. അക്കാലങ്ങളിൽ കാളകളും പോത്തുകളും നിലം ഉഴുന്നതിനായി ധാരാളം വളർത്തിയിരുന്നു.

നാടൻ വിത്തിനങ്ങളായ കൈമ, തവളക്കണ്ണൻ, അല്ലിക്കണ്ണൻ, കരിയടക്കൽ, ചെന്നല്ല്, തൊണ്ണൂറാൻ എന്നിവയാണ് ആദ്യകാലങ്ങളിൽ കൃഷി ചെയ്തിരുന്നത്. ഇപ്പോൾ ജ്യോതി , ജയ, പവിഴം, തുടങ്ങിയ അത്യുൽപാദ ശേഷിയുള്ള വിത്തിനങ്ങൾ കൃഷി ചെയ്തുവരുന്നു. ചാണകം, പച്ചില വളം, ~~ക്ഷാരം~~, എന്നീ ജൈവവളങ്ങൾ മാത്രമായിരുന്ന അക്കാലത്ത് ഉപയോഗിച്ചിരുന്നത്. രോഗ കീടങ്ങൾ വളരെ കുറവായിരുന്നു. കർഷകന്റെ പ്രധാന ഭക്ഷ്യ വിള നെല്ലാകയാൽ കൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകിയിരുന്നു. 1970 കളുടെ മധ്യത്തിൽ നെൽകൃഷിയോട് കർഷകർക്ക് ആഭിമുഖ്യം കുറഞ്ഞു തുടങ്ങി. ഇതിന്റെ പ്രധാന കാരണങ്ങൾ കർഷക തൊഴിലാളികളുടെ ലഭ്യത കുറവും, ഉഴവുമാടുകളുടെ ദൗർലഭ്യം ഉൽപാദന ചിലവികളിൽ ഉണ്ടായ വർദ്ധനവ് കൃഷി ഭൂമികളുടെ തുണ്ട വൽക്കരണം, കീട രോഗ ബാധ, വില മാന്ദ്യം ജൈവവളങ്ങളുടെ അഭാവം മണ്ണൊലിപ്പിലൂടെയുണ്ടായ വയലുകളുടെ നാശം മുതലായവയാണ്.

പഞ്ചായത്തിൽ നെൽകൃഷി ഒന്നാംവിള 105 ഹെക്ടറും രണ്ടാം വിള 75 ഹെക്ടറും മൂന്നാം വിള 8 ഹെക്ടറും മാത്രമാണ് ഇപ്പോൾ അവശേഷിച്ചിട്ടുള്ളത്. അഞ്ഞനമുക്കൂട്, ചുള്ളിക്കര, അയ്യങ്കാവ്, കള്ളാർ, കനിയിലടുക്കം, ചെറുപനത്തടി, പാണത്തൂർ, വീമ്പുങ്കാൽ, (എസ്.ടി.) എന്നീ പാടശേഖര സമിതികൾ നെൽകൃഷി വികസനത്തിനയി നിലവിലുണ്ടെങ്കിലും ഇവയൊന്നു തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളും രാസവള

040

പ്രയോഗവും ശാസ്ത്രീയമായ കൃഷി മുറകളും അവലംഭിക്കുന്നുണ്ടെങ്കിലും ഉൽപാദത്തിന്റെ കാര്യത്തിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല.

യുവ തലമുറയ്ക്ക് നെൽകൃഷിയോടുള്ള ആഭിമുഖ്യക്കുറവും നണ്യവിളകളോടുള്ള ഭ്രമവും കാരണം ഈ പഞ്ചായത്തിലെ നെൽ വയലുകൾ തെങ്ങ് കവുങ്ങ് എന്നീ കൃഷികൾക്കായി മാറ്റപ്പെട്ടു കൊണ്ടിരിക്കുന്നു. നിലവിലുള്ള പാട ശേഖര സമിതികൾ ഊർജിതപ്പെടുത്തി കൂട്ടു കൃഷി സംബ്രദായത്തിൽ യന്ത്രവൽക്കരണം മുഖേന കൃഷിയിറക്കി നമ്മുടെ ഭക്ഷ്യ വിളയെ നില നിർത്തേണ്ടിയിരിക്കുന്നു.

റബ്ബർ

പഞ്ചായത്തിൽ 4874.79 ഹെക്ടർ സ്ഥലത്ത് റബർ കൃഷിയുണ്ട്. ഇതിൽ 600 ഹെക്ടർ എൻ.എസ്.എസ് എസ്റ്റേറ്റാണ്. പഞ്ചായത്തിലെ മുഖ്യ വിളയും റബറാണ്. കുടിയേറ്റ കർഷകർ 1950 കാലഘട്ടങ്ങളിൽ മലങ്കര കാഞ്ഞിരപ്പള്ളി എസ്റ്റേറ്റുകളിൽ നിന്നും ക്ലോണൽ റബർ കുരു കൊണ്ട് വന്ന് പാകി മുളപ്പിച്ച് കോൽ തൈ പറിച്ചു നട്ട് കൃഷിയാരംഭിച്ചു. ആദ്യകാലങ്ങളിൽ കമ്പിപ്പാര താഴ്ത്തിയാണ് റബർ തൈ നട്ടിരുന്നത്. 1959 - 65 കാലഘട്ടങ്ങളിൽ തിരുവിതാംകൂറിൽ നിന്നും എൻ.എസ്.എസ് മുഖേനയും ഉള്ള കുടിയേറ്റക്കാരും പനത്തടി പഞ്ചായത്തിൽ എത്തിയതോടൊ റബർ കൃഷിക്ക് പുതിയ രൂപവും ഭാവവും കൈവന്നു.

1979 ൽ റബർ ബോർഡ് ധന സഹായത്തോടു കൂടി പുതുകൃഷി ആരംബിച്ചതോടെ പഞ്ചായത്തിൽ വ്യാപകമായി റബർ കൃഷി ചെയ്യാൻ തുടങ്ങി. ആർ.ആർ ഐ. 105 , പി.ബി. 86, ജി.ടി. 1, ആർ.ആർ.ഐ. 600 തുടങ്ങിയ ഇനങ്ങളാണ് കൃഷി ചെയ്തു വരുന്നത്. ഉൽപാദനത്തിൽ ആർ.ആർ.ഐ. 105 ആണ് മുൻപന്തിയിൽ നിൽക്കുന്നത്. ശരാശരി ഉൽപാദനം 100 മരത്തിന് 8 കിലോ ഉണക്ക റബറാണ്. 1980 കാലയളവിൽ ഉൽപാദന ക്ഷമത കുറഞ്ഞ കശുമാവിൻതോട്ടങ്ങൾ വെട്ടി മാറ്റി റബർ തോട്ടങ്ങൾ വച്ചു പിടിപ്പിച്ചു. പഞ്ചായത്തിലെ ഏതാണ്ട് 65% കുടുംബങ്ങളും റബർ കൃഷി ചെയ്തു വരുന്നു. റബറിന്റെ പ്രധാന രോഗങ്ങൾ ചീക്ക്, പട്ടമരപ്പ്, ഇല കൊഴിച്ചിൽ തുടങ്ങിയവയാണ്.

രാജപുരം , പെരുമ്പള്ളി, മാലക്കല്ല് ,പാടി, കോളിച്ചാൽ, ഇരിക്കുകല്ല്, പാണത്തൂർ, അയ്യങ്കാവ്, എന്നീ സ്ഥലങ്ങളിൽ റബർ ഉൽപാദക സംഘങ്ങൾകാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സംഘം വഴി റബർ കർഷകർക്ക് സബ്സിഡി നിരക്കിൽ രാസവളം,കുമിൽ കീടനാശിനി, സ്പ്രേ ഓയിൽ, റൈൻ ഗാർഡിങ്ങ് സാമഗ്രികൾ തുടങ്ങിയ കാർഷിക ഉൽപാദനോപാദികൾ വിതരണം ചെയ്തു വരുന്നു. കർണാടക സംസ്ഥാനത്തിന്റെ അതിർത്തി ഗ്രാമ മായിതിനാൽ റബർ ഉൽപ്പന്നങ്ങൾക്ക് പനത്തടിയിൽ കേരളത്തിലെ സ്റ്റാൻഡേർഡ് വിലയിൽ കൂടുതൽ ലഭിക്കുന്നു. റബർ കൃഷിയുടെ കാര്യത്തിൽ പനത്തടി പഞ്ചായത്ത് മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് ഒന്നാം നിരയിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്നു.

തെങ്ങ്

പഞ്ചായത്തിൽ 3845.40 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷിയുണ്ട്. റബർ കഴിഞ്ഞാൽ പഞ്ചായത്തിൽ രണ്ടാം സ്ഥാനം തെങ്ങ് കൃഷിക്കാണ്. മുൻ കാലങ്ങളിൽ വീടിനു ചുറ്റും, വയൽ വരമ്പുകളിലും മാത്രം കൃഷി ചെയ്തിരുന്ന തെങ്ങ് കുടിയേറ്റക്കാരുടെ വരവോടെയാണ് തോട്ടമായി കൃഷി ചെയ്യാൻ ആരംഭിച്ചത്. തീര ദേശ നെടിയ ഇനം മാത്രമായിരുന്നു പഞ്ചായത്തിലെ തെങ്ങിനം. കേന്ദ്ര നാളികേര ബോർഡും സംസ്ഥാന കൃഷി വകുപ്പും പുതു കൃഷിക്ക് ധന സഹായം നൽകാൻ ആരംഭിച്ചതോടൊ പഞ്ചായത്തിൽ തെങ്ങ് കൃഷി വ്യാപകമായി. ഇവടത്തെ ചരൽ ചേർന്ന ചുവന്ന മണ്ണും കാലാവസ്ഥയും തെങ്ങ് കൃഷിക്ക് അനുയോജ്യമായ ഘടകങ്ങളാണ്. സംസ്ഥാന കൃഷി വകുപ്പിൽ നിന്നും രോഗ പ്രതിരോധ ശ്കതിയും അത്യുൽപാദ ശേഷിയുമുള്ള വിത്തിനങ്ങളും സമഗ്ര കേര വികസന പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായങ്ങളും തെങ്ങ് കൃഷിക്കാർക്ക് നൽകിവരുന്നു. കൂമ്പു ചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങളൊഴിച്ചാൽ മാരകമായ കാറ്റുവീഴ്ചപോലുള്ള രോഗങ്ങൾ ഇവിടെ വന്നെത്താത്തതും തെങ്ങു കൃഷിയെ സംബന്ധിച്ചിടത്തോഴം അനുഗ്രഹം തന്നെയാണ്.

പനത്തടി കൃഷി ഭവന്റെ ആഭിമുഖ്യത്തി ലുണ്ടായിരുന്ന എട്ട് കേര വികസന സമിതികൾ പുനസംഘടിപ്പിച്ച് പഞ്ചായത്ത് തല കേര വികസന സമിതി രൂപീകരിക്കുകയും സമഗ്ര കേര വികസന

041

പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് എത്തിച്ചു കൊടുക്കുന്നതിൽ താൽപര്യപൂർവ്വം പ്രവർത്തിച്ചു വരുന്നു. എങ്കിലും കേര സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. പട്ടിക 4, പട്ടിക 4 (എ) കാണുക.

സന്തുലിതമായ വളപ്രയോഗത്തിന്റെ കുറവ് ജലസേചനത്തിന്റെ അപര്യപ്തത ഫലപ്രദമായ മണ്ണ് സംരക്ഷണ നടപടികളുടെ കുറവ് എന്നീ കാരണത്താൽ കർണാടകം തമിഴ് നാട് തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലെ ഉൽപാദനം നമുക്ക് ലഭിക്കുന്നില്ല. മണ്ണ പരിശോധനയുടെ അടിസ്ഥാനത്തിൽ ശുപാർശ പ്രകാരമുള്ള വളപ്രയോഗം നടത്തി മണ്ണ് സംരക്ഷണ നടപടികൾ സ്വീകരിച്ച് അവശ്യത്തിന് ജല സേചനം നടത്തി പരിചരിച്ചാൽ തെങ്ങിന്റെ ഇന്നുള്ള ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയും.

കവുങ്ങ്

പനത്തടിയുടെ കാർഷിക സംസ്ക്കാരത്തിന്റെ ഒരു ഭാഗം തന്നെയാണ് പവിഴ മുത്തുകൾ പേറി നിൽക്കുന്ന കവുങ്ങുകൾ പഞ്ചായത്തിൽ 746.80 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിയുണ്ട്. ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ കവുങ്ങ് കൃഷി ഇവിടെയുണ്ടായിരുന്നു. കാസർകോട് തെക്കിൽ നിന്നാണ് ആദ്യമായി വിത്ത് അടയ്ക്ക കൊണ്ട് വന്ന് കൃഷി അരംഭിച്ചത്. നനയ്ക്കാൻ സൗകര്യമുള്ള താഴ്ന്ന പ്രദേശങ്ങളിൽ മാത്രമാണ് കവുങ്ങ് കൃഷി ചെയ്തിരുന്നത്. കുടിയേറ്റക്കാരുടെ വരവോടെ കരക്കവുങ്ങും അവിടവിടെ കൃഷി ചെയ്യാൻ തുടങ്ങി. ആദ്യ കാലങ്ങളിൽ ചാണകവും ചവറും മാത്രമാണ് വളമായുപയോഗിച്ചിരുന്നത്. പിന്നീട് കമ്പോസ്റ്റും ചൂട്ടു വെണ്ണീറും ഉപയോഗിക്കാൻ തുടങ്ങി. കീട രോഗ ബാധ തീരെയില്ലായിരുന്നു. മൂന്നിലൊന്ന് വാരം ജൻമിക്ക് കൊടുത്താണ് കൃഷി ചെയ്തിരുന്നത്. 1960 നു ശേഷമാണ് കവുങ്ങിന് രാസവളം ചെയ്യാനാരംഭിച്ചത്.

അത്യുൽപാദ ശേഷിയുള്ള പുതിയ ഇനങ്ങളായ മംഗള, സുമംഗള, ശ്രീ മംഗള, രത്നഗിരി എന്നിവയും പഞ്ചായത്തിൽ കൃഷി ചെയ്യാൻതുടങ്ങി. വിട്ടൽ കവുങ്ങ് ഗവേഷണ കേന്ദ്രത്തിൽ നിന്നും മോഹിത് നഗർ എന്ന ഇനം കർഷകർ വാങ്ങിക്കൊണ്ട് വന്ന് താൽപര്യ പൂർവ്വം കൃഷി ചെയ്യുന്നുണ്ട്. കവുങ്ങിനെ ബാധിക്കുന്ന പ്രധാന രോഗം മഹാളിയാണ്. യഥാ സമയം തന്നെ മരുന്ന് തളി നടത്തിയില്ലെങ്കിൽ ഉൽപാദനം വളരെ കുറയുവാനിടയുണ്ട്. 1991 - 92 വർഷം മുതൽ സൗജന്യ നിരക്കിൽ തുരിശ് കൃഷി ഭവൻ മുഖേന കൊടുത്തു വരുന്നതു മൂലം മഹാളി രോഗത്തെ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. നെൽ കൃഷി ആദായകരമല്ലാത്ത സാഹചര്യത്തിൽ പല സ്ഥലങ്ങളും പല വയലുകളും കവുങ്ങ് കൃഷിക്കായി മാറ്റപ്പെട്ടു കൊണ്ടിരിക്കുന്നു. അടക്കയ്ക്ക് ഉൽപാദന ചിലവിനനുസരിച്ചുള്ള വില ലഭിക്കുന്നില്ല. വിള ഇൻഷുറൻസു പദ്ധതി പ്രകാരം പോളിസി എടുത്ത കർഷകന് പ്രകൃതി ക്ഷോഭ നഷ്ട പരിഹാരം കവുങ്ങിന് നൂറു രൂപ എന്നുള്ളത് വളരെ കുറവാണ്. റബറിന് 500 രൂപ നഷ്ട പരിഹാരം കൊടുക്കുമ്പോൾ കവുങ്ങിനും 500 രൂപ നഷ്ട പരിഹാരം കൊടുക്കേണ്ടതാണ്.

കുരുമുളക്

പഞ്ചായത്തിലെ 695 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിയുണ്ട്. ഒരു കാലത്ത് കറുത്ത പൊന്നിന്റെ സുവർണ ഭൂമിയായിരുന്നു പനത്തടി പഞ്ചായത്ത്. വർഷങ്ങൾ കൊണ്ട് ജൈ പരിണാമം സിദ്ധിച്ച വളക്കൂറുള്ള മണ്ണും അനുകൂലമായ കാലാവസ്ഥയും കുരുമുളക് കൃഷിക്ക് അനുയോജ്യ ഘടകങ്ങളായി മാറി. വയനാടൻ വള്ളിയാണ് ആദ്യ കാലങ്ങളിൽ കൃഷി ചെയ്തിരുന്നത്. എല്ലാ വർഷവും ഒരേ പോലെ വിളവു തരുന്ന ഇനമല്ലെങ്കിലും രോഗ പ്രതിരോധ ശക്തിയുള്ള ഇനമാണ്. 1960 കളിൽ കരിമുണ്ട, ചെറിയ കാണേക്കാടൻ , ഉതിരംകൊട്ട , അറക്കുളം മുണ്ട, കല്ലു വള്ളി, പൂഞ്ഞാറൻ, എന്നീ ഇനങ്ങളും പിന്നീട് പന്നിയൂർ ഒന്ന് എന്ന ഇനവും വ്യാപകമായി കൃഷി ചെയ്തിരുന്നു. എന്നാൽ ദ്രുത വാട്ട രോഗം കുരുമുളക് കൃഷിയെ സാരമായി ബാധിക്കുകയും പഴയ തോട്ടങ്ങൾ നിശേഷം നശിച്ചു പോകുകയും ചെയ്തു. ഈ രോഗം ബാധിച്ച തോട്ടങ്ങളിൽ വീണ്ടും പുതു കൃഷി നടത്തിയാൽ കുരുമുളക് വള്ളി പിടിച്ചു കിട്ടാത്ത സ്ഥിതി വിശേഷമാണുള്ളത്. കുരുമളക് പുനരുദ്ധാരണം , ദ്രുത വാട്ട രോഗ നിവാരണ പദ്ധതി തുടങ്ങിയവയിൽ കൃഷി ഭവൻ മുഖേന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുണ്ടെങ്കിലും പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരെയും സഹായിക്കാൻ ഉതകുന്ന പദ്ധതികൾ കൃഷി വകുപ്പിൽ നിന്നും നടപ്പാക്കുന്നില്ല. വാട്ടരോഗ നിവാരണത്തിന് സൗജന്യമായി കൊടുക്കുന്ന തുരുശ്, നീറ്റു കക്ക, കോപ്പർ ഓക്സി ക്ലോറൈഡ് എന്നിവ

042

കുരുമുളക് സംരക്ഷണ സമിതി വഴി വിതരണം ചെയ്യുന്നുണ്ടെങ്കിലും കർഷകർ യഥാ സമയത്ത് കൃത്യമായ അളവിൽ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നില്ല.

രാജപുരം, പെരുമ്പള്ളി, മലക്കല്ല്, മാനടുക്കം, കടമല, പാണത്തൂർ, എന്നീ ആറു കുരുമുളക് സംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതാത് സമിതികളുടെ മേൽനോട്ടത്തിൽ കൂട്ടായ സസ്യസംരക്ഷണ നടപടികൾ സ്വീകരിക്കുന്നില്ല. രോഗം ബാധിച്ച മുഴുവൻ തോട്ടങ്ങളും സന്ദർശിച്ച് പ്രതിവിധി നിർദ്ദേശിക്കാനും സസ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് യഥാ സമയം നേതൃത്വം നൽകാകനും കൃഷി ഭവൻ ഉദ്യോഗസ്ഥൻമാർക്ക് സാധിക്കുന്നില്ല.

കശുമാവ്

ആദ്യകാലങ്ങളിൽ ശ്രദ്ധിക്കപ്പെടാത്ത കൃഷിയായിരുന്നു കശുമാവ്. കശുമാവിനെ പറങ്കിമാവെന്നും കശുവണ്ടിയെ കൊരട്ടയൊന്നു മായിരുനു അറിയപ്പെട്ടിരുന്നത്. കാക്കയും വാവലും പഴം തിന്നതിനു ശേഷം ഉപേക്ഷിക്കപ്പെടുന്ന കശുവണ്ടി മുളച്ച് കശുമാവുണ്ടാകുകയും ആരും ശ്രദ്ധിക്കപ്പെടാതെ അവ വളർന്നു ഫലം തരികയും ചെയ്തിരുന്നു. പിന്നീട് വിത്തണ്ടിയെടുത്ത് കൃഷി ചെയ്യാൻ തുടങ്ങി. ആദ്യകാലങ്ങളിൽ കശു വണ്ടി വിൽക്കണമെങ്കിൽ കാഞ്ഞങ്ങാട് വരെ നടന്നു പോകേണ്ടിയിരുന്നു. ഒരു റാത്തൽ കശുവണ്ടിക്ക് ഒരു അണയായിരുന്നു അന്ന് വില.

തോട്ടവിളകൾ കൃഷി ചെയ്യാൻ ആരംഭിച്ചതോടൊ കൃഷി ഭൂമിയുടെ ഏറ്റവും ഉയരം കൂടിയ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യാൻ തുടങ്ങി. വിളയാത്ത കാറയ്ക്കാൻ അണ്ടിയെടുത്ത് ഉണക്കി കുഴിയെടുത്ത് അതിലിട്ട് മൂടുക മാത്രമാണ് ചെയ്തിരുന്നത്. പിന്നീട് കാട് തെളിക്കുന്ന പണിയല്ലാതെ മറ്റൊന്നു ചെയ്തിരുന്നില്ല. കൃഷി ചെലവില്ലാതെ ആദായം തന്നിരുന്ന കൃഷിയാണ് കശുമാവ്. 1971 - 72 മുതൽ കൃഷി വകുപ്പ് കശുമാവ് വികസന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയതോടെ പനത്തടി പഞ്ചായത്തിൽ കശുമാവ് കൃഷി വ്യാപകമായി. നല്ല ഇനം വിത്തണ്ടി മുളപ്പിച്ച് ഏക്കറിന് 80 തൈകൾ സൗജന്യമായി കൊടുക്കുകയും കൃഷി ചെലവുകൾക്കായി ഒരു തൈക്ക് 50 പൈസ നിരക്കിൽ ഏക്കറിന് 40 രൂപ ധന സഹായം മൂന്നു വർഷം തുടർച്ചയായി കൊടുക്കുകയും ചെയ്തു. ഈ പദ്ധതി അഞ്ചു വർഷം നടപ്പാക്കിയതോടൊ പഞ്ചായത്തിലെ പകുതിയോളം കൃഷി സ്ഥലങ്ങളിലും കശുമാവ് സ്ഥാനം പിടിച്ചു.

1976 - 77 വർഷം മുതൽ മൾട്ടി സ്റ്റേറ്റ് കാഷ്യു പ്രൊജക്ട് നിലവിൽ വരികയും കശുമാവ് കൃഷിക്കാർക്ക് വളവും കീടനാശിനികളും വിതരണം ചെയ്യുകയും ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും കൃഷി വികസന ഓഫീസ് മുഖേന ബാങ്ക് വായ്പകൾ ലഭ്യമാക്കുകയും ചെയ്തു. തേയില കൊതുകിനെ നിയന്ത്രിക്കാൻ ഒരു മരത്തിന് പത്ത് പൈസ പ്രകാരം കർഷകരിൽ നിന്ന് ഈടാക്കിക്കൊണ്ട് കശിമാവ് തോട്ടങ്ങളിൽ മരുന്നു തളിച്ചു കൊടുക്കുന്ന പദ്ധതികളും എം.എസ്.സി.പി. മുഖാന്തിരം നടപ്പിലാക്കി. ഇതോടെ ഉൽപാദനം ഇരട്ടിയായി വർദ്ധിക്കുകയും ചെറുകിട കർഷകന്റെ പ്രധാന വരുമാന മാർഗ്ഗം കശുവണ്ടിയായി മാറുകയും ചെയ്തു.

1526 ഹെക്ടർ വരുന്ന പഞ്ചായത്തിലെ പൈനിക്കര, പാണത്തൂർ, കമ്മാടി, എന്നീ മൂന്ന് ഡിവിഷനുകളിൽ ഉൾപ്പെട്ട പ്ലാന്റേഷൻ കോർപ്പറേഷൻവക കശുമാവ് തോട്ടം ഈ വിളയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുകയും പഞ്ചായത്തിന്റെ സാമ്പത്തിക പരിവർത്തനത്തിന് ആക്കം കൂട്ടുകയും ചെയ്തിട്ടുണ്ട്. പഞ്ചാത്തിലെ 152 തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിനും ഈ തോട്ടം ഉപകരിച്ചു. 1976 മുതൽ 83 വരെ നട്ടു പിടിപ്പിച്ച തോട്ടങ്ങളാണിവ. 1979 - 80 വർഷങ്ങളിൽ റബർ ബോർഡ് പുതുകൃഷിക്ക് സബ്സിഡി നൽകാനാരംഭിച്ചതോടെ കശുമാവ് മുറിച്ചു മാറ്റി ആ സ്ഥലത്ത് റബർ വച്ചു പിടിപ്പിക്കാൻ തുടങ്ങി. കശുവണ്ടി വിപണിയിലെ അസ്ഥിരതയിൽ തടി തുരപ്പൻ പുഴുവിന്റെ ആക്രമണവും രൂക്ഷമായതോടൊ കശുമാവ് കൃഷിയുടെ കഷ്ടകാലം ആരംഭിച്ചു. ഇന്നും കൃഷി ചെലവുകൾ കണക്കിലെടുത്താൻ ഏറ്റവും ആദായകരവുമായ കൃഷിയാണ് കശുമാവ്. പക്ഷെ പ്രധാന തോട്ട വിളകളായ റബർ, തെങ്ങ്, തുടങ്ങിയവ കൃഷി ചെയ്ത ശേഷം ഒന്നിനും കൊള്ളാത്ത വെട്ടു കല്ലു പ്രദേശങ്ങളിലോ, പാറക്കെട്ടുകളിലോ മത്രമേ കശുമാവ് കൃഷി ചെയ്തുവരുന്നുള്ളു. ചരൽ ചേർന്ന കറുത്ത മണ്ണ് കശുമാവ് കൃഷിക്ക് ഏറ്റവും അനുയോജ്യമാണ്. കൃഷി ഭവൻ മുഖേന അത്യുൽപാദ ശേഷിയുള്ള ഗ്രാഫ്റ്റ് തൈകൾ വിതരണം ചെയ്യുകയും

043

വളം കീടനാശിനി എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തുവരുന്നു. ഗ്രാഫ്റ്റ് തൈകൾ കൃഷി ചെയ്യുവാൻധാരാളം കർഷകർ മുന്നോട്ടു വരുന്നുണ്ടെങ്കിലും ആവശ്യമായ നടീൽ വസ്തുക്കൾ വിതരണം ചെയ്യാൻ കൃഷി വകുപ്പിന് സാധിക്കുന്നില്ല. പഞ്ചായത്തിലെ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കശു മാവ് കൃഷി വ്യാപിപ്പിക്കാവുന്നതാണ്.

കപ്പ (മരച്ചീനി)

രണ്ടാം ലോക മഹായുദ്ധം ആരംഭിച്ചതോടെ ദാരിദ്രം കൊടികുത്തിവാണു. ജന സംഖ്യാ വർദ്ധനവ് മൂലം ഭക്ഷ്യ സാധനങ്ങൾക്ക് വറുതി അനുഭവപ്പെട്ടു ജൻമിക്ക് വാരമായി ലഭിച്ചിരുന്ന നെല്ല് സർക്കാർ ഏറ്റെടുത്ത് വിതരണം നടത്താൻ തുടങ്ങി. ഈ സമയത്താണ് 1943 ൽ തെക്കൻ തിരുവിതാംകൂറിൽ നിന്നും കുടിയേറ്റക്കാർ പഞ്ചായത്തിൽ വന്നു പെട്ടത്. നിത്യ ജീവിത്തിനുള്ള പൈസക്കം വേണ്ടി ഒരു വർഷം കൊണ്ട് ആദായം ലഭിക്കുന്ന കപ്പകൃഷിയാണ് കുടിയേറ്റക്കാർ ആദ്യം തെരഞ്ഞെടുത്തത്.

കോട്ടയം ജില്ലയിലെ പുന്നത്തുറ, കിടങ്ങൂർ, പാല , പുലിയന്നൂർ എന്നിവിടങ്ങളിൽ നിന്നും കപ്പതണ്ടുകൾ ശേഖരിച്ച് കെട്ടു വള്ളത്തിൽ കയറ്റി വേമ്പനാട്ടു കായൽ വഴി കൊച്ചി ഹാർബർ ടർമിനൽസിൽ കൊണ്ടു വന്ന് തീവണ്ടിയിൽ ബുക്ക് ചെയ്തു കാഞ്ഞങ്ങാടെത്തിക്കുകയും അവിടെ നിന്നും കാള വണ്ടിയിൽ കയറ്റി വണ്ടിയുടെ പുറകെ കർഷകർ നടന്ന് കപ്പ തണ്ടുകൾ രാജപുരത്തെത്തിച്ചു. കൊള്ളികൃഷി എന്നാണ് കപ്പ കൃഷി അറിയപ്പെട്ടിരുന്നത്. രാജപുരം കോളനിയിൽ പത്തും ഇരുപതും ഏക്കർ സ്ഥലം കാടു വെട്ടി തെളിച്ചു കൂട്ടു കൃഷി അടിസ്ഥാനത്തിലാണ് കൃഷി ചെയ്തിരുന്നത്. ചെറു വിരൽ വണ്ണത്തിൽ കിഴങ്ങുണ്ടാവുമ്പോൾ കാട്ടു പന്നിക്കൂട്ടങ്ങൾ കൃഷി സ്ഥലത്ത് കയറി ഒരു ദിവസം കൊണ്ട് ഏക്കർ കണക്കിന് കൃഷി നശിപ്പിച്ചിരുന്നു. ഓരോ കൃഷി സ്ഥലത്തും രണ്ടും മൂന്നും കാവൽ മാടങ്ങൾ വച്ച് ഉറക്കമിളച്ച് സംരക്ഷിച്ചാണ് കപ്പ വിളവെടുത്തിരുന്നത്. ഇങ്ങനെ കഷ്ടപ്പെട്ടുണ്ടാകുന്ന കപ്പയ്ക്ക് ന്യായമായ വില ലഭിച്ചിരുന്നില്ല. വെള്ളു കപ്പയ്ക്ക് ഒരു കണ്ടിക്ക് (മൂന്നു ക്വിൻടൽ) 25 - 30 രൂപ മാത്രമേ വില ലഭിച്ചിരുന്നുള്ളു. നഗരങ്ങളിലെ വൻകിട കച്ചവടക്കാർ കർഷകരെ ചൂഷണം ചെയ്യാൻ തുടങ്ങിയപ്പോൾ പ്രഫ. വി.ജെ. ജോസഫിൻെറയും ഫാ. മാത്യു തെക്കനാട്ടിൻെറയും നേതൃത്വത്തിൽ മദ്രാസിൽ പോയി പ്രത്യേക പർമിറ്റ് വാങ്ങി കൊച്ചിക്കും മംഗഗാപുരം വഴി ബോംബെയ്ക്കും കപ്പ കയറ്റി അയക്കാൻ തുടങ്ങിയതോടെ കണ്ടിക്ക് 250 രൂപ വരെ വില ലഭിച്ചു. തോട്ട വിളകളുടെ വ്യാപകമായ കൃഷിയെ തുടർന്ന് കപ്പ കൃഷിക്ക് സ്ഥലം നന്നേ കുറഞ്ഞു. ഇപ്പോൾ പഞ്ചായത്തിലെ 65 ഹെക്ടർ സ്ഥലത്ത് മാത്രമേ കപ്പ കൃഷിയുള്ളു. അതും സ്വന്തം ഉപയോഗത്തിനു മാത്രം. ഇപ്പോൾ കുടിയേറ്റക്കോരോടൊപ്പം എല്ലാ വിഭാഗം ജനങ്ങളും കപ്പ ഭക്ഷണത്തിനു ഉപയോഗിക്കാൻ തുടങ്ങി. ആദ്യ കാലങ്ങളിൽ വളക്കൂറുള്ള മണ്ണായിരുന്നതിനാൽ വളപ്രയോഗത്തിൻെറ ആവശ്യം ഉണ്ടായിരുന്നില്ല. കൂടം വെട്ടി കപ്പയിട്ടാൽ ഒരിടകളയും ഒരു പുല്ലു ചെത്തും മാത്രമാണ് കൃഷിപ്പണികൾ. കാല വർഷ കെടുതിയിൽ മണ്ണൊലിപ്പു മൂലം മണ്ണിൻെറ ഫലഭൂയിഷ്ടി നഷ്ടമാകുന്നതിനാൽ വളം ചേർക്കാതെ ഇപ്പോൾ വിളവ് ലഭിക്കുന്നില്ല. ഒരുകാലത്ത് ദിവസവും ലോഡു കണക്കിന് കപ്പ കയറ്റി അയച്ചിരുന്ന പഞ്ചായത്തിൽ, ഇപ്പോൾ തമിഴ് ~~നാട്ടിൽ~~ നാട്ടിൽ നിന്നും ലോറിയിൽ കൊണ്ടിവരുന്ന കപ്പ ഭക്ഷ്യാവശ്യത്തിനായി വാങ്ങുന്ന വിരോധാഭാസമാണ് നിലനിൽക്കുന്നത്. തെങ്ങ് കുരുമുളക്, തുടങ്ങിയ കൃഷിയുടെ ഇടവിളയായും തരിശായി കിടക്കുന്ന ഭൂമിയിലും കപ്പ കൃഷി നടത്തി ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം സാമ്പത്തിക ലാഭം കൈവരിക്കുകയും ചെയ്യാം.

ഇഞ്ചി, മഞ്ഞൾ

1950 മുതൽ 1980 വരെ ഇഞ്ചി മഞ്ഞൾ കൃഷികൾ പഞ്ചാത്തിൽ ധാരാളം ചെയ്തിരുന്നു. പൊനം കൃഷി നടത്തിയാൽ അടുത്ത വർഷം ഇഞ്ചി മഞ്ഞൾ എന്നിവയും മൂന്നാം വർഷം മുതൽ തുടർച്ചയായി മൂന്നു വർഷം കപ്പ കൃഷിയുമാണ് മുൻ കാലങ്ങളിൽ ചെയ്തിരുന്നത്. എന്നാൽ പാണപ്പുഴു മൂടു ചീയൽ, തുടങ്ങിയ കീട രോഗങ്ങളാൽ ഇഞ്ചി കൃഷി പാടെ നശിച്ചു. ചുരിങ്ങിയത് അഞ്ചു വർഷ മെങ്കിലും കൃഷിയെടുക്കാതെ കാടായികിടക്കുന്ന സ്ഥലം വെട്ടി ചുട്ട് കിളച്ചു പരുവപ്പെടുത്തിയ ശേശം ഇഞ്ചി കൃഷി നടത്തിയാൽ മാത്രമേ പ്രതീക്ഷിക്കുന്ന വിളവ് ലഭിക്കുകയുള്ളു. തോട്ട വിള കൃഷികൾ വ്യാപകമായതോടെ ഇഞ്ചി കൃഷിക്ക് അനുയോജ്യമായ സ്ഥലം ലഭ്യമല്ലാതായതും

044

വിലയിടിവും ഇഞ്ചിക്കാർക്ക് താൽപര്യം കുറയാൻ കാരണമായി. എന്നാൽ മേൽപറഞ്ഞ ഘടകങ്ങൾ മഞ്ഞൾ കൃഷിയെ അത്ര കണ്ട് ബാധിച്ചില്ല. പക്ഷെ ഏതാനും വർഷങ്ങളായി ഉൽപാദന ചെലവ് തട്ടിച്ചു നോക്കിയാൽ മഞ്ഞൾ കൃഷി ലാഭകരമല്ല. പഞ്ചായത്തിൽ 75 ഹെക്ടർ ഇഞ്ചി കൃഷിയും 46 ഹെക്ടർ സ്ഥലത്തും മഞ്ഞൾ കൃഷിയുമുണ്ട്. സുഗന്ധവിള വികസന പദ്ധതി പ്രകാരം കൃഷി ഭവൻ മുഖേന നൽകുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിച്ചാൽ കർഷകർ ഇഞ്ചി , മഞ്ഞൾ കൃഷിക്കായി മുന്നോട്ടു വരുമൊന്നാണ് പ്രതീക്ഷ.

ഫല വർഗങ്ങളും പച്ചക്കറി കൃഷിയും

മാവ്, പ്ലാവ്, വാഴ തുടങ്ങിയ കൃഷികൾ പരമ്പരാഗതമായി നിലനിന്നു പോരുന്നു. നാട്ടുമാവ്, ഗോമാവ്, പ്ലാവ് എന്നീ ഫല വൃക്ഷങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. പക്ഷെ ഒട്ടുമാവ് ഇനങ്ങൾ കൃഷി ചെയ്യാൻ കർഷകർ താൽപര്യം കാണിക്കുന്നുണ്ട്. നേന്ത്രവാഴ 150 ഹെക്ടർ സ്ഥലത്തു മാത്രമേ കൃഷിയുള്ളുവെങ്കിലും പാളയംതോടൻ, ഞാലിപ്പൂവൻ, നെയ്പ്പൂവൻ, കണ്ണൻ, ചിങ്ങൻ, മണ്ണൻ എന്നിവ കവുങ്ങിൻ തോട്ടങ്ങളിൽ ധാരാളമായി കൃഷി ചെയ്തു വരുന്നു. കൂടാതെ മോറീസ്, കവൻറീഷ്, റോബസ്റ്റ, ചെങ്കതളി, കിൻറൽ വാഴ തുടങ്ങിയ ഇനങ്ങളും ഇവിടെയുണ്ട്. പക്ഷെ നേന്ത്ര വാഴയ്ക്ക് മാത്രമേ ശാസ്ത്രീയമായ വളപ്രയോഗവും പരിചരണവും കർഷകർ നടത്താറുള്ളു. പഞ്ചാത്തിൽ ഉൽപാദിപ്പിക്കുന്ന നേന്ത്രക്കുലകൾ ബോംബെയ്ക്ക് കയറ്റി അയക്കുന്നതുമൂലം ന്യായമായ വില ലഭിക്കുന്നുണ്ട്.

പച്ചക്കറി കൃഷിയെ സംബന്ധിച്ചിടത്തോളം വീട്ടു പറമ്പിലും വയലുളിലും പരമ്പരാഗതമായി ചെയ്തുവരുന്ന രീതിയാണ് ഇന്നും നില നിൽക്കുന്നത്. അതും വീട്ടാവശ്യത്തിനു പോലും ഉൽപാദിപ്പിക്കുന്നില്ല. ഉപഭോഗ സംസ്ക്കാരത്തിൻെറ ഭാഗമായി കമ്പോളത്തിൽ നിന്നും വാങ്ങിക്കുന്ന പ്രവണതയാണ് കണ്ടു വരുന്നത്. ഒരു കാലത്ത് വറ്റൽ മുളക് ധാരാളം ഉൽപാദിപ്പിച്ച കർഷകർ ഇപ്പോൾ നാമമാത്രമായി മാത്രമേ കൃഷി ചെയ്യാറുള്ളു. രണ്ടാം വിളയെടുക്കാത്ത വയലുകളിലും ജല സേചന സൗകര്യമുള്ള മറ്റു പ്രദേശങ്ങളിലും പച്ചക്കറിക്ക് വളരെ സാധ്യതകളുണ്ട്. കൃഷിക്കാർക്കാവശ്യമായ പ്രോത്സാഹനവും അടിസ്ഥാന സൗകര്യങ്ങളും നൽകുകയാണെങ്കിൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാൻ സാധിക്കും. 1992 -93 വർഷം മുതൽ വിദ്യാർത്ഥികളുടെ വീട്ടു വളപ്പിൽ പച്ചക്കറി കൃഷി മഹിളാ സമാജങ്ങൾ മുഖേനയുള്ള പച്ചക്കറി കൃഷി, സ്കൂൾ പച്ചക്കറി തോട്ടം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെങ്കിലു ഈ രംഗത്ത് നമ്മുടെ പഞ്ചായത്തിന് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. സ്കൂളുകളിൽ വിതരണം ചെയ്യുന്ന പച്ചക്കറിവിത്ത് വിദ്യാർത്ഥികൾ വീട്ടു വളപ്പിൽ ശ്രദ്ധാപൂർവ്വം കൃഷി ചെയ്യുന്നില്ല. കൃഷിക്കാർ പച്ചക്കറി വിത്തു ആവശ്യപ്പെട്ടു കൃഷി ഭവനിൽ ചെന്നാൽ യഥാ സമയം വിത്തു ലഭിക്കാറില്ല. കൃഷിയിറക്കുന്ന സമയം കഴിഞ്ഞായിരിക്കും മിക്കവാറു പച്ചക്കറി വിത്തുകൾ കൃഷിഭവനിലെത്തുന്നത്. ഗുണ നിലവാരം കുറഞ്ഞ വിത്തുകളാണ് കൃഷിഭവനിലെത്തുന്നതെന്ന് കർഷകർക്ക് ആക്ഷേപമുണ്ട്.

കഞ്ഞിക്കുഴി പഞ്ചാത്തിൻെറ മാതൃകയിൽ ഒരുവീട്ടിൽ ഒരു സെൻറ് സ്ഥലത്ത് പച്ചക്കറി എന്ന മുദ്രാവാക്യവുമായി കർമ്മ സമിതികൾ രൂപീകരിച്ചു ജന പങ്കാളിത്തത്തോടു കൂടി സർക്കാരിൽ നിന്നും ലഭിക്കാവുന്ന സാമ്പത്തിക സഹായവും സ്വീകരിച്ചു കൃഷി ചെയ്യാൻ തയ്യാറായാൽ പച്ചക്കറി ഉൽപാദനത്തിൽ സ്വായം പര്യാപ്ത നേടുവാൻ നമുക്കും സാധിക്കും. ഇത്തരത്തിലുള്ള ഒരു ഊർജിത പച്ചക്കറി കൃഷി പരിപാടി ബഹു ജന പങ്കാളിത്തത്തോടെ നടപ്പാക്കാൻ പഞ്ചായത്ത് ശ്രമം ആരംഭിച്ചിട്ടുള്ളതായി അറിയുന്നു.

ഉൽപാദനോപാദികളുടെ വിതരണവും ഉപയോഗവും

കൃഷി ഭവൻ മുഖേന കശുമാവിൻ തൈകൾ , മാവിൻ തൈകൾ , തെങ്ങിൻ തൈകൾ, കുരുമുളക് വള്ളിത്തലകൾ തുടങ്ങിയ നടീൽ വസ്തുക്കൾ വിതരണം നടത്തുന്നുണ്ടെങ്കിലും കർഷകർക്ക് ആവശ്യത്തിനു ലഭിക്കാറില്ല. ആവശ്യമുള്ള തൈകൾ വളരെ കുറച്ചു മാത്രമേ കൃഷി ഭവനിൽ എത്താറുള്ളു. ഇത്തരം നടീൽ വസ്തുക്കൾ കാല വർഷാംരഭത്തിൽ തന്നെ വിതരണം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ

പട്ടിക 5

പനത്തടി ഗ്രാമ പഞ്ചായത്ത് രാസവളം കീടനാശിനി വിപണനം

നമ്പർ	സ്ഥാപനത്തിന്റെ പേര്	1993 - 94			1994- 95			1995 - 96		
		രാസ വളം MT	കീടനാശിനി ദ്രവം LTR	കീടനാശിനി ഖരം KG	രാസ വളം MT	കീടനാശിനി ദ്രവം LTR	കീടനാശിനി ഖരം KG	രാസ വളം MT	കീടനാശിനി ദ്രവം LTR	കീടനാശിനി ഖരം KG
1.	സഹകരണം	41.9	212	18	39.4	223	21	46	242	29
2.	സ്വകാര്യം	18.1	12	7	29.3	13	8	30.2	9	14

കശുമാവിന്റെ തടി തുരപ്പൻ പുഴുവിനെ നിയന്ത്രിക്കുവാൻ വേപ്പെണ്ണ വിതരണം ചെയ്യുന്നുണ്ടെങ്കിലും 90% കർഷകരും കശുമാവിന് ഉപയോഗിക്കുന്നില്ല എന്ന് മനസിലാക്കുന്നു. കശുമാവ് വികസന പദ്ധതി കുരുമുളക് പുനരുദ്ധാരണ പദ്ധതി, കൊക്കോ വികസന പദ്ധതി എന്നിവയ്ക്ക് കൊടുക്കുന്ന രാസവളം വളപ്രയോഗം നടത്തേണ്ട സമയത്ത് ലഭിക്കുന്നില്ല. ഇക്കാരണത്താൽ ഇത്തരം വസ്തുക്കലുടെ ഉപയോഗവും കുറഞ്ഞു വരുന്നു. ഇത് ഉൽപാദനത്തെ സാരമായി ബാധിക്കുന്നുണ്ട്. രാസവളവും കുമിൾ കീടനാശിനികളും കർഷകർക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത രാസ വസ്തുക്കളായി മാറി. മുമ്പ് കൃഷിയില്ലാത്ത സ്ഥലങ്ങളിൽ ധാരാളം കാടുകളും മരങ്ങളും ഉണ്ടായിരുന്നതിനാൽ കമ്പോസ്റ്റ് വളം ഉപയോഗിച്ച് നെല്ല് , വാഴ, പച്ചക്കറികൾ എന്നിവയ്ക്ക് ധാരാളമായി ഉപയോഗിക്കുന്നുണ്ട്. പുരയിടങ്ങളുടെ എണ്ണം കൂടുകയും വിള സാന്ദ്രത വർദ്ധിക്കുകയും ചെയ്തതിനാൽ പച്ചില വളം ലഭിക്കാതായി. കന്നുകാലികളുടെ എണ്ണം കുറയുകയും വിറകടുപ്പികൾ ആധുനീകരിക്കുകയും ചെയ്തതോടെ ചാണകവും ചാരവും അവശ്യത്തിനു ലഭിക്കാതായി. അങ്ങനെ ജൈവളത്തിന്റെ ഉപയോഗം കുറയുകയും രാസവളത്തിന്റെ ഉപയോഗം വർദ്ധിക്കുകയും ചെയ്തു. കുമിൾ കീടനശിനികളുടെ കാര്യത്തിലും ഉപയോഗം കൂടി. കവുങ്ങിലെ മഹാളി, റബറിന്റെ ചീക്ക്, തെങ്ങിന്റെ കൂമ്പ് ചീയൽ, വാഴയുടെ കുറുനാമ്പ്, കുരുമുളകിന്റെ വാട്ട രോഗം നെല്ലിലെ ചാഴി, ഇല ചുരുട്ടിപ്പുഴു, കൂഴൽ പുഴു, ബ്ലാസ്റ്റ് പച്ചക്കറിയെ ബാധിക്കുന്ന കീടരോഗ ബാധകൾ എന്നിവയ്ക്ക് കർഷകർ എന്തു വിലകൊടുത്തും കുമിൾ കീടനാശിനികൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ രാസവളത്തിന്റെയും കീടനാശിനികളുടെയും വില വർദ്ധനവ് കർഷകന് താങ്ങാനാവാത്ത ഭാരമായി മാറി. പഞ്ചായത്തിൽ പനത്തടി സർവ്വീസ് സഹകരണ ബാങ്ക് , കാസർകോട് ഡിസ്ട്രിക്റ്റ് കോ ഓപ്പറേറ്റീവ് റബർ മാർക്കറ്റിങ്ങ് സൊസൈറ്റി, കോട്ടച്ചേരി കോ ഓപ്പറേറ്റീവ് മാർക്കറ്റിംഗ്സൊസൈറ്റി എന്നീ സഹകരണ സ്ഥാപനങ്ങളുടെ ഡിപ്പോകൾ വഴി രാസവളങ്ങളും കുമിൾ കീടനാശിനികളും വിതരണം ചെയ്തുവരുന്നു. ഇതിനും പുറമേ കാഞ്ഞങ്ങാട് സ്വാകൃ ഡിപ്പോകളിൽ നിന്നും കർഷകർ വാങ്ങിയുപയോഗിക്കുന്നുണ്ട്.

മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ

ചെരിവു കൂടിയ പ്രദേശമായതിനാൽ ശക്തിയാ മഴവെള്ള പാച്ചിലിൽ മേൽ മണ്ണ് കൃഷി സ്ഥലത്തു നിന്നും മാറ്റപ്പെടുകയും തന്മൂലം മണ്ണിലെ മൂലകങ്ങളും ധാതു ലവണങ്ങളും നഷ്ടപ്പെടുകയും ചെയ്യുന്നു. കോണ്ടൂർ ലൈനിൽ കല്ലു കയ്യാല കെട്ടി തട്ടുകളായിതിരിച്ച് കൃഷി ചെയ്യുകയാണെങ്കിൽ മഴ വെള്ളം അതാത് ബണ്ടിൽ തങ്ങി നിൽക്കുന്നതുകൊണ്ട് മണ്ണിന്റെ ഘടന മെച്ചപ്പെടുന്നതോടോപ്പം ഭൂ ഗർഭ ജലം ഒരു പരിധിവരെ സംരക്ഷിക്കുന്നതിനും സാധിക്കുന്നു. S F D A, WGDP,SCP/TSP പ്രകാരം പഞ്ചായത്തിൽ 1108.673 ഹെക്ടർ സ്ഥലത്ത് സോയിൽ കൺസർവേഷൻ മുഖേന കൊണ്ടൂർ ബണ്ട് നിർമ്മിച്ചിട്ടുണ്ട്. ഏതാനും പ്രദേശങ്ങളിൽ നിർമ്മാണം പുരോഗമിച്ചു വരുന്നു. പട്ടി 6 കാണുക.

പഞ്ചാത്തിന്റെ ഭൂ പ്രകൃതി കണക്കാക്കുമ്പോഴ എല്ലാ വർഡുകളിലും കൃഷി സ്ഥലങ്ങലിൽ കോണ്ടൂർ ബണ്ടുകൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ ഇതുവരെ പഞ്ചായത്തിൽ നടത്തിയിട്ടുള്ള മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ പ്രത്യേകം ചില സ്ഥലങ്ങളിലും ചില വിഭാഗങ്ങൾക്കും മാത്രമേ ഗുണം ലഭിച്ചിട്ടുള്ളൂ. ആയതിനാൽ പഞ്ചായത്തിന്റെ മുഴുവൻ സ്ഥലങ്ങളിലും മണ്ണു സംരക്ഷണ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

ജലസേചനം

പഞ്ചായത്തിൽ ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത എല്ല വിധ കൃഷികളുടേയും ഉൽപാദന ക്ഷമതയെ സാരമായി ബാധിച്ചിട്ടുണ്ട്. പ്രകൃത്യ ഉണ്ടായിരുന്ന കാടുകൾ കൃഷി സ്ഥലങ്ങളായി മാറുകയും മഴയുടെ അളവ് താരതമ്യേന കുറയുകയും തൻമൂലം അന്തരീക്ഷ ഉഷ്മാവ് വർദ്ധിക്കുകയു ചെയ്യുന്നു. പുഴകളുടേയും തോടുകളുടേയും പാർശ്വങ്ങളിലുള്ള മരങ്ങൾ വെട്ടിമാറ്റുകയും ചെയ്തതോടെ ജല സ്രോതസുകൾ നഷ്ടമായിക്കൊണ്ടിരിക്കുന്നു. ഇതിനും പുറമേ കൃഷി ഭൂമികളിൽ ക്രമാതീതമായി കുളങ്ങളും കിണറുകളും കുഴിക്കുന്നതുമൂലം ഭൂ ഗർഭ ജലത്തിന്റെ ലഭ്യതയും കുറഞ്ഞു വരുന്നു. കൃഷി ഭവൻ മുഖേന നടപ്പാക്കുന്ന WGDP, SCP/TSP, CCDP, പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധി തുടങ്ങിയ പദ്ധതിയിൽ കുളം , കിണർ, കമ്മ്യൂണിറ്റി ഇറിഗേഷൻ, ഗ്രൂപ്പ് ഇറിഗേഷൻ തുടങ്ങിയ പദ്ധതികളും നടപ്പാക്കി വരുന്നു. (~~പട്ടിക 7.8 കാണുക~~).

ചെറുകിട ജലസേചന പദ്ധതി പ്രകാരം 11 ക്രോസ് ബാറുകൾ നിർമ്മിച്ച് 673.81 ഹെക്ടർ സ്ഥലത്ത് ജല സേചന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും കർഷകർക്ക് ഇതു മൂലം കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. പ്രസ്തുത ക്രോസ് ബാറുകളുടെ കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾ നടത്താത്തതും ഗുണ ഭോക്താക്കളായ കൃഷിക്കാരുടെ കൂട്ടായ്മയിലൂന്നിയുള്ള പ്രവർത്തനമില്ലായ്മയുമാണ് അണക്കെട്ടുകളുടെ ഇന്നത്തെ ദുരവസ്ഥയ്ക്ക് കാരണം. ആയതിനാൽ പ്രസ്തുത പദ്ധതികൾ പുനരുദ്ധരിച്ച് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിലെ കിഴക്കേ അതിർത്തിയായ ചെമ്പേരിയിൽ നിന്നും രണ്ടാം വർഡിലെ കൊട്ടോടി വരെ കിഴക്കു പടിഞ്ഞാറായി ഒഴുകുന്ന ചന്ദ്രഗിരി പുഴയാണ് ഈ പ്രദേശത്തെ ഏറ്റവും വലിയ ജല സ്രോതസ്. ഈ പുഴയിലേക്ക് പഞ്ചായത്തിലെ 13 വാർഡുകളിൽ നിന്നുമായി 40 തോടുകൾ ഒഴുകിച്ചേരുന്നു. ഇവയിൽ ചുരുക്കം ചില തോടുകളിൽ മാത്രമേ 12 മാസവും വെള്ളം ലഭിക്കാറുള്ളു. ഈ തോടുകളിൽ ലഭ്യമായ വെള്ളത്തെ ഒഴുക്കി വിടാതെ ജൈവ വസ്തുക്കൾ കൊണ്ട് ആ പ്രദേശത്തെ കൃഷിക്കാരുടെ സഹകരണത്തോടുകൂടി തടയണകൾ കെട്ടിയും ചെക്ക് ഡാമുകൾ നിർമ്മിച്ചും ജല സേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിലെതോടുകളുടെ വിവരങ്ങൾ

വാർഡ് നമ്പർ	തോടുകളുടെ പേര്
1	അജ്ഞനമുക്കൂട് തോട് ചെരുമ്പച്ചാൽ തോട്
2	പൈനിക്കര - കോട്ടോടി തോട് മുണ്ടോട്ട് പുതിയ കുടി തോട്
3	അരക്കംകാട് - ചുള്ളിക്കര തോട് മുണ്ടമാണി - പൈനിക്കര തോട് ഓണി- അയ്യങ്കാവ്- കാഞ്ഞിരത്തടി തോട്
4	കോട്ടക്കുന്ന് -പുഞ്ചക്കര - വണ്ണാത്തിക്കാനം തോട് നീലിമല - കള്ളാർതോട്
5	ആടകം - കൊട്ടോടി തോട് പുതിയകുടി - അഞ്ചാല - കോട്ടോടി തോട്, പറക്കയം - ചേടിക്കുണ്ട് - ആടകം തോട്
6	നീലിമല - കള്ളാർ തോട് പെരുങ്കയ തേവനം പുഴ - ചെറുപനത്തടി തോട് മരുതോം -പ്രാന്തർകാവ് - കോളിച്ചാൽ തോട്
7	ചാമക്കൊച്ചി - പ്രാന്തർകാവ് തോട്

കുളപ്പുറം - ചെറു പനത്തടി തോട്

താന്നിക്കാൽ - കടമല - ചെറു പനത്തടി തോട്

കുടിയാൻകടവ് കോളിച്ചാൽ തോട്

ബറോടി - പുളിങ്കൊച്ചി തോട്

പെരുതടി - പുളിങ്കൊച്ചി - ചെമ്പൻ വയൽ തോട്

ചെമ്പൻവയൽ - കടമല തോട്

8 പെരുതടി - കുടിയാൻകടവ് തോട്

9 തുമ്പോടി - ചാമുണ്ടിക്കുന്ന് - മാനടുക്കം - തിമ്മൻ ചാൽ തോട്

ചിറ്റരി മല -കോയത്തടുക്കം തോട്

കരിവേടകം - ബീബുംകാൽ - പൂക്കയം തോട്

10 മാപ്പിളശേരി - പാണത്തൂർ തോട്

കാപ്പിത്തോട്ടം - ബളാന്തോട് തോട്

മാച്ചിപ്പള്ളി - ബളാന്തോട് തോട്

11 റാണി പുരം - കുണ്ടുപ്പള്ളി - മപ്പിളശേരി തോട്

മൈലാട്ടി - പാണത്തൂർ തോട്

പ്ലാറക്കടവ് - ചെമ്പേരികൊച്ചി തോട്

കുതിരക്കുളം - പെരുച്ചാഴിയടുക്കം തോട്

12 കല്ലപ്പള്ളി - കമ്മാടി തോട്,

13 നരിയിരിക്കും പാറ - വാതൽമാടി തോട്, തുമ്പോടി - പടിഞ്ഞാറേ തുമ്പോടി തോട്, കിഴക്കേ തുമ്പോടി - ചാമുണ്ഡിക്കുന്ന് തോട്,

ചാമുണ്ഡിക്കുന്ന് -കോയത്തടുക്കം തോട്

ഓട്ടമല - അടുക്കം തോട്,

ചെർണൂർ - മുള്ളിക്കയം - വണ്ണാർക്കയം തോട്.

(അവലംബം പഠന പര്യടനം)

ചെറുകിട ജലസേചന വകുപ്പ് ഈ പഞ്ചായത്തിൽ 32 സ്ഥലത്ത് WGDP, SCP/TSP എന്നീ പദ്ധതികൾ പ്രകാരം 1593.39 ഏക്കർ ആയക്കെട്ട് പ്രദേശത്ത് ജലസേചന പദ്ധതികൾ നടത്തിയിട്ടുണ്ട്. ഇതിനും പുറമേ 13 സ്ഥലത്ത് ചെക്ക് ഡാം കം ബ്രിഡ്ജ്, വി.സി.ബി കം ബ്രിഡ്ജ്, ലിഫ്റ്റ് ഇറിഗേഷൻ തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

പട്ടിക ജാതി - പട്ടിക വർഗ്ഗ കോളനികളിലെ കാർഷിക പ്രവർത്തനങ്ങൾ

കൃഷി ഭവൻ രേഖകൾ പ്രാകരം പഞ്ചായത്തിൽ 42 ഗിരിജൻ കോളനികളും 37 ഹരിജൻ കോളനികളുമുണ്ട്. തിമ്മൻചാൽ, പെരുതടി, പെരുമ്പള്ളി, പുത്തൂരടുക്കം, പാടിക്കൊച്ചി, എന്നീ ഐ.എച്ച്.ഡി. പി. ഗിരജൻ കോളനികളിലും എടക്കടവ് കോട്ടക്കുന്ന്, കപ്പള്ളി എന്നീ ഐ.എച്ച്.ഡി.പി. ഹരിജൻ കോളനികളിലും സമഗ്ര വികസനപദ്ധതികൾ നടപ്പിലാക്കിവരുന്നു. മേൽ പറഞ്ഞ എല്ലാ കോളനികളിലും നടീൽ വസ്തുക്കൾ സ്പ്രോയറുകൾ , പമ്പു സെറ്റുകൾ , പണിയായുധങ്ങൾ, പൊതു കിണറുകൾ, ഇവയെല്ലാം തന്ന സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. നടീൽ വസ്തുക്കൾ പൂർണമായും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കോളനി നിവാസികൾക്ക് സാധിച്ചിട്ടില്ല. കൃഷി ഭൂമിപൂർണമയും കൃഷിക്കുപയോഗപ്പെടുത്തുവാനും കഴിഞ്ഞിട്ടില്ല. കോളനികളിലെ കാർഷിക അഭിവൃദ്ധിക്കു വേണ്ടിയുള്ള ബോധ വൽക്കരണം നടത്തേണ്ടതാണ്. SCP/TSP പദ്ധതി പ്രകാരം 1992 - 93 വർഷം മുതൽ 15 ഗിരിജൻ കോളനികളിലും 9 ഹരിജൻ കോളനികളിലുമായി 258 ഗുണഭോക്താക്കൾക്ക് 48.101 ഹെക്ടർ സ്ഥലത്ത് മണ്ണുസംരക്ഷണ പദ്ധതി (കോണ്ടൂർ ബണ്ട്) നടപ്പിലാക്കിയിട്ടുണ്ട്. ഇതിലേക്കായി 9,16,928 രൂപ ചെലവഴിച്ചിട്ടുണ്ട്. (പട്ടിക 12 കാണുക)

1988 ൽ പ്രത്യേക ഘടക പദ്ധതി പ്രകാരം നെല്ലിത്തോട് ഗിരിജൻ കോളനിയിലും നൂഞ്ഞി ഹരിജൻ കോളനികളിലും ഓരോ കാർഷിക വികസന കേന്ദ്രങ്ങൾ പണികവിപ്പിച്ചിട്ടുണ്ട് ഇവ രണ്ടു ഉപയോഗശൂന്യമയിക്കിടക്കുകയാണ്. ഈ രണ്ടു കോളനികളിലും ഗുണഭോക്താക്കൾ കൃഷി അനുബന്ധ സംരംഭം തുടങ്ങുന്നതിനായി മുന്നോട്ടു വന്നാൽ പ്രസ്തുത കെട്ടിടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കുന്നതാണ്.

ബാങ്ക് വായ്പാ സൗകര്യങ്ങൾ

പഞ്ചായത്തിൽ പനത്തടി സർവ്വീസ് സഹകരണ ബാങ്ക്, ചുള്ളിക്കര കാർഷിക വികസന ബാങ്ക്, സിണ്ടിക്കേറ്റ് ബാങ്ക്, പനത്തടി പാണത്തൂർ നേർത്ത് മലബാർ ഗ്രാമീണ ബാങ്കുകൾ , രാജപുരം ഫെഡറൽ ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് കർഷകർക്ക് വായ്പകൽ ലഭിക്കുന്നത്. ഇതിലേറ്റവും കൂടുതൽ കാർഷിക വായ്പകൾ നൽകിയിരിക്കുന്നത് പനത്തടി സർവ്വീസ് സഹകരണ ബാങ്കും ചുള്ളിക്കര കാർഷിക വികസന ബാങ്കുമാണ്. മേൽ പറഞ്ഞ ആറു ബാങ്കുകളിൽ നിന്നായി 95 - 96 വർഷത്തിൽ 9425 കർഷകർക്കായി 867.80 ലക്ഷം രൂപ കാർഷിക വായ്പയും 15584 കർഷകർക്കായി 1157.94 ലക്ഷം രൂപ കാർഷികേതര വായ്പയായും വിതരണ ചെയ്തിട്ടുണ്ട്. (പട്ടിക 13 കാണുക).

കാർഷിക വായ്പകൾ യഥേഷ്ടം ലഭ്യമാകുന്നതു കൊണ്ട് റബർ ,തെങ്ങ്, കവുങ്ങ്, മുതലായ തോട്ട വിളകളുടെ ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ചുരുക്കം ചില കാർഷിക വായ്പകൾ കാർഷിക ഉൽപാദന മേഖലകളിൽ ചെലവാക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാൽ മുതൽ മുടക്ക് തിരികെ ലഭീക്കതെ വരികയും വായ്പ തിരിച്ചടവ് അസാധ്യമാകുകയും ചെയ്യുന്നു. കർഷകരെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കാനുള്ള ആസൂത്രിത ശ്രമം ഉണ്ടാകേണ്ടതുണ്ട്.

കൃഷി ഭവന്റെ പ്രവർത്തനങ്ങൾ

140.62 ച.കി.മി. വിസ്തൃതിയുള്ള പനത്തടി പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയോടടുത്താണ് കൃഷി ഭവൻ സ്ഥിതി ചെയ്യുന്നത്. 1987 സപ്തംബർ 1 ന് കൃഷി ഭവൻ നിലവിൽ വരുന്നതിനു മുമ്പ് രാജപുരം കൃഷി വികസന ഓഫീസിന്റെ പരിധിയിൽ കോടോം- ബേളൂർ, ബളാൽ പഞ്ചായത്തുകളും ഉൾപ്പെട്ടിരുന്നു. പ്രത്യേകം ഓഫീസുകളായി പ്രവർത്തിച്ചു കൊണ്ടിരുന്ന മൾട്ടി സ്റ്റേറ്റ് കാഷ്യു പ്രൊജക്റ്റ് സാഡു തുടങ്ങിയ പദ്ധതികൾ പുന സംഘടിപ്പിച്ച് രാജപുരത്തുണ്ടായിരുന്ന കൃഷി വികസന ഓഫീസ് കൃഷി ഭവനായി മാറ്റപ്പെടുകയാണുണ്ടായത്. പഞ്ചായത്തിലെ അതിർത്തി വാർഡായ കല്ലപ്പള്ളി - കമ്മാടി പ്രദേശങ്ങൾ രാജപുരത്തു നിന്നും 40 കി. മി. ദൂരെയാണ് സ്ഥിതി ചെയ്യുന്നത്. പാണത്തൂരിൽ നിന്നും 20 കി.മി. ഓളം കാൽ നടയായി സഞ്ചരിച്ചു വേണം കമ്മാടിയിലെത്താൻ.

യാത്രാ സൗകര്യങ്ങളുടെ അപര്യപ്ത മൂലം ഈ പ്രദേശങ്ങളിൽ നിന്നും കൃഷി ഭവനു മായി ബന്ധപ്പെടുന്നവരുടെ എണ്ണം പരിമിതമാണ്. അതു പോലെ തന്നെ കൃഷി ഭവനിലെ ഉദ്യോഗസ്ഥൻമാർക്ക് വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്നതിനു വളരെയധികം ബുദ്ധിമുട്ടുണ്ട്. പഞ്ചായത്തിന്റെ വിസ്തൃതിയും ഭൂ പ്രകൃതിയും കണക്കിലെടുത്ത് കൃഷി ഭവനിൽ കൂടുതൽ അഗ്രി. അസിസ്റ്റൻരുമാരുടെ തസ്തികകൾ അനുവദിക്കേണ്ടതാണ്.

കൃഷി ഭവൻ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 1993 - 94 സമ്പത്തിക വർഷത്തിൽ 14,68,485 രൂപയും 94 - 95 വർഷത്തിൽ 11,12,871 രൂപയും 95 - 96 വർഷത്തിൽ 8,85,434 രൂപയും ചെലവഴിച്ചു. ഇതിനു പുറമേ പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം 94 - 95 സാമ്പത്തിക വർഷം 412 കർഷകർക്കായി 1,12,578 രൂപയും 95 - 96 വർഷത്തിൽ 210 കർഷകർക്കായി 10,124 രൂപയുംവിതരണം ചെയ്തു. 94 - 95 വർഷം പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഉരുൾ പൊട്ടലും വെള്ളപ്പൊക്കവും മൂലം കൂടുതൽ വിള നാശ മുണ്ടായി.

ഒന്നിലധികം പദ്ധതികളിലായി ഒരേ കൃഷിക്കാരൻ തന്നെ കൃഷി ഭവനിൽ നിന്നും ആനുകൂല്യങ്ങൾ നേടുന്നതായി പരാതിയുണ്ട്. മേലിൽ ആനുകൂല്യം അനുവദിക്കേണ്ട ഗുണഭോക്താക്കളെ ഗ്രാമ പഞ്ചായത്ത് സമിതി മുഖേന തെരഞ്ഞെടുക്കുമ്പോൾ ഇത്തരം പാരാതികൾ ഒഴിവാക്കാവുന്നതാണ്. നടീൽ വസ്തുക്കൾ, വിത്തുകൾ എന്നിവ യഥാ സമയം എത്തിച്ചേരാത്തതിനാൽ ലഭ്യമായവ വിതരണം ചെയ്യുന്നതിന് പ്രയാസം നേരിടുന്നു. നടീൽ വസ്തുക്കൾ സൂക്ഷിച്ചു വയ്ക്കുന്നതിനും സംരക്ഷിക്കുന്നതിനും കൃഷി ഭവനിൽ മതിയായ സൗകര്യമില്ല. സമയം കഴിഞ്ഞു വരുന്ന ഉൽപാദനോപാദികൾ പലപ്പോഴും ആവശ്യക്കാർക്ക് വിതരണം ചെയ്യാൻ കഴിയാതെ ആവശ്യമില്ലാത്ത കൃഷിക്കാർക്ക് കൊടുക്കുന്നതിന് നിർബന്ധിതമാകുന്ന സാഹചര്യവുമുണ്ട്. സബ്സിഡിയോടെ നൽകുന്ന രാസവളങ്ങളും കീടനാശിനികളും കൃഷിക്കാർ

049

പദ്ധതിയുടെ ഉദ്ദേശ പൂർത്തീകരണത്തിന് സഹായകരമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. വിവിധ പദ്ധതികളുടെ ഭാഗമായി നൽകുന്ന കീടനാശിനികൾ വാങ്ങുന്നതിനു കൃഷിക്കാർ താൽപര്യം കാണിക്കുന്നില്ല. കാർഷിക പദ്ധതികൾ ഫല പ്രാപ്തിയിൽ എത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. പാണത്തൂരിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന കൃഷി ഭവൻ കാർട്ടേഴ്സിൽ പഞ്ചായത്തിലെ 10, 11, 12, 13 പാടുകളിലെ കർഷകരുടെ സൗകര്യാർത്ഥം ആഴ്ചയിൽ രണ്ടു ദിവസം പ്രസ്തുത വാർഡുകളിലെ ചുമതലയുള്ള കൃഷി അസിസ്റ്റൻറിൻെറ സേവനം വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

പട്ടിക 11, 12 കാണുക

പ്രശ്നങ്ങൾ

1. നെൽ വയലുകളുടെ വിസ്തീർണ്ണം കുറഞ്ഞു വരുന്നു.

2. നെൽ കൃഷി പ്രധാന വരുമാനമല്ലാത്തതിനാൽ ഉൽപാദനം വർദ്ധിപ്പിക്കാൻ കൃഷിക്കാർ താൽപര്യം കാണിക്കുന്നില്ല.

3. കർഷക തൊഴിലാളികളുടെ ക്ഷാമം.

4. ഉഴവുമാളുകളുടെ ദൗർലഭ്യം.

5. മണ്ണുസംരക്ഷണ പദ്ധതികൾ കുറവായതിനാൽ കാല വർഷക്കെടുതിയിൽ വയലുൾ നികത്തപ്പെടുന്നു.

6. ഉൽപാദനോപാദികളുടെ വില വർദ്ധനവ് .

7. ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതി നിലവിലുണ്ടെങ്കിലും പ്രവർത്തി പദത്തിലില്ല.

8. കൃഷി ഭൂമിയുടെ തുണ്ട വൽക്കരണം, ജലസേചനത്തിൻെറ കുറവ്, മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷി .

9. തെങ്ങിനെ വാധിക്കുന്ന കൊമ്പൻ ചെല്ലി, ചെന്നീരോലിപ്പ്, കൂമ്പ് ചീയൽ, എന്നിവയെ നീയന്ത്രിക്കാൻ കഴിയുന്നില്ല.

10. തെങ്ങുകൾ തമ്മിലുള്ള അകലവും പരിചരണവും ശാസ്ത്രീയമല്ല.

11. ജൈവ വളത്തിൻെറ അപര്യാപ്തതയും രാസ വളത്തിൻെറ വില വർദ്ധനവും.

12. സമീകൃത വളപ്രയോഗത്തിൻെറ അഭാവം.

13. മണ്ണു പരിശോധയുടെ അടിസ്ഥാനത്തിലല്ലാതെയുള്ള വള പ്രയോഗം.

14. ഗവേഷണ ഫലങ്ങൾ കൃഷിയിടങ്ങളിൽ എത്തിക്കുന്നതിനുള്ള കാല താമസം.

15. റബർ കൃഷിയുടെ ഉദ്പാദന ചെലവുകൾക്കനുസരിച്ചുള്ള ബാങ്ക് വായ്പ ലഭിക്കുന്നില്ല. പലിശ കൂടുതലാണ്.

16. സസ്യജന്യ കീടനാശിനികളെ കുറിച്ചുള്ള അറിവില്ലായ്മ.

17. കുരുമുളക് കൃഷിയുടെ ദ്രുത വാട്ട രോഗം ഫലപ്രദമായി നിയന്ത്രിക്കാൻ സാധിക്കുന്നില്ല.

18. പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.

19. മൃഗ പരിപാലനം കുറഞ്ഞത് കൊണ്ട് ജൈവവളത്തിൻെറ ലഭ്യതയും കുറഞ്ഞു.

20 കവുങ്ങിൻെറ മഹാളി രോഗം അടയ്ക്കയുടെ ഉൽപാദനത്തെ സാരമായി ബാധിക്കുന്നു.

21. നിലവിലുള്ള അണക്കെട്ടുകൾ കേടായി കിടക്കുന്നതിനാൽ ജലസേചന സൗകര്യങ്ങൾ കുറയുന്നു.

22. ജൈവ വൈവിധ്യങ്ങൾ (കാവുകൾ) വെട്ടി നശിപ്പിക്കുന്നു.

23. കശുമാവിനെ ബാധിക്കുന്ന തടിതുരപ്പൻ പുഴുവിനെ നിയന്ത്രിക്കാൻ സാധിക്കുന്നില്ല.

24. കശുമാവിന് ശാസ്ത്രീയമായ പരിചരണം ഇല്ല.

25. സസ്യ സംരക്ഷണ ഉപകരണങ്ങൾ ആവശ്യത്തിനു ലഭ്യമല്ല.

26. അത്യുൽപാദന ശേഷിയുള്ള നടീൽ വസ്തുക്കൾ യഥേഷ്ടം ലഭിക്കുന്നില്ല.

27. പോർട്ടബിൾ പമ്പ് സെറ്റുകൾക്ക് അവശ്യത്തിനു മ്ണ്ണെണ്ണ ലഭിക്കുന്നില്ല.

28. കൃഷിയാവശ്യത്തിനു വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നതിനുള്ള കാല താമസം .

29. കാർഷിക വിളകൾക്ക് സംഭരണ വിപണന സൗകര്യങ്ങൾ ഇല്ല.

30. കൃഷി ഭവനുകളിലൂടെ ലഭിക്കുന്ന സഹായങ്ങൾ സമതുലിതമായി എല്ലാ പ്രദേശത്തും എത്തുന്നില്ല.

31. നടപ്പിലാക്കുന്ന കാർഷിക പദ്ധതികളുടെ അവലോകനത്തിൻെറ പോരായ്മ.

32. കൃഷി ഭവനിൽ ജീവനക്കാരുടെ അപര്യാപ്തത.

33. നിക്ഷിപ്ത വനഭൂമിയായി പ്രഖ്യാപിച്ച 500 ഏക്കർ കൃഷി ഭൂമിയുടെ നഷ്ടം.

സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

1. നെൽപാടങ്ങൾ നികത്തുന്നത് കർശനമായി തടയുന്നതിനു ബഹുജന പങ്കാളിത്തത്തോടെ നടപടി സ്വീകരിക്കുക.

2. കൃഷി ആദായകരമാക്കുന്നതിനു സാധ്യമായ മേഖകളിൽ യന്ത്ര വൽക്കരണം മുഖേന കൃഷി നടത്തുക.

3. നെൽപ്പാടങ്ങൾ പുതിയതായി നിർമ്മിക്കുന്നതിനു സാമ്പത്തിക സഹായം അനുവദിക്കുകയാണെങ്കിൽ ഈ രംഗത്ത് കുറച്ചു കർഷകർ കൂടി മുമ്പോട്ടു വരാൻ സാധ്യതയുണ്ട്.

4. ഗ്രൂപ്പ് ഫാമിങ്ങ് സമിതികൾ ശക്തിപ്പെടുത്തുകയും നെൽകൃഷി സംരക്ഷിക്കേണ്ട ആവശ്യകത കർഷകരെ ബോധ്യപ്പെടുത്തുകയും ചെയ്യുക.

5. കേടായി കിടക്കുന്ന ക്രോസ് ബാറുകൾ അറ്റകുറ്റപ്പണി ചെയ്തു ജലസേചനത്തിന് ഉപയോഗപ്പെടുത്തുക.

6. പുഴകൾ തോടുകൾ എന്നിവയുടെ പാർശ്വങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടാകാതിരിക്കാൻ മരങ്ങളും ഓടക്കാടുകളും സംരക്ഷിക്കുക.

7. പൊതു കുളങ്ങൾ കിണറുകൾ എന്നിവ ആഴം കൂട്ടി ഗുണ ഭോക്താക്കൾക്ക് പൂർണമായും ജല സേചനത്തിന് പ്രയോജന പ്പെടുത്തുക.

8. മണ്ണൊലിപ്പു തടയുന്നതിനു പഞ്ചായത്തിലെ ചരിവുള്ള മുഴുവൻ കൃഷി ഭൂമികളിലും കോണ്ടൂർ ബണ്ടുകൾ (കല്ല് കയ്യാലകൾ) നിർമ്മിക്കുകയും തീറ്റപ്പുൽ കൃഷി വ്യാപകമാക്കുകയും ചെയ്യുക.

9. പാണത്തൂർ കനിലടുക്കം , ഭീബുംകാൽ എന്നീ പാടശേഖരങ്ങളിൽ പുഴയിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി മുഖേന ജല സേചന സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണെങ്കിൽ ഒരുപ്പു നിലങ്ങൾ ഇരിപ്പു നിലങ്ങളായി കൃഷി ചെയ്യാവുന്നതണ്.

10. പഞ്ചായത്തിലെ മുഴുവൻ തോടുകളിലും ജൈവ തടയണകൾ നിർമ്മിച്ചു ജല ലഭ്യത ഉറപ്പു വരുത്താവുന്നതാണ്. ഇതിനു അതാത് പ്രദേശത്തെ കർഷകരുടെ കൂട്ടായ്മ തേടാവുന്നതാണ്.

11. പഞ്ചായത്തിലെ എല്ലാ വർഡുകളിലും ജല ലഭ്യതയുള്ള തോടുകൾക്കു കുറുകെ ക്രോസ് ബാറുകൾ നിർമ്മിച്ച് ജല സേചന സൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്.

12. ചന്ദ്രഗിരിപ്പുഴയിൽ പാണത്തൂർ, അരിപ്രോഡ്, ഏരിഞ്ഞിലംകോട്, ബളാന്തോട്, പൂക്കയം കനിയിലടുക്കം, കൊടുമ്പൂർ എന്നിവിടങ്ങളിൽ ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മിക്കുകയാണെങ്കിൽ ഉദ്ദേശം 2000 ഹെക്ടർ സ്ഥലത്ത് ജല സേചനം നടത്തുന്നതിനും ഗതാഗതത്തിനും ഉപകരിക്കുന്നതാണ്.

13. രണ്ടാം വാർഡിലെ കരിനെച്ചിപ്പാറ , ഒമ്പതാം വർഡിലെ പുലിക്കടവ്, 10 ാം വാർഡിലെ പാണത്തൂർ - മാവുങ്കാൽ, അഞ്ചാം വാർഡിലെ ഒരള എന്നീ സ്ഥലങ്ങളിൽ ജല സംഭരണികൾ സ്ഥാപിച്ചു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

14. പതിനൊന്നാം വാർഡിലെ റാണിപുരം, ആറാം വാർഡിലെ നീലി മല, മൂന്നാം വാർഡിലെ കൊളമ്പ, ഒമ്പതാം വാർഡിലെ മാനടുക്കം കൂപ്പ്, എന്നീ സ്ഥലങ്ങളിലെ വറ്റാത്ത നീരുറവകൾ സംരക്ഷിക്കേണ്ടതും കാർഷികാവശ്യത്തിനു വെള്ളം ലഭ്യമാകുമോ എന്നു പരിശോധിക്കേണ്ടതുമാണ്.

15. എല്ലാ പുരയിടങ്ങളിലും നീർക്കുഴികൾ നിർമ്മിക്കുകയാണെങ്കിൽ കൃഷികൾക്ക് ഈർപ്പം നില നിൽക്കുന്നതോടൊപ്പം ഭൂഗർഭ ജല വിതാനം വർദ്ധിക്കുകയും ചെയ്യുന്നതാണ്.

16. കവുങ്ങ് പുതുകൃഷി, പുനരുദ്ധാരണം, മണ്ണിടിൽ, സ്പ്രിംഗ്ലർ ജലസേചനം എന്നിവയ്ക്ക് 50 % സബ്സിഡി അനുവദിക്കേണ്ടതാണ്.

17. റോക്കർ സ്പ്രയർ , തെങ്ങ് കയറ്റ യന്ത്രം, കവുങ്ങ് കയറ്റ യന്ത്രം എന്നിവ ആവശ്യാനുസരണം ലഭ്യമാക്കുകയാണെങ്കിൽ കൃഷി അതിഷ്ടിത തൊഴിൽ സാധ്യതകൾ വർദ്ധിക്കുന്നതാണ്.

18. അത്യുൽപാദന ശേഷിയുള്ള നടീൽ വസ്തക്കൾ ഉൽപാദിപ്പിക്കുന്ന അംഗീകൃതി നാഴ്സറികൾ പഞ്ചായത്തിൽ കൂടുതലായി അനുവദിക്കുക.

19. മണ്ണു പരിശോധനയ്ക്ക് കാഞ്ഞങ്ങാട് ബ്ലോക്കിൽ കേന്ദ്രം സ്ഥാപിക്കുക.

20. ഭക്ഷ്യ വിളകൾക്ക് പ്രാധാന്യം കൊടുത്ത് നെല്ല്, പച്ചക്കറി കൃഷി എന്നിവ ബഹു ജന പങ്കാളിത്തത്തോടെ നടപ്പാക്കുക.

21. കൃഷി ആവശ്യത്തിനു റേഷൻ കടകളിൽ നിന്നും 50 ലിറ്റർ മണ്ണെണ്ണ ലഭ്യമാക്കുക.

22. എല്ലാ വിളകൾക്കും വൈദ്യുതി ചാർജ് സൗജന്യമാക്കുക.

23. കാർഷികാവശ്യത്തിനുള്ള വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

24. കാർഷിക വിളകൾ സംഭരിച്ചു വിപണനം നടത്തുന്നതിനുള്ള കേന്ദ്രങ്ങൾ സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കുക.

051

25. രോഗം മൂലം നശിക്കുന്ന വിളകളേയും വിള ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി കവുങ്ങിനുള്ളനഷ്ടപരിഹാരം വർദ്ധിപ്പിക്കുകയും ചെയ്യുക.

26. കാട്ടാന ശല്യം മുഖേന ഉണ്ടാകുന്ന കൃഷി നാശവും വിള ഇൻഷൂറൻസ് പദ്ധതിയിൽ ബാധകമാക്കുക.

27. ജൈവ വളങ്ങളുടെ കുറവ് പരിഹരിക്കുന്നതിനു കന്നു കാലികളെ വളർത്തുകയും പച്ചില വളച്ചെടികൾ നട്ടു പിടിപ്പിക്കുകയും ചെയ്യുക.

28. കൃഷി ഭൂമി തരിശിടുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി കൃഷി ചെയ്യാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകി കാർഷിക മേഖലയിൽ പിടിച്ചു നിൽക്കാനുള്ള അവസരവും സഹായവും നൽകുക.

29. കൂൺ കൃഷി , പൂ കൃഷി , തേനീച്ച കൃഷി ഔഷധ സസ്യ കൃഷി എന്നിവയ്ക്ക് പ്രോത്സാഹനവും സഹായവും നൽകുക.

30 നടപ്പിലാക്കുന്ന കാർഷിക പദ്ധതികളുടെ പുനരവലോകനം സമയാസമയങ്ങളിൽ നടത്തുക.

31. കാർഷിക രംഗത്ത് തൊഴിലാളികളെ ആകർഷിക്കുന്നതിനു ഏകീകൃത കൂലി നിരക്കു ഏർപ്പെടുത്തുകയും ഒരു ലക്ഷം യുവ ജനങ്ങൾക്ക് പ്രത്യേക തൊഴിൽ ദാന പദ്ധതിയിൽ ചെർന്നവർക്ക് ഐഡൻറിറ്റി കാർഡിന്റെ ഈടിൻമേൽ ബാങ്ക് വായ്പകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

32. കൃഷി ഭവനുകളിൽ കൂടുതൽ ഗ്രാമ തല പ്രവർത്തകരെ നിയമിക്കുകയും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എല്ലാ മേഖലകളിൽ എത്തുന്നതിനു വേണ്ട സത്വര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

33. കർഷകർക്ക് നഷ്ടപ്പട്ട കൃഷി ഭൂമി തിരികെ ലഭിക്കുന്നതിനു ഒരു സമിതിയെ നിയോഗിച്ചു ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

052

പട്ടിക-9 കാർഷിക ഉപകരണങ്ങൾ

വാർഡ്	ട്രാക്ടർ	ടില്ലർ	നൊത്തക് സ്പ്രെയർ	നാപ്സാക്ക് സ്പ്രെയർ	തെങ്ങുകയറ്റം	തൊഴു സ്പ്രെയർ	മൈനിയത്തം	പോർട്ടബിൾ പമ്പ്സെറ്റ്
I	–	2	6	–	–	–	–	835
II	–	–	–	–	–	–	–	
III	–	1	2	2	1	–	–	
IV	–	–	2	1	–	–	–	
V	–	–	2	–	–	–	–	
VI	–	–	6	1	1	–	–	
VII	–	–	–	–	–	–	–	
VIII	1	1	–	1	1	1	–	
IX	–	1	2	–	1	–	–	
X	–	–	2	–	1	–	–	
XI	–	–	1	1	–	–	–	
XII	–	–	–	–	–	–	–	
XIII	–	–	–	–	–	–	–	
ആകെ	1	5	23	6	5	1	–	

അവലംബം : കൃഷിഭവൻ

പട്ടിക 11

നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	95-96
ഒതങ്ങ്	2041	3650	1500
കശുമാവ്	2300	7220	800
കുരുമുളക് വള്ളി	ഇല്ല	22500	49050
ഒട്ടുമാവ്	--	---	100
കവുങ്ങ്	--	700	2175
കൊക്കോ	1000	--	---
ഗ്രാമ്പു	—	50	50
നെൽ വിത്ത്	390 കി.	300 കി.	250 കി
ഉഴുന്ന് വിത്ത്	200 കി.	---	----
പച്ചക്കറിവിത്ത്	1420 കിറ്റ്	2177കിറ്റ്	2322 കിറ്റ്

അവലംബം കൃഷി ഭവൻ

പനങ്ങാടി ഗ്രാമ പഞ്ചായത്ത്

053

വിള വിസ്തീർണ്ണവും ഉദ്പാദനവും :

[അവലംബം : അടിസ്ഥാനവിവര കൃഷിക്കണക്ക്. രജിസ്റ്റർ]

വിള	വിസ്തീർണ്ണം	മൊത്തം ഉദ്പാദനം	ഉദ്പാദനക്ഷമത (ഹെക്ടറിൽ)
നെല്ല് ഒന്നാംവിള	105 Hc	262.5 ടൺ	2500 kg
നെല്ല് രണ്ടാംവിള	75 Hc	197.25 "	2630 kg
നെല്ല് മൂന്നാംവിള	8 Hc	16	2000 kg
പച്ചക്കറികൾ	40 Hc	15 "	2.6 ടൺ
തെങ്ങ്	3845 Hc	23	4 തേങ്ങ ഒരു തെങ്ങിന്
നേന്ത്രവാഴ	150 "	3750 ടൺ	10 കിലോഗ്രാം ഒരു വാഴക്ക്
മരച്ചീനി	65 "	1300 ടൺ	20 ടൺ ഒരു
കുരുമുളക്	695 "	695 ടൺ	1 കിലോഗ്രാം ഒരു വള്ളികാലിന്റെ കണക്ക്
കാശുവണ്ടി	989-95	661 "	6 കിലോഗ്രാം ഒരു വൃക്ഷത്തിന്
മാവ്	2 "	320 മാവ്	50 കിലോഗ്രാം ഒരു വൃക്ഷത്തിന്.
റബ്ബർ	4874.79 Hc	975 ടൺ	100 ഗ്രാം ഉ ഒരു മരത്തിന്
കാപ്പി	746.80 Hc	7169 സൂപ്പാരി	8 കിലോ ഒരു മരത്തിന്
ഇഞ്ചി	75. Hc	225 ടൺ	4 ടൺ ഹെക്ടറിന്.
മഞ്ഞൾ	46 Hc	184 ടൺ	6 ടൺ ഹെക്ടറിന്

പട്ടിക 1 A

അവലംബം : കൃഷിഭവൻ.

കൈവശഭൂമി വിസ്തീർണ്ണം

	വാർഡ് നമ്പർ (1)	നാമമാത്രകർഷകർ (1 ഹെക്ടറിൽ താഴെ) (2)	ചെറുകിടകർഷകർ 1-2 ഹെക്ടർ (3)	വൻകിടകർഷകർ 2 ഹെക്ടറിനുമുകളിൽ (4)
	I	228	58	22
	II	262	54	27
	III	248	56	19
	IV	283	61	18
	V	254	73	24
	VI	291	76	34
	VII	240	146	13
	VIII	257	150	19
	IX	300	139	18
	X	204	80	19
	XI	186	96	36
	XII	170	180	30
	XIII	160	96	15
	TOTAL	3083	1265	294

പട്ടിക. 2A.

അവലംബം : വില്ലേജ് അടിസ്ഥാന രജിസ്റ്റർ.

സംയുക്തഗവേഷണ പദ്ധതി പ്രകാരം 1993-94 വർഷം മുതൽ
പഞ്ചായത്തിനു നടപ്പാക്കിയ പദ്ധതികൾ (CCDP)

നമ്പർ	1993-94				1994-95				1995-96			
	തീരുമാനം	പദ്ധതികൾ	തുടങ്ങിയവ	പൂർത്തിയായവ	തീരുമാനം	പദ്ധതികൾ	തുടങ്ങിയവ	പൂർത്തിയായവ	തീരുമാനം	പദ്ധതികൾ	തുടങ്ങിയവ	പൂർത്തിയായവ
1	2	2	1	—	9	5	—	—	5	5	—	—
2	—	2	—	—	9	5	1	—	5	5	—	—
3	1	—	—	—	10	5	—	—	5+1 SC	5	—	1
4	1	—	—	—	9	5	—	—	5	5	—	—
5	2	—	—	—	10+2 ST	5	—	—	5	5	—	—
6	1	1	—	—	9+1 SC	5	—	—	5	5	—	2
7			—	—	10	5	—	—	5	5	—	2
8	1	1	—	—	10	5	1	—	5	5	1	2
9	1	2	1	—	10	5	—	—	5	5	—	—
10	—	—	—	—	11	5	—	—	5	5	1	—
11	—	—	—	—	9+1 ST	5	—	—	3	3	—	—
12	—	—	—	—	9	5	—	—	4	4	—	1
13	—	—	—	—	9	5	—	—	4	4	—	—

പട്ടിക 4

അവലംബം: ഇഞ്ചിടവൻ

പ്രതിമാസ ഭൂമി പാട്ട പരിശോധന

ഭൂമി കൈമാറ്റ നിയന്ത്രണ ചട്ടപ്രകാരം

ക്രമനമ്പർ	ഭൂമിയുടെ വിസ്തീർണ്ണം	ഭൂമിയുടെ വിവരം			പാട്ടത്തുക അടച്ചതിന്റെ വിവരം					
		മാർക്കറ്റ് വില	ന്യായവില	ആകെ തുക	ട്രഷറി ചെലാൻ നമ്പർ	ബാങ്ക് ചെലാൻ നമ്പർ	ബാങ്ക് വഴി	ഓൺലൈൻ ട്രാൻസ്ഫർ	രസീത് നമ്പർ	തുക
1	2	3	4	5	6	7	8	9	10	11
I	298 ച.മീ	17,000	33660	50660						
II	216 ച.മീ	11,220	25500	36720						
III	288 ച.മീ	14,960	34,000	48960						
IV	309 ച.മീ	18,360	34,000	52360						
V	388 ച.മീ	23,460	42,500	65960			8500	4250		12750 രൂപ
VI	397 ച.മീ	17,000	50,490	67490						
VII	263 ച.മീ	19,210	25,500	44710	1	1				
VIII	288 ച.മീ	14,960	34,000	48960	2	2			2	
IX	256 ച.മീ	18,020	25,500	43,520						
X	370 ച.മീ	20,400	42,500	62900						
XI	351 ച.മീ	26,670	34,000	59,670						
XII	210 ച.മീ	18,700	17,000	35,700						
XIII	212 ച.മീ	19,040	17,000	36,040						
	3845 ച.മീ	2,38,000	4,15,650	6,53,650			8500	4250		12750 രൂപ

ചിത്രം 4A

അവലംബം: കുഞ്ഞിരവൻ

അനുബന്ധം - 5 (മണ്ണ് സംരക്ഷണം) പനത്തടി പഞ്ചായത്ത്.

ക്രമനമ്പർ	പദ്ധതിയുടെ പേര് (2)	പദ്ധതി പ്രദേശത്തിന്റെ വിസ്തീർണ്ണം (3)	പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂപ്രദേശത്തിന്റെ വിസ്തീർണ്ണം (4)	അനുവദിച്ച തുക (5)	ഗുണഭോക്താക്കൾ (6)	പദ്ധതി നടപ്പിലാക്കിയ വർഷം (7)	പൂർത്തീകരിച്ച വർഷം (8)	സംരക്ഷിക്കപ്പെട്ട ഭൂവിസ്തൃതി (9)	(10)	ചെലവായ തുക (11)	മറ്റു കാര്യങ്ങൾ (12)
1	പാലച്ചാൽ	400 Acs		1,40000/-		1966-67	1966-67	118.32 H		Rs. 103909/-	
2	പനത്തടി	292.11 H		3,00,000/-	100	1966-67	1967-68	148.143 H	65	Rs. 118065/-	
3	ക്വാണർ കാവ്	525 Acs		365300/-	226	1967-68	1971-72	271.05 H	99	Rs. 360394/-	
4	പാണത്തൂർ	250 Hc	232	170050/-		1967-68	1971-72	88.00 H	10	Rs. 92491/-	
5	പൂക്കയം	270 Hc		598000/-	200	1971-72	1979-80	101 Hct	60	Rs. 180467/-	
6	പെരുഞ്ചിത്തംകോട്	259.10 H		513000/-	185	1973-74	1979-80	119.00 H	25	Rs. 66037/-	
7	പൂക്കുന്നാം	335.49 H		1007000/-	100	1975-76	1979-80	183.90 H	23	Rs. 118281/-	
8	കൊട്ടോടി	294.81 H		900000/-	125	1975-76	1979-80	75.80 H	19	Rs. 80632/-	
9	മരിക്കുൽ	76 H		1624000/-		1992-93	തുടരുന്നു	1005.213		Rs. 571586/-	
10	നാഗന്നൂം പാടി	76 H		1624 000/-		1993-94	തുടരുന്നു			Rs. 1033404/-	
11	തൂപ്പോടി	300 H		346614/-		1993-94	തുടരുന്നു			Rs. 1127048/-	
12	ബിബുകാൽ	80 H		145 6000/-		1995-96	തുടരുന്നു			Rs. 574867/-	
13	പാലച്ചാൽതോട്			264800/-		1993-94	തുടരുന്നു			Rs. 228261/-	
14	മരുതോം തോട്			179600/-		1993-94	തുടരുന്നു			Rs. 178584/-	
15	പുന്നൂരടുക്കം ഹരിജൻ കോളനി			66824/-	59 H	1995-96	തുടരുന്നു			Rs. 335000/-	

അവലംബം : സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്.

പട്ടിക. 6

1	2	3	4	5	6	7	8	9	10	11	12
16	കോട്ടക്കുന്ന് ഹരിജൻ കോളനി	12.0717 H		344300/-	29 Nos	1995-96	തുടങ്ങണം	1005.213		Rs. 187875/-	ബാക്കി പണം കണ്ടുകെട്ടി
17	പൊന്തകടിഗിരിജൻ കോളനി	24.33 H		35000/-	63 H	1989-90		3 H		Rs. 34992/-	
18	അണ്ണാനമുക്ക് - കുടന്നൂർ	13.76 H		113000/-	30 H	1986-87	1986-87	13.76H	30	Rs. 80584/-	
19	വിളപുരം - കോലപുരം	6.15 H		49000/-	13	1986-87	1986-87	6.15H	13	Rs. 42088/-	
20	കോരിച്ചിള	3.05 H		25000/-	10	1986-87	1986-87	3.05H	10	Rs. 15021/-	
21	ഇടക്കാട് ഹരിജൻ കോളനി	14.83 H		142500/-	30	1988-89	1988-89	15.23	31	Rs. 127132/-	
22	പ്രാക്കുന്നം	15.49 H		120000/-	24	1984-85	1984-85	15.49	24	Rs. 69904/-	
23	നീലംകുന്നം ഹരിജൻ കോളനി	21.32 H		163000/-	34	1985-86	1985-86	21.32	34	Rs. 163000/-	
24	നിലമേൽ ഹരിജൻ കോളനി	8.55 H		68000/-	12	1985-86	1986-87	8.55H	12	Rs. 61156/-	
25	മാവിളക്കുന്നം	3.93 H		30000/-	7	1987	1987	3.93	7	Rs. 23844/-	
26	മാപ്പിളശ്ശേരി	13.28 H		98000/-	22	1988	1989	13.28H	22	Rs. 70000/-	
27	നാഞ്ചനമുക്ക്	737.56 H		7920000/-		1990		1108.6673			
28	ചൂരക്കുഴിക്കര	438 H		5951259/-	505	1992	1996		Rs		കോടോംബേളൂർ പഞ്ചായത്തുകൾ
29	കാപ്പുകുഴി ഹരിജൻ കോളനി	20.48 H		640000/-	21	1992-93	തുടങ്ങണം		Rs	454047/-	

SCP/TSP പദ്ധതി പ്രകാരം ജലസേചനത്തിന് ഉപയോഗപ്പെടുത്തിയ ചെറുകിട ജലസംഭരണികൾ - (തുടർച്ച)

ചിത്രിക 12 നെടുമ്പാശ്ശേരി ബ്ലോക്ക് (1)

ക്രമനമ്പർ	കുടുംബങ്ങളുടെ പേര്	പദ്ധതിയുടെ ഉപഭോക്തൃ പ്രദേശത്തിന്റെ വിസ്തൃതി	അടങ്കൽ തുക	ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം	പദ്ധതി പൂർത്തിയായ വർഷം	പ്രവർത്തനം ആരംഭിച്ച വർഷം	ഉപയോഗപ്പെടുത്തിയ കൃഷിയിടത്തിന്റെ വിസ്തൃതി	കുടുംബങ്ങളുടെ എണ്ണം	ചെലവായ തുക (12-ാം കോളം)
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)
1	മുണ്ടുവാണി SC കോളനി	2 Ha	32280	15 Nos	1992-93	1992-93	4·7 Ha	12 Nos	27438
2	പുഞ്ചിയോടി SC കോളനി	2 Ha	32280	15 "	"	"	1·62 Ha	14 "	26243
3	നായത്തോടി SC കോളനി	1 Ha	16140	15 "	"	"	1 Ha	8 "	16140
4	കൈപ്പാട് ST കോളനി	5 Ha	80700	20 "	"	"	4·7 Ha	16 "	75858
5	നരിയമ്പുഴ ST കോളനി	2 Ha	32280	10 "	"	"	1·8 Ha	8 "	29052
6	പുതിയകണ്ടത്തി ST കോളനി	3 Ha	48420	16 "	"	"	2·94 Ha	15 "	47451
7	ഉതിരക്കുഴി ST കോളനി	3 Ha	48420	22 "	"	"	2·94 Ha	12 "	46806
8	നീലിപ്പാൻ ST കോളനി	3 Ha	48420	21 "	"	"	2·5 Ha	14 "	41883
9	പാടി ST കോളനി	1·5 Ha	24210	5 "	"	"	1·029 Ha	4 "	16605
10	പാറക്കടവ് SC കോളനി	4 Ha	96900	22 "	1993-94	1993-94	3·914 Ha	19 "	75853
11	പുതിയിടി ST കോളനി	0·7 Ha	13566	12 "	"	"	0·69 Ha	10 "	13372
[illegible]	"	0·5 Ha	12110	3 "	1994-95	1994-95	0·5 Ha	3 "	12110
12	നായിക്കാൽ-ചെമ്പൻകുഴി ST	3·5 Ha	67830	18 "	1993-94	1993-94	3·021 Ha	16 "	65606

050

SCP/TSP പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ ഭൂമിനവീകരണ പദ്ധതികൾ.

പട്ടിക 12. കോഴിക്കോട് (2)

ക്രമനമ്പർ	ഗുണഭോക്താവിന്റെ പേര്	ഭൂമിയുടെ വിസ്തൃതി	ചെലവ്	പദ്ധതിയുടെ സ്വഭാവം	പദ്ധതി തുടങ്ങിയ വർഷം	പദ്ധതി പൂർത്തിയാക്കിയ വർഷം	പദ്ധതി പ്രകാരം ഭൂമിയുടെ വിസ്തൃതി	പദ്ധതി പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം	ചെലവായ തുക
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)
13	പുഞ്ചയ്ക്കൽ കാവ് ST കോളനി	5 Ha	96900	30 Nos	1993-94	1993-94	3.47 Ha.	18 Nos	67279
14	തടമ്പാട്ടുതാഴം ST കോളനി	3 Ha	58140	12 "	"	"	1.35 Ha.	8 "	26860
15	തൊണ്ടിയിൽ ചാത്തൻ ST കോളനി	3 Ha	58140	8 "	"	"	2.63 Ha	8 "	51124
16	ചെമ്പുകടവ് SC കോളനി	3 Ha	58140	12 "	"	"	3 Ha	12 "	58140
	"	1 Ha	24220	4 "	1994-95	1994-95	0.447 Ha.	4 "	10826
17	പൊലിക്കുന്നുമ്മൽ SC കോളനി	0.6 Ha	14532	8 "	"	"	0.561 Ha.	6 "	13595
18	തിരുത്തിക്കുന്നുമ്മൽ SC കോളനി	1.5 Ha	36330	11 "	"	"	1.5 Ha.	11 "	36330
19	പുതുശ്ശേരിക്കുന്ന് ST കോളനി	1.5 Ha	36330	8 "	"	"	1.5 Ha.	8 "	36330
20	തിരുവല്ല ST കോളനി	2 Ha	48440	12 "	"	"	2 Ha	12 "	48440
21	ചെമ്പുകടവ് ST കോളനി	0.4 Ha	9688	4 "	"	"	0.4 Ha	4 "	9688
22	പൊന്നുമ്പാടം SC കോളനി	1.24 Ha	30028	8 "	"	"	1.23 Ha.	7 "	29887
23	കാഞ്ഞിരപ്പാടി SC കോളനി	0.42 Ha	10172	6 "	"	"	0.404 Ha.	5 "	9730
24	ചെമ്പുച്ചാൽ കാവ് ST കോളനി	1 Ha.	24220	4 "	"	"	0.999 Ha.	4 "	24219

പഞ്ചായത്തിലെ ബാങ്കുകളിൽനിന്നും കുടിശ്ശിക 3 വർഷത്തിനുള്ളിൽ വിതരണം ചെയ്ത വായ്പകളുടെ വിവരം.

ക്രമനമ്പർ	ബാങ്കിന്റെ പേര്	1993-94				1994-95				1995-96			
		കാലാവധിയുള്ളത്		കാലാവധിയില്ലാത്തത്		കാലാവധിയുള്ളത്		കാലാവധിയില്ലാത്തത്		കാലാവധിയുള്ളത്		കാലാവധിയില്ലാത്തത്	
		അപേക്ഷകരുടെ എണ്ണം	തുക (രൂപയിൽ)	അപേക്ഷകരുടെ എണ്ണം	തുക (രൂപയിൽ)	അപേക്ഷകരുടെ എണ്ണം	തുക (രൂപയിൽ)	അപേക്ഷകരുടെ എണ്ണം	തുക (രൂപയിൽ)	അപേക്ഷകരുടെ എണ്ണം	തുക (രൂപയിൽ)	അപേക്ഷകരുടെ എണ്ണം	തുക (രൂപയിൽ)
1	[illegible]	3100	181 54	6822	344 52	4120	226 03	9622	445 21	3223	162 16	11026	573 89
2	A.D.B ചേർത്തല	3073	95 82	401	131 21	3136	381 03	482	177 17	3191	420 94	510	203 15
3	സിൻഡിക്കേറ്റ് ബാങ്ക് ചേർത്തല	659	49 56	111	6 07	683	54 72	116	9 19	745	77 86	112	14 65
4	ഫെഡറൽ ബാങ്ക് തുറവൂർ	319	44 78	3702	179 42	304	52 28	2602	221 70	470	92 34	2327	241 29
5	N.M.G.B ചേർത്തല	624	35 1	1977	74 02	1194	64 4	1241	49	1285	50 5	1130	57 1
6	N.M.C.B ചേർത്തല	351	20	1200	44	601	87	1012	30	734	37	499	29
7	[illegible]	8109	426 84	14197	684 31	10230	772 09	14063	932 65	9425	867 32	15584	1151 74

പട്ടിക. 13. അവലംബം: ത്രിതീയ വിവര ശേഖരണം.

062



063

പൊതുജനാരോഗ്യം

ശാസ്ത്ര പുരോഗതിയുടെ ഫലമായുണ്ടായ ആധുനിക ചികിത്സാ പദ്ധതികളാണ് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും സ്വീകരിച്ചുവരുന്നത്. എന്നിരുന്നാലും ഔഷധസസ്യങ്ങൾ ഉപയോഗിച്ച് അസ്ഥിരോഗങ്ങൾ, വിഷം തീണ്ടൽ, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾക്കുള്ള പാരമ്പര്യ ചികിത്സ ഇന്നും നിലനിൽക്കുന്നു. തദ്ദേശീയമായ ഈ ചികിത്സാ പദ്ധതികളോട് ഇന്നുള്ള അവഗണനാത്മകമായ സമീപനം അവസാനിപ്പിച്ച് ശാസ്ത്രീയ ഗവേഷണങ്ങളിലൂടെ ഇവയെ പരിപോഷിപ്പിക്കേണ്ടത് അനിവാര്യമാണ്.

ജില്ലയിലെ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഈ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ കൂടുതൽ ആരോഗ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആധുനിക വൈദ്യശാസ്ത്രം അടിസ്ഥാനമാക്കി പൊതുമേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ നാലും സ്ഥാപനങ്ങളുണ്ട്. രണ്ട് സർക്കാർ ഹോമിയോ ഡിസ്പെൻസറികളും മൂന്ന് സ്വകാര്യ ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സർക്കാർമേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ മൂന്നും ആയുർവേദ ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. ചികിത്സാ സ്ഥാപനങ്ങളെക്കുറിച്ചുള്ള പട്ടിക അന്യത്ര ചേർത്തിരിക്കുന്നു. ചികിത്സാരംഗം സമ്പുഷ്ടമാണെങ്കിലും പൊതുജനാരോഗ്യരംഗത്ത് ഇവയുടെ നേട്ടം വേണ്ടരീതിയിൽ പ്രതിഫലിച്ചുകാണുന്നില്ല. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ബോധവല്ക്കരണ പരിപാടികളുടെ പൂർണ്ണമായ ഫലപ്രാപ്തിയില്ലായ്മ, സംസ്ഥാന അതിർത്തി പ്രദേശമായതിനാൽ അയൽ സംസ്ഥാനത്തെ രോഗങ്ങളുടെ വ്യാപനം തുടങ്ങിയവയൊക്കെ ഇതിന് സാമാന്യമായ കാരണങ്ങളായി പറയാവുന്നതാണ്. 'രോഗ പ്രതിരോധം ചികിത്സയേക്കാൾ മെച്ചം' ലോകാരോഗ്യ സംഘടന ഉദ്ഘോഷിക്കുമ്പോഴും ചികിത്സയ്ക്ക് പ്രാധാന്യം നൽകുന്ന ആരോഗ്യ നയത്തിനാണ് ജനങ്ങൾ പ്രാമുഖ്യം നൽകുന്നത്. രോഗപ്രതിരോധ തന്ത്രങ്ങൾ ബോധപൂർവ്വം വിസ്മരിക്കുമ്പോൾ കാലഹരണപ്പെട്ട സാംക്രമിക രോഗങ്ങൾ ശക്തമായി തിരിച്ചുവരുന്നതും മനുഷ്യജീവൻ നഷ്ടപ്പെടുന്നതും വേദനയോടെ നാം കാണേണ്ടിവരുന്നു. ഈ ദുരവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതിന് രോഗ പ്രതിരോധത്തിന് പ്രധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

സ്ഥാപനങ്ങളും സേവനങ്ങളും

പഞ്ചായത്തിൽ കിടത്തി ചികിത്സാക്കുവാൻ സൗകര്യമുള്ള ഏക സർക്കാർ സ്ഥാപനം പൂടംകല്ലിലുള്ള പനത്തടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻറാണ്. പ്രാഥമികാരോഗ്യ കേന്ദ്രമായിരുന്ന ഈ സ്ഥാപനം 1984-ൽ 35 കിടക്കകളോടുകൂടിയ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തിയെങ്കിലും സൗകര്യങ്ങളുടെ അപര്യാപ്തതകൊണ്ട് ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. പാണത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളുമുള്ള കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വിഭാഗം ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ വിവരം പട്ടിക 1 (എ)-ൽ കൊടുത്തിരിക്കുന്നു.

ഗവൺമെൻറ് സ്ഥാപനങ്ങൾ (പട്ടിക-1 എ)

ക്രമ നമ്പർ	സ്ഥാപനത്തിൻെറ പേര്	സ്ഥിതി ചെയ്യുന്ന സ്ഥലം	കെട്ടിടം (വാടക/സ്വന്തം)	ജീവനക്കാരുടെ എണ്ണം
1	കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ,പനത്തടി	പൂടംകല്ല്	സ്വന്തം	56
2	പ്രാഥമികാരോഗ്യ കേന്ദ്രം പാണത്തൂർ	പാണത്തൂർ	സ്വന്തം	22
3	ഗവ.ആയുർവേദ ഡിസ്പെൻസറി, കൊട്ടോടി.	കൊട്ടോടി	വാടക	4
4	ഗവ.ആയുർവേദ ഡിസ്പെൻസറി, പനത്തടി	പനത്തടി	വാടക	4
5	ഗവ.ഹോമിയോ ഡിസ്പെൻസറി, പനത്തടി	മാലക്കല്ല്	വാടക	4
6	ഗവ.ഹോമിയോ ഡിസ്പെൻസറി, രാജപുരം	രാജപുരം	സ്വന്തം	4

064

കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ (പട്ടിക-1 ബി)

ക്രമ നമ്പർ	പേര്	സ്ഥിതി ചെയ്യുന്ന സ്ഥലം	കൊട്ടിടം (വാടക/സ്വന്തം)
1	കുടുംബ ക്ഷേമകേന്ദ്രം, കൊട്ടോടി	കുടമ്പൂര്	സ്വന്തം
2	കുടുംബ ക്ഷേമകേന്ദ്രം, പാലംകല്ല്	പുഞ്ചക്കര	സ്വന്തം
3	കുടുംബ ക്ഷേമകേന്ദ്രം, മാലക്കല്ല്	മാലക്കല്ല്	വാടക
4	കുടുംബ ക്ഷേമകേന്ദ്രം, പ്രാന്തർകാവ്	അടോട്ട്കയം	വാടക
5	കുടുംബ ക്ഷേമകേന്ദ്രം, പനത്തടി	കോളിച്ചാൽ	സ്വന്തം
6	കുടുംബ ക്ഷേമകേന്ദ്രം, പെരുതടി	ഇരിക്കുംകല്ല്	സ്വന്തം
7	കുടുംബ ക്ഷേമകേന്ദ്രം, മാനടുക്കം	മാനടുക്കം	വാടക
8	കുടുംബ ക്ഷേമകേന്ദ്രം, ചാമുണ്ഡിക്കുന്ന്	ചാമുണ്ഡിക്കുന്ന്	സ്വന്തം
9	കുടുംബ ക്ഷേമകേന്ദ്രം, പുത്തൂരടുക്കം	കാപ്പിത്തോട്ടം	വാടക
10	കുടുംബ ക്ഷേമകേന്ദ്രം, പാണത്തൂര്	പാണത്തൂർ	സ്വന്തം
11	കുടുംബ ക്ഷേമകേന്ദ്രം, കല്ലപ്പള്ളി	കല്ലപ്പള്ളി	സ്വന്തം

സ്വകാര്യ ചികിത്സാ സ്ഥാപനങ്ങൾ (പട്ടിക-1 സി)

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥലം
1	എൻ.എസ്.എസ്.ആശുപത്രി, ബളാംതോട്	ബളാംതോട്
2	മാർത്തമറിയം ആശുപത്രി	മാലക്കല്ല്
3	രാജപുരം ക്ലിനിക്	രാജപുരം
4	പുഞ്ചിരീസ് ദന്താശുപത്രി	രാജപുരം
5	പാണത്തൂർ ക്ലിനിക്	പാണത്തൂർ
6	ഹോമിയോ ക്ലിനിക്	പാണത്തൂർ
7	ഹോമിയോ ക്ലിനിക്	കോളിച്ചാൽ
8	ഹോമിയോ ക്ലിനിക്	രാജപുരം
9	ആയുർവേദ ആശുപത്രി	പനത്തടി
10	ആയുർവേദ ക്ലിനിക്	പൂടംകല്ല്
11	ആയുർവേദ ക്ലിനിക്	മാലക്കല്ല്

വിവിധ ചികിത്സാ സമ്പ്രദായങ്ങളിൽ ചികിത്സ തേടിയവരുടെ എണ്ണം (പട്ടിക-2)

വർഷം	അലോപ്പതി		ആയുർവേദം	ഹോമിയോ
	ഐ.പി.	ഒ.പി.		
1992-93	2601	31079	22267	18811
1993-94	2594	31160	21805	17880
1994-95	2566	34795	20878	16150
1995-96	2327	39120	19176	21013

ചെറിയ കുടുംബം സന്തുഷ്ട കുടുംബം എന്ന ആശയത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള കുടുംബക്ഷേമ പ്രവർത്തനങ്ങളാണ് കേന്ദ്ര സംസ്ഥാന സർക്കാറുകൾ നടപ്പിലാക്കി വരുന്നത്. നമ്മുടെ പ്രദേശത്തെ ദമ്പതിമാരുടെ എണ്ണവും വിവിധ കുടുംബക്ഷേമമാർഗ്ഗങ്ങൾ സ്വീകരിച്ചവരുടെ വിവരവും പട്ടിക 3 (എ) -ൽ കൊടുത്തിരിക്കുന്നു.

(പട്ടിക-3 എ)

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ(ഭാര്യയുടെ പ്രായ ക്രമം)	ആകെ ദമ്പദികൾ	സ്ഥിരമായകുടുംബ ക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിച്ചവർ	താല്ക്കാലിക കുടുംബ ക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിച്ചവർ	കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിക്കാത്തവർ
15-19	193	-	53	140
20-24	1077	376	389	312
25-29	1473	943	288	242
30-34	1387	1065	138	184
35-39	896	728	49	119
40-44	508	419	-	89
ആകെ	5534	3531	917	1086

ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ ദമ്പതിമാർ (പട്ടിക-3 ബി)

ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണം	ദമ്പദികൾ	സ്ഥിരമായകുടുംബ ക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിച്ചവർ	താല്ക്കാലിക കുടുംബ ക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിച്ചവർ	കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിക്കാത്തവർ
0	332	0	52	280
1	886	18	490	378
2	1902	1417	285	200
3	1410	1243	70	97
4	618	535	8	75
5 ഉം അതിലധികവും	386	317	12	57
ആകെ	5534	3531	917	1086

കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ വിമുഖത കാട്ടുന്ന ദമ്പതിമാരെ ആയതിന് പ്രേരിപ്പിക്കുവാൻ ക്രിയാത്മകമായ നടപടികൾ ആവിഷക്കരിക്കേണ്ടതാണ്.

ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള രോഗ പ്രതിരോധ കുത്തിവയ്പുകൾ ജനങ്ങൾക്കിടയിൽ ഫലപ്രദമായി നടത്താൻ കഴിഞ്ഞിട്ടുണ്ട്. അതുവഴി പ്രദേശത്തെ ഗർഭിണികളിൽ 95% ഉം കുട്ടികളിൽ 98% ഉം രോഗപ്രതിരോധ കുത്തിവയ്പുകൾക്ക് വിധേയരായിട്ടുണ്ട്

പ്രാഥമിക ആരോഗ്യരക്ഷാ പരിപാടിയിൽ ബോധവൽക്കരണത്തിനുള്ള പ്രാധാന്യം വളരെ വലുതാണ്. വിവിധ തലങ്ങളിൽ പെടുന്ന ജനങ്ങൾക്ക് ഗുണകരമായ രീതിയിൽ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും പൂർണ്ണ ഫലസിദ്ധി കിട്ടുന്നില്ല ഇത്തരുണത്തിൽ സന്നദ്ധ സംഘടനകളുടെ ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ സ്ത്രീകളെ സ്വയം പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ അംഗൻവാടികൾ കേന്ദ്രീകരിച്ചുകൊണ്ട് 13 മഹിളാ സ്വസ്തി സംഘം യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്

(പട്ടിക-4)

ക്രമ നമ്പർ	കുടുംബക്ഷേമ കേന്ദ്രം	അനുബന്ധ എം.എസ്.എസ്. യൂണിറ്റുകൾ (അംഗൻവാടികൾ കേന്ദ്രീകരിച്ച്)
1	കൊട്ടോടി	പേരടുക്കം
2	സി.എച്ച്.സി പനത്തടി	രാജപുരം
3	പാലങ്കല്ല്	എലിക്കോട്ട്കയം
4	മാലക്കല്ല്	പറക്കയം
5	പ്രാന്തർ കാവ്	അടോട്ട് കയം
6	പനത്തടി	ചെറുപനത്തടി
7	പെരുതടി	ഇരിക്കുംകല്ല്
8	പുത്തൂരടുക്കം	കാപ്പിത്തോട്ടം
9	മാനടുക്കം	തിമ്മഞ്ചാൽ
10	ചാമുണ്ഡിക്കുന്ന്	ചാമുണ്ഡിക്കുന്ന്
11	പാണത്തൂർ	മൈലാട്ടി
12	പി.എച്ച്.സി. പാണത്തൂർ	പാണത്തൂർ
13	കല്ലപ്പള്ളി	നെല്ലിക്കുന്ന്

ഈ സംഘങ്ങൾ പ്രതിമാസ യോഗം ചേരുകയും പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യാറുണ്ട്. ആരംഭസമയത്തുണ്ടായിരുന്ന പങ്കാളിത്തം ഇപ്പോൾ കുറഞ്ഞുവരുന്ന സ്ഥിതിയാണുള്ളത്.

പൊതു ആരോഗ്യ പ്രശ്നങ്ങൾ

1.പരിസര ശുചിത്വം

പരിസര ശുചിത്വത്തിന്റെ അഭാവമാണ് പഞ്ചായത്തിലെ പ്രധാന സാംക്രമിക രോഗങ്ങൾക്കെല്ലാം കാരണമായിട്ടുള്ളത്. പ്ലേഗ് എന്ന മഹാമാരിയുടെ വിപത്തിൽ നിന്ന് പാഠം ഉൾക്കൊള്ളാൻ കഴിഞ്ഞ സൂറത്ത് ഭരണാധികാരികൾ പൊതുജനാരോഗ്യ നിയമങ്ങൾ കർക്കശമാക്കിയപ്പോൾ പ്രദേശത്തെ രോഗാതുരതാ ശതമാനം 40 ആയി കുറഞ്ഞത് നാം ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടതാണ്. പ്രദേശത്ത് ആകെ 11494 വീടുകൾ നിലവിലുള്ളതിൽ 3058 വീടുകൾക്കു മാത്രമാണ് ശുചീകരണ മാതൃകയിലുള്ള കക്കൂസുകൾ ഉള്ളത്. നാട്ടിൽ പടർന്നു പിടിക്കുന്ന വയറിളക്ക രോഗങ്ങൾ, മഞ്ഞപ്പിത്തം, ടൈഫോയ്ട്, വിരരോഗം എന്നിവയ്ക്കുള്ള കാരണം തുറസ്സായ സ്ഥലത്തുള്ള മലവിസർജ്ജനമാണെന്ന് നിസ്സംശയം പറയാം. പൊതുജലാശയങ്ങളിലുള്ള ശൗചം ചെയ്യലും വിസർജ്ജനവും നടത്തുന്ന ഭീഷണി വളരെ വലുതാണ്. ശുചീകരണമാതൃകയിലുള്ള കക്കൂസുകൾ ഉപയോഗിക്കുക വഴി 80 ശതമാനം ജലജന്യരോഗങ്ങളും ഇല്ലാതാക്കാൻ കഴിയും എന്നാണ് ലോകാരോഗ്യ സംഘടന വ്യക്തമാക്കിയിട്ടുള്ളത്.

ചെറുതും വലുതുമായ ഹോട്ടലുകൾ ബേക്കറികൾ, അറവുശാലകൾ, മത്സ്യവിപണന കേന്ദ്രങ്ങൾ മുതലായവയിൽനിന്നുള്ള അവശിഷ്ടങ്ങൾ അലക്ഷ്യമായി ഉപേക്ഷിക്കുന്നത് പൊതുജനാരോഗ്യത്തിന് നിരന്തര ഭീഷണിയാണ് ഭക്ഷണം പാകം ചെയ്യുന്നതിലും വിതരണം ചെയ്യുന്നതിലുമുള്ള ശുചിത്വമില്ലായ്മ നിരവധി രോഗങ്ങൾക്ക് കാരണമാകുന്നു.

ബോധവൽക്കരണത്തിൽകൂടിയും കർശന നിയമനടപടികളിലൂടെയും ഹോട്ടലുകളിലേയും മറ്റും ശുചിത്വം ഉറപ്പു വരുത്തേണ്ടതാണ്.

ധാരാളം പേർകുടിവെള്ളത്തിനായി ആശ്രയിക്കുന്ന തോടുകളിലും പുഴകളിലും സ്ലോടക വസ്തുക്കളും വിഷദ്രവ്യങ്ങളും ഉപയോഗിച്ച് മത്സ്യം പിടിക്കുന്നതും ഓല അഴുകാനിടുന്നതും ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ചുറ്റുമതിൽ കെട്ടി സംരക്ഷിച്ച് മലിനീകരണം തടയുന്നതിനുള്ള സംവിധാനം ഇന്ന് ഭൂരിഭാഗംകിണറുകൾക്കും ഇല്ല. പൊതു സ്ഥലങ്ങളിലെ ശുചീകരണം ഉറപ്പു വരുത്തുന്നതിനോടൊപ്പം വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് ജനങ്ങളെ ബോധവല്കരിക്കുന്നതിനു വേണ്ട തീവ്രയത്ന പരിപാടികൾ സമയബന്ധിതമായി ആരംഭിക്കേണ്ടിയിരിക്കുന്നു.

"വൃത്തിയുള്ള ഗ്രാമത്തിൽ ആരോഗ്യമുള്ള ജനത എന്നതാകട്ടെ നമ്മുടെ ശുചിത്വ സന്ദേശം".

II. സാംക്രമിക രോഗങ്ങൾ

പഞ്ചായത്ത് പ്രദേശത്ത് കൂടുതലായി കണ്ടു വരുന്നതും സമീപകാലത്ത് പിടിപെടാൻ സാധ്യതയുള്ളതുമായ സാംക്രമിക രോഗങ്ങളെക്കുറിച്ച് വിലയിരുത്താം.

II-1. മലമ്പനി

കഴിഞ്ഞ രണ്ട് ദശകങ്ങൾക്കു മുമ്പ് കേരളത്തിൽ നിന്ന് ഏറെക്കുറെ നിർമ്മാർജ്ജനം ചെയ്ത രോഗമാണ് മലമ്പനി. എന്നാൽ 1992 നു ശേഷം ഈ രോഗം ശക്തമായ തിരിച്ചു വരവ് നടത്തിയിരിക്കുകയാണ്. രോഗം പരത്തുന്ന കൊതുകുകൾ നമ്മുടെ നാട്ടിൽ ധാരാളമായി വർധിക്കുവാൻ ഇടയായതാണ് ഈ വിപത്തിനു കാരണം. കഴിഞ്ഞ 3 വർഷങ്ങളിൽ പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള മലമ്പനി രോഗികളുടെ എണ്ണം പട്ടിക 5-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 5 നോക്കുക.

ഊർജ്ജിത രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഫലമായി രോഗികളുടെ എണ്ണം വളരെ കുറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും രോഗനിർമ്മാർജ്ജനത്തിന് ഉതകും വിധമുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. കൊതുകു നിവാരണമരുന്നുകൾ ഉപയോഗിക്കുന്നതിനേക്കാൾ പ്രാധാന്യം കൊതുകു വളരുന്ന സാഹചര്യം ഇല്ലാതാക്കലാണ്.

II-2 ജലജന്യ രോഗങ്ങൾ

വയറിളക്ക രോഗങ്ങൾ, മഞ്ഞപ്പിത്തം, ടൈഫോയിഡ് തുടങ്ങിയ ജലജന്യ രോഗങ്ങൾ നമ്മുടെ പ്രദേശത്ത് സർവ്വ സാധാരണമാണ്. സംരക്ഷിക്കപ്പെടാത്ത ജലസ്രോതസ്സുകളിലേക്ക് വർഷകാലത്ത് മലിനജലം ഒഴുകിയെത്തുന്നതും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വേനൽ കാലത്ത് പരിമിതമായ ജലം കൂടുതൽ മലിനമാക്കപ്പെടുന്നതും ഇതിനു കാരണമാണ്. പഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനം മെച്ചപ്പെടുത്തുകയും ശുചീകരണ മാതൃകയിലുള്ള കക്കൂസുകൾ സാർവ്വത്രികമാക്കുകയുമാണ് ഇതു തടയാനുള്ള പോംവഴികൾ.

II -3. വായു ജന്യ രോഗങ്ങൾ.

വായു ജന്യ രോഗങ്ങളായ ജലദോഷം, ഫ്ലൂ, ന്യുമോണിയ, ക്ഷയം, അഞ്ചാംപനി, ചിക്കൻപോക്സ് എന്നിവ ബാധിച്ചവരാണ് ആശുപത്രികളിൽ എത്തുന്ന രോഗികളിൽ ഏറിയകൂറും. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടതും ഇന്ത്യ പോലുള്ള മൂന്നാം ലോക രാഷ്ട്രങ്ങളുടെ നിത്യ ഭീഷണിയുമായ രോഗമാണ് ക്ഷയം. ഇനിയും കണ്ടുപിടിക്കപ്പെടാത്തതും ചികിൽസക്ക് വിധേയമാകാത്തതും അതുകൊണ്ടുതന്നെ പകർച്ചാസാധ്യത കൂടിയതുമായ രോഗികൾ നമ്മുടെ പട്ടികജാതി കോളനികളിലും മറ്റു ദുർബല വിഭാഗങ്ങൾക്കിടയിലും ധാരാളമുണ്ട്. ഇവരെ കണ്ടെത്തി ചികിൽസിക്കുന്നതിനും

രോഗനിർമ്മാർജ്ജനത്തിനുമുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്. ഇതിനായി ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടിയിൽ കാസറകോട് ജില്ലയെകൂടി ഉൾപ്പെടുത്തുന്നതിനുള്ള സമ്മർദ്ദ തന്ത്രങ്ങൾപ്രയോഗിക്കേണ്ടതാണ്.

11 -4 എയ്ഡ്സ്

ഈ നൂറ്റാണ്ടിന്റെ മഹാരോഗം എന്നു വിശേഷിപ്പിക്കപ്പെടുന്ന എയ്ഡ്സ് നമ്മുടെ പഞ്ചായത്തിൽ നാളിതുവരെ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിലും രോഗത്തിനെതിരെ നാം നിതാന്ത ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

ഗ്രാമ സഭാ യോഗങ്ങളിൽ ചർച്ച ചെയ്യപ്പെട്ട പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും.

1. പനത്തടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ആറ് ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്. ഗൈനക്കോളജിസ്റ്റ് അടക്കമുള്ള സ്പെഷലിസ്റ്റ് ഡോക്ടർമാർ ഉണ്ടായിരിക്കണമെന്നുള്ളതാണ്, നിയമമെങ്കിലും നാളിതുവരെ ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം ഇവിടെ ലഭിച്ചിട്ടില്ല. പ്രസവ സംബന്ധമായ സേവനങ്ങൾ ലഭിക്കുവാൻ ഇവിടത്തെ മലയോര വാസികൾക്ക് അമ്പതോളം കിലോമീറ്റർ യാത്ര ചെയ്ത് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയേയോ മറ്റ് സ്വകാര്യ ആശുപത്രികളേയോ ആശ്രയിക്കേണ്ടി വരുന്നു. ഇത് പരിഹരിക്കുന്നതിനു പനത്തടി കമ്യൂണിറ്റി ഹെൽത്ത് സെൻററിൽ ഗൈനക്കോളജിസ്റ്റ് അടക്കമുള്ള സ്പെഷലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുകയും ഗർഭിണികൾക്കും കുട്ടികൾക്കുമായുള്ള പ്രത്യേക വാർഡുകൾ നിർമ്മിക്കുകയും ചെയ്യുക.

2. പനത്തടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ എക്സ്-റേ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടം പഞ്ചായത്ത് നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പ്രവർത്തന സജ്ജമായിട്ടില്ല. ആവശ്യമായ ജീവനക്കാരെ നിയമിച്ച് ഈ സൗകര്യം എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കുക. കൂടാതെ പേ വാർഡ്, ആമ്പുലൻസ്, മോർച്ചറി 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുന്ന വിധത്തിൽ അത്യാഹിത വിഭാഗം എന്നീ സൗകര്യങ്ങളും ഏർപ്പെടുത്തുക. നിലവിൽ 35 കിടക്കകളോടു കൂടിയ ഈ ആശുപത്രിയെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാതെ തന്നെ100 കിടക്കകളോടു കൂടിയ ആശുപത്രിയായി വികസിപ്പിക്കാവുന്നതാണ്. ആയതിനുള്ള നടപടികളും സ്വീകരിക്കുക.

3. പാണത്തൂർ പ്രാധമിക ആരോഗ്യ കേന്ദ്രത്തിൽ പണിപൂർത്തീകരിച്ച വാർഡ് ആവശ്യമായ ജീവനക്കാരെ നിയമിച്ച് തുറന്ന് പ്രവർത്തിപ്പിക്കേണ്ടതാണ്. കഴിഞ്ഞ 3 വർഷങ്ങളായി വളരെയധികം മലമ്പനി രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട പ്രദേശങ്ങളാണ് പാണത്തൂരും സമീപ പ്രദേശങ്ങളും. എന്നൽ പാണത്തൂർ പ്രധമിക ആരോഗ്യ കേന്ദ്രത്തിൽ രോഗ നിർണയത്തിന് ആവശ്യമായ ലബോറട്ടറി സൗകര്യം നിലവിലില്ല. പ്രസ്തുത സൗകര്യം അടിയന്തിരമായും ഏർപ്പെടുത്തേണ്ടതാണ്.

4. നിലവിലുള്ള മാലക്കല്ല് ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

5. കൊട്ടോടി, പനത്തടി എന്നീ ആയുർവേദ ആശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുകയും രോഗികളെ കിടത്തി ച്കിൽസിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

6. കള്ളാറിൽ ഹോമിയോ ആശുപത്രിയും 13-ാം വാർഡിൽ ഹോമിയോ ഡിസ്പൻസറിയോ ആയുർവേദ ഡിസ്പൻസറിയോ സ്ഥാപിക്കേണ്ടതുമാണ്.

7. റാണീപുരത്തെ വിനോദ സഞ്ചാരകേന്ദ്രത്തിനു സമീപമായി ഔഷധത്തോട്ടം, ആയുർവേദ ഗവേഷണ കേന്ദ്രം എന്നിവ സ്ഥാപിക്കുക.

8.പാരമ്പര്യ ചികിൽസാ വിഭാഗത്തിന് ആവശ്യമായ പ്രോൽസാഹനവും അർഹമായ പരിഗണനയും നൽകുക.

9. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത മാലക്കല്ല്, പ്രാന്തർകാവ്, പുത്തൂരടുക്കം, മാനടുക്കം എന്നീ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുകയും നിലവിൽ കെട്ടിടമുള്ള

കേന്ദ്രങ്ങൾക്ക് വൈദ്യുതീകരണത്തിനും കുടിവെള്ളം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

10. പഞ്ചായത്തിൽ കുടുംബക്ഷേമ കേന്ദ്രങ്ങളില്ലാത്ത മൂന്നാം വാർഡിൽ കൊല്ലരംകോട്, മഞ്ഞങ്ങാനം ഓട്ടമല എന്നീ സ്ഥലങ്ങളിൽ ആയത് അനുവദിക്കുക.

11. ആരോഗ്യപ്രവർത്തകർ കോളനികൾക്ക് മുൻഗണന നൽകിക്കൊണ്ട് ഗൃഹസന്ദർശന പരിപാടി കാര്യക്ഷമമാക്കേണ്ടതാണ്.

12. സന്നദ്ധസംഘടനകളുടെ സഹകരണത്തോടുകൂടി പഞ്ചായത്തു മുഴുവൻ ജനകീയാരോഗ്യ സർവ്വെ നടത്തുകയും പൊതുജനാരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി മുൻഗണനാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിനുള്ള സമയബന്ധിത പരിപാടികൾ ആവിഷ്കരിക്കുക.

13. കക്കൂസുകൾ ഇല്ലാത്ത വീടുകൾക്ക് ശുചീകരണ മാതൃകയിലുള്ള കക്കൂസുകൾ നിർമ്മിച്ചു നൽകുക.

14. പ്രധാന കവലകളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകളും മത്സ്യ, മാംസ മാർക്കറ്റുകളും സ്ഥാപിക്കുക.

15. അറവുശാലകൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും മൃഗഡോക്ടറുടെ പരിശോധന ഉറപ്പുവരുത്തുകയും ചെയ്യുക.

16. ഹോട്ടലുകളുടെ ലൈസൻസിംഗ് സമ്പ്രദായം കുറ്റമറ്റതാക്കുകയും ആരോഗ്യവകുപ്പ്/പഞ്ചായത്ത് അധികൃതരുടെ പരിശോധന കർശനമാക്കുകയും ചെയ്യുക.

17. പ്രധാന ടൗണുകളിൽ കുപ്പത്തൊട്ടി സ്ഥാപിക്കുകയും വാണിജ്യസ്ഥാപനങ്ങളിൽ നിന്നും പൊതുസ്ഥലങ്ങൾ മലിനമാക്കുന്നത് തടയുന്നതിന് കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

18. നഗരശുചീകരണത്തിന് ശുചീകരണ തൊഴിലാളികളെ നിയമിക്കുകയും സമഗ്ര അഴുക്കുചാൽ പദ്ധതി ഏർപ്പെടുത്തുകയും ചെയ്യുക.

19. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുക.

20. കൊതുകുനിവാരണത്തിനുള്ള മരുന്നുതളി കാര്യക്ഷമമാക്കുക.

21. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും തെരുവുനായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക.

22. വാർഡുതലത്തിൽ മാസത്തിൽ ഒരു തവണയെങ്കിലും ബോധവൽക്കരണ സെമിനാറുകളും വൈദ്യ പരിശോധനാ ക്യാംപുകളും സംഘടിപ്പിക്കുക.

23. എല്ലാ വിദ്യാലയങ്ങളിലും കക്കൂസ്, കുടിവെള്ള സൗകര്യം ഏർപ്പെടുത്തുക.

I. S.IP.P (Sanitation Improvement programme in Panathady)

പഞ്ചായത്തിലാകെ സന്നദ്ധ സംഘടനകളുടെയും ആരോഗ്യവകുപ്പിന്റെയും സംയുക്ത നേതൃത്വത്തിൽ സമഗ്ര ആരോഗ്യ സർവ്വെ നടത്തുകയും അതിൽ നിന്നും ഉരുത്തിരിയുന്ന ശുചിത്വ പ്രശ്നങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ സമയബന്ധിത പരിഹാര പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

താഴെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ പദ്ധതി വിവക്ഷിക്കുന്നു.

1. കകഉസില്ലാത്ത വീടുകൾ കണ്ടെത്തി അവർക്ക് ശുചീകരണ രീതിയിലുള്ള കക്കൂസ് ചുരുങ്ങിയ ചിലവിൽ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക.

2. ചുറ്റുമതിൽ ഇല്ലാത്ത കിണറുകൾക്ക് ആയത് നിർമ്മിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികളും സാമ്പത്തികസഹായവും സാങ്കേതിക നിർദ്ദേശങ്ങളും നൽകുക. ശുദ്ധജല വിതരണം സാർവ്വത്രികമാക്കുന്നതിനുള്ള ബൃഹത് പദ്ധതികൾ ആവിഷ്കരിക്കുക.

3. അടുക്കളകളിൽ നിന്നുള്ള മലിന ജലം

070

ഉപയോഗിച്ചു കൊണ്ട് അടുക്കളത്തോട്ടം, മലിനജല നിർഗ്ഗമനക്കുഴികൾ എന്നിവ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുക

4. ആശുപത്രികൾ,വ്യവസായ ശാലകൾ, വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള ഖര മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും മലിന ജലം ഒഴുകിപ്പോകുന്നതിനായി സമഗ്ര അഴുക്കു ചാൽ പദ്ധതിയും ആവിഷ്കരിക്കാം.

5. പ്രധാന തെരുവുകളിൽ കുപ്പത്തൊട്ടി സ്ഥാപിക്കുകയും നഗര ശുചീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ഭക്ഷണശാലകളിലെ ശുചിത്വം ഉറപ്പു വരുത്തുകയും ചെയ്യുക.

ഈ പരിപാടി ലക്ഷ്യമിടുന്ന "Helthy People in clean Panathady" എന്ന സന്ദേശം സാക്ഷാത്കരിക്കുന്നതിനായി വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

കുടിവെള്ളം

ജീവജലം ജീവന് ആധാരം എന്നാണ് പ്രമാണം. കുടിവെള്ളത്തിന്റെ ശുദ്ധി സാംക്രമിക രോഗങ്ങളെ അകറ്റുന്നതിൽ വഹിക്കുന്ന പങ്ക് നിസ്സാരമല്ല. നിർഭാഗ്യവശാൽ ഏറെ ജല സമ്പുഷ്ടമായ ഈ മലയോര ഗ്രാമത്തിൽ പോലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയാണ്. പ്രകൃതി ദത്ത ജലത്തെ ശരിയായ രീതിയിൽ വിനിയോഗിക്കാത്തതാണ് നമ്മുടെ നാട്ടിലെ ശുദ്ധജലക്ഷാമത്തിനുള്ള പ്രധാന കാരണം. ജലമലിനീകരണത്തിൽ ബോധപൂർവ്വവും അല്ലാതെയുമുള്ള ജനങ്ങളുടെ പങ്ക് ഗൗരവമായി വീക്ഷിക്കേണ്ടതാണ്. ജല വിനിയോഗത്തിൽ ശാസ്ത്രീയ സമീപനം കൈക്കൊള്ളേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അല്ലാതെ വന്നാൽ ഉണ്ടാകാവുന്ന ദുരന്തം അത്യധികം ഭയാനകമായിരിക്കും.

ജലസ്രോതസ്സുകൾ.

കുടിവെള്ളത്തിനായി ജനങ്ങൾ മുഖ്യമായും കിണറുകളേയാണ് ആശ്രയിക്കുന്നത്. പുഴകളിലെയും തോടുകളിലേയും കുളങ്ങളിലേയും വെള്ളം കുടിക്കാൻ ഉപയോഗിക്കുന്നവരും കുറവല്ല. പൊതു ജല വിതരണ സമ്പ്രദായം പരിമിതമാണ്.

പ്രധാന ജല സ്രോതസ്സുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

(പട്ടിക - 6) കാണുക.

ചീമുള്ള്, ഓട്ടക്കണ്ടം, ഓണി, മുണ്ടമാണി, മണിയറ, കോട്ടക്കുന്ന്, നാഗത്തുംപാടി, ചുള്ളിയോടി, അടോട്ട്കയം, കോഴിച്ചിറ്റ, വിത്തുകുളം, ഇരിക്കുംകല്ല്, കാപ്പിത്തോട്ടം, കൊളപ്പുറം, ഘടിക്കാൽ, പന്തിക്കാൽ,കുണ്ടൂപ്പള്ളി പട്ടുവം, മൈലാട്ടി, രംഗത്തുമല, കമ്മാടി, ഗാന്ധിപുരം, ഓട്ടമല,ബിംബുംകാൽ എന്നീ സ്ഥലങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. മൂന്നു കിലോമീറ്ററോളം നടന്ന് കുടിവെള്ളം ശേഖരിക്കേണ്ട സാഹചര്യം പല സ്ഥലത്തും നിലവിലുണ്ട്. ജല ദൗർലഭ്യം ജനങ്ങൾക്കിടയിൽ സംഘട്ടനങ്ങൾക്കു വരെ വഴിതെളിച്ചിട്ടുണ്ട് എന്നത് ഖേദകരമായ അവസ്ഥയാണ്.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1. സ്വന്തമായി കിണറുകൾ ഇല്ലാത്ത വീടുകൾക്ക് കിണർ കുഴിക്കുന്നതിന് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നല്കുക.

2. താന്നിക്കാൽ, കുളപ്രം എന്നീ സ്ഥലങ്ങളിൽ വനത്തിനുള്ളിലുള്ള പ്രകൃതിദത്ത ജലസ്രോതസ്സിൽ നിന്നുമുള്ള ജലം ശേഖരിച്ച് 8, 7 വാർഡുകളിൽ വിതരണം ചെയ്ത് കുടിവെള്ളക്ഷാമം പരിഹരിക്കുക.

3. കുടിനീർ ക്ഷാമം അനുഭവപ്പെടുന്ന എല്ലാ പ്രദേശങ്ങളിലും കുഴൽ കിണറുകളോ പൊതു കിണറുകളോ സ്ഥാപിക്കുക.

4. കൊട്ടോടിയിൽ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ അപാകതകൾ പരിഹരിച്ച് പദ്ധതി

കൂടുതൽ പ്രദേശങ്ങൾക്ക് പ്രയോജനപ്പെടുന്നരീതിയിൽ വിപുലീകരിക്കുക.

5. കുടിവെള്ളം ലഭ്യമല്ലാത്ത വിദ്യാലയങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

6. ജല ശുദ്ധീകരണത്തിന് ക്ലോറിനേഷൻ പോലുള്ള പരിപാടികൾ കാര്യക്ഷമമാക്കുക.

7. നീലിമലയിൽ ലഭ്യമായ വെള്ളം സംഭരിച്ച് പൈപ്പ് വഴി സമീപ പ്രദേശങ്ങളിൽ വിതരണം ചെയ്യുക.

8. ഉപയോഗ ശൂന്യമായി കിടക്കുന്ന പൊതു കിണറുകൾ, കുളങ്ങൾ, കുഴൽ കിണറുകൾ എന്നിവ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ യോഗ്യമാക്കുക.

9. പുഴവെള്ളം മലിനപ്പെടുത്തുന്നതു തടയുകയും മലിനീകരണത്തിനെതിരേ മുന്നറിയിപ്പ് ഫലകം (Sign board) സ്ഥാപിക്കുകയും ചെയ്യുക.

10. ചിറംകടവിലുള്ള വാട്ടർ അതോറ്റി പദ്ധതി മുഖേന ബളാംതോട് വരെ കുടിവെള്ളം എത്തിക്കുക.

11. കുണ്ടുപ്പള്ളിയിലുള്ള കൃഷിഭവന്റെ കിണറിൽ, കാറ്റുകൊണ്ടു പ്രവർത്തിക്കുന്ന പമ്പ് സ്ഥാപിച്ച് കൂടുതൽ കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുക.

12. പരിയാരത്ത് സ്ഥിതി ചെയ്യുന്ന നീരുറവയിലെ ജലം സംഭരിച്ച് പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുക.

13. പാണത്തൂർ പുഴക്ക് നെല്ലിക്കുന്ന് ഭാഗത്ത് ചെക്ക് ഡാം നിർമ്മിക്കുക.

14. ആരോഗ്യ വകുപ്പിന്റെ സേവനം പ്രയോജനപ്പെടുത്തി കുടിവെള്ളം സൂക്ഷ്മാണു പരിശോധന നടത്തി രോഗാണു വിമുക്തമാണ് എന്ന് ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുക.

"ഒരു രാജ്യത്തെ ജനങ്ങളുടെ ആരോഗ്യ നിലവാരം ആ രാജ്യത്ത് നിലവിലുള്ള വാട്ടർ ടാപ്പുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കുന്നു" എന്ന ലോകാരോഗ്യ സംഘടനയുടെ പ്രസ്താവനയിൽ നിന്നും ആരോഗ്യസംരക്ഷണത്തിനു കുടിവെള്ളത്തിനുള്ള സ്ഥാനം വ്യക്തമാകുന്നു.

ജനകീയ പങ്കാളിത്തത്തോടെ ഉള്ള ആസൂത്രണത്തിന്റെയും അവയുടെ ചിട്ടയായ നടത്തിപ്പിന്റേയും ഫലമായി നമ്മുടെ മഹത്തായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാൻ സമീപ ഭാവിയിൽ നമുക്കാവും എന്ന് പ്രത്യാശിക്കാം.

പട്ടിക – 6

ക്രമ നമ്പർ	ജലസ്രോതസ്സ്	എണ്ണം
1	സ്വകാര്യ കിണറുകൾ	4200
2	പൊതു കിണറുകൾ	15
3	കുഴൽ കിണറുകൾ	24
4	പൊതുടാപ്പുകൾ	49
5	കുളങ്ങൾ, നീരുറവകൾ	5
6	തോടുകൾ, പുഴകൾ	3

പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് നടന്ന
ആസുത്രണ ശിൽപ്പശാല 96 ഫെബ്രുവരി 19.

073

പാർപ്പിടവും സാമൂഹ്യക്ഷേമവും

ഏതൊരു മനുഷ്യന്റെയും സ്വപ്നമാണ് സ്വന്തമായൊരു വീട്. ജീവിതത്തിന്റെ നല്ല കാലഘട്ടവും സമ്പാദ്യത്തിന്റെയും പരിശ്രമത്തിന്റെയും ഏറ്റവും കൂടിയ വിഹിതവും നീക്കി വെക്കുന്നത് ഭവന നിർമ്മാണത്തിനാണ്. അതു കൊണ്ട് തന്നെ നമ്മുടെ സാമൂഹ്യ ജീവിതത്തിൽ പാർപ്പിട പ്രശ്നങ്ങൾക്ക് ഏറ്റവും ഉയർന്ന സ്ഥാനമാണുള്ളത്.

മലയോര മേഖലയായ പനത്തടി ഗ്രാമ പഞ്ചായത്തിൽ പാർപ്പിട നിർമ്മാണ രംഗത്തിന് അതിന്റെതായ സ്ഥാനവും പ്രത്യേകതകളും ഉണ്ട്. ജനസംഖ്യാ വിതരണത്തിൽ നമ്മുടെ ജനവിഭാങ്ങളിൽ 60%ത്തോളം ഒരു ഏക്കറോ അതിലധികമോ ഭൂമി കൈവശം ഉള്ള ഇടത്തരം കർഷകരാണ്. ഇതിൽ 10%ത്തോളം ഉയർന്ന ജീവിത സാഹചര്യം ഉള്ളതും സാമ്പത്തിക ശേഷി ഉള്ളവരും ആണ്. ഈ വിഭാഗത്തിൽപ്പെട്ട മിക്കവാറും ആളുകൾ തങ്ങളുടെ നിലക്കനുസരിച്ച് പാർപ്പിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ 30%ത്തോളം ജനങ്ങൾ 20 സെൻറിനും 1 ഏക്കറിനും ഇടയിൽ ഭൂമി കൈവശമുള്ള പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരും കർഷക തൊഴിലാളികളും ആണ്. ഈ മേഖലയിൽ ഉള്ളവർക്കും 20 സെൻറിന് താഴെ ഉള്ളവരും ഭൂരഹിതരും ഉൾപ്പെടുന്ന 10%ത്തോളം വരുന്ന ആളുകൾക്കുമാണ് ഭവന നിർമ്മാണ രംഗത്ത് കൂടുതൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നത്.

കൂട്ടുകുടുംബ സംബ്രദായത്തിൽ നിന്ന് അണു കുടുംബത്തിലേക്കുള്ള മാറ്റം ഭവന നിർമ്മാണ രംഗത്ത് ഒരു വേലിയേറ്റം തന്നെ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളിലായി ഉണ്ടായിട്ടുള്ള കുടിയേറ്റവും ഈ മേഖലയുടെ പ്രസക്തി വർദ്ധിപ്പിച്ചു.

താഴ്ന്ന വരുമാനക്കാരുടെ ഇടയിൽ ഓല, പുല്ല് എന്നിവ കൊണ്ട് മേൽകൂര മേഞ്ഞതും, മൺക്കട്ട ഉപയോഗിച്ച് ഭിത്തി കെട്ടിയ വീടുകളും ആണ് അധികവും ഉള്ളത്. ഇടത്തരം വരുമാനക്കാരിൽ ഇഷ്ടിക ഉപയോഗിച്ച് ഭിത്തികെട്ടിയതും മരം ഉരുപ്പടികൾ കൊണ്ട് മേൽക്കൂര നിർമ്മിച്ചതും, ഓട്, ആസ്ബറ്റോസ് ഷീറ്റ് എന്നിവ ഉപയോഗിച്ച് മേൽക്കൂര മേഞ്ഞതുമായ വീടുകളാണ് നിലവിൽ ഉള്ളത്. ഉയർന്ന വരുമാനക്കാർക്ക് കേരളത്തിലെ മറ്റ് എല്ലാ മേഖലകളേയും പോലെ കോൺക്രീറ്റ് വീടുകളോടാണ് ആഭിമുഖ്യം ഉള്ളത് എന്നാൽ പുരാതന ശൈലിയിൽ ഓട് മേഞ്ഞ വീടുകളെ നിലനിർത്തികൊണ്ട് അതിനോടനുബന്ധമായി മുൻഭാഗങ്ങളിലും പാർശ്വഭാഗങ്ങളിലും കോൺക്രീറ്റ് ചെയ്ത് മോടിയും വലിപ്പവും വർദ്ധിപ്പിച്ചു കൊണ്ട് പൗരാണിക രീതിയുടേയും ആധുനിക രീതിയുടേയും സമ്മിശ്രമായ ഭവന നിർമ്മാണരീതി നമ്മുടെ പ്രദേശത്തിന്റെ ഒരു പ്രത്യേകത തന്നെയാണ്. അടുത്തകാലത്തായി ആധുനിക രീതിയിൽ എല്ലാ വിധസംവിധാനത്തോടും കൂടിയ അപൂർവ്വം ചില വീടുകൾ ഈ ഗ്രാമ പഞ്ചായത്തിൽ നിർമ്മിച്ചു വരുന്നുണ്ട് എന്നാൽ ഭവന നിർമ്മാണ രംഗത്ത് വിപ്ലവകരമായ ചലനങ്ങൾ സൃഷ്ടിച്ച ലോകപ്രശസ്തനായ ലാറി ബേക്കർ രൂപകൽപ്പന ചെയ്ത ചിലവു കുറഞ്ഞ ബെക്കർ മോഡൽ വീടുകളുടെ നിർമ്മാണം ഈ പഞ്ചായത്തിൽ വേണ്ട രീതിയിൽ കടന്നു വന്നിട്ടില്ല.

വിവിധ രീതിയിലുള്ള ഭവന നിർമ്മാണത്തോട് പഞ്ചയാത്തിലെ ജനങ്ങൾക്കുള്ള ആഭിമുഖ്യം താഴെ കൊടുത്ത പട്ടികയിലൂടെ വ്യക്തമാക്കുന്നു.

പട്ടിക 14 അവലംബം കെട്ടിടനികുതി അസസ്മെൻറ് രജിസ്റ്റർ

പനത്തടി ഗ്രാമപഞ്ചായത്ത് 1996ലെ കെട്ടിടങ്ങളെ സംബന്ധിച്ച കണക്ക്

വാർഡ്	ആകെ	2 നില	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	699	1	33	363	257	45
II	792	19	68	329	294	82
III	811	15	76	398	261	61
IV	790	34	89	362	241	64
V	1044	12	93	483	374	82
VI	1156	20	118	507	452	59
VII	961	2	21	477	418	43
VIII	872	8	19	443	331	71
IX	681	-	14	303	262	102
X	806	14	22	384	291	95
XI	1179	27	39	504	463	146
XII	969	4	11	497	362	95
XIII	734	-	8	382	290	54
ആകെ	11494	156	611	5432	4296	999

മേൽപ്പട്ടിക സൂചിപ്പിക്കുന്നത് ഓട് ഇട്ടതും ഓല മേഞ്ഞതുമായ വീടുകൾക്കാണ് പ്രാമുഖ്യം എന്നുള്ളതാണ്. അവയുടെ ശതമാനക്കണക്ക് താഴെക്കൊടുക്കുന്നു

പട്ടിക - 2

മേൽക്കൂര ഓട് മേഞ്ഞത്	47 . 26%
മേൽക്കൂര ഓല മേഞ്ഞത്	37 . 37%
കോൺക്രീറ്റ് ഒരു നില	5 . 31%
കോൺക്രീറ്റ് രണ്ടുനില	1 .36%
മറ്റുള്ളവ	8 . 7%

സമീപകാലങ്ങളിലായി കോൺക്രീറ്റ് വീടുകളോടുള്ള ആഭിമുഖ്യം വർദ്ധിച്ചു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. വർദ്ധിച്ചതോതിൽ ഇല്ലെങ്കിലും ഒറ്റപ്പെട്ട നിലയിൽ ഗൾഫ് മേഖലകളിൽ ജോലി ഉള്ളവരുടെ സാന്നിദ്ധ്യവും, കഴിഞ്ഞ ഏതാനും വർഷങ്ങളിലായി റബ്ബർ ക

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞ 15 വർഷങ്ങളിൽ ഭവന നിർമാണരംഗത്തെ ഒരു പരിഛേദം താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക - 3

അവലംബം കെട്ടിട നികുതി അസസ്മെൻറ് രജിസ്റ്റർ

വർഷം	ഓല	ഓട്	ഷീറ്റ്	കോൺക്രീറ്റ്	ആകെ
1980-81	53	53	1	24	131
1985-86	36	44	1	5	86
1990-91	64	35	9	62	170
1995-96	71	45	14	89	219

പ്രവണതയ്ക്ക് നിദാനം എന്ന് ചൂണ്ടികാണിക്കപ്പെടുന്നു. എങ്കിലും ഭവനനിർമ്മാണ രംഗത്തെ അതിരൂക്ഷമായ വിവിധ പ്രശ്നങ്ങളുടെ പരിണിത ഫലമായി നിർമ്മാണത്തിൻെറ വർദ്ധനവ് ആപേക്ഷികമായി കുറവാണെന്ന് താഴെ കൊടുക്കുന്ന പട്ടിക സൂചിപ്പിക്കുന്നു.

075



93-94 വർഷത്തിൽ ഒഴികെ ഭവനനിർമ്മാണ പ്രക്രിയയുടെ ഗതിവേഗ തീവ്രത കുറഞ്ഞതാണെന്ന് അന്യത്ര ചേർത്ത ഗ്രാഫ് വ്യക്തമാക്കുന്നു.

നമ്മുടെ മേഖലയിലെ പാർപ്പിട പ്രശ്നപരിഹാര ശ്രമങ്ങളെ രണ്ടായി തിരിക്കാം.

1. *സൗജന്യമായി ഭവനം നിർമ്മിച്ചു നൽകൽ*

പനത്തടി ഗ്രാമ പഞ്ചായത്തിലെ 16% പട്ടിക ജാതിയിൽപ്പെട്ടവരും 19% പട്ടികവർഗ്ഗത്തിൽപ്പെട്ടവരുമാണ്. ഇവർ യഥാക്രമം 1035, 949 കുടുംബങ്ങളിലായി 110 കോളനികളിൽ വ്യാപിച്ചു കിടക്കുന്നു. കൂടാതെ ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്കും സൗജന്യമായി വീടുകൾ നിർമ്മിച്ചുനൽകേണ്ടതായിട്ടുണ്ട് ഇവരുടെ വാരഡ് തിരിച്ച പട്ടിക താഴെ കോടുക്കുന്നു.

പട്ടിക - 5 ആവശ്യമായ വീടുകളുടെ വിവരം അവലോകനം I R D P കണക്ക്

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (I R D P)	വിവിധ പരിപാടികളിൽ അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനുയും പൂർത്തിയാക്കാത്തവ	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
1	2	3	4	5	6
I	122	9	7	2	113
II	80	8	6	2	72
III	129	9	8	1	120
IV	150	29	20	9	121
V	175	11	9	2	164
VI	180	25	20	5	155
VII	160	23	17	6	137
VIII	134	21	19	2	113
IX	127	19	16	3	108
X	184	28	25	3	156
XI	190	17	15	2	125
XII	139	14	12	2	125
XIII	125	11	10	1	114
	1895	224	184	40	1671

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് വിവിധ പദ്ധതികളിൽപ്പെടുത്തി പഞ്ചായത്തും മറ്റ് സർക്കാർ ഏജൻസികളും വീടുകൾ നിർമ്മിച്ചു നൽകുന്നുണ്ട്. പഞ്ചായത്ത് നേരിട്ട് നിർമ്മിക്കുന്ന ജവഹർ റോസ്ഗാർ യോജന, ഇന്ദിര ആവാസ് യോജന, മില്യൻ വെൽ പദ്ധതി എന്നിവയാണ് പ്രധാന പദ്ധതികൾ.

കൂടാതെ പട്ടിക ജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളും ഈ രംഗത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്നു. എങ്കിലും ആവശ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഇങ്ങനെ നിർമ്മിക്കുന്ന വീടുകളുടെ എണ്ണം തികച്ചും അപര്യാപ്തമാണ്.

പട്ടിക 6 വിവിധ പദ്ധതികളിലായി നിർമിച്ച വീടുകൾ

	ആകെ	1991-92	1992-93	1993-94	19994-95	1995-96
ജെ ആർ വൈ	176	25	32	43	41	35
ഐ വി പി	63	10	13	14	12	14
എം ഡബ്ല്യു എസ്	97	36	15	15	15	16
	336	71	60	72	68	65

പട്ടികജാതി മേഖലയിൽ 60%വും പട്ടികവർഗ്ഗ മേഖലകളിൽ 30% കുടുംബങ്ങൾക്കും താമസയോഗ്യമായ ഭവനങ്ങൾ ആവശ്യമാണെന്നാണ് പഞ്ചായത്തുതല പഠനങ്ങൾ സൂചിപ്പിക്കുന്നത്.

2. ഭവന നിർമ്മാണത്തിന് വായ്പകളും ഇതര സഹായങ്ങളും ലഭ്യമാക്കേണ്ട വിഭാഗം

ഇടത്തരം ചെറുകിട കർഷകരാണ് നമ്മുടെ ജനവിതരണത്തിൽ ഭൂരിഭാഗവും എന്ന് നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലൊ. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് വിവിധ ബാങ്കുകളും സഹകരണ സ്ഥാപനങ്ങളും ഭവന നിർമ്മാണ ബോർഡും അടക്കം ഉള്ള ഏജൻസികളും നൽകിവരുന്ന വായ്പകൾ ഉപയോഗിച്ചാണ് ഈ വിഭാഗം വീടുകൾ നിർമ്മിച്ചു വരുന്നത്. കേരള ഭവനനിർമ്മാണ ബോർഡിന്റെ കൈരളി, രാജീവ് ദശലക്ഷം പദ്ധതി എന്നിവ സാർവ്വത്രികമായി ചർച്ച ചെയ്യപ്പെട്ടുവെങ്കിലും ഈ മേഖലയിലെ പ്രശ്നത്തിന് പരിഹാരമായിട്ടില്ല. ബോർഡ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള മൈത്രി ഭവന നിർമ്മാണ പദ്ധതി ഏറ്റവും അധികം പ്രയോജനപ്പെടുത്തേണ്ട ഒരു മേഖലയാണ് നമ്മടെ ഗ്രാമ പഞ്ചായത്ത്. കേരള ഹൗസിംഗ് ബോർഡിന്റെ വിവിധ വായ്പകളെക്കുറിച്ചും മൈത്രി ഭവന നിർമ്മാണ പദ്ധതിയെക്കുറിച്ചും ഈ റിപ്പോർട്ടിന്റെ അവസാനം പ്രതിപാദിച്ചിട്ടുണ്ട്. ഹോസ്ദുർഗ്ഗ് സഹകരണ ഗ്രാമ വികസന ബാങ്ക്, കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്, ഹോസ്ദുർഗ്ഗ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയാണ് ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ഏജൻസികൾ.

ഗ്രാമസഭ നിർദ്ദേശങ്ങളും പ്രശ്നങ്ങളും

1. താമസ യോഗ്യമായ പാർപ്പിടങ്ങൾ ഇല്ലാത്ത എല്ലാവർക്കും വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

2. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിജ്ഞാനം ആവശ്യമുള്ള എല്ലാവർക്കും ലഭ്യമാക്കണം.

3. ചിലവ് കുറഞ്ഞ ഭവന നിർമ്മാണ സാമഗ്രികൾ ലഭ്യമാകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.

4. സാമ്പത്തികമായി പിന്നോക്കം നിൽകുന്ന ജനവിഭാങ്ങൾക്ക് കൂടി കൂടുതൽ പരിഗണന ലഭിക്കുന്ന തരത്തിൽ ഭവന നിർമ്മാണനയത്തിൽ മാറ്റം വരുത്തണം.

5. ഭൂരഹിത കർഷക തൊഴിലാളികൾക്ക് പുനരധിവാസ പദ്ധതിയിൽപ്പെടുത്തി പഞ്ചായത്തുവക ഭൂമി അനുവദിച്ചു കൊടുത്തവർക്ക് വീട് നിർമ്മിച്ചു നൽകുക.

6. ഭവന നിർമ്മാണ വായ്പകൾ എളുപ്പത്തിലും യഥാസമയത്തും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

7. മുൻകാലങ്ങളിൽ വിവിധ പദ്ധതികളിൽപ്പെടുത്തി നിർമ്മിച്ചതും കാലഹരണപ്പെട്ടതുമായ വീടുകൾ പുതുക്കി പണിയുന്നതിനുള്ള സഹായം ലഭ്യമാക്കുക.

പ്രശ്നപരിഹാരം നിർദ്ദേശങ്ങൾ

1. പ്രാഥമിക സഹകരണ ബാങ്കുകൾ മുഖാന്തിരം ഭവന നിർമ്മാണ വായ്പ ലഭ്യമാക്കുക. അതുവഴി താഴെ പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകണം.

- സഹകരണ ബാങ്കിലെ അംഗങ്ങൾക്ക് എളുപ്പത്തിൽ വായ്പകൾ ലഭിക്കുന്നു.

- ഭവന നിർമ്മാണ വായ്പ്പാ രംഗത്ത് അനിവാര്യമായ മത്സരം ഉറപ്പു വരുത്തുന്നു.

- വായ്പ്പാ സൗകര്യങ്ങൾ ജനകീയവൽക്കരിച്ചു കൊണ്ട് സൗകര്യപ്രദമായ രീതിയിൽ വായ്പ്പ ലഭ്യമാക്കാൻ കഴിയും.

- വായ്പ്പ ദുരുപയോഗം തടയുവാൻ സാധിക്കും.

- സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ കഴിയുന്നു.

2. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് പരിഹരിക്കുന്നതിന് ചിലവ് കുറഞ്ഞ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക.

3. നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഉറപ്പ് വരുത്തുകയും വ്യാപകമാക്കുകയും ചെയ്യുക.

4. ഭവന നിർമ്മാണ ബോർഡിന്റെ വായ്പ്പാ പദ്ധതികൾ പഞ്ചായത്തുകളുമായി ചർച്ച ചെയ്യുകയും, പഞ്ചായത്തുകൾ ശുപാർശ ചെയ്യുന്ന വായ്പ്പകൾ അനുവദിക്കുകയും ചെയ്യുക.

5. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ഉള്ള വിദഗദ്ധരെ ബ്ലോക്ക് പഞ്ചായത്തു തലത്തിൽ നിയമിക്കുകയും അവരുടെ സേവനം പഞ്ചയാത്തുതലത്തിൽ ലഭ്യമക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. നിശ്ചിത സംഖ്യയിൽ കൂടുതൽനിർമ്മാണ ചിലവ് വരുന്ന വീടുകൾക്ക് വർദ്ധിച്ച തോതിൽ നികുതി ഏർപ്പെടുത്തി നിർമ്മാണരംഗത്തെ ആഡംബരച്ചിലവ് നിയന്ത്രിക്കുക.

7. നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുകയും അവയ്ക്ക് ഉയർന്ന നിലവിലുള്ള സബ്സിഡി ലഭ്യമാക്കുകയും ചെയ്യുക.

8. വിവിധ ഏജൻസികളുടെ ഭവന നിർമ്മാണ പദ്ധതികൾ പൂർണ്ണമായ നിർവ്വഹണവും മേൽനോട്ടവും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുകയും ചെയ്യുക.

9. ഭവന നിർമ്മാണ രംഗത്തുള്ള വിവിധ സർക്കാർ, അർദ്ധ സർക്കാർ, സഹകരണ ഏജൻസികളുടെ സംയോജിത പ്രവർത്തനം ഉറപ്പ് വരുത്തുന്നതിന് ജില്ലാ പഞ്ചയാത്തിന്റെ മേൽനോട്ടത്തിൽ ഒരു ജില്ലാ കോർഡിനേഷൻ കമ്മറ്റി രൂപീകരിക്കുകയും, ഒരോ ഏജൻസിക്കും ടാർജറ്റ് നിശ്ചയിക്കുകയും ചെയ്യുക.

10. ചിലവ് കുറഞ്ഞ ഭവന നിർമ്മാണത്തെക്കുറിച്ച് പഞ്ചായത്തുതലത്തിൽ ബോധവൽക്കരണം നടത്തുക.

11. നിർമ്മാണ തൊഴിലാളികൾക്ക് യഥാവസരം സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

12. ഭവന നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികളുടെ നിർമ്മാണം പ്രാദേശികതലത്തിൽ പ്രോൽസാഹിപ്പിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുക (ചുടുകട്ട, ഹോളോബ്രിക്സ്, ജില്ലി, ചെങ്കല്ല് തുടങ്ങിയവ) മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒരു പ്രധാന ഇനമായ പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, എല്ലാവർക്കും വാസയോഗ്യമായ വീട് എന്ന സങ്കൽപ്പത്തെ യാഥാർത്ഥ്യമാക്കുന്നതിനും ദീർഘവീക്ഷണത്തോടും യാഥാർത്ഥ്യബോധത്തോടും കൂടിയ കൂട്ടായ യത്നം ആവശ്യമാണ്. പ്രതിസന്ധികളെയും പ്രയാസങ്ങളെയും അതിജീവിക്കാനുള്ള നിശ്ചയദാർഡ്യത്തോടെ ഇതിനു വേണ്ടിയുള്ള തീവ്രയത്നത്തിന് നമുക്ക് പങ്കാളികളാവാം.

അനുബന്ധം

ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ പ്രധാനമായി നടപ്പിലാക്കി വരുന്ന വിവിധ വായ്പാ പദ്ധതികളുടെ വിവരം

1. മൈത്രീ ഭവന പദ്ധതി (ദുർബ്ബല ജനവിഭാഗങ്ങൾ)

1. വായ്പ തുക 30,000-00

(വായ്പ 19,000-00 സബ്സിഡി 9,000-00, സന്നദ്ധ സംഘടന വിഹിതം 1,000-00 ഉപഭോക്താവിന്റെ വിഹിതം 1,000-00)

2. പലിശ നിരക്ക് 13.5%

(എല്ലാമാസവും 10-ാം തീയ്യതിക്കു മുമ്പായി കൃത്യമായി വായ്പാ തുക തിരിച്ച് അടക്കുന്നവർക്ക് 5% പലിശ ഇളവ് ലഭിക്കുന്നു 8.5%)

3. കടം തിരിച്ച് അടക്കേണ്ട കാലാവധി 14 വർഷം

4. കൈവശം ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ഭൂമി 2 സെൻറ്.

5. കുടുംബ വാർഷിക വരുമാനം 21,600-00

6. അപേക്ഷ ഫോറത്തിന്റെ വില 2 രൂപ.

7. പൊതു നിർദ്ദേശം.

വീട് വെയ്ക്കുന്ന സ്ഥലത്തിന്റെ അസ്സൽ പ്രമാണവും മുൻ ആധാരവും സ്ഥലത്തിന്റെ കൈവശ സർട്ടിഫിക്കറ്റ് വരുമാന സർട്ടിഫിക്കറ്റ്, നികുതി രശീതി 13 വർഷത്തെ കുടിക്കട (ബാദ്ധ്യത) സർട്ടിഫിക്കറ്റ്, പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമില്ല എന്നുള്ള സർട്ടിഫിക്കറ്റ്, പാസ്പോർട്ടു സൈസിലുള്ള 2 കോപ്പി ലൊക്കേഷൻ മാപ്പ്

2. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി

വായ്പാ തുക	പലിശ നിരക്ക്	തിരിച്ച് അടക്കേണ്ട കാലാവധി	മാസംതോറും അടക്കേണ്ട തുക	കൈവശംവേണ്ട കുറഞ്ഞ ഭൂമി	കുടുംബി വാർഷിക വരുമാനം	അപേക്ഷാ ഫോറത്തി ന്റെ വില
1. താഴ്ന്ന വരു 34,000	15.5%	14 വർഷം	499	3 സെൻറ്	21601മുതൽ	5 രൂപ
മാനവിഭാഗം 55,000	,,	,,	807	,,	31801വരെ	
2. ഇടത്തരംവരു 1,00,000	18.75%	10വർഷം	1935	4 സെൻറ്	31801മുതൽ	10രൂപ
മാനവിഭാഗം 1,75,000	,,	,,	3385	,,	53400വരെ	
3. ഉയർന്നവരു 2,00,000	19.25%	10 വർഷം	3933	5സെൻറ്	53400നു	15രൂപ
മാന വിഭാഗം 3,00,000	,,	,,	5899	,,		

സാമൂഹ്യ ക്ഷേമം

ഏറെകാലമായി വിവിധ തലങ്ങളിൽ നടത്തി വരുന്ന വികസന പ്രവർത്തനങ്ങൾ പഞ്ചായത്തിലെ സാമൂഹ്യക്ഷേമത്തിന്റെ നിലവാരം വളരെ ഉയർത്തിയിട്ടുണ്ട്. സാമൂഹ്യക്ഷേമ പദ്ധതികളുടെ കാര്യക്ഷമമായ നിർവഹണമാണ് ഒരു പരിഷ്കൃത സമൂഹത്തിന്റെ അളവുകോൽ. എന്നിരുന്നാലും വേണ്ടത്ര ഫലപ്രദമായ രീതിയിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ എന്നതിനെ കുറച്ച് വസ്തു നിഷ്ടമായി കണക്കാക്കുന്നിനുള്ള ശാസ്ത്രീയ പഠനങ്ങൾ ഒന്നും നടന്നിട്ടില്ല. മലയോര മേഖലയായ നമ്മുടെ പനത്തടി പഞ്ചായത്തിലെ പൊതുവെയുള്ള ജനങ്ങളുടെ സാമ്പത്തിക സ്ഥിതി ശരാശരിയിൽ താഴെയാണ്. ഈ സാഹചര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ കോർപ്പറേഷനുകളും ബോർഡുകളും, നടപ്പിലാക്കുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങളിലേക്ക് ഒരു എത്തി നോട്ടമാണ് ഇവിടെ നടത്തുന്നത്.

ഐ. ആർ. ഡി. പി. അഥവാ സംയോജിത ഗ്രാമവികസന പരിപാടി

നിലവിലുള്ള ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ 3660 കുടുംബങ്ങൾ ദാരിദ്ര രേഖയ്ക്ക് താഴെയാണ്. ഇതിൽ 1652 കുടുംബങ്ങൾ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെടുന്നവരാണ്. ആകെയുള്ള 3660 കുടുംബങ്ങളിൽ നിന്നും 384 കുടുംബങ്ങൾക്ക് വിവിധ പദ്ധതികൾക്കായി വിവിധ ബാങ്കുകളിൽ നിന്ന് വായ്പയും ധനസഹായവും ലഭിച്ചിട്ടുണ്ട്. ഇതിൽ 196 കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെടുന്നവരാണ്. ആകെയുള്ള 384 കുടുംബങ്ങൾക്ക് ധനസഹായം ലഭിച്ചിട്ടുള്ളതിൽ 111 കുടുംബങ്ങൾ ദാരിദ്ര രേഖയ്ക്ക് മുകളിൽ എത്തിയിട്ടുണ്ട്.

ഐ. ആർ. ഡി. പി. സർവെ പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ എണ്ണം

വാർഡ് നമ്പർ	സർവെ പ്രകാരം കണ്ടെത്തിയആകെ കുടുംബങ്ങളുടെ	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബ കുടുംബങ്ങൾ	ഇതിൽ SC/ST കുടുംബങ്ങൾ	സഹായംലഭിച്ചത് വഴി ദാരിദ്ര്യരേഖ ക്ക്മുകളിലെത്തിയ കുടുംബങ്ങള-	ദാരിദ്ര്യരേഖയിലും താഴെയുള്ളവർ-സഹാ ലഭിച്ചവർ ഉൾപ്പെടെ
1.	222	85	35	13	8	222
2.	141	68	38	14	8	141
3.	279	147	38	15	10	279
4.	223	110	40	16	14	223
5.	286	98	40	16	15	286
6.	377	169	41	16	13	377
7.	322	148	21	15	8	322
8.	334	142	20	14	7	334
9.	277	122	24	16	6	227
10.	384	160	21	15	5	384
11.	401	171	21	14	5	401
12.	239	102	24	17	7	239
13.	225	130	21	15	5	225
ആകെ	3660	1652	384	196	111	3660

ഈ പദ്ധതിയെ സംബന്ധിച്ച പ്രശ്നങ്ങൾ

1. ഐ.ആർ.ഡി.പി. സർവ്വെ എടുക്കുന്നതിന് ആവശ്യമായ സമയവും സൗകര്യങ്ങളും അനുവദിക്കുക.
2. ഐ.ആർ.ഡി.പി. വായ്പ നല്കുന്ന നടപടി ക്രമങ്ങൾ ലഘൂകരിച്ച് വായ്പ വിതരണം ത്വരിതപ്പെടുത്തുക.
3. വായ്പ തിരിച്ച് അടക്കുന്നതിൽ ഗുണഭോക്താക്കൾ വേണ്ടത്ര ഉത്സാഹം കാണിക്കുന്നില്ല.
4. വായ്പകൾ ദുരുപയോഗം ചെയ്യുന്നു.

5. പദ്ധതിയുടെ നടത്തിപ്പിൽ കാലാകാലങ്ങളിൽ വരുന്ന മാറ്റം ഉൾക്കൊണ്ട് ആവശ്യമായ ധനസഹായം ലഭ്യമാക്കുക.

6. ഐ.ആർ.ഡി.പി. ഉല്പന്നങ്ങൾക്ക് വേണ്ടത്ര വിപണന സൗകര്യവും ഐ.ആർ.ഡി.പി. ഗുണഭോക്താക്കൾക്ക് വേണ്ടത്ര സാങ്കേതിക പരിജ്ഞാനവും ഉണ്ടാക്കുക.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള വരുമാന പരിധി ഉയർത്തുക.
2. കൂടുതൽ കടുംബങ്ങൾക്ക് ധന സഹായം ലഭ്യമാക്കുക.
3. നിലവിലുള്ള സബ്സിഡി സംബ്രദായം വർദ്ധിപ്പിക്കുക.
4. കാർഷിക മേഖലയ്ക്ക് കൂടുതൽ പ്രാമുഖ്യം നല്കുക.
5. പദ്ധതിയെ കുറിച്ച് വിശദമായ ബോധവൽക്കരണം നടത്തുക.
6. വായ്പ ദുരുപയോഗം ചെയ്യുന്നവർക്കെതിരെ നടപടി എടുക്കുക.
7. ഐ.ആർ.ഡി.പി. വായ്പ വിതരണത്തിൽ എല്ലാ ബാങ്കുകളുടേയും നിർലോഭ സഹകരണം ഉറപ്പു വരുത്തുക.
8. 142.68 ച.കി.മീ. വിസ്തീർണ്ണമുള്ള ഈ മലയോര പഞ്ചായത്തിൽ 3 വി.ഇ.ഒ മാരെ നിയമിക്കുക.

ഡി. ഡബ്ല്യു. സി. ആർ.എ. (വനിതാ ശിശു ക്ഷേമ പദ്ധതി)

ഐ.ആർഡി.പി.യുടെ ഒരു അനുബന്ധ പദ്ധതി ആണ് ഡി.ഡബ്ല്യു.സി.ആർ.എ. അഥവാ വനിതാ ശിശുക്ഷേമ പദ്ധതി. സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടിയാണ് ഈ പദ്ധതി പ്രധാനമായും ഊന്നൽ കൊടുക്കുന്നത്. ഐ,ആർഡി.പി. സർവ്വെ ലിസ്റ്റിൽപ്പെട്ട കുടുംബങ്ങളിലെ യുവതികൾ ഈ പദ്ധതിയുടെ കീഴിൽ വരുന്നു. ഈ പദ്ധതി അനുസരിച്ച് പനത്തടി പഞ്ചായത്തിൽ 5 ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റുകൾ പ്രവർത്തിക്കുന്നു. താഴെ ചേർത്തിരിക്കുന്ന പട്ടിക നോക്കുക.

ഡീ ഡബ്ല്യൂ സി ആർ എ പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ് നമ്പർ	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെഎണ്ണം	പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ്
7, 8	കൺഫക്ഷനറി യൂണിറ്റ്	4-96	10	നന്നായി നടക്കുന്നു
10,13	,,	1-96	10	,,
8,10	പശുവളർത്തൽ	94-95	11	,,
2	കൺഫക്ഷനറി യൂണിറ്റ്	94-95	10	,,
2	ജില്ലി നിർമാണം	94-95	11	,,

പ്രശ്നങ്ങൾ

1. യൂണിറ്റുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നത്തിന് ആവശ്യമായ വിപണ സൗകര്യത്തിന്റെ അപര്യാപ്തത.
2. ക്ഷീര വികസന സഹകരണ സംഘങ്ങളുടെ കളക്ഷൻ സെൻററുകളുടെ കുറവ്.
3. ഗുണഭോക്താക്കളുടെ പരിജ്ഞാനകുറവ്
4. യൂണിറ്റുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾക്ക് വിപണിയിൽ വൻകിട നിർമ്മാണ കമ്പനിയുമായുള്ള കിട മത്സരം.

നിർദ്ദേശങ്ങൾ

1. അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ധാരാളം യുവതികളും വീട്ടമ്മമാരും ഉള്ള ഒരു മലയോര പഞ്ചായത്ത് എന്ന നിലയ്ക്ക് കൂടുതൽ ഡി.ഡബ്ലു.സി.ആർ.എ. യൂണിറ്റുകളും അതുപോലെ ഉള്ള തൊഴിൽ സംരംഭങ്ങളും ആരംഭിക്കാവുന്നതാണ്.
2. കാർഷിക മേഖലയ്ക്ക് കൂടുതൽ പ്രാമുഖ്യം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുക. (പശുവളർത്തൽ, നഴ്സറി, പട്ടുനൂൽ പുഴു, കൂൺകൃഷി, ഔഷധസസ്യ ചെടിവളർത്തൽ, ആട് വളർത്തൽ, തേനീച്ച വളർത്തൽ, കോഴി വളർത്തൽ, പച്ചക്കറിത്തോട്ടം)
3. വ്യവസായിക മേഖലയിൽ വേണ്ട പരിശീലനങ്ങൾ കൊടുത്ത് പുതിയ സംരംഭങ്ങൾ തുടങ്ങുക. (ബേക്കറി യൂണിറ്റ്, ചെരിപ്പ് നിർമ്മാണം, റബ്ബർ ബാൻഡ് നിർമ്മാണം, ബാഗ് നിർമ്മാണം, കുട നിർമ്മാണം)

080

ട്രൈസ്സം

ഐ.ആർ.ഡി.പി. യുടെ മറ്റൊരു അനുബന്ധഘടക പരിപാടിയാണ് ട്രൈസം. 18 വയസ്സിനും 35 വയസ്സിനും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഈ പദ്ധതിയിൽ പരിശീലനം നല്കുന്നു. പരിശീലനത്തിന് ശേഷം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ വായ്പയും ധന സഹായവും ബങ്കിൽ നിന്നും ലഭ്യമാകുന്നു. 92-93 മുതൽ ഈ പഞ്ചായത്തിൽ നിന്നും വിവിധ ട്രേഡുകളിൽ പരിശീലനം ലഭിച്ചവരുടെ പട്ടിക താഴെ കൊടുക്കുന്നു.

വാർഡ് നമ്പർ	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
1.	ബീഡിതെറുപ്പ്	18	-	18	-
2.	-	-	-	-	-
3.	കമ്പ്യൂട്ടർ ട്രെയിനിംഗ്	1	-	1	-
4.	പമ്പ്സെറ്റ് റിപ്പയറിംഗ്	1	-	1	-
5.	പമ്പ്സെറ്റ് റിപ്പയറിംഗ്	1	-	1	-
6.	വെൽഡിംഗ്-ഓട്ടോ മെക്കാനിസം-പമ്പ്സെറ്റ് റിപ്പയർ	6	-	6	-
7.	പ്രിൻറിംഗ് - കമ്പോസിംഗ്	2	2	-	-
8.	അഗർബത്തി നിർമാണം	1	1	-	-
9.	പമ്പ്സെറ്റ് റിപ്പയറിംഗ്	2	-	-	2
10.	അഗർബത്തി നിർമാണം	15	15	-	-
11.	-	-	-	-	-
12.	-	-	-	-	-
13.	അഗർബത്തി നിർമാണം	4	4	-	-
	ആകെ	51	22	27	2

പ്രശ്നങ്ങൾ

1. വളരെകുറച്ച് ആൾക്കാർക്ക് മാത്രം പരിശീലനം നല്കുന്നു.
2. പരിശീലനത്തിന്റെ കാലാവധി നീട്ടുക.
3. പരിശീലന സമയത്ത് കൊടുക്കുന്ന സഹായ ധനം കൂട്ടണം.
4. പരിശീലനം നല്കുന്നതിലുള്ള നിബന്ധനകൾ പിൻവലിക്കുക.
5. പ്രാദേശിക അടിസ്ഥാനത്തിൽ പരിശീലനം കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
6. പരിശീലനത്തിന് ശേഷമുള്ള പിൻനടപടികൾ തൃപ്തികരമല്ല.

നിർദ്ദേശങ്ങൾ

1. പരിശീലനം കൊടുക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുക.
2. പരിശീലന സമയത്ത് കൊടുക്കുന്ന സഹായധനം വർദ്ധിപ്പിക്കുന്നതോടൊപ്പം പരിശീലന സമയം കൂട്ടുക.
3. പരിശീലനം ലഭിച്ചവരുടെ ഒരു കൺസോർഷ്യം ബ്ലോക്ക് തലത്തിൽ ഉണ്ടാക്കി വേണ്ടത്ര ഫോളോ അപ്പ് നടപടികൾ നടത്തുക.

4 ടൂൾകിറ്റ് പദ്ധതി

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണിത്. 1992-93 വർഷം മുതൽ ആരംഭിച്ച ആ പദ്ധതി അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 96 കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

താഴെ കൊടുത്തിരിക്കുന്ന പട്ടിക നോക്കുക.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

വാർഡ് നമ്പർ	ഐ.ആർ.ഡി.പി. സർവെ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഈ സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം	കുറിപ്പ്
1.	18	3	15	-
2.	10	4	6	-
3.	18	7	11	-
4.	17	5	12	-
5.	16	6	10	-
6.	26	17	9	-
7.	16	7	9	-
8.	25	22	3	-
9.	21	5	16	-
10.	20	5	12	-
11.	15	4	11	-
12.	16	3	13	-
13.	14	8	6	-
ആകെ	232	96	136	-

സി. [illegible]. എസ്. പി.

ഗ്രാമങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതി ആണ് സി.ആർ.എസ്.പി. ഈ പദ്ധതി അനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് 2000 രൂപ ധനസഹായം നല്കുന്നു. നമ്മുടെ പഞ്ചായത്തിലെ ഐ.ആർ.ഡി.പി. സർവ്വെ അനുസരിച്ച് 1610 കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസ് ഇല്ലാത്തവരാണ്.

പ്രശ്നങ്ങൾ

1. നിലവിൽ അനുവദിക്കുന്ന 2000 രൂപ ധനസഹായം അപര്യാപ്തമാണ്.

2. പഞ്ചായത്തിലെ കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് അനുവദിക്കുക.

നിർദ്ദേശങ്ങൾ

1. കക്കൂസ് നിർമ്മാണത്തിനുള്ള ധനസഹായം 5000 രൂപയാക്കി വർദ്ധപ്പിക്കണം.

2. പഞ്ചായത്തിലെ കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് അനുവദിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി നടപ്പിലാക്കുക.

മില്യൺ വെൽസ് പദ്ധതി

ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി നടപ്പിലാക്കുന്നു.

പ്രശ്നങ്ങൾ

1. മലയോര പഞ്ചായത്ത് ആയ പനത്തടിയിൽ കൂടുതൽ ആളുകൾ ചെറുകിട-പരിമിത കർഷകരാണ്. വളരെ കുറച്ച് കുടുംബങ്ങൾക്ക് മാത്രമാണ് ഇപ്പോൾ ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത്.

നിർദ്ദേശം

പനത്തടി പഞ്ചായത്തിലെ അർഹതപ്പെട്ട എല്ലാവർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുക.

വിവിധ പെൻഷൻ പദ്ധതികൾ

വിവിധ പെൻഷൻ പദ്ധതികൾ നിലവിലുണ്ടെങ്കിലും അർഹരായ മുഴുവൻ ആൾക്കാർക്കും പെൻഷൻ ആനുകൂല്യം ലഭിക്കുന്നില്ല. കൂടാതെ നമ്മുടെ പഞ്ചായത്തിന്റെ സാമൂഹ്യ ജീവിതത്തിൽ എടുത്തു പറയാവുന്ന ഒരു പരിവർത്തനമാണ് മിശ്രവിവാഹം. ദുർബ്ബല വിഭാഗക്കാരായ പട്ടികജാതി പട്ടികവർഗ്ഗക്കാരും ഇതര

വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളും തമ്മിലുള്ള വിവാഹത്തിന്റെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ഈ പ്രവണത എന്ത് കൊണ്ടും പ്രോത്സാഹിപ്പിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം വിവാഹിതരായവർക്ക് സാമൂഹിക സാമ്പത്തിക കാര്യങ്ങളിൽ വേണ്ടത്ര സംരക്ഷണം ലഭിക്കുന്നില്ല. ഇതിന് കൂടുതൽ ഫലപ്രദമായ പദ്ധതികൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. അർഹതപ്പെട്ടവർക്ക് മുഴുവൻ പെൻഷൻ ആനുകൂല്യം ലഭിക്കുന്നില്ല.

2. അർഹതപ്പെട്ടവർക്ക് മാത്രം പെൻഷൻ ആനുകൂല്യം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

നിർദ്ദേശങ്ങൾ

1. എല്ലാ പെൻഷൻ പദ്ധതികളുടേയും അന്വേഷണവും വിതരണവും ഗ്രാമപഞ്ചായത്തിന്റെ ഏൽപ്പിക്കുക.

2. സമയ ബന്ധിതമായി അപേക്ഷകളിൽ തീർപ്പ് കല്പിക്കുക.

പനത്തടി പഞ്ചായത്തിൽ വിവിധ പദ്ധതികളിലായി പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം താഴെ കൊടുക്കുന്നു.

വില്ലേജ്	വിധവ പെൻഷൻ	വാർദ്ധക്യകാല പെൻഷൻ
1. പനത്തടി	48	18
2. കള്ളാർ	32	15
ആകെ	80	33

തൊഴിലില്ലായ്മ

മലയോര മേഖലയായ പനത്തടി പഞ്ചായത്തിൽ തൊഴിൽ രഹിതർ ഏറെയുണ്ടെങ്കിലും എംപ്ലോയിമെന്റിൽ പേര് രജിസ്റ്റർ ചെയ്തവർ വളരെ പരിമിതമാണ്. ഏകദേശം 60 പേർക്ക് മാത്രമാണ് തൊഴിൽ ഇല്ലായ്മ വേതനം ലഭിക്കുന്നത്. വിദ്യാഭ്യാസപരമായി വളരെ മുൻപോട്ട് നിൽക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയിൽ ധാരാളം അഭ്യസ്ത വിദ്യരായ യുവതീയുവാക്കളും സാങ്കേതിക പരിജ്ഞാനം ലഭിച്ചവരും ഇവിടെ ഉണ്ട്. ഈ യുവതീയുവാക്കളുടെ കൂട്ടായ്മ പുതിയ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിന് സാധ്യമാകുമോ എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. അതുപോലെ, പഴയ തലമുറയുടെ അനുഭവസമ്പത്തും തൊഴിൽ വൈഭവവും, അറിവും, പുതിയ തലമുറയിലേക്ക് പകരുന്നതിനുള്ള ശ്രമം നടത്തേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ -

എംപ്ലോയിമെന്റ് രജിസ്ട്രേഷൻ പഞ്ചായത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ആലോചിക്കുക.

നിർദ്ദേശങ്ങൾ -

1. കൂടുതൽ തൊഴിൽ സാധ്യതകളുള്ള മേഖലയിലേക്ക് അഭ്യസ്ത വിദ്യരെ തിരിച്ച് വിടുക.

2. കാർഷിക വ്യവസായിക മേഖലകളിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ കണ്ടെത്തുക.

റേഷനിങ്ങ് സമ്പ്രദായം

1964 -ൽ സംസ്ഥാനത്ത് റേഷനിങ്ങ് സംവിധാനം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ 16 റേഷൻ ഷാപ്പുകൾ പ്രവൃത്തിക്കുന്നു. ഇതിൽ 7 എണ്ണം പനത്തടി സർവ്വീസ് സഹകരണ ബാങ്ക് നേരിട്ട് നടത്തുന്നു.

പ്രശ്നങ്ങൾ

1. റേഷൻ കടകൾ തമ്മിലുള്ള അകലം സാധാരണക്കാരായ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

2. പഞ്ചായത്തിലെ മുഴുവൻ ആൾക്കാർക്കും റേഷൻ കാർഡ് നൽകുന്നതിന് സംവിധാനം ഇല്ല.

നിർദ്ദേശം

1. റേഷൻ കടകൾ തമ്മിലുള്ള അകലം കുറക്കുക.

2. അർഹതയുള്ള എല്ലാവർക്കും റേഷൻ കാർഡ് അനുവദിക്കുക.

പനത്തടി പഞ്ചായത്തിൽ നിലവിലുള്ള റേഷൻ ഷാപ്പുകളുടെ പേർ വിവരവും സ്ഥിതി ചെയ്യുന്ന സ്ഥലവും ആകെ ഉള്ള കാർഡ് ഉടമകളുടെ എണ്ണവും താഴെ ചേർക്കുന്നു.

ക്രമ നമ്പർ	എ. ആർ. ഡി നമ്പർ	റേഷൻകട സ്ഥിതി ചെയ്യുന്ന സ്ഥലത്തിൻറെ പേര്	ആകെയുള്ള കാർഡ് ഉടമകളുടെ എണ്ണം
1.	30	രാജപുരം	356
2.	31	കള്ളാർ	661
3.	32	മാലക്കല്ല്	587
4.	33	പൂടങ്കല്ല്	528
5.	34	പനത്തടി	559
6.	35	കോളിച്ചാൽ	688
7.	36	പാണത്തൂർ	545
8.	37	പാണത്തൂർ - 2	556
9.	44	ബളാൻതോട്	544
10.	157	കൊട്ടോടി	394
11.	168	മാനടുക്കം	307
12.	171	ആടകം	313
13.	178	പാലങ്കല്ല്	332
14.	196	പെരുതടി	206
15.	197	കല്ലപ്പള്ളി	256
16.	187	ചാമുണ്ഡിക്കുന്ന്	199

അംഗൺവാടികൾ

മലയോര മേഖലയായ ഈ പഞ്ചായത്തിൽ ആകെ 20 അംഗൺവാടികൾ മാത്രമാണ് ഉള്ളത്. ഇപ്പോൾ അംഗൺവാടികൾ അനുവദിക്കുന്നതിനുള്ള അനുപാതത്തിൽ മാറ്റം വരുത്തേണ്ടത് വളരെ അത്യാവശ്യമാണ്.

പ്രശ്നങ്ങൾ

1. ഇപ്പോൾ അംഗൺവാടികൾ അനുവദിക്കുന്നത് 1000 കുടുംബങ്ങൾക്ക് ഒരു അംഗൺവാടി എന്ന നിലക്കാണ്. ഇത് മാറ്റി 500 കുടുംബങ്ങൾക്ക് ഒരു അംഗൺവാടി എന്ന സ്ഥിതി വേണം.

2. സ്വന്തമായി കെട്ടിടം എല്ലാ അംഗൺവാടികൾക്കും ഇല്ലാതിരിക്കുക.

3. അംഗൺവാടി ജീവനക്കാർക്കുള്ള സേവനവേതന വ്യവസ്ഥ ഉദാരവത്ക്കരിക്കുക.

4. നിലവിലുള്ള അംഗൺവാടികളിലെ പഠനസൗകര്യവും ഭൗതിക സൗകര്യവും വർദ്ധപ്പിക്കുക.

നിർദ്ദേശങ്ങൾ

1. അംഗൺവാടി അനുവദിക്കുന്നതിനുള്ള ജനസംഖ്യാനുപാതത്തിൽ കാര്യമായ മാറ്റം വരുത്തുക.

2. എല്ലാ അംഗൺവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുക.

3. അംഗൺവാടികളിലെ പോഷകാഹാര വിതരണം കൂടുതൽ കാര്യക്ഷമമാക്കുക.

പനത്തടിപഞ്ചായത്തിൽ നിലവിലുള്ള അംഗൺവാടികളുടെ സ്ഥിതി വിവരകണക്ക് ചുവടെ ചേർക്കുന്നു.

പനത്തടി ഗ്രാമപഞ്ചായത്ത്.

ക്രമ നമ്പർ	സെന്റർ നമ്പർ	താഴെ പറയുന്നവരുടെ പേര്	തെങ്ങിടാ തെങ്ങിടാം കിണർ മുങ്ങാൻ ഇല്ലാത്തവർ			കിണർ മുങ്ങാൻ ഉള്ളവർ		മുങ്ങാൻ അറിയുന്നവർ	നീന്തൽ അറിയുന്നവർ
1	30	പാണത്തൂർ	✓			×	✓		✓
2	31	മൈമക്കാട്ടി	✓			×	✓		
3	32	മല്ലച്ചമുണ്ടി		×		×		×	
4	33	ബെള്ളാരംകൈ	✓		✓		✓		✓
5	34	ഓടക്കല	✓			×	✓		
6	35	പാത്തൻകിരിയൻസ്	✓			×	✓		
7	36	പൈങ്ങാടി	✓			×	✓		
8	37	ഇരിയം മാട്ട്	✓			×	✓		✓
9	38	കടമല	✓			×	✓		
10	39	പനത്തടി	✓			×		×	
11	40	മാനടുക്കം	✓			×	✓		
12	41	പാറക്കയം	✓			×	✓		
13	42	കുറുങ്ങാനം	✓		✓		✓		✓
14	43	കൊടകം	✓			×	✓		
15	44	പുളുന്നിക്കോടി (ഇല്ലിമൂല)	✓			×		×	✓
16	45	രാജപുരം	✓			×		×	
17	46	ചെലിങ്കോടുകയ	✓		✓		✓		✓
18	47	കുടുംബൂർ	✓		✓		✓		✓
19	48	പേരടുക്കം	✓			×	✓		✓
20	49	നീലിമല		×		×		×	
		ആകെ	18	2	4	16	15	5	8

ഗതാഗതം

ആധുനീക ജീവിതത്തിന്റെ ഹൃദയത്തുടിപ്പുകളെ നിയന്ത്രിക്കുന്നതിൽഗതാഗതത്തിനുള്ള പങ്ക് വാച്യാതീതമാണ്. കാർഷീക വ്യാവസായിക മേഖലകളുടെ വളർച്ചയെ നിയന്ത്രിക്കുന്ന അടിസ്ഥാന ഘടകവും ഇതു തന്നെ. ഗതാഗത സൗകര്യത്തിന്റെ അഭാവത്തിൽ വീർപ്പുമുട്ടിയ തദ്ദേശവാസികളും മോഹങ്ങളുടെ ഭാണ്ഡവും പേറി തെക്കൻ ജില്ലകളിൽനിന്നും 40 കളിൽ പനത്തടി പഞ്ചായത്തിൽ കുടിയേറിയവരും, തങ്ങളുടെ അനുഭവ കഥ പുത്തൻ തലമുറക്ക് വിവരിക്കുന്നത് വർദ്ധിച്ച ഹൃദയത്തുടിപ്പുകളോടെ മാത്രമേ കേട്ടിരിക്കാനൊക്കൂ. അതു പഴയ കഥ. കഴിഞ്ഞമൂന്നു പതിറ്റാണ്ടുകൾ ഗതാഗത സൗകര്യത്തിന്റെ കാര്യത്തിൽ മലയോരമണ്ണിൽ വരുത്തിയ മാറ്റങ്ങൾ മുന്നേറ്റത്തിന്റെ മാത്രം കഥ പറയുന്നു. നിസ്വാർത്ഥതയുടേയും ത്യാഗങ്ങളുടേയും കഥ.

കാഞ്ഞങ്ങാട്ടുനിന്നും പനത്തടിയുടെ മണ്ണിൽ എത്തുവാൻ അക്കാലത്ത് മോട്ടോർ വാഹനങ്ങൾ തീരെ ഉണ്ടായിരുന്നില്ല. ഏറിയ കൂറും കാൽനടതന്നെ. പരിമിതമായ തോതിൽ കാളവണ്ടിയും. കന്നിമണ്ണിൽ വിത്തെറിഞ്ഞ് വിയർപ്പുകൊണ്ട് നനച്ച് വിള കൊയ്തവർ വിപണന കേന്ദ്രങ്ങളില്ലാതെ നട്ടം തിരിഞ്ഞു. ഇതു പുത്തൻ പാതകളുടെ നിർമ്മാണത്തിന് അവരെ നിർബന്ധരാക്കി. ഫലമോ, മലമടക്കുകളെ കീറി മുറിച്ചു കൊണ്ട് ചെമ്മൺപാതകൾ പ്രധാന നിരത്തുമായി സന്ധിച്ചു. ഇന്ന് പനത്തടി പഞ്ചായത്തിൽ ഗതാഗത യോഗ്യമായ റോഡുകളുടെ നീളം ഏകദേശം 300 കി.മി. വരും. പട്ടിക 1 കാണുക.

പശ്ചിമഘട്ടത്തിന്റെ താഴ്വരയിൽ വെട്ടിവീഴ്ത്തപ്പെട്ട മരങ്ങൾ വ്യവസായ കേന്ദ്രങ്ങളിലെത്തിക്കുവാൻ നിർമ്മിച്ച കൂപ്പ് റോഡുകളിൽ നിന്ന് ഇന്നത്തെ നിലയിലേക്കുള്ളവളർച്ച നാടിന്റെ സാമ്പത്തിക മേഖലയിൽ തന്നെ ഗുണ പരമായ ചലനങ്ങൾ ഉണ്ടാക്കി. ഇക്കാര്യത്തിൽ നാം ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ട്.

പനത്തടി പഞ്ചായത്തിനോട് തൊട്ടുരുമ്മിക്കിടക്കുന്ന കർണ്ണാടകത്തിന്റെ അതിർത്തിയിലെ പട്ടണങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി ശോചനീയമാണ്. കാഞ്ഞങ്ങാട്ടു നിന്നും മടിക്കേരി വരെയെത്തുന്ന റോഡ് നാഷണൽ ഹൈവേയായി ഉയർത്തിയാൽ അതൊരനുഗ്രഹമാകും. കേരളത്തിന്റെ അതിർത്തി ഗ്രാമമായ ബന്തടുക്കയുമായും വികസ്വരനഗരമായ സുള്ള്യയുമായും പാണത്തൂർ കല്ലപ്പള്ളി വഴി ഗതാഗത യോഗ്യമായ റോഡു വഴി പഞ്ചായത്തി നോടു ബന്ധിപ്പിച്ചാൽ മൈസൂർ, ബാംഗ്ലൂർ, ചെന്നൈ നഗരങ്ങളിലേക്കുള്ള ദൂരം ഗണ്യമായി കുറയും. നിർദ്ദിഷ്ട മലയോര ഹൈവേ ഒരു യാഥാർത്ഥ്യമായാൽ മലയോര പഞ്ചായത്തുകളുടെ മുഖച്ഛായ തന്നെ മാറ്റി മറിക്കപ്പെടും.

ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തികാനുകൂല്യത്തോടെ ഓരോ വർഷവും അറ്റകുറ്റപ്പണികൾ നടത്തപ്പെടുന്ന ഗ്രാമീണ റോഡുകൾ മഴക്കാലമായാൽ നശിക്കുകയാണ് പതിവ്. ഇക്കാര്യത്തിൽ റോഡിന്റെ സമീപവാസികൾ ഒരു സംഘടിതശ്രമം നടത്താതിരിക്കുന്നിടത്തോളം അത് അങ്ങനെ തന്നെ തുടരുകയും ചെയ്യും.

പട്ടിക 2 കാണുക

നിലവിലുള്ള റോഡുകൾ പാലങ്ങളുടെ അഭാവം മൂലം മോട്ടോർ ഗതാഗതം ദുഷ്കരമായ അവസ്ഥയിലുമാണ്. കാഞ്ഞങ്ങാട് പാണത്തൂർ റോഡിന്റെ അവസ്ഥയും ഭദ്രമെന്നു പറയാനാകില്ല. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഇതിന്റെ പല ഭാഗങ്ങളിലെയും പാലങ്ങൾപുതുക്കുകയും അപകട സാധ്യതയുള്ള വളവുകൾ ഒഴിവാക്കുകയും ചെയ്യുന്നതുവരെ അപ്രതീക്ഷിതമായ പ്രശ്നങ്ങൾ നമ്മെ അലട്ടിക്കൊണ്ടിരിക്കും.

.U 0086

പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയായ പാണത്തൂരിലേക്ക് കേരളത്തിന്റെ തെക്കൻ ജില്ലകളിൽ നിന്നുപോലും നിരവധി ബസ്സുകൾ സർവീസ് നടത്തുന്നു. ഇക്കാര്യം പരിഗണിച്ച് പാണത്തൂരിലെ നിർദ്ദിഷ്ട ബസ്സ്റ്റാന്റിന്റെ പണി ത്വരിതഗതിയിലാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സർവീസ് നടത്തുന്ന ഓട്ടോറിക്ഷകൾക്കും മറ്റ് ടാക്സികൾക്കും ആവശ്യമായ പാർക്കിങ് സൗകര്യം അതാതിടങ്ങളിൽ ഉണ്ടാക്കാതിരിക്കുന്നതും നിരവധി പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

പട്ടിക 3 കാണുക

പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന നിരത്തിന്റെ മർമ്മ പ്രധാന ഭാഗങ്ങളിൽ ആവശ്യമായ വെയിറ്റിംഗ് ഷെഡ്ഡുകൾ അടിയന്തിരമായി ഉണ്ടാക്കേണ്ടിയിരിക്കുന്നു.

പട്ടിക 4 കാണുക

പൊതുമരാമത്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തുമായി ആലോചിച്ചു ചെയ്യുന്നതായാൽ അതു ഏറെ ഗുണം ചെയ്യും.

ഒന്നാം വാർഡിലെ നാണം കൊടിലിൽ നിന്നും കുടുംബൂർ, കനിയിലടുക്കം, പൂക്കയം, ബീംബുംകാൽ, തിമ്മംചാൽ, പുലിക്കടവ് , അടുക്കം, വണ്ണാർകയം വഴി കല്ലപ്പള്ളി റോഡു വരെ ഒരു സമാന്തരറോഡ് നിർമ്മിക്കുന്നതായാൽ അത് ഒന്ന്, ഒൻപത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് വാർഡുകളിലൂടെ കടന്ന് പ്രധാന പാലങ്ങളെ സ്പർശിച്ചുകൊണ്ട് ലക്ഷ്യസ്ഥാനത്തെത്തുമ്പോൾ ഗ്രാമ പഞ്ചായത്തിന്റെ വികസന പാതയിൽ ഒരു നാഴിക ക്കല്ലായിത്തീരും.

പഞ്ചായത്തിലെ നിരവധി റോഡുകൾ ശാപമോക്ഷവും കാത്ത് കഴിയാൻ തുടങ്ങിയിട്ട് കാലമേറെയായി.

പട്ടിക 5 കാണുക

നിലവിലുള്ള റോഡുകളിൽ പലതും ദീർഘദൂര വീക്ഷണത്തോടെ പുന:സംവിധാനം ചെയ്താൽ അവ ബസ് സർവീസ് നടത്താവുന്ന പാകത്തിലാകും.

പട്ടിക 6 കാണുക

അനുബന്ധം

പനത്തടിപഞ്ചായത്തിലെ കടവുകളെ സംബന്ധിച്ച്

പനത്തടിപഞ്ചായത്തിന്റെ വിരിമാറിലൂടെ ഒഴുകുന്ന പുഴ വർഷകാലത്ത് നിറഞ്ഞൊഴുകുമ്പോൾ ചില പ്രദേശങ്ങൾ ഒറ്റപ്പെട്ടുപോകുന്നു. ഗതാഗത യോഗ്യമായ പാലങ്ങളുടെ അഭാവമാണ് ഈ ദുരവസ്ഥക്ക് നിദാനം. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് കൊട്ടോടി, കുടുംബൂർ, പനക്കയം എന്നിവിടങ്ങളിൽ പഞ്ചായത്ത് സഹായത്തോടെ കടത്തു വള്ളങ്ങൾ ഉപയോഗിച്ചു വരുന്നു. കൊട്ടോടിയിലും തച്ചർ കടവിലും തൂക്കു പാലം നിർമ്മിച്ചതോടെ ആ പ്രദേശത്തുകാർക്ക് ഒരളവോളം ആശ്വാസമായി. ഇപ്പോൾ കുടുംബൂർ സ്കൂൾ കടവിലും അരിമ്പ്യ കടവിലും കടത്തു വള്ളങ്ങളെ ആശ്രയിച്ചാണ് പുഴ കടക്കുന്നത്. ഇതിന്നാവശ്യമായ ധന സഹായം നൽകുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചുവരുന്നു.

മേൽപറഞ്ഞ വികസന പ്രവർത്തനങ്ങൾ ഒരു സുപ്രഭാതത്തിൽ പൂർത്തിയാക്കാനാകില്ലെങ്കിലും സാമ്പത്തീകമായ സാധ്യതകൾക്കുള്ളിൽ നിന്നു കൊണ്ട് ബഹുജനപങ്കാളിത്തത്തോടെ ചെയ്തു തീർക്കാനാകുന്നതേയുള്ളു. അക്കാര്യത്തിൽ ഒരു കൂട്ടായ ശ്രമമുണ്ടാകും എന്ന ശുഭ പ്രതീക്ഷയോടെ ഈ റിപ്പോർട്ട് സമാപിപ്പിക്കാം.

നിർദ്ദേശങ്ങൾ

1. ഗ്രാമ പഞ്ചായത്തുറോഡുകളുടെ സംരക്ഷണത്തിനായി റോഡ് സംരക്ഷണ സമിതികൾ രൂപീകരിക്കുകയും അവ ഫല പ്രദമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യണം.
2. റോഡിന്റെ വാർഷീക അറ്റകുറ്റപ്പണികൾ ബഹുജന പങ്കാളിത്തത്തോടെ ചെയ്ത് തീർക്കുവാൻ ആവശ്യമായ ശ്രമമുണ്ടാകണം.
3. അതിർത്തി ഗ്രാമങ്ങളുമായി പഞ്ചായത്തിനെ ബന്ധിപ്പിക്കുവാൻ കഴിയുന്ന റോഡുകളുടെ ഒരു പട്ടികയിൽനിന്ന് മുൻഗണനാക്രമത്തിൽ പണികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളുണ്ടാകണം.

ക്രമ നമ്പർ	റോഡിന്റെ പേര്	വാർഡ്	ടാർ ചെയ്തത്	സോളിംഗ്	ചരൽ	വീതി മീറ്റർ	ദൂരം കി.മി
01.	കുടുംബൂർ - കനിയിലടുക്കം	1			*	6	2.127
02.	മാലക്കല്ല് - പെരുമ്പള്ളി	1			*	8	3.624
03.	പെരുമ്പള്ളി - പുലിക്കുഴി	1			*	6	1.401
04.	വാഴവളപ്പ് -ചീറ്റക്കല്ല്	1			*	6	2.500
05.	പെരുമ്പള്ളി - കുടുംബൂർ	1			*	6	1.177
06.	ബിംബുംകാൽ - കുടുംബൂർ കോളനി	1			*	6	2.800
07.	പൂക്കുന്നം കന്നിയിലടുക്കം പാലം	1			*	6	2.000
08.	കുടുംബൂർ പ്ളാവുള്ളക്കയ	1			*	6	1.500
09.	പെരുമ്പള്ളി കന്നിയിലടുക്കം	1			*	6	1.500
10.	അഞ്ചനമുക്കൂട് കുണ്ടൻപാറ	1			*	6	4.000
11.	പുക്കുന്നം ബിംബുംകാൽ	1			*	6	1.500
12.	കൊട്ടോടി കുരംകയ	2			*	6	0.423
13.	കൊട്ടോടി കരിനെച്ചിപാറ	2			*	6	1.210
14.	തൂങ്ങൽ എരുമപ്പുള്ളം	2	*			6	1.500
15.	കൊട്ടോടി പേരടുക്കം	2	*		*	6	1.000
16.	കൊട്ടോടി ഗ്രാഡിപ്പുള്ള	2			*	6	0.485
17.	പുടംകല്ല് ഹോസ്പ്പിറ്റൽ	2			*	6	0.389
18.	ആടകം രാജപുരം	2			*	6	3.000
19.	കൊട്ടോടി മഞ്ഞങ്ങാനം	2			*	6	2.000
20.	കക്കുണ്ട് കോളനി	2			*	6	1.000
21.	പുടംകല്ല് ഇടക്കടവ്	3			*	6	0.680
22.	മണിക്കല്ല് അരക്കുംകാട്	3			*	8	1.455
23.	അരക്കുംകാട് പാലച്ചുരം	3			*	8	0.855
24.	ചുള്ളിക്കര അയ്യങ്കാവ്	3			*	6	2.000
25.	പുടംകല്ല് അയ്യങ്കാവ്	3	*			8	1.000
26.	ഇടക്കടവ് കുറുമാണം	3				6	1.548
27.	ചുള്ളിക്കര ഓട്ടക്കണ്ടം	3			*	6	1.084
28.	ഇടക്കടവ് കൊല്ലറംകോട്	3			*	6	1.640
29.	പയിനിക്കര അയ്യങ്കാവ്	3			*	6	1.048
30.	അയ്യങ്കാവ് ഓണി	3			*	6	1.428
31.	ചുള്ളിക്കര ചേറ്റുകല്ല്	3			*	6	2.000
32.	കൊല്ലറംകോട് കുറുമാണം	3			*	6	1.260
33.	കൊള്ളിക്കൊച്ചി പാടിച്ചിറ	3			*	6	2.500
34.	ചുള്ളിക്കര കരിയത്തുമല	3			*	6	1.500
35.	ചുള്ളിക്കര എൽ.പി.സ്ക്കൂൾ ഇടക്കടവ്	3			*	6	2.000
36.	ചുള്ളിക്കര തൂങ്ങൽ	2			*	6	0.400
37.	വാണിയപ്പാടി പുഞ്ചക്കര	4	*			6	3.000
38.	വണ്ണാത്തിക്കാനം പുഞ്ചക്കര	4			*	6	1.302

ക്രമ നമ്പർ	റോഡിന്റെ പേര്		ടാർ ചെയ്തത്	സോളിംഗ്	ചരൽ	വീതി മീറ്റർ	ദൂരം കി.മീ
39.	പാലംകല്ല് കോട്ടക്കുന്ന്	4			*	6	1.314
40.	മൂണ്ടോട്ട് ഒക്ലാവ്	4			*	6	1.400
41	ഒന്നാമൈൽ - വട്ടിയാർകുന്ന്	4			*	6	1.000
42	രാജപുരം - നൂഞ്ഞി	4			*	6	0.400
43	പറക്കയം - ആടകം	5			*	6	1.252
44.	ചേടിക്കുണ്ട് - ആടകം	5			*	6	1.250
45.	കള്ളാർ - ആടകം	5	*			6	2.805
46.	മാലക്കല്ല് - പെരുമ്പള്ളി	5		*		8	3.624
47.	മാലക്കല്ല് - ചേടിക്കുണ്ട്	5			*	8	0.600
48.	മാലക്കല്ല് - ചേടിക്കുണ്ട് - പുലിക്കുഴി	5			*	8	2.216
49.	മാലക്കല്ല് - പൂക്കയം	5	*			6	2.500
50.	ആടകം -കൊട്ടോടി	5				6	2.000
51.	നീളംകയം - ഒരള	5			*	6	0.810
52	നാട്ടക്കല്ല് - ഒരള	5			*	6	0.712
53	വാഴവളപ്പ് -നാട്ടക്കല്ല്	5			*	6	0.660
54.	ചേടിക്കുണ്ട് - ആടകം.	5			*	6	1.500
55.	കോളിച്ചാൽ പതിനെട്ടാംമൈൽ -പൂക്കയം	5			*	6	3.000
56.	കനകമൊട്ട -അഞ്ചാല	5			*	6	1.000
57.	കള്ളാർമേലെ -ചെറുപനത്തടി	6			*	8	2.000
58.	മേലെചെറുപനത്തടി- അടോട്ട്കയ	6			*	8	1.500
59.	വാണിയപ്പാടി -പുഞ്ചക്കര	4			*	8	1.306
60.	കള്ളാർ -മണാട്ടിക്കുണ്ട്	6			*	6	1.800
61.	കള്ളാർ - നീലിമല	6			*	8	2.144
62.	അടോട്ട്കയ -ചുള്ളി	6			*	6	1.500
63	നീലിമല- കൈക്കളംകല്ല്	6			*	6	1.120
64.	പ്രാന്തർക്കാവ്- അടോട്ട്കയ	6			*	6	1.210
65.	മാലക്കല്ല് -ചണ്ണക്കാട്	6			*	6	1.500
66.	അടോട്ട്കയ -മരുതോം	6			*	6	1.500
67.	മണാട്ടിക്കുണ്ട് -അടോട്ട്കയ	6			*	6	1.800
68.	കോളിച്ചാൽ - മണാട്ടിക്കുണ്ട്	6			*	6	1.500
69.	നാഗത്തുമ്പാടി -ബളാൽ	6			*	6	1.000
70.	നീലിമല -പെരിങ്കയ	6			*	6	1.200
71.	ഇരിക്കുംകല്ല് -കടമല	7			*	8	2.162
72	കോളിച്ചാൽ - പ്രാന്തർകാവ്	7			*	8	1.687
73	കടമല - താന്നിക്കാൽ	7			*	8	2.190
74.	ചെറുപനത്തടി -കൊളപ്പുറം	7			*	6	1.128
75.	പ്രാന്തർകാവ് - മരുതോം	7			*	6	2.000

ക്രമ നമ്പർ	റോഡിന്റെ പേര്		ടാർ ചെയ്തത്	സോളിംഗ്	ചരൽ	വീതി മീറ്റർ	ദൂരം കി.മി
76.	പ്രാന്തർകാവ് -ചാമക്കൊച്ചി	7			*	6	2.000
77.	പ്രാന്തർകാവ് - പാലച്ചാൽ	7			*	6	1.500
78.	പ്രാന്തർകാവ് - മൊട്ടേംകൊച്ചി	7			*	6	2.000
79.	കടമല - ചെമ്പംവയൽ	7			*	6	1.000
80.	കോളിച്ചാൽ - മൊട്ടേംകൊച്ചി	7			*	6	2.000
81.	കടമല - താന്നിക്കാൽ	7			*	6	2.000
82.	കൊളപ്പുറം താന്നിക്കാൽ	7			*	6	3.000
83	പെരുതടി അംബേദ്കർകോളനി	7			*	6	3.500
84	കോളിച്ചാൽ കൊളപ്പുറം	7	*		*	8	2.400
85.	ചെറുപനത്തടി കടമല	7	*		*	8	0.300
86.	പനത്തടി ഇരിക്കുംകല്ല്	8	*			6	2.162
87.	ഇരിക്കുംകല്ല് ഘടിക്കാൽ	8		*		6	3.000
88.	നെല്ലിത്തോട് പെരുതടി	8	*			8	3.000
89.	പനത്തടി നെല്ലിത്തോട്	8	*			8	3.000
90.	പനത്തടി താഴെക്കുറിഞ്ഞി	8			*	6	1.410
91	എരിഞ്ഞിലംകോട് ബളാംതോട്	8			*	6	2.000
92	തച്ചർക്കടവ് ബളാംതോട്	8			*	6	1.000
93	പനത്തടി തച്ചർക്കടവ്	8			*	6	1.435
94.	തച്ചർക്കടവ് വെള്ളക്കല്ല്	8			*	6	0.950
95.	പന്തിക്കാൽ അച്ചംപാറ	8			*	6	1.000
96.	മീത്തലെപെരുതടി കോളനി	8			*	6	0.800
97.	മാനടുക്കം ചുഴിപ്പ്	9			*	6	2.250
98.	മാനടുക്കം ബീംബുംകാൽ	9			*	6	1.750
99.	മാനടുക്കം വാതിൽമാടി	9&13	*		*	6	2.000
100.	പൂക്കയം ബീംബുകാൽ	9			*	6	0.800
101.	തച്ചർക്കടവ് മാനടുക്കം	9			*	6	1.750
102	തിമ്മൻചാൽ ബീംബുകാൽ	9			*	6	2.500
103	ബീംബുകാൽ പാടി ചുഴിപ്പ്	9			*	6	2.710
104.	കോയത്തടുക്കം വാതിൽമാടി	9&13			*	6	2.900
105	ചാമുണ്ഡിക്കുന്ന് ബളാംതോട്	9&13			*	8	3.000
106.	തിമ്മൻചാൽ പുലിക്കടവ്	9			*	6	1.200
107.	ചുഴിപ്പ് ചേർത്തലഎസ്റ്റേറ്റ്	9			*	6	1.200
108.	പാടി ആറളപുന്ന മാനടുക്കം	9	*		*	6	1.500
109.	തച്ചർകടവ് N.S.S. എസ്റ്റേറ്റ്	9			*	6	1.500
110.	അരിപ്രോഡ് വണ്ണാർക്കയം	10			*	6	2.000
111.	ബളാംതോട് കാപ്പിത്തോട്ടം	10			*	6	2.000
112.	പുത്തൂരടുക്കം ഘടിക്കാൽ	10			*	6	1.250
113	മൂസ്ലീംപള്ളി മാപ്പിളച്ചേരി	10			*	6	2.000
114.	പാണത്തൂർ പുത്തൂരടുക്കം	10			*	6	1.560
115.	ഘടിക്കാൽ പന്തിക്കാൽ	10			*	6	1.500
116.	പുത്തൂരടുക്കം പുള്ളിക്കല്ല്	10			*	6	1.000

ക്രമ നമ്പർ	റോഡിന്റെ പേര്		ടാർ ചെയ്തത്	സോളിംഗ്	ചരൽ	വീതി മീറ്റർ	ദൂരം കി.മി
117.	പാണത്തൂർ വട്ടക്കയം	10			*	6	1.500
118.	പാണത്തൂർ വണ്ണാർക്കയം	10			*	6	2.500
119.	ബളാംതോട് മാച്ചിപ്പള്ളി	10			*	6	1.500
120.	പാണത്തൂർ പാറക്കടവ്	11			*	6	1.740
121.	പാണത്തൂർ കൊറത്തിപ്പതി	11			*	6	3.000
122.	കൊറത്തിപ്പതി റാണിപുരം	11			*	8	3.000
123.	പാണത്തൂർ വട്ടക്കയം	10 & 11			*	8	1.000
124.	പാറക്കടവ് മാടത്തുമല	11			*	8	2.500
125.	പെരുതടി ഉതിരക്കുളം നീലച്ചാൽ	11			*	8	1.515
126	ഉതിരക്കുളം കുണ്ടുപ്പള്ളി	11			*	8	2.250
127.	പാണത്തൂർ ഉതിരക്കുളം	11			*	6	1.530
128.	ചിറംകടവ് പള്ളിക്കാൽ	11			*	6	1.500
129.	പാണത്തൂർ കമ്പിക്കാനം	11			*	6	1.000
130	പാണത്തൂർ മയിലാട്ടി കുണ്ടുപ്പള്ളി	11			*	6	2.000
131.	പാറക്കടവ് കുണ്ടുപ്പള്ളി	11			*	6	2.000
132	മാപ്പിളച്ചേരി ചൈമർക്കുണ്ട്	11			*	6	2.000
133.	മയിലാട്ടി ചിറക്കര അടൂക്കം	11			*	6	2.000
134.	പൂത്തൂരടുക്കം ഉതിരക്കുളം	11			*	6	2.500
135.	പന്തിക്കാൽ റാണിപുരം	11	*			8	4.000
136.	മാടത്തുമല റാണിപുരം	11			*	8	2.500
137.	പാണത്തൂർ ഗഡിഗുഡ്ഡ	12			*	8	4.500
138.	ഗഡിഗുഡ്ഡ കല്ലപ്പള്ളി	12			*	8	3.000
139.	കല്ലപ്പള്ളി പന്നിപ്പാറ	12			*	8	3.245
140	പന്നിപ്പാറ വട്ടോളി	12			*	8	3.000
141	അത്തിക്കയം മയിലാട്ടി	12			*	6	3.000
142	പാറക്കടവ് ചെമ്പേരി	12			*	6	2.000
143	കുരിശ്മുക്ക് പരിയാരം ഗഡിഗുഡ്ഡ	12			*	6	1.500
144	പരിയാരം പ്ലാന്റേഷൻ	12			*	6	1.500
145	പാണത്തൂർ അത്തിക്കയം	12			*	6	2.000
146	വട്ടക്കയം പാണത്തൂർ	12			*	6	1.000
147	പന്നിപ്പാറ പെരുമുണ്ട കമ്മാടി	12			*	6	2.300
148	പാണത്തൂർ വട്ടക്കയം കാര്യങ്ങാനം	12			*	6	1.300
149	ചാമുണ്ഡിക്കുന്ന് ഓട്ടമല	13			*	6	1.774
150	അടുക്കം ചെർണ്ണൂർ	13			*	6	3.500
151	കുന്നുംപുറം ചെർണ്ണൂർ	13			*	6	3.100
152	ചാമുണ്ഡിക്കുന്ന് കുന്നുംപുറം	13			*	6	1.500
153	ഓട്ടമല ഗിരിജൻകോളനി	13			*	6	1.300
154	വാതിൽമാടി ചാമുണ്ഡിക്കുന്ന്	13			*	6	2.110
155	നരിയിരിക്കും പാറ വീട്ടിയാടി	13			*	6	1.500
156	വാതിൽമാടിപാലം ചാമുണ്ഡിക്കുന്ന്	13			*	6	2.717
157	ചാമുണ്ഡിക്കുന്ന് ഓട്ടമല	13			*	6	1.704
158	ചാമുണ്ഡിക്കുന്ന് തുമ്പോടി	13			*	6	3.000
159	ചാമുണ്ഡിക്കുന്ന് കിഴക്കേ തുമ്പോടി	13			*	6	1.500

പട്ടിക 2

റോഡ് അറ്റകുറ്റപണികളുടെ ചിലവ്

വർഷം	തുക
1988 -89	3,55,886.00
1989 -90	3,08,252.00
1990 -91	3,10,268.00
1991 -92	2,32,183.00
1992 -93	3,39,753.00
1993 -94	4,21,307.00
1994 -95	5,36,099.00
1995 -96	2,19,182.00

പട്ടിക 3

നിലവിലുള്ള വാഹനങ്ങൾ

വാഹനങ്ങൾ	എണ്ണം
ഓട്ടോറിക്ഷ	41
കാർ	4
ജീപ്പ്	135
ലോറി	8
മിനിലോറി	23
ബസ്സ്	3
മോട്ടോർസൈക്കിൾ	107
സൈക്കിൾ	322
ട്രാക്ടർ	2
ട്രാക്ടർ കംപ്രസ്സർ	1

പട്ടിക 4

വെയിറ്റിംഗ് ഷെഡ്ഡുകൾ

നിലവിലുള്ളത്	നിർമ്മിക്കാനുള്ളത്
പൂടംകല്ല്	കൊട്ടോടി
രാജപുരം	മുണ്ടോട്ട് കോളേജ്
കള്ളാർ	കള്ളാർ 2
മാലക്കല്ല്	കോളിച്ചാൽ
18 ാം മൈൽ	അരിപ്രോഡ്
കോളിച്ചാൽ (ഉപയോഗ ശൂന്യം)	മാവുങ്കാൽ
പനത്തടി ചർച്ച്	ചിറംകടവ് സ്ക്കൂൾ
ചെറുപനത്തടി	ബാപ്പുംകയം
പനത്തടി	പെരുതടി
ബളാംതോട്	പന്തിക്കാൽ
പാണത്തൂർ	റാണിപുരം
	പ്രാന്തർകാവ്
	പാലച്ചാൽ
	ആടകം
	പെരുമ്പള്ളി
	പൂക്കയം
	മാനടുക്കം
	പാലംകല്ല്

092

പട്ടിക 5

പഞ്ചായത്തതിർത്തിക്കുള്ളിലെ പ്രധാന റോഡുകൾ

റോഡുകളുടെ പേര്	അതിർത്തി
പാണത്തൂർ - കല്ലപ്പള്ളി - സുള്ള്യ	കർണ്ണാടകയിലേക്ക്
പാണത്തൂർ - മർക്കാറ - മൈസൂർ	കർണ്ണാടകയിലേക്ക്
ബളാംതോട് -ബന്തടുക്ക - കാസർഗോഡ്	ജില്ലാ ആസ്ഥാനം
കോളിച്ചാൽ -ചൂരിത്തോട് - കാസർഗോഡ്	ജില്ലാ ആസ്ഥാനം
കോളിച്ചാൽ -മരുതോം - ബളാൽ	ബളാൽ പഞ്ചായത്ത്
പനത്തടി -കുറിഞ്ഞി - റാണിപുരം	ടൂറിസ്റ്റ്കേന്ദ്രം
മാലക്കല്ല് -കരിവേടകം - കാസർഗോഡ്	ജില്ലാ ആസ്ഥാനം
കൊട്ടോടി -കുറ്റിക്കോൽ - കാസർഗോഡ്	ജില്ലാ ആസ്ഥാനം
രാജപുരം - ബളാൽ	ബളാൽ
കള്ളാർ -ചുള്ളിത്തട്ട് - മാലോം	മാലോം
പൂടംകല്ല് - ബളാൽ	ബളാൽ
കൊട്ടോടി -കുടുംബൂർ - കുറ്റിക്കോൽ	ജില്ലാ ആസ്ഥാനം
കള്ളാർ - പെരുങ്കയ - നീലിമല - ബളാൽ	ബളാൽ
ചുള്ളിക്കര - അയറോട്ട് -ഉദയപുരം - കോടോം	കോടോം
ചുള്ളിക്കര - തൂങ്ങൽ - കോടോം	കോടോം
പാണത്തൂർ - പുത്തൂരടുക്കം - ഘടികാൽ - റാണിപുരം	ടൂറിസ്റ്റ് കേന്ദ്രം
ബളാംതോട് - മാനടുക്കം	മാനടുക്കം

പട്ടിക 6

നിലവിൽ ബസ്സ് സർവ്വീസിന് സാധ്യതയുള്ള റൂട്ടുകൾ

1. പാണത്തൂർ - കല്ലപ്പള്ളി
2. കൊളപ്പുറം - കാസർഗോഡ്
3. പൂടംകല്ല് - ബളാൽ
4. കള്ളാർ - ചുള്ളിത്തട്ട്
5. കള്ളാർ - പാലംകല്ല്
6. മാനടുക്കം - കാഞ്ഞങ്ങാട്
7. ചാമുണ്ഡിക്കുന്ന് - കാഞ്ഞങ്ങാട്
8. പാണത്തൂർ - ചാമുണ്ഡിക്കുന്ന് - കാസർഗോഡ്
9. ചെരുമ്പച്ചാൽ - മാലക്കല്ല് - കാഞ്ഞങ്ങാട്
10. പനത്തടി - കുറിഞ്ഞി - ഘടിക്കാൽ - റാണിപുരം
11. കൊട്ടോടി - ആടകം - കാഞ്ഞങ്ങാട്
12. കള്ളാർ - നീലിമല - പെരുങ്കയ - ബളാൽ

ഊർജ്ജം

പ്രവൃത്തി ചെയ്യാനുള്ള കഴിവ് എന്ന അർത്ഥത്തിൽ ഊർജ്ജം എന്ന ഭൗതീകരാശിയെ സംബന്ധിച്ച പഠനം ആരംഭിക്കുന്നത് പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന കാലത്തോടെയാണ്. ഊർജ്ജം എന്ന പദം ആദ്യമായി ഉപയോഗിച്ചത് തോമസ് യങ് എന്ന ശാസ്ത്രജ്ഞനാണ്. ഇന്ന് കൂറ്റൻ വ്യവസായ ശാലകളിലെ ചക്രങ്ങളുടെ ചലനത്തിന് മുതൽ ഗാർഹിക ഉപകരണങ്ങളുടെ പ്രവർത്തനത്തിനു വരെ ഊർജ്ജത്തിന്റെ വിവിധ രൂപങ്ങളെ നാം ആശ്രയിക്കുന്നു. ഭൂമിയിൽ ലഭ്യമാകുന്ന ഊർജ്ജത്തിന്റെ മുഖ്യ ഉറവിടം സൂര്യനാണ്. എങ്കിലും സൗരോർജ്ജത്തെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ നമുക്ക് ഇനിയും സാധിച്ചിട്ടില്ല. നമ്മൾ ഇന്ന് മുഖ്യമായും ആശ്രയിക്കുന്നത് വൈദ്യുതിയെയാണ്. രണ്ടാം സ്ഥാനത്ത് പെട്രോളിയം ഉൽപ്പന്നങ്ങൾ നിൽക്കുന്നു. പ്രകൃതി വാതകങ്ങളും ഗോബർഗ്യാസും പ്രചാരത്തിലുണ്ടെങ്കിലും ഗ്രാമീണ ജനത ഇന്നും പാചക ആവശ്യത്തിന് വിറകിനെ ചുറ്റിപ്പറ്റിക്കഴിയുന്നു.

ഉപഭോഗം ഇന്നത്തെ നിലയിൽ തുടർന്നാൽ പെട്രോളിയം ഉൽപ്പന്നങ്ങൾപോലെയുള്ള പ്രകൃതിദത്തമായ ഊർജ്ജസ്രോതസ്സുകൾ അതിവിദൂരമല്ലാത്ത ഭാവിയിൽ വറ്റിവരളും എന്നാണ് ശാസ്ത്രജ്ഞരുടെ നിഗമനം. അങ്ങനെ ഈ ജീവിതം നിശ്ചലമാവുകയും യാന്ത്രീകചലനങ്ങൾ നിലയ്ക്കുകയും ചെയ്യുക എന്ന ദുരന്തം സംഭവിക്കാതിരിക്കണമെങ്കിൽ ഊർജ്ജത്തിന്റെ പുതിയ ഉറവിടങ്ങൾ കണ്ടെത്തുകയും ഉള്ളവയെ അതീവ ശ്രദ്ധയോടെ ഉപയോഗിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ നിലവിലുള്ള പ്രശ്നങ്ങളേയും സാധ്യതകളേയും പറ്റി നമുക്ക് ആലോചിക്കാം

വൈദ്യുതി

ആധുനീകലോകത്തിൽ വ്യാവസായിക വിപ്ലവത്തിന്റെ കുതിച്ചു ചാട്ടത്തിനുള്ള ചാലകശക്തി വൈദ്യുതിയുടെ കണ്ടു പിടിത്തമായിരുന്നു. ഇന്ന് ഭൂമിയിൽ വൈദ്യുത പ്രവാഹം ഒരു മിനിട്ട് നേരത്തേക്ക് നിലച്ച് പോയാൽ ലോകം നിശ്ചലമാകുന്ന അവസ്ഥയിൽ എത്തിനിൽക്കുന്നു. നമ്മുടെ കൊച്ചു കേരളം വൻകിട വ്യവസായ ഭൂപടത്തിൽ സ്ഥാനം പിടിക്കാത്തതിന്റെ ഒരു സുപ്രധാന കാരണം വൈദ്യുതിയുടെ ദൗർലഭ്യമാണ്. നാം വൈദ്യുതി ഉൽപ്പാദന രംഗത്ത് വളരെ പിന്നിലും ഉപഭോഗരംഗത്ത് മുന്നിലും നിൽക്കുന്നുവെന്നുള്ളത് വമ്പിച്ച പ്രതിസന്ധി സൃഷ്ടിക്കുന്നു. ഇപ്പോഴും വൈദ്യുതിക്കായി നാം അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. പൂർണ്ണമായും ജല വൈദ്യുത പദ്ധതികളെ ആശ്രയിച്ചുകൊണ്ട് കേരളത്തിന്റെ വൈദ്യുത പ്രതിസന്ധിയെ തരണം ചെയ്യാൻ ആവില്ല എന്ന സത്യം ഉൾക്കൊണ്ടുകൊണ്ട് വൈദ്യുതോൽപ്പാദനരംഗത്ത് മറ്റ് സാങ്കേതിക മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ വൈദ്യുത രംഗത്തേക്ക് ഒന്ന് എത്തിനോക്കാം. രാജപുരം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് 1980 ൽ പ്രവർത്തനം ആരംഭിച്ചു. നമുക്ക് വൈദ്യുതി ലഭിക്കുന്നത് മാവുങ്കാൽ സബ്സ്റ്റേഷനിൽ നിന്നാണ്. ഉപഭോക്താക്കളുടെ നിരക്കിനനുസരിച്ച് വൈദ്യുതി ലഭ്യമല്ലെന്ന് ഇവിടത്തെ ട്രാൻസ്ഫോർമറുകളുടെയും കണക്ഷനുകളുടേയും എണ്ണം സൂചിപ്പിക്കുന്നു.
പട്ടിക 1 കാണുക.

ട്രാൻസ്ഫോർമറുകൾ തമ്മിലുള്ള അധികദൂരവും ലൈനുകളുടെ നീളവും കാരണം വോൾട്ടേജ് ക്ഷാമം രൂക്ഷമാവുന്നു. പഞ്ചായത്തിലെ പലപ്രദേശങ്ങളിലും ഇന്നും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. മാത്രമല്ല മിക്കവാറും പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളും വൈദ്യുതീകരിക്കാത്ത പട്ടികയിൽ പെടുന്നു.
പട്ടിക 2, 2A, 2B എന്നിവ കാണുക.

നമ്മുടെ പഞ്ചായത്തിലെ വൈദ്യുത ഉപഭോക്താക്കളുടെ കണക്കുകൾ

094

പരിശോധിക്കുമ്പോൾ ആകെ ജനസംഖ്യയുടെ ചെറിയൊരു ശതമാനം മാത്രമേ പട്ടികയിൽ വരുന്നുള്ളൂ എന്ന് കാണാം.

പട്ടിക 3 കാണുക

നമ്മുടെ പഞ്ചായത്തിലെ തെരുവ് വിളക്ക് സംവിധാനം തികച്ചും തൃപ്തികരമല്ല.
പട്ടിക 4 കാണുക.

പഞ്ചായത്തിലെ 95 ശതമാനം ആളുകളും പാചകാവശ്യത്തിനും മറ്റും ഉപയോഗിക്കുന്ന ഇന്ധനം വിറകാണ്. കഴിഞ്ഞകാലങ്ങളിൽ ആവശ്യത്തിനുള്ള വിറക് ഇവിടെത്തന്നെ ലഭ്യമായിരുന്നുവെങ്കിലും ഇപ്പോൾ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളുടേയും ആവശ്യം നിറവേറ്റാനുള്ള വിറക് ഇവിടെ ലഭ്യമല്ല. അതുകൊണ്ട് സാധാരണ കുടുംബിനികൾ വിറക് തേടി വളരെദൂരം സഞ്ചരിക്കേണ്ടിവരുന്നതുകൊണ്ട് അവരുടെ സമയത്തിന്റെയും അധ്വാനത്തിന്റെയും സിംഹഭാഗം അപഹരിക്കപ്പെടുന്നതുവഴി മാനസീകവും ശാരീരികവുമായ പീഡനത്തിന് വിധേയരാകുന്നു. പാചകാവശ്യത്തിന് മറ്റ് ഇന്ധനങ്ങളായ വൈദ്യുതി, ഗ്യാസ്, മണ്ണെണ്ണ എന്നിവ ഉപയോഗിക്കുന്നവരുടെ എണ്ണം പരിമിതമാണ്.
പട്ടിക 5 കാണുക.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല. പ്രത്യേകിച്ചും പട്ടികജാതി പട്ടിക വർഗ്ഗ കോളനികളിൽ.

2. സബ്സ്റ്റേഷൻ വളരെ ദൂരെയായതുകൊണ്ടും ട്രാൻസ്ഫോർമറുകൾ തമ്മിലുള്ള അകലക്കൂടുതൽകൊണ്ടും വമ്പിച്ച പ്രസരണ നഷ്ടം സംഭവിക്കുന്നു. രൂക്ഷമായ വോൾട്ടേജ് ക്ഷാമം ഉണ്ടാകുന്നു.

3. പഞ്ചായത്തിലെ പല പ്രധാന ഭാഗങ്ങളിലും തെരുവ് വിളക്കുകൾ ഇല്ല. പഞ്ചായത്ത് വരുമാനത്തിന്റെ രണ്ടര ശതമാനത്തോളം ഈ ഇനത്തിൽ ചിലവഴിക്കപ്പെടുന്നുണ്ടെങ്കിലും മിക്കവാറും തെരുവ് വിളക്കുകൾ പ്രകാശിക്കാതെ നോക്കുകുത്തികളായി നിൽക്കുന്നു.

4. കാർഷീക വ്യാവസായിക ആവശ്യത്തിന് വേണ്ടത്ര വൈദ്യുതി ലഭ്യമല്ല.

5. രാജപുരം ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ വിസ്തൃതമായ പ്രദേശത്ത് കണക്ഷനുണ്ട്. മലയോര പ്രദേശമായതുകൊണ്ട് പലപ്പോഴും പ്രകൃതിക്ഷോഭം മൂലം വൈദ്യുത തകരാറുകൾ നേരിടുമ്പോൾ എല്ലായിടത്തും എത്തിപ്പെടാനും, കേടുപാടുകൾ തീർക്കാനും ആവശ്യത്തിനു ജീവനക്കാർ ഇല്ലെന്നുള്ളതും യാഥാർത്ഥ്യമാണ്

6. പഞ്ചായത്ത് രൂക്ഷമായ വിറക് ക്ഷാമം നേരിടുന്നു.

7. ഗോബർ ഗ്യാസിന്റെ ഉപയോഗത്തെപ്പറ്റി ഭൂരിപക്ഷം ജനങ്ങളും ബോധവാൻമാരല്ല.

8. ദക്ഷത കൂടിയ അടുപ്പുകളുടെ ഉപയോഗത്തെക്കുറിച്ച് സാധാരണ ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

സാധ്യതകൾ

1. പഞ്ചായത്ത് കേന്ദ്രീകരിച്ച് 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുക.
2. വൈദ്യുതി വിതരണരംഗത്തെ തടസ്സങ്ങൾ മാറ്റുന്നതിന് പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കുക.
3. തെരുവ് വിളക്കുകൾക്ക് മീറ്റർ റീഡിങ് രേഖപ്പെടുത്തുന്ന സംവിധാനം ഏർപ്പെടുത്തുന്നതുവഴി ഉപയോഗിക്കാത്ത വൈദ്യുതിക്ക് പണം അടക്കുന്നത് ഒഴിവാക്കാം.
4. രാജപുരം ഇലക്ട്രിക്കൽ സെക്ഷനിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും അവരുടെ സേവനം ഉറപ്പ് വരുത്തുകയും ചെയ്യുക.
5. സർവ്വേയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ആവശ്യമായിടത്ത് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
6. കാർഷീകാവശ്യത്തിനുള്ള വൈദ്യുതിയുടെ ലഭ്യത ഉറപ്പ് വരുത്തുക.
7. വൈദ്യുതി എത്താൻ പ്രയാസമുള്ള സ്ഥലങ്ങളിൽ സൗരോർജ്ജപമ്പുകൾ സബ്സിഡി നിരക്കിൽ നൽകുക.
8. ശക്തമായ കാറ്റുള്ള ഉയർന്ന പ്രദേശങ്ങളിൽ (ഉദാ: റാണീപുരം, ചെർണ്ണൂർ) കാറ്റാടിയന്ത്രം മുഖേന

വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

9. റോഡ്, പുഴ എന്നിവയുടെ പുറംപോക്കുകളിലും, തരിശ് ഭൂമികളിലും വിറകാവശ്യത്തിനുള്ള വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

10. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ക്ഷീരോൽപ്പാദക സഹകരണസംഘങ്ങളുടെ സഹായത്തോടെ ഗോബർ ഗ്യാസിന്റെ നിർമ്മാണം, ഉപഭോഗം എന്നിവയെപ്പറ്റി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ഗോബർ ഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് പ്രേരിപ്പിക്കുകയും ചെയ്യുക.

11. അനർട്ടിന്റെ സഹായത്തോടെ സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിച്ചാൽ വൈദ്യുത ക്ഷാമത്തിന് പരിഹാരമാകുന്നതോടൊപ്പം ഭീമമായ

വൈദ്യുതചെലവ് കുറക്കുകയും ചെയ്യാം.

12. പഞ്ചായത്തിൽ വിദഗ്ധർ അടങ്ങിയ ഊർജ്ജസംരക്ഷണസമിതികൾ രൂപീകരിച്ച് ദക്ഷതകൂടിയ അടുപ്പുകളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും കുറഞ്ഞനിരക്കിൽ ഇത്തരം അടുപ്പുകൾ എല്ലാവീടുകളിലും സ്ഥാപിച്ച് കൊടുക്കുകയും ചെയ്യുക.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി പട്ടിക വർഗ്ഗ കോളനികളും വൈദ്യുതീകരിക്കുകയും, വൈദ്യുതീകരിച്ചവയെ സംരക്ഷിക്കുകയും ചെയ്യുക.

2. എല്ലാ തെരുവുകളിലും കോളനികളിലും അനർട്ടിന്റെ സഹായത്തോടെ സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുക.

3. മണ്ണെണ്ണ പെർമിറ്റുകൾ, ഗ്യാസ് കണക്ഷൻ എന്നിവ ലഭിക്കുന്നതിനുള്ള കാലതാമസം കഴിയുന്നതും ഒഴിവാക്കുക.

4. അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ഒരു മാസത്തിനുള്ളിൽ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

5. താഴ്ന്ന വോൾട്ടേജിൽ കത്തുന്ന വിളക്കുകൾ സാർവത്രീകമാക്കുക.

6. ഉൽസവങ്ങൾക്കും, ആഘോഷങ്ങൾക്കും വൈദ്യുതി ദുരുപയോഗം ചെയ്യുന്നത് നിരുൽസാഹപ്പെടുത്തുക.

7. നിശ്ചിത പരിധിക്കപ്പുറം വൈദ്യുതി ഉപയോഗിക്കുന്നവർക്ക് സർചാർജ് ഏർപ്പെടുത്തുക.

8. തെരുവ് വിളക്കുകൾ നിശ്ചിത സമയത്ത് പ്രകാശിപ്പിക്കുവാനും അണക്കുവാനും ഉള്ള ജനകീയ സമിതി രൂപീകരിക്കുക.

9. പഞ്ചായത്തുതലത്തിൽ ഊർജ്ജസംരക്ഷണസമിതി പ്രതിമാസ യോഗം ചേർന്ന് അവലോകനം നടത്തുക. സമിതികളുടെ പ്രവർത്തനം വാർഡു തലത്തിലേക്കും വ്യാപിപ്പിക്കുക.

10. വൈദ്യുതിബോർഡിന്റെ പ്രവർത്തനം ജനകീയമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ബഹുജന സമ്പർക്ക പരിപാടി ആവിഷ്കരിക്കുക.

11. എല്ലാ പൊതു സ്ഥാപനങ്ങളും വിദ്യാലയങ്ങളും വൈദ്യുതീകരിക്കുക.

12. പഞ്ചായത്തിൽ പൊതുവായി ഒരു വിറക് ശേഖരണ വിൽപ്പനകേന്ദ്രം സ്ഥാപിക്കുക

പട്ടിക 1

ക്രമ നമ്പ്ർ	നിലവിലുള്ള ട്രാൻസ് ഫോർമർ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പേര്..	ട്രാൻസ്ഫോർമർ ഇനി ആവശ്യമുള്ള സ്ഥലത്തിന്റെ പേര്
1.	റാണിപുരം	പുത്തൂരടുക്കം I.H.D.Pകോളനി
2.	ചെമ്പേരി	മാച്ചിപ്പള്ളി
3.	പാണത്തൂർ	ഇരിക്കുംകല്ല്
4.	ചിറങ്കടവ്	കനിയ
5.	അരിപ്രോഡ്	നാഗത്തുംപാടി
6.	ബളാന്തോട്	പെരിങ്കയ
7.	ആടകം	ചുള്ളിയോടി
8.	വാഴവളപ്പ്	ഒരള
9.	പനത്തടി	ആടകം
10.	പെരുതടി	മഞ്ഞങ്ങാനം
11.	കോളിച്ചാൽ	പൂക്കുന്നം
12.	പ്രാന്തർ കാവ്	കനീയിലടുക്കം
13.	കൊളപ്പുറം	അഞ്ഞനമുക്കൂട്
14.	എരിഞ്ഞിലം കോട്	കുണ്ടുപ്പള്ളി
15.	പെരുമ്പള്ളി	
16	കൊട്ടോടി	

- 50ം പേജ് കാണുക

പട്ടിക 2

വാർഡ് നമ്പർ	ക്രമ നമ്പർ	ഹരിജൻ കോളനിയുടെ പേര്	കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	സൗജന്യ സ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം	പണം നൽകി വൈദ്യുതി ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം
3	1	ഇടക്കടവ്	20	20	
4	2	വട്ടിയാർ കുന്ന്	2		2
6	3	നിലിമല (പെരുങ്കയ)	30	25	5
6	4	അരയാർ പള്ളം ചുള്ളിയോടി	39	39	
6	5	അടോട്ട് കയ	11	11	
6	6	കപ്പള്ളി	31	31	
4	7	ഒക്ലാവ്	22	22	
5	8	ഒരള നാട്ടക്കല്ല്	7	7	
1	9	പൂക്കുന്നം കുടുംബൂർ	7	6	1
5	10	18ാം മൈൽ	8	4	4
6	11	പ്രാന്തർകാവ്	2		2
7	12	കോഴിച്ചിറ്റ കൊളപ്പുറം	12	11	1
8	13	പനത്തടി തച്ചർകടവ്	11	4	7
7	14	മാച്ചിപ്പള്ളി	2		2
8	15	പൂടംകല്ലടുക്കം	19	15	4
11	16	ഗാന്ധിപുരം	23	16	7
12	17	നെല്ലിക്കുന്ന്	8	1	7
		ആകെ	254	212	42

പട്ടിക 2 എ

അടിയന്തിരമായി വൈദ്യുതീകരിക്കേണ്ട SC കോളനികൾ

ക്രമ നമ്പർ	കോളനിയുടെ പേര്	വാർഡ് നമ്പർ
1.	നാണംകൊടൽ	
2	കുടുംബൂർ	
3.	ചീറ്റക്കാൽ	
4.	ചീമുള്ളടുക്കം	
5.	ക്കുഞ്ഞിക്കുഞ്ഞി അയ്യങ്കാവ്	
7.	കരിന്ത്രംകല്ല്	
8.	ഓട്ടക്കണ്ടം	
9.	ചേറ്റുകല്ല്	
10.	ഇടക്കടവ്	
11.	കുറുമാന്നം	
12.	കൊല്ലറംകോട്	
13.	മണിക്കല്ല്	
14.	ഓണി	
15.	മുണ്ടമാണി	
16.	പുഞ്ചക്കര	
17.	നൂറ്റാറ്	
18.	എലിക്കോട്ടുകയ	
19.	വട്ടിയാർ കുന്ന്	
20	ഒന്നാംമൈൽ	
21.	കോട്ടക്കുന്ന്	
22.	ഒരള	
23.	18 ാം മൈൽ	
24.	മുത്തപ്പൻമല	
25.	പ്രാന്തർകാവ്	
26.	മണാട്ടിക്കുണ്ട്	
27.	ചുള്ളിയോടി	
27.	അരയാർപള്ളം	
29.	അടോട്ട്കയ	
30.	കപ്പള്ളി	
31.	നാഗത്തുംപാടി	
32.	പെരിങ്കയ	
33.	നീലിമല	
34.	ചെറുപനത്തടി	
35.	കൊളപ്പുറം	
36.	മൊട്ടയംകൊച്ചി	
37.	കോഴിച്ചിറ്റ	
38.	വെള്ളക്കല്ല്	
39.	തച്ചർകടവ്	
40.	കോളിച്ചാൽ	
41.	കോയത്തടുക്കം	
42	ചിറംകടവ്	
43	പുത്തൂരടുക്കം	
44	മാവുങ്കാൽ	
45	കാപ്പിത്തോട്ടം	
46.	അരിപ്രോഡ്.	
47.	മയിലാട്ടി	
48	പാറക്കടവ്	
49	നീലച്ചാൽ	
50	ഗാന്ധിപുരം	
51.	പട്ടുവം	
52	ചെമ്പേരി	
53.	പരിയാരം	
54.	രാജപുരം മണിയറ കോളനി	
55.	പുത്തൂരടുക്കം എസ്.സി.കോളനി	

പട്ടിക 1 തുടർച്ച

17.	രാജപുരം
18.	വണ്ണാത്തിക്കാനം
19.	പൂടംകല്ല്
20.	മാനടുക്കം
21.	മാലക്കല്ല്
22.	പൂക്കയം I
23.	പൂക്കയം II
24.	കള്ളാർ
25.	നീലിമല
26.	കുടുംബൂർ
27.	കപ്പള്ളി
28.	പയനിക്കര
29.	ചെറുപനത്തടി

പട്ടിക 2 ബി

അടിയന്തിരമായി വൈദ്യുതീകരിക്കേണ്ട ST കോളനികൾ

01. നരിയന്റെ പുന്ന
02. പെരുമ്പള്ളി
03. കോഴിമുള്ള്
04. ആടകം
05. വട്ടിയാർ കുന്ന്
06. നീളംകയ
07. കരിപ്പാട്
08. പറക്കയം
09. നീലിമല
10. പെരുങ്കയ
11. മാട്ടക്കുന്ന്
12. താന്നിക്കാൽ
13 ചെമ്പംവയൽ
14. വെള്ളക്കാട്
15. പുളിംകൊച്ചി
16. പെരുതടി
17. നെല്ലിത്തോട്
18. അച്ചംപാറ
19. വാഴക്കോൽ
20. കാപ്പിത്തോട്ടം
21. കുറിഞ്ഞി
22. പുത്തൂരടുക്കം
23. പന്നിമുണ്ട
24. ഘടിക്കാൽ
25. പുളിയാർ കൊച്ചി
26. മാച്ചിപ്പള്ളി
27. മാപ്പിളച്ചേരി
28. നെരോടി
29. കുണ്ടുപ്പള്ളി
30. ഉതിരക്കുളം
31. നീലച്ചാൽ
32. കേളപ്പൻകയ
33. മയിലാട്ടി
34. പാടികൊച്ചി
35. മുന്തന്റെ മൂല
36. ചാമുണ്ഡിക്കുന്ന്
37. അടുക്കം
38. കിഴക്കെതുമ്പോടി
39. ഓട്ടമല
40. ചെർണ്ണൂർ
41. കമ്മാടി

പട്ടിക 3

വൈദ്യുത ഉപഭോഗത്തിന്റെ സ്ഥിതിവിവരം

നിലവിലുള്ള ഉപഭോക്താക്കൾ				കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം		
ഗാർഹികം	വ്യാപാരം	വ്യവസായം	കാർഷികം	സാധാരണ	OTP	OYEC
2418	550	17	393	151 24.1.91 വരെയുള്ള അപേക്ഷകർക്ക് കണക്ഷൻ നൽകി	16 25.6.1994 വരെയുള്ള അപേക്ഷകർക്ക് കണക്ഷൻ നൽകി	79 30.8.1995 വരെയുള്ള അപേക്ഷകർക്ക് കണക്ഷൻ നൽകി

പട്ടിക 4

പഞ്ചായത്തിലെ തെരുവ്വിളക്കുകളുടെ സ്ഥിതി വിവരം

ഇനം	ബൾബുകളുടെ എണ്ണം	വാർഷികച്ചിലവ്	ശതമാനം
ബൾബ് 40 വാട്ട്	223	40,212.00 രൂപ	2.5%
ബൾബ് 60 വാട്ട്	15		
ട്യൂബ്	7		

പട്ടിക 5

പഞ്ചായത്തിലെ വീടുകളിലെ ഇന്ധന ഉപഭോഗത്തിന്റെ സ്ഥിതി വിവരം

ഇന്ധനത്തിന്റെ ഇനം	എണ്ണം
ഗ്യാസ്	200
മണ്ണെണ്ണ സ്റ്റൗ	500
ഇലക്ട്രിക്ക് സ്റ്റൗ	50
ഗോബർ ഗ്യാസ്	10
പരിഷത്ത് അടുപ്പ്	300
വിറകടുപ്പ്	10374

10 -ാം വാർഡിൽ പാണത്തൂർ - പുത്തൂരടുക്കം - ഉതിരക്കുളം റോഡിന്റെ വീതി കൂട്ടിയുള്ള പണിയുടെ പുരോഗതി പ്രസിഡണ്ട് വീക്ഷിക്കുന്നു.

വിദ്യാഭ്യാസം

സഹ്യന്റെ മടിത്തട്ടിൽ ഉറങ്ങുന്ന പനത്തടി പഞ്ചായത്ത് വൈവിദ്ധ്യമാർന്ന സംസ്കാരങ്ങളുടെ സംഗമ ഭൂമിയാണ്. ആദിവാസി മേഖലകളിലെ പരമ്പരാഗതമായ സംസ്കാരങ്ങളും കുടിയേറ്റ ഭൂമിയിലെ പുത്തൻ പ്രവണതകളും ഇഴകിച്ചേർന്ന മലയോര മണ്ണ്. നീലേശ്വരം കോവിലകത്തിന്റെ അധികാര സീമയിൽപെട്ടിരുന്ന ഈ പ്രദേശത്തിലെ ആദിവാസി ജന വിഭാഗത്തിന് ഒരു കാലത്ത് അക്ഷരങ്ങളുടെ വെളിച്ചം ഏറക്കുറെ അന്യമായിരുന്നു. കാലത്തിന്റെ വേലിക്കെട്ടുകളെ ഭേദിച്ചു കൊണ്ട് അടങ്ങാത്ത വിജ്ഞാന ദാഹവുമായി കലാലയങ്ങളുടെ പടിവാതൽ കയറി ഇറങ്ങിയവർ ഇല്ലെന്നില്ല. നാല്പതുകളിൽ തിരുവിതാംകൂറിൽനിന്നും മണ്ണിൽ പൊന്ന് വിളയിക്കാനുള്ള മോഹവുമായി കോട്ടയം രൂപതയുടെ നേതൃത്വത്തിൽ ഒരു പറ്റം കർഷകർ പഴയ ഏച്ചിക്കോലിൽ എത്തി. അധികം വൈകിയില്ല, 1943 ജൂണിൽ അക്ഷരത്തിന്റെ കൈത്തിരി കൊളുത്തിക്കൊണ്ട് രാജപുരത്തെ പഞ്ചായത്ത് അതൃത്തിയിലെ ആദ്യത്തെ സരസ്വതീ ക്ഷേത്രം ഉയർന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച കോട്ടയം രൂപതാ മേലധ്യക്ഷനെയും പുരോഹിതൻമാരേയും ആദ്യകാല അധ്യാപകരായ സർവ്വശ്രീ പി.സി.ലൂക്കോസ് പേരൂക്കരോട്ട്, ചെമ്പന്നിയിൽ പോത്തൻ, എം.ജെ.ലൂക്കോസ് ചാരാത്ത്, കെ.സി.തോമസ് കടമുറിയിൽ, കെ.എം.മറിയാമ്മ പേരൂക്കരോട്ട്, മത്തായി കണിയാംപറമ്പിൽ എന്നിവരേയും നിറഞ്ഞ നന്ദിയോടെയല്ലാതെ ഓർമ്മിക്കാനാവില്ല. അവർ അന്ന് സ്ഥാപിച്ച ഓലമേഞ്ഞ കെട്ടിടം പിന്നീടുയർന്നു വന്ന സൗധങ്ങൾക്ക് വഴിമാറിക്കൊടുത്തപ്പോൾ അത് ഒരു പ്രദേശത്തിന്റെ നാഴികക്കല്ലായി. മേൽപറഞ്ഞ താൽക്കലിക കെട്ടിടത്തിന് 1945 ജനുവരിയിൽ സർക്കാരിന്റെ അംഗീകാരവും ഗ്രാന്റും ലഭിച്ചപ്പോൾ അതൊരു വളർച്ചയുടെ തുടക്കമായി. അങ്ങനെ പനത്തടിയുടെ ഭൂപടത്തിൽ ഹോളിഫാമിലി ഹൈസ്കൂൾ ജൻമെടുത്തു.

1948 -ൽ മാലക്കല്ലിൽ രാജപുരം എ.എൽ.പി. സ്കൂളും തുടർന്ന് കുടുംപുരിൽ സർക്കാർ മേഖലയിൽ ട്രൈബൽ സ്കൂളും പാണത്തൂരിൽ ഹരിജൻ വെൽഫയർ എൽ.പി.സ്കൂളും രണ്ട് ഭാഷകളുടെ സംഗമ ഭൂമിയിൽ കല്ലപ്പള്ളി ഗവ:എൽ.പി.സ്കൂളും സ്ഥാപിതമായി. പിന്നീടങ്ങോട്ട് വളർച്ചയുടെ കാലഘട്ടമായിരുന്നു. ഇന്ന് ഈ പഞ്ചായത്തിൽ 8 എൽ.പി.സ്കൂളുകളും 4 യു.പി. സ്കൂളുകളും 3 ഹൈസ്കൂളുകളും സ്ഥിതി ചെയ്യുന്നു. മലയോര ഭൂമിയുടെ വിജ്ഞാന മേഖലയിൽ ഗണ്യമായ സംഭാവന നൽകിക്കൊണ്ടിരിക്കുന്ന 4 പാരലൽ കോളേജുകളും തലയുയർത്തി നിൽക്കുന്ന സെൻറ് പയസ് ടെൻത് കോളജും വിദ്യാഭ്യസ ഭൂപടത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു.

<u>ടേബിൾ 1,8,12 കാണുക.</u>

കേരളത്തിൽ വയോജന വിദ്യാഭ്യാസത്തിന്റെ ഊടും പാവും നൽകിയ ശ്രീമാൻ പി.എൽ. പണിക്കർ എന്ന നിസ്വാർത്ഥ പ്രതിഭയുടെ പേരിൽ രജിസ്റ്റർ ചെയ്ത്, ഈ നാട്ടിലെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ മാറ്റത്തിന്റെ വിത്തുകൾ എറിഞ്ഞുകൊണ്ടിരുന്ന പി.എൽ പണിക്കർ സ്മാരക പഠന കേന്ദ്രത്തിന്റെ ആസ്ഥാനം ഈ പഞ്ചായത്തിലെ 9-ാം വാർഡിൽപ്പെട്ട മുക്കന്റെ മൂലയിൽ സ്ഥിതിചെയ്യുന്നു.

ഭൂമി ശാസ്ത്ര പരമായ പ്രത്യേകതകൾ നാടിന്റെ വിജ്ഞാന ദാഹത്തെ ഒട്ടൊന്നുമല്ല പ്രധിരോധിക്കുന്നത്. 146 ച.കി.മീറ്ററോളം വിസ്തൃതിയുള്ള പഞ്ചായത്തിന്റെ കിഴക്കുള്ള കമ്മാടിയിൽ നിന്ന് കുടുംബൂരിലെത്തണമെങ്കിൽ ഏകദേശം 40 കി.മീ. താണ്ടണം. ഇതിലേറെയും കാൽ നടയായി വേണം കടക്കാൻ. കുന്നുകളും തോടുകളും പുഴകളും ഇടക്കിടെ പ്രതിരോധങ്ങൾ സൃഷ്ടിക്കുന്നു.

പഠന സൗകര്യങ്ങളുടെ കാര്യത്തിൽ ഈ പഞ്ചായത്ത് ഇനിയെത്രയോ ദൂരം മുമ്പിലേക്ക് പോകേണ്ടതുണ്ട്. പത്താം തരം പൂർത്തിയാക്കുന്ന വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം കലാലയ വിദ്യാഭ്യാസം ഏറക്കുറെ അന്യമാണ്. കാരണം പ്രീ ഡിഗ്രി തലത്തിലുള്ള വിദ്യാഭ്യാസത്തിനായി കാസർകോട് ഗവ:കോളജിനേയോ കാഞ്ഞങ്ങാടും പരിസരങ്ങളിലുമുള്ള വിദ്യാഭ്യസ സ്ഥാപനങ്ങളേയോ ആശ്രയിക്കണം. ഫലമോ, ഉപരി പഠനം എന്ന മോഹം മൊട്ടിൽ തന്നെ നുള്ളിയെടുക്കേണ്ടി വരുന്നു. ഇതിനൊരു പരിഹാരം കണ്ടേ മതിയാകൂ. രാജപുരത്ത് അനുവദിച്ചിട്ടുള്ള കോളജിന്റെ പേരിൽ ഈ നാട് ഒരുപാട് മോഹങ്ങൾക്ക് നിറം കൊടുത്തിരുന്നു. എന്നാൽ എല്ലാം സാക്ഷാൽക്കരിക്കപ്പെട്ടു എന്ന് പറയാനാവില്ല. ഭൗതിക സാഹചര്യങ്ങൾ കൊണ്ട് ധന്യമായ ഈ കോളജിൽ നാമമാത്രമായ കോഴ്സുകളും സീറ്റുകളും തുടരുന്നിടത്തോളം കാലം കടുത്ത യാഥാർത്ഥ്യങ്ങക്കു മുമ്പിൽ നാട് വഴി മുട്ടി നിൽക്കും.

സാങ്കേതിക വിദ്യാഭ്യാസ ഭൂപടത്തിൽ പനത്തടിയുടെ സ്ഥാനം ശൂന്യമാണ്. ടൈപ്പ് റൈറ്റിംഗ് പഠിപ്പിക്കുന്ന രണ്ട് സ്ഥാപനങ്ങൾ മാത്രമാണ് ഈ പട്ടികയിലുണ്ടെന്നു പറയാവുന്നത്.

ബഹുജന പങ്കാളിത്തത്തിൽ ഭരണകൂടത്തെ പോലും വിസ്മയിപ്പിച്ച സാക്ഷരതാ പദ്ധതി ഒന്നും രണ്ടും ഘട്ടങ്ങൾ ആദിവാസി മേഖലയിൽ ഒരു പുത്തനുണർവ്വുണ്ടാക്കി. തുടർ പ്രവർത്തനങ്ങൾക്കായി ജനവിദ്യാകേന്ദ്രങ്ങൾ രൂപം കൊണ്ടു.

ടേബിൾ 10 കാണുക.

പക്ഷേ ആ മഹത്തായ ലക്ഷ്യം പൂർത്തീകരിക്കുവാൻ പിന്നീട് നമുക്ക് കഴിയാതെ പോയി. ഫലമോ? നിരക്ഷരരുടെ പട്ടികയിലേക്ക് വീണ്ടും ഒഴുക്ക് വർദ്ധിക്കുന്നു.

ബാല മനസ്സുകളിലേക്ക് അക്ഷരത്തിന്റെ വളപ്പൊട്ടുകൾ വാരിയെറിയുന്ന ഒട്ടേറെ സ്ഥാപനങ്ങളെ കാണാതിരുന്നുകൂടാ.

ടേബിൾ 7, 8 , 9, കാണുക.

പരിമിതികൾ ഏറെയുണ്ടെങ്കിലും ഏതെങ്കിലും ഒരു സരസ്വതീ ക്ഷേത്രത്തിന്റെ തിരുമുറ്റത്തേക്ക് തങ്ങളുടെ മക്കളെ കൈപിടിച്ചു നടത്തുന്നതിൽ പനത്തടി നിവാസികൾ അധികം മടിക്കാറില്ല.

താഴെ കൊടുത്തരിക്കുന്ന സ്ഥിതി വിവരക്കണക്കുകൾചെറിയ തോതിലെങ്കിലും ചാരിതാർത്ഥ്യത്തിനു വഴി നൽകുന്നു.

ടേബിൾ 3, 4, 5, 12 കാണുക.

പക്ഷേ വിദ്യാലയാന്തരീക്ഷങ്ങൾ പലതതും ഇല്ലായ്മകളുടെ കഥ പറയുന്നു. എന്തിന്? ഒരൊറ്റ ഡസ്ക് പോലുമില്ലാത്ത യു.പി.സ്കൂൾ എന്ന ബഹുമതിക്ക് ഇന്നും പാണത്തൂർ ഗവ:വെൽഫയർ യു.പി.സ്കൂൾ അർഹമാണ്. ഈ പട്ടികയിലേക്ക് ജില്ലയിൽത്തന്നെ ഏതെങ്കിലുമൊരു സ്ഥാപനം കൂടിയുണ്ടാവുമോയെന്നറിയില്ല. എന്തിനും ഏതിനും കാരണങ്ങൾ കണ്ടെത്തുന്ന നമുക്ക് ഇതിനും ഒരു മറുപടിയുണ്ടാകാം. എന്നാൽ കഥയെന്തെന്നറിയാതെ കളി കാണുന്ന ബാലമനസ്സുകൾ ഓട്ടത്തിനിടയിൽ കൂഴഞ്ഞു വീഴുന്നു.

വിദ്യാർത്ഥികളുടെ വൈഭവത്തിന്റെ മാറ്റുരക്കുന്ന എസ്. എസ്. എൽ. സി. പരീക്ഷാഫലം ഇതിന്റെ ദുരന്തത്തിലേക്കു വിരൽ ചൂണ്ടുന്നു.

ടേബിൾ 6,11,13 കാണുക.

എന്നാൽ അത്യാവശ്യ സൗകര്യങ്ങളോടു കൂടിയ ക്വാർട്ടേഴ്സുള്ള ഒരു പ്രാഥമിക വിദ്യാലയം ട്രൈബൽ മേഖലയായ കുടുംബൂരിലുണ്ടെന്നതു മറ്റൊരു കാര്യം.

സർക്കാർ ഉടമസ്ഥതയിലുള്ളതോ ധന സഹായത്തോടു കൂടിയതോ ആയ 15 വിദ്യാലയങ്ങളിലായി '215' അധ്യാപകർ '7516' വിദ്യാർത്ഥികളെ വിദ്യയുടെ ലോകത്തേക്ക് കൈ പിടിച്ച് നടത്തുന്നു. ഇതര സ്ഥാപനങ്ങൾ കൂടി കണക്കിലെടുത്താൽ വിദ്യാർത്ഥികളുടെ എണ്ണം കുത്തനെ ഉയരും.

ടേബിൾ - 2 കാണുക.

കലാലയ വിദ്യാഭ്യാസത്തിനു കൊതിക്കുന്നവരിൽ ഗണ്യമായ വിഭാഗം പാരലൽ കോളജുകളെയാണ് ആശ്രയിക്കുന്നത്. ശാസ്ത്ര സാങ്കേതിക പരിജ്ഞാനം കാംക്ഷിക്കുന്നവരും സാഹിത്യത്തിന്റെയും സാമ്പത്തിക ശാസ്ത്രത്തിന്റെയും അറിവുകൾ നേടി തൃപ്തിയടയുന്നു.

ടേബിൾ - 14 കാണുക.

രാഷ്ട്രത്തിന്റെ വികാസം ഗ്രാമ വികസനമാണെന്ന കാര്യം പരിഗണിക്കുമ്പോഴാണ് മേല്പറഞ്ഞ കാര്യങ്ങളുടെ ആഴം മനസ്സിലാവുക.

ഏറെ പ്രതീക്ഷകളോടെ ആരംഭിച്ച 'ഡിപെപ്പിന്റെ' പ്രവർത്തനം ഒട്ടും ആശാസ്യമായിരുന്നില്ല. ഇതിന്റെ ഭാഗമായി പാണത്തൂർ, പെരുതടി, പ്രാന്തർകാവ്, ചുള്ളിക്കര, എന്നിവിടങ്ങളിലെ സ്കൂളുകളിൽ തുടങ്ങി വച്ച കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ മാത്രം കുറച്ചെങ്കിലും ആശ്വാസത്തിനു വക നൽകുന്നു. ഈ പരിപാടിയുടെ നടത്തിപ്പിൽ വന്നു ചേർന്ന പാളിച്ചകളിലേക്ക് ഒരിക്കൽകൂടി ശ്രദ്ധ തിരിച്ചു വിടുവാനും പദ്ധതി അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പുനരാരംഭിക്കുവാനും നമുക്കു കഴിയണം. അതുകൊണ്ട് നിലവിലുള്ള പ്രശ്നങ്ങളിലേക്കും അതിന്റെ സാദ്ധ്യതകളിലേക്കും കൂടി കടന്ന് ഈ റിപ്പോർട്ട് സമാപിപ്പിക്കാം.

പ്രശ്നങ്ങൾ

1. അഞ്ചു വയസ്സു പൂർത്തിയാക്കി പ്രൈമറി വിദ്യാലയങ്ങളിൽ എത്തുന്നവരിൽ പ്രീ പ്രൈമറി വിദ്യാഭ്യാസം ലഭിച്ചവരുടെ എണ്ണം താരതമ്യേന കുറവാണ്. ഇത് ഭാവിയിൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കും.

2. നിലവിലുള്ള സ്കൂളുകൾ തമ്മിലുള്ള ദൂരം ചില പ്രദേശങ്ങളേയെങ്കിലും പ്രയാസത്തിലാക്കുന്നു. പന്ത്രണ്ടാം വാർഡിലെ കമ്മാടിയിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ബളാംതോടിലെത്തുന്ന വിദ്യാർത്ഥി പ്രതിദിനം കുറഞ്ഞ പക്ഷം '48' കി.മീറ്റർ സഞ്ചരിക്കേണ്ടി വരും. ഇതിൽ 32 കി.മീറ്ററും കാൽ നടയാണെന്നോർക്കണം. ഇക്കാരണത്താൽ തന്നെ നാലാം തരത്തോടെഒട്ടേറെ വിദ്യാർത്ഥികൾ വിദ്യാലയത്തോട് വിട പറയുന്നു. കല്ലപ്പള്ളിയിലുള്ളത് ലോവർ പ്രൈമറി വിദ്യാലയമാണ്. അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിന് പാണത്തൂർ ഗവ: യു.പി. സ്കൂളിനെ ആശ്രയിക്കണം.

3. ഇന്നത്തെ നിലയിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രീ ഡിഗ്രി വിദ്യാഭ്യാസത്തിനുള്ള യാതൊരു സൗകര്യവും ലഭ്യമല്ല.ഇത് വിദ്യാർത്ഥികളുടെ കലാശാലാ പഠനത്തിനുള്ള മോഹത്തെ തകർക്കുന്നു.

4. സാങ്കേതിക വിദ്യാഭ്യാസം ഇന്നാട്ടിലെ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അന്യമാണ്. കാരണം അതിനുള്ള സൗകര്യം ഇവിടെ ലഭ്യമല്ല.

5. പഞ്ചായത്തിലെ സർക്കാർ വിദ്യാലയങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ അധ്യാപക ക്ഷാമവും ഹെഡ്മാസ്റ്റർമാരുടെ അകാല സ്ഥലം മാറ്റവും ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

6. സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം തികച്ചും ശോചനീയമാണ്. ആതു പരിഹരിക്കാതെ ലക്ഷ്യത്തിലെത്താൻ കഴിയില്ല.

7. ദൃശ്യ ശ്രാവ്യ ബോധന മാധ്യമങ്ങളുടെ അഭാവം പാഠ്യ വിഷയങ്ങളുടെ പൂർണ്ണമായ അവതരണത്തിന് തടസ്സം നിൽക്കുന്നു.

8. വിസ്തൃതിയിലും ജനസാന്ദ്രതയിലും ശ്രദ്ധേയമായ പഞ്ചായത്തിൽ ഒരു പൊതു വായനശാല പോലും ഇല്ലാത്തത് ഒരു നാടിന്റെ ശാപമാണ്.

9. പഞ്ചായത്തിലെ ഏതെങ്കിലും ഒരു സ്കൂളിനും ചുറ്റുമതിലില്ല. ബളാംതോട് ഹൈസ്കൂളിനു വേണ്ടി പണിയുന്ന കെട്ടിടത്തിനു മാത്രം ഇക്കാര്യത്തിൽ ആശ്വാസത്തിനു വകയുണ്ട്. ചുറ്റു മതിലിന്റെ അഭാവം സ്കൂളിനെ രാത്രികാലങ്ങലിലെ സാമൂഹ്യ വിരുദ്ധ പ്രവർത്തനത്തിന് ചിലർ വേദിയാക്കുന്നു.

10. ഒന്നാം തരം മുതൽ അനുവർത്തിച്ചു വരുന്ന അശാസ്ത്രീയമായ പ്രൊമോഷൻ വ്യവസ്ഥ ഒരു പുനർ ചിന്തനത്തിനു വിധേയമാക്കുന്നതിനുള്ള സമയം വൈകി. അലസതയും നിരുത്തരവാദിത്തവും വിദ്യാർത്ഥികളിൽ അടിച്ചേൽപ്പിക്കാൻ മാത്രമേ ഈ സമ്പ്രദായം ഉതകൂ.

11. വിദ്യാർത്ഥികളിൽ വർദ്ധിച്ചു വരുന്ന അച്ചടക്ക രാഹിത്യം ഒരു ശാപമായി മാറിയിരിക്കുന്നു. ഇക്കാര്യത്തിൽ രക്ഷിതാക്കളും സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ പ്രവർത്തകരും അധ്യാപക സമൂഹവും ഉണർന്നു പ്രവർത്തിക്കാതിരിക്കുന്നത് പരിശുദ്ധമായ വിദ്യാലയങ്ങളെ സംഘർഷ ഭൂമിയാക്കുന്നു.

12. സങ്കീർണ്ണമായ പാഠ്യ പദ്ധതി, കുട്ടികൾക്ക് താങ്ങാനാവാത്ത വിഷയങ്ങൾ ഇവയൊക്കെ വിദ്യാർത്ഥിയെ നിസ്സംഗനാക്കുന്നു. ലക്ഷ്യ ബോധമില്ലാത്തതും ജീവിതഗന്ധിയല്ലാത്തതുമായ വിഷയങ്ങൾ സമഗ്രമായ പരിഷ്കരണത്തിനു തന്നെ വിധേയമാക്കേണ്ടതാണ്.

സാധ്യതകൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് കുറഞ്ഞ പക്ഷം രണ്ട് കേന്ദ്രങ്ങളെങ്കിലും ലഭ്യമാക്കുക.

2. ഡി.പി.ഇ.പി.യ്ക്കു വിധേയമായി ഓട്ടമലയിലും പാറക്കടവിലും അനുവദിക്കപ്പെട്ടിട്ടുള്ള ഭിന്നതല ബോധന കേന്ദ്രങ്ങൾ എത്രയും വേഗം ആരംഭിക്കുകയും പാണത്തൂർ, മാലക്കല്ല്, ചാമുണ്ഡിക്കുന്ന്, എന്നിവിടങ്ങളിലെ യു.പി.

സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയും ചെയ്യുക.

3. ശാസ്ത്ര വിഷയങ്ങൾ ഉൾപ്പെടുത്തി പ്ലസ് ടു വിദ്യാഭ്യാസ സമ്പ്രദായം ബളാംതോട് ഗവ:ഹൈസ്കൂളിലും രാജപുരം ഹോളി ഫാമിലി ഹൈസ്കൂളിലും ആരംഭിക്കുമെങ്കിൽ അത് ഈ നാടിന്റെ ചിരകാല സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കും. പഞ്ചായത്തിലെ ഏക കലാലയമായ സെൻറ് പയസ് ടെൻത് കോളജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുകയും നിലവിലുള്ള സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക.

4. സാങ്കേതിക വിദ്യാഭ്യാസത്തിന് ഉതകുന്ന ഒരു സ്ഥാപനമെങ്കിലും ഈ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടാൽഅത് വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ ഒരു കുതിച്ചുചാട്ടത്തിനു തന്നെ വഴി തെളിക്കും.

5. പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു പൊതു വായനശാല തുറക്കുകയും ദിവസത്തിൽ നാല് മണിക്കൂറെങ്കിലും അതു പ്രവർത്തിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

നിർദ്ദേശങ്ങൾ

1. സ്കൂളുകൾക്ക് കഴിയും വേഗം ചുറ്റുമതിൽ നിർമ്മിക്കുക.

2. ഹൈസ്കൂളുകളിൽ നിന്ന് പ്രൈമറി വിഭാഗത്തെ വേർപെടുത്തുക.

3. 'ഡിപ്പെപ്' വഴിയുള്ള പുസ്തക വിതരണം സാർവ്വർത്രികമാക്കുക.

4. എൽ.പി. സ്കൂളുകളെ മുൻഗണനാ ക്രമത്തിൽ അപ്ഗ്രേഡ് ചെയ്യുക.

5. കുടിവെള്ളത്തിനുള്ള സൗകര്യം ഉറപ്പു വരുത്തുക.

6. എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കുക.

7. ചാമുണ്ഡിക്കുന്നിൽ അനുവദിക്കപ്പെട്ടിട്ടുള്ള ട്രൈബൽ പ്രീ പ്രൈമറി വിദ്യാലയം എത്രയും വേഗം തുറന്നു പ്രവർത്തിക്കുക.

8. പി.ടി.എ യുടെ ഫലപ്രദമായ പ്രവർത്തനം എല്ലാ സ്കൂളിലും ഉറപ്പു വരുത്തുക.

9. സിലബസ്സിന്റെ സമഗ്രമായ പരിഷ്കരണത്തിന് സർക്കാരിനോട് ശുപാർശ ചെയ്യുക.

10. പട്ടികജാതി-വർഗ്ഗ പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തിൽ വേണ്ടത്ര താൽപര്യം പ്രകടിപ്പിക്കുവാൻ രക്ഷിതാക്കളെ നിർബന്ധിക്കുന്ന വിധത്തിൽ സമഗ്രമായൊരു ബോധവൽക്കരണം നടത്തുക.

11. പഞ്ചായത്തിന്റെ സാമ്പത്തിക ബാധ്യതകൾക്കുള്ളിൽ നിന്നുകൊണ്ട് പ്രൈമറി സ്കൂളുകളിൽ സയൻസ് കിറ്റുകൾ വിതരണം ചെയ്യുക.

12. ജനവിദ്യാ കേന്ദ്രങ്ങളുടെയും അംഗൻവാടികളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുക

13. പഞ്ചായത്ത് തലത്തിൽ അക്കാദമിക് സമിതികൾ രൂപീകരിക്കുകയും പ്രതിമാസാവലോകനം നടത്തുകയും ചെയ്യുക.

14. ഡിപെപ്പ് ഫണ്ട് ഉപയോഗിച്ച് പ്രൈമറി വിദ്യാലയങ്ങളിൽ ഉപകരണങ്ങൾ വിതരണം ചെയ്യുവാൻ ശുപാർശ സമർപ്പിക്കുക.

15. വിദ്യാർത്ഥികളുടെ പഠന കാര്യങ്ങളിലും സ്വഭാവ രൂപീകരണത്തിലും കൂടുതൽ സ്വാധീനം ചെലുത്തുവാൻ കഴിയുന്നത് അമ്മമാർക്കാണെന്നുള്ളതിനാൽ വിദ്യാലയങ്ങളിലെ മാതൃസംഗമം മാസത്തിലൊരിക്കലെങ്കിലും അനിവാര്യമാക്കേണ്ടതും കുട്ടികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളെ യോഗങ്ങൾ അവലോകനം ചെയ്യപ്പെടേണ്ടതുമാണ്.

16. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സ് ഉണ്ടാകൂ. ആരോഗ്യമുള്ള കുട്ടികളും അന്തരീക്ഷവും വിദ്യാഭ്യാസ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. പ്രൈമറി തലത്തിൽ തന്നെ ആരോഗ്യ വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ പ്രത്യേക വിഷയമായി ഉൾപ്പെടുത്തുക.

17. ആഗോള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുകയും കുട്ടികളിൽ പ്രകൃതിസ്നേഹം വളർത്തുന്നതിനുതകുന്ന സമഗ്രമായ പദ്ധതികൾ സ്കൂൾ തലത്തിൽ ആവിഷ്കരിക്കുകയും ചെയ്യുക.

ടേബിൾ - 1

1.7 വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	സ്കൂളുകളുടെ എണ്ണം																			സാങ്കേതിക വിദ്യാലയങ്ങൾ (വാർഡ്ഏതെന്ന് ബ്രാക്കറ്റിൽ)			കോളേജുകൾ			പാരലൽ കോളേജുകൾ			
	H.S.S/H.S					U.P.S.					L.P.S					NURSERY														
	സർക്കാർ	എയ്ഡഡ്	അൺ.എയ്ഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	എയ്ഡഡ്	അൺ.എയ്ഡഡ്	മറ്റുള്ളവ	ആകെ	സർക്കാർ	എയ്ഡഡ്	അൺ.എയ്ഡഡ്	മറ്റുള്ളവ	ആകെ	ഗവൺമെന്റ്	കോർപ്പറേഷൻ	പഞ്ചായത്ത്	ആകെ	ഗവൺമെന്റ്	പഞ്ചായത്ത്	ആകെ	ഗവൺമെന്റ്	പഞ്ചായത്ത്	ആകെ	ഗവൺമെന്റ് സ്കൂളുകളിലെ ഷിഫ്റ്റുകൾ	ഗവൺമെന്റ് സ്കൂളുകളിലെ ക്ലാസുകൾ	സ്വകാര്യ സ്കൂളുകൾ	ആകെ
1	-	-	-	-	-	-	-	-	-	-	1	-	-	-	1	-	-	-	-	-	-	-	-	-	-	-	-	1	1
2	1	1	-	-	2	-	-	-	-	-	-	1	2	-	3	-	-	3	3	-	-	-	-	1	1	-	-	-	-
3	-	-	-	-	-	-	-	-	-	-	1	-	-	-	1	-	-	-	-	-	-	-	-	-	-	-	-	-	-
4	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-
5	-	-	-	-	-	-	1	-	-	1	-	1	-	-	1	-	-	1	1	-	-	-	-	-	-	-	-	1	1
6	-	-	-	-	-	-	-	-	-	-	1	-	-	-	1	-	-	-	-	-	-	-	-	-	-	-	-	-	-
7	-	-	-	-	-	1	-	-	-	1	1	-	-	-	1	-	-	-	-	-	-	-	-	-	-	-	-	-	-
8	1	-	-	-	1	-	-	-	-	-	-	-	1	-	1	-	-	-	-	-	-	-	-	-	-	-	-	2	2
9	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-
10	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-	-		-	-	-	-	-	-	-	-	-
11	-	-	-	-	-	1	-	-	-	1	-	1	2	-	3	1	-	2	3	-	-	-	-	-	-	-	-	-	-
12	-	-	-	-	-	-	-	-	-	-	1	-	-	-	1	-	-	-	-	-	-	-	-	-	-	-	-	-	-
13	-	-	-	-	-	1	-	-	-	1	-	-	1	-	1	-	-	1	1		-	-	-	-	-	-	-	-	-
ആകെ	2	1	-	-	3	3	1	-	-	4	5	3	6	-	14	1	-	7	8	-	-	-	-	1	1	-	-	4	4

ടേബിൾ - 2

1.8 അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

സ്കൂളുകൾ	അധ്യാപകർ			വിദ്യാർത്ഥികൾ			മറ്റ് സൗകര്യങ്ങൾ			
							കെട്ടിടം		ഫർണിച്ചർ	
	ആണ്	പെണ്ണ്	ആകെ	ആണ്	പെണ്ണ്	ആകെ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ	വേണ്ടത്ര ഉള്ളവ	വേണ്ടത്ര ഇല്ലാത്തവ
എച്ച്.എസ്	41	28	69	1069	1082	41	2	1	1	2
യു.പി.എസ്	38	23	61	1378	1134	38	1	3	1	3
എൽപിഎസ്	36	47	83	1506	1314	36	3	5	3	5
പ്രീ-പ്രൈമറി	-	2	2	18	15	-	1	-	1	-
	115	100	215	3971	3545	7516	7	9	6	10

ടേബിൾ-4

എൽ.പി/യു.പി/ഹൈസ്കൂൾ വിദ്യാർത്ഥികളുടെ തരംതിരിച്ച പട്ടിക

	എൽ.പി. വിഭാഗം			യു.പി. വിഭാഗം			എച്ച്.എസ്			ആകെ		
വിവരണം	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
സ്കൂൾ ആരംഭത്തിൽ കുട്ടികളുടെ എണ്ണം	1506	1314	2820	1378	1134	2512	1069	1082	2151	3953	3530	7483
പട്ടികജാതി/വർഗ്ഗം	569	529	1098	419	354	773	222	245	467	1210	1128	7338
മറ്റുള്ളവ	937	785	1722	959	780	1739	847	837	1684	2743	2402	5145
കൊഴിഞ്ഞുപോയവർ	11	11	22	19	14	33	38	29	67	68	54	122
പട്ടികജാതി/വർഗ്ഗം	5	4	9	10	11	21	15	13	28	30	28	58
മറ്റുള്ളവ	6	7	13	9	3	12	23	16	39	38	26	64
നിലവിലുള്ളവ	1495	1303	2798	1359	1120	2479	1031	1053	2084	3855	3476	7361

ടേബിൾ-3

വിദ്യാലയങ്ങളുടെയും അദ്ധ്യാപകരുടെയും തരംതിരിച്ച പട്ടിക

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	വാർഡ്	എൽ.പി. വിഭാഗം			യു.പി. വിഭാഗം			എച്ച്.എസ്			ആകെ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ജി.ടിഡബ്ല്യു.എൽ.പി. സ്കൂൾ, കുട്ടമ്പൂർ	1	2	1	3	-	-	-	-	-	-	2	1	3
2	എച്ച്.എസ്.എ.എൽ.പി.എസ്, രാജപുരം	2	2	6	8	-	-	-	-	-	-	2	6	8
3	എച്ച്.എഫ്.എച്ച്.എസ്, രാജപുരം	2	-	-	-	9	5	14	16	14	30	25	19	44
4	ജി.എച്ച്.എസ്, കൊട്ടോടി	2	4	4	8	5	3	8	5	6	11	14	13	27
5	ജി.എൽ.പി.എസ്, ചുള്ളിക്കര	3	2	4	6	-	-	-	-	-	-	2	4	6
6	സെൻറ്മേരീസ് എയു.പി.എസ്, മാലക്കല്ല്	5	6	9	15	3	7	10	-	-	-	9	16	25
7	എ.എൽ.പി.എസ്, കള്ളാർ	5	2	5	7	-	-	-	-	-	-	2	5	7
8	ജി.ടിഡബ്ല്യു.എൽ.പി. സ്കൂൾ, അടോട്ട്കയം	6	2	2	4	-	-	-	-	-	-	2	2	4
9	ജി.യു.പി.എസ്, പ്രാന്തർകാവ്	7	4	0	4	3	1	4	-	-	-	7	1	8
10	ജി.എൽ.പി.എസ്, പെരുതടി	7	3	0	3	-	-	-	-	-	-	3	0	3
11	ജി.എച്ച്.എസ്, ബളാംതോട്	8	1	7	8	5	5	10	20	8	28	26	20	46
12	ജി.ടിഡബ്ല്യു.യു.പി. സ്കൂൾ, പാണത്തൂർ	11	2	5	7	7	2	9	-	-	-	9	7	16
13	എ.എൽപി.എസ്, റാണിപുരം	11	2	2	4	-	-	-	-	-	-	2	2	4
14	ജി.എൽ.പി.എസ്, കല്ലപ്പള്ളി	12	2	0	2	-	-	-	-	-	-	2	0	2
15	ജി.യു.പി.എസ്, ചാമുണ്ഡിക്കുന്ന്	13	3	1	4	5	1	6	-	-	-	8	2	10
ആകെ			37	46	83	37	24	61	41	28	69	115	98	213

ടേബിൾ-5 ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിലെ സ്ഥിതിവിവരം ഒറ്റനോട്ടത്തിൽ

സ്കൂളിന്റെ പേര്		ആകെ കുട്ടികൾ			പട്ടികജാതി/പട്ടികവർഗ്ഗം			തോറ്റവർ						കൊഴിഞ്ഞുപോയവർ					
								പട്ടികജാതി/പട്ടികവർഗ്ഗം			മറ്റുള്ളവർ			പട്ടികജാതി/പട്ടികവർഗ്ഗം			മറ്റുള്ളവർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ALPS	റാണിപുരം	60	56	116	35	42	77	2	2	4	0	1	1	0	0	0	0	0	0
St.Mary`s AUPS	മാലക്കല്ല്	209	211	420	40	40	80	6	5	11	8	8	16	0	0	0	1	2	3
GWUPS	പാണത്തൂർ	225	181	406	67	61	128	1	0	1	13	6	19	0	2	2	2	0	2
GLPS	കല്ലപ്പള്ളി	27	23	50	2	4	6	0	1	1	0	0	0	0	1	1	2	4	6
GWLPS	അടോട്ട്കയം	67	42	109	33	22	55	2	2	4	2	0	2	0	0	0	0	0	0
GTWLPS	കൊടുമ്പൂർ	42	35	77	20	16	36	1	0	1	1	2	3	0	0	0	0	0	0
ALPS	കള്ളാർ	107	97	204	45	25	70	1	2	3	3	3	6	1	0	1	0	0	0
GLPS	ചുള്ളിക്കര	85	97	182	99	66	115	5	1	6	4	1	5	0	0	0	0	0	0
GLPS	പെരുതടി	39	39	78	34	33	67	1	1	2	0	0	0	0	0	0	0	0	0
HFALPS	രാജപുരം	214	158	373	64	49	113	5	7	12	10	4	14	2	0	2	1	1	2
GHS	കൊട്ടോടി	133	108	241	48	42	90	8	5	13	3	3	6	0	1	1	0	0	0
GHS	ബളാന്തോട്	132	123	255	40	53	93	7	4	11	6	1	7	0	0	0	0	0	0
GUPS	ചാമുണ്ഡിക്കുന്ന്	85	69	154	46	34	80	1	1	2	1	1	2	0	0	0	0	0	0
GUPS	പ്രാന്തർകാവ്	81	74	155	46	42	88	2	3	5	1	0	1	2	0	2	0	0	0
	ആകെ	1506	1314	2820	569	529	1098	42	34	76	52	30	82	5	4	9	6	7	13
	യു.പി.വിഭാഗം																		
St.Mary`s AUPS	മാലക്കല്ല്	297	244	541	53	50	103	11	5	16	12	8	20	3	3	6	2	2	4
GWUPS	പാണത്തൂർ	226	214	440	71	68	139	2	0	2	11	1	12	0	0	0	0	0	0
GHS	കൊട്ടോടി	156	108	264	45	38	53	7	7	14	13	6	19	3	3	6	1	0	1
GHS	ബളാന്തോട്	200	177	377	89	87	176	11	10	21	7	3	10	1	4	5	0	0	0
HFHS	രാജപുരം	353	269	622	93	66	159	16	14	30	44	32	76	2	1	3	6	1	7
GUPS	ചാമുണ്ഡിക്കുന്ന്	98	79	177	50	28	78	9	4	13	3	2	5	0	0	0	0	0	0
GUPS	പ്രാന്തർകാവ്	48	43	91	18	17	35	1	3	4	2	0	2	1	0	1	0	0	0
	ആകെ	1378	1134	2512	419	354	773	57	43	100	92	52	144	10	11	21	9	3	12
	എച്ച്.എസ്. വിഭാഗം																		
GHS	ബളാന്തോട്	444	457	901	138	142	280	22	11	33	30	15	45	3	7	10	0	0	0
GHS	കൊട്ടോടി	142	159	301	25	40	65	10	5	15	13	7	20	3	0	3	2	5	7
HFHS	രാജപുരം	483	466	949	59	63	122	12	6	18	90	32	122	9	6	15	21	11	32
	ആകെ	1069	1082	2151	222	245	467	44	22	66	133	54	187	15	13	28	23	16	39

ടേബിൾ നമ്പർ-6

9.3 സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളുടെ വിവരം

സ്കൂളിന്റെ പേര്	കെട്ടിടങ്ങളുടെ എണ്ണം				മുറികളുടെ എണ്ണം			ശൗചാലയം	കുടിവെള്ള സൗകര്യം	കമ്പ്യൂട്ടർ ലാബ്	ലൈബ്രറി	കമ്പ്യൂട്ടർ ഉള്ളവ	ലൈബ്രേറിയൻ	വൈദ്യുതീകരണം	ചുറ്റുമതിൽ/ഫെൻസിങ്	സ്കൂൾ ബസ്	കളിസ്ഥലം	ഇനി ആവശ്യമായവയുടെ എണ്ണം				
	കെട്ടിടങ്ങളുടെ എണ്ണം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം											ഡസ്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
HFHS-രാജപുരം	30	5	3	-	23	12	-	-	-	2	-	-	3	1	ഉണ്ട് പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	30	30	30	
GHS-ബളാന്തോട	34	5	-	-	20	-	-	-	-	2	10	1	1	1	ഉണ്ട് കിണർ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	160	160	16	അലമാര-3 കസേര-10
GHS-കൊട്ടോടി	22	3	2	1	10	8	4	14	ഉണ്ട്	2	16	2	2	1	ഉണ്ട് കിണർ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	30	30	20	അലമാര-3 മേശ-2 കസേര-2
St.Mary`sAUPS-മാലക്കല്ല്	22	21	1	-	15	7	-	5	ഉണ്ട്	2	5	2	1	ഇല്ല	കിണർ പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	10	10	5	അലമാര-
GWUPSപാണത്തൂർ	19	5	-	-	14	-	-	5	ഉണ്ട്	1	4	3	ഇല്ല	1	കിണർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	150	75	25	അലമാര-3 ഷെൽഫ്-4
GUPSചാമുണ്ഡിക്കുന്ന്	10	2	-	1	9	-	2	-	-	2	5	-	ഇല്ല	2	കിണർ	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	35	25	10	അലമാര-2
GUPSപ്രാന്തർകാവ്	7	2	-	1	3	-	4	4	ഉണ്ട്	ഇല്ല	-	3	ഇല്ല	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	30	30	14	അലമാര-5 ഷെൽഫ്-5
ALPSകള്ളാർ	6	3	3	-	3	3	-	2	ഉണ്ട്	1	4	ഇല്ല	1	ഇല്ല	കിണർ	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	-	40	12	മേശ-2 കസേര-2
HFALPSരാജപുരം	8	2	-	-	9	-	-	4	ഉണ്ട്	1	2	1	1	ഇല്ല	ഉണ്ട് പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	-	16	8	അലമാര-1
GLPSപെരുതടി	4	-	1	-	-	4	-	-		ഇല്ല	-	2	1	1	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	4	3	4	അലമാര-3
GWLPSചുള്ളിക്കര	6	1	1	-	4	2	-	-	ഇല്ല	ഇല്ല	-	2	-	-	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	30	6	
GTWLPSകൊടുമ്പൂർ	4	1	-	-	4	-	-	-	-	ഇല്ല	-	1	-	-	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	10	3	
GWLPSഅടോട്ടുകയം	4	1	1	-	5	2	-	-	-	2	20	-	-	-	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	15	15	5	അലമാര-2 ഷെൽഫ്-2
GLPSകല്ലപ്പള്ളി	4	4	-	-	4	-	-	1	ഉണ്ട്	ഇല്ല	-	2	-	-	കിണർ	ഇല്ല	ഇല്ല	ഇല്ല	ഇല്ല	10	10	5	അലമാര-3 ഷെൽഫ്-3
ALPSറാണിപുരം	4	1	-	-	5	-	-	-	ഉണ്ട്	ഇല്ല	-	2	-	-	പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	24	-	-	
GHWNSപാണത്തൂർ	2	1	-	-	3	-	-	-	-	ഇല്ല	-	1	-	-	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	-	-	-	അലമാര-1
											-			-									

ടേബിൾ-7

സ്വകാര്യ മേഖലയിലുള്ള അംഗീകാരമില്ലാത്ത നഴ്സറി സ്സ്കൂളുകൾ

ക്രമ നമ്പർ	വാർഡ് നമ്പർ	സ്ഥാപനത്തിന്റെ പേര	എൽ.കെ.ജി			യു.കെ.ജി			ആകെ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	2	സെൻറ്ആൻസ് ഇം:മീഡിയം നഴ്സറി, കൊട്ടോടി.	20	25	45	10	14	24	30	39	69
2	2	ടാഗോർ ബാലനികേതൻ , രാജപുരം	19	24	43	23	14	37	42	38	80
3	2	ബി.ടി.എം. നഴ്സറി സ്കൂൾ,രാജപുരം	17	12	29	10	6	16	27	18	45
4	5	സെൻറ് തോമസ് നഴ്സറി സ്കൂൾ, കള്ളാർ	–	-	-	-	-	-	27	13	40
5	5	നിർമ്മല നഴ്സറി സ്കൂൾ മാലക്കല്ല്	13	26	39	26	24	50	39	50	89
6	8	സെൻറ് ജോസഫ് നഴ്സറി സ്കൂൾ,പനത്തടി	–	-	-	-	-	-	23	20	43
7	11	നിർമ്മല നഴ്സറി സ്കൂൾ പാണത്തൂർ	33	27	60	-	-	-	33	27	60
8	11	പാണത്തൂർ ഇം:മീഡിയം നഴ്സറി സ്കൂൾ	11	9	20	12	8	20	23	17	40
		ആകെ							244	222	466

ടേബിൾ-8

അംഗീകാരമില്ലാത്ത സ്വകാര്യ പ്രാഥമിക സ്കൂളുകൾ

ക്രമ നമ്പർ	വാർഡ് നമ്പർ	സ്ഥാപനത്തിന്റെ പേര്	ആൺ കുട്ടികൾ	പെൺ കുട്ടികൾ	ആകെ കുട്ടികൾ
1	2	ടാഗോർ ബാലനികേതൻ(ഇം:മീഡിയം), രാജപുരം	38	40	78
2	8	സെൻറ് ജോസഫ് എൽ.പി.സ്കൂൾ, പനത്തടി.	71	59	130
3	11	നിർമ്മല എൽ.പി.സ്കൂൾ, പാണത്തൂർ	94	106	200
4	11	പാണത്തൂർ ഇം:മീഡിയം സ്കൂൾ	44	28	72
5	13	സരസ്വതി ശിശു മന്ദിരം,ചാമുണ്ഡിക്കുന്ന്	31	37	68
		ആകെ	278	270	548

ടേബിൾ-9

നിലവിലുള്ള അംഗൻവാടികളെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്ക്

ക്രമ നമ്പർ	അംഗൻവാടിയുടെ പേര്	സ്വന്തമായി കെട്ടിടം ഉള്ളത്	ഇല്ലാത്തത്	ക്രിഷ്ണർ ഉള്ളത്	ഇല്ലാത്തത്	കക്കൂസ് ഉള്ളത്	ഇല്ലാത്തത്
1	പാണത്തൂർ നെല്ലിക്കുന്ന്	X	-	-	X	X	-
2	മൈലാട്ടി	X	-	-	X	X	-
3	കല്ലപ്പള്ളി	-	X	X	-	X	-
4	ബളാന്തോട്	X	-	X	-	X	-
5	ഓട്ടമല	X	-	-	X	X	-
6	ചാമുണ്ഡിക്കുന്ന്	X	-	-	X	X	-
7	പെരുതടി	X	-	-	X	X	-
8	ഇരിക്കാംകല്ല്	X	-	-	X	X	-
9	കടമല	X	-	-	X	X	-
10	മാനടുക്കം	X	-	-	X	X	-
11	പറക്കയം	X	-	-	X	X	-
12	പൂക്കുന്നം	X	-	X	-	X	-
13	പനത്തടി	X	-	-	X	-	X
14	ചുള്ളിയോടി	X	-	-	X	-	X
15	രാജപുരം	X	-	-		-	X
16	എലിക്കോട്ടുകയം	X	-	X		X	-
17	കുടുംബൂർ	X	-	X		X	-
18	പേരടുക്കം	X	-	-		X	X
19	ആടകം	X	-	-		-	X
20	നീലീമല	X	-	-		-	X
	ആകെ	18	2	5	15	14	6

പനത്തടി ഗ്രാമപഞ്ചായത്ത് വികസന രേഖ.

ടേബിൾ-10

നിലവിലുള്ള ജനവിദ്യാകേന്ദ്രങ്ങളെപ്പറ്റിയുള്ള പൊതുവിവരം

ക്രമ നമ്പർ	നിലവിലുള്ള ജനവിദ്യാ കേന്ദ്രങ്ങളെപ്പറ്റിയുള്ള പൊതുവിവരം	
1	ജനവിദ്യാകേന്ദ്രം, ഇടക്കടവ്	2
2	ജനവിദ്യാകേന്ദ്രം,കോട്ടക്കുന്ന്	3
3	ജനവിദ്യാകേന്ദ്രം,ആടകം	4
4	ജനവിദ്യാകേന്ദ്രം, കള്ളാർ	5
5	ജനവിദ്യാകേന്ദ്രം,കൊളപ്രം	6
6	ജനവിദ്യാകേന്ദ്രം,പെരുതടി	7
7	ജനവിദ്യാകേന്ദ്രം,തിമ്മംചാൽ	8
8	ജനവിദ്യാകേന്ദ്രം,പന്തിക്കാൻ	9
9	ജനവിദ്യാകേന്ദ്രം,കല്ലപള്ളി	10
10	ജനവിദ്യാകേന്ദ്രം,ഓട്ടമല	12
11	ജനവിദ്യാകേന്ദ്രം,പനത്തടി	13
12	ജനവിദ്യാകേന്ദ്രം,കൊളപ്രം	7

ടേബിൾ-11

എസ്.എസ്.എൽ.സി. വിജയശതമാനം

സ്കൂളുകളുടെ പേര്	വർഷം					മറ്റു വിവരങ്ങൾ
	91 92	9293	93 94	94 95	95 96	
ഗവ:ഹൈസകൂൾ, കൊട്ടാടി	26	24	25	21	22	
എച്ച്.എഫ്.എച്ച്.എസ്, രസ്കൂളുകളുടെ		54	51	44.6	62	
ജി.എച്ച്.എസ്, ബളാംതോട്	18	20	22	23	28	

ടേബിൾ-12

1996-97 സ്കൂൾ വർഷത്തിൽപഞ്ചായത്തിലുള്ള സെക്കണ്ടറി തലം വരെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കൂടി ആകെ വിദ്യാർത്ഥികൾ

	വിവരണം			
1	ഹൈസ്കൂൾ വിഭാഗം (ഗവ:എയ്ഡഡ്)	1031	1053	2084
2	യു.പി.വിഭാഗം(ഗവ:എയ്ഡഡ്)	1359	1120	2479
3	എൽ.പി.വിഭാഗം(ഗവ:എയ്ഡഡ്)	1495	1303	2798
4	എൽ.പി.വിഭാഗം(അംഗീകാരമില്ലാത്തത്)	278	270	548
5	പ്രീ പ്രൈമറി(അംഗീകാരമില്ലാത്തത്)	18	15	33
6	പ്രീ പ്രൈമറി(അംഗീകാരമില്ലാത്തത്)	244	222	466
7	യു.പി.വിഭാഗം(ഇം:മീഡിയം അംഗീകാരമുള്ളത്)	23	20	43
8		4448	4003	8451

ടേബിൾ-13

അക്കാദമിക സൗകര്യങ്ങൾ

	സ്കൂളിന്റെ പേര്	അടിയന്തര കളിസ്ഥലം ഉണ്ട്/ഇല്ല	കമ്പോസ്റ്റ് ഉണ്ട്/ഇല്ല	ലൈബ്രറി ഉണ്ട്/ഇല്ല	ഉപയോഗപ്രദമായ മറ്റു സൗകര്യങ്ങൾ	ഗ്രൗണ്ട് ലെവലിൽ വേണ്ടത്ര എണ്ണം	ഭിന്നശേഷി-കുട്ടികൾക്കായുള്ള ടോയ്ലറ്റ് ഉണ്ടോ	പ്രത്യേകമായി പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ ലാബ് ഉണ്ട്/ഇല്ല	സ്കൂൾ ബസ്സിന്റെ ലഭ്യത/സൗകര്യം	സ്വന്തം സ്കൂൾ കെട്ടിട പ്രവർത്തി നിലവാരങ്ങൾ
1	GHS Balanthode	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	സജീവം	7
2	GHS Kottodi	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	8	ഇല്ല	ഉണ്ട്	സജീവം	-
3	HFHS Rajapuram	ഉണ്ട്	ഉണ്ട്	ഉണ്ട്		-	ഉണ്ട്	ഉണ്ട്	സജീവം	1
4	GUPS Prantharkavu	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	7	ഇല്ല	ഉണ്ട്	സജീവം	-
5	St.Mary's AUPS Malakkallu	ഉണ്ട്	ഉണ്ട്	ഇല്ല		-	ഉണ്ട്	ഉണ്ട്	സജീവം	-
6	GUPS Chamundikkunnu	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	5	ഇല്ല	ഉണ്ട്	സജീവം	-
7	GWUPS Panathur.	ഇല്ല	ഇല്ല	ഇല്ല	ഇല്ല	14	ഇല്ല	ഉണ്ട്	സജീവം	-
8	GLPS Kallappally	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	ഇല്ല	ഉണ്ട്	സജീവം	-
9	ALPS Ranipuram	ഇല്ല	ഉണ്ട്	ഉണ്ട്		-	ഉണ്ട്	ഉണ്ട്	സജീവം	-
10	GLPS Peruthdy	ഇല്ല	ഇല്ല	ഇല്ല		4	ഇല്ല	ഉണ്ട്	സജീവം	-
11	ALPS Kallur	ഇല്ല	ഇല്ല	ഇല്ല		-	ഇല്ല	ഉണ്ട്	സജീവം	-
12	GWLPS Adottukaya	ഇല്ല	ഉണ്ട്	ഉണ്ട്		2	ഉണ്ട്	ഉണ്ട്	സജീവം	-
13	HFALPS Rajapuram	ഉണ്ട്	ഇല്ല	ഇല്ല		-	ഉണ്ട്	ഉണ്ട്	സജീവം	-
14	GLPS Chullikkara	ഇല്ല	ഇല്ല	ഇല്ല		3	ഇല്ല	ഉണ്ട്	സജീവം	-
15	GTWLPS Kudumboor	ഇല്ല	ഇല്ല	ഇല്ല		-	ഇല്ല	ഉണ്ട്	സജീവം	-
16	GHW Nursery School Panathur.	ഇല്ല	ഇല്ല	ഇല്ല		-	ഉണ്ട്	ഇല്ല	സജീവം	-

ടേബിൾ നമ്പർ–14

കലാലയ വിദ്യാഭ്യാസത്തിലേക്ക് ഒരെത്തിനോട്ടം

ക്രമ നമ്പർ	കോളേജിന്റെ പേരും സ്ഥാപന വർഷവും	കോളേജിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			കുട്ടികളുടെ എണ്ണം	അദ്ധ്യാപകരുടെ എണ്ണം	അദ്ധ്യാപകേതര ജീവനക്കാരുടെ എണ്ണം	ഹോസ്റ്റൽ സൗകര്യമുണ്ടോ	ഹോസ്റ്റൽ സൗകര്യമുണ്ടെങ്കിൽ അന്തേവാസികളുടെ എണ്ണം	അനുവദിക്കപ്പെട്ട കോഴ്സുകൾ	മുൻവർഷങ്ങളിലെ വിജയശതമാനം	കോളേജിലേക്കുള്ള ദൂരം	ഹോസ്റ്റൽ സൗകര്യമുണ്ടെങ്കിൽ ദൂരം	ഹോസ്റ്റൽ ഇല്ലാത്തവർ താമസിക്കുന്നതെവിടെ
		സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	അംഗീകാരമില്ലാത്തവ	ആൺ	പെൺ	ആകെ										
1	സെൻറ് പയസ് ടെൻത് കോളേജ്, രാജപുരം 14-8-1995		എയ്ഡഡ്			68	75	143	8	11	10	ഉണ്ട്	5 എണ്ണം ഉണ്ട്	B.Sc മാത്തമാറ്റിക്സ് ബയോളജി B.Sc B.A.Economics		ഉണ്ട്	ഉണ്ട്	
2	നിർമ്മല കോളേജ്, രാജപുരം				പാരലൽ	116	178	294	17	11	–	–				വാടക		Ist PDC, IInd PDC, SSLC
3	ജി.എം. കോളേജ്, മാലക്കല്ല്.				പാരലൽ	84	65	140	5	8	–	–				വാടക		PDC, SSLC
4	റോയൽ കോളേജ്, പനത്തടി				പാരലൽ	58	77	135	27	9	–	–				വാടക		PDC, SSLC
5	പ്രതിഭ കോളേജ്, പനത്തടി				പാരലൽ	32	28	60	11	8	–	–				വാടക		PDC, SSLC
	ആകെ					358	423	781	68			–						

115

വിഭവ സമാഹരണം

രാഷ്ട്ര പുരോഗതിയുടെ താക്കോൽ ഗ്രാമങ്ങളാണെന്ന സത്യം ഉൾക്കൊള്ളാതെ നടത്തുന്ന ഏതു വികസന പ്രവൃത്തിയും ഒരു പാഴ്വേല മാത്രമാകും. ഇവിടെയാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രസക്തി. വിഭവങ്ങളുടെ സമാഹരണം, അതു ചെലവഴിക്കുന്ന രീതി എന്നിവയും ശ്രദ്ധിക്കപ്പെടാതിരുന്നുകൂടാ.

ഭൂവിസ്തൃതിയിൽ പനത്തടി പഞ്ചായത്ത് കാസറഗോഡ് ജില്ലയിൽ രണ്ടാം സ്ഥാനത്തെത്തുമെങ്കിലും വിഭവഭൂപടത്തിൽ നമ്മുടെ സ്ഥാനം എത്രയോ പിന്നിലാണ്. ജനങ്ങളുടെ സാമ്പത്തികമായ പിന്നോക്കാവസ്ഥ, വ്യാവസായിക മേഖലയിലെ മാന്ദ്യം, പട്ടികജാതി, പട്ടികവർഗ, മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെ ബാഹുല്യം തുടങ്ങിയവയൊക്കെ ഇതിനു കാരണങ്ങളാണ്. ആ നിലക്ക്പുതിയ വരുമാന സ്രോതസുകൾ കണ്ടെത്താതെ മാർഗമില്ല. മാനുഷിക ശക്തിതന്നെയാണ് ഏറ്റവും വലിയ വിഭവം എന്ന പുതിയ സങ്കൽപ്പം അന്വർത്ഥമാക്കുകയേ ഇവിടെ കരണീയമായുള്ളൂ. ലഭ്യമായ കണക്കുകളനുസരിച്ച് പഞ്ചായത്തിലുള്ള ആകെ ജനങ്ങളുടെ എണ്ണം 36239 ഉം ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ മൊത്തം വരവ് 924817 രൂപയുമാണ്.

പട്ടിക - 1

തനതു വരുമാനം

	93 - 94	94 - 95	95 - 96
കെട്ടിട നികുതി	267922-00	281542-00	298192-00
തൊഴിൽ നികുതി	126301-00	170457-00	113230-00
വിനോദ നികുതി	123353-60	118944-75	128244-00
ലൈസൻസ് ഫീ	12595-00	12701-75	12668-75
ലീസ്, ലേലം മറ്റിനം	350207-60	931943-30	372482-55
ആകെ	880379-20	1234328-30	924817-30

മേൽപ്പറഞ്ഞ വരവിൽ ഭരണച്ചെലവ് കഴിച്ച് ബാക്കി വരുന്ന തുക യഥാർത്ഥ ആവശ്യമായി തട്ടിച്ചു നോക്കിയാൽ തുലോം തുച്ഛമാണ്.

പട്ടിക - 2

സർക്കാർ ധനസഹായം

A. ഗ്രാൻറ്	93 - 94	94 -95	95 - 96
വസ്തു കൈമാറ്റ ചുങ്കം	328208-00	312448-00	271329-00
അടിസ്ഥാന നികുതിഗ്രാൻറ്	216919-00	246168-00	244974-00
VRM ഗ്രാൻറ്	45789-00	45452-00	47105-00
VTC ഗ്രാൻറ്	-	23000-00	419819-00
MI ഗ്രാൻറ്	3638-00	3638-00	3638-00
ആകെ	594554-00	632706-00	986865-00

B. മറ്റിനം			
ഉപാധിരഹിത ഫണ്ട്	471000-00	448600-00	476840-00
ഡെപ്പോസിറ്റ്	43991-00	27758-00	36919-00
ജെ ആർ വൈ	1552552-00	653605-00	1256312-00
സ്പെഷ്യൽ ഏരിയാ ഡവലപ്മെൻറ് പ്രോഗ്രാം	-	404000-00	-
ആകെ	2067543-00	1533963-00	1770071-00

കാലകാലങ്ങളിൽ ഗവൺമെൻറിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം കൂടി വരവിൽ ചെരുമ്പോഴും സ്ഥിതി ആശാവഹമല്ല. ആ നിലയ്ക്ക് മാനുഷിക ശക്തിയെ പരമാവധി ചൂഷണം ചെയ്യുകയും അതുവഴി വികസന സങ്കൽപ്പം യാഥാർഥ്യമാക്കുകയും ചെയ്യേണ്ടതുണ്ട്

വർധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് ഒരു പരിഹാരം കൂടിയാണിതെന്നോർക്കണം. പഞ്ചായത്തിലെ ലഭ്യമായ അസംസ്കൃത വസ്തുക്കളുപയോഗിച്ച് ചെറുകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും ആരംഭിക്കാവുന്നതാണ്. (ഉദാ - ഈറ്റ, തൊണ്ട്, റബ്ബർ തുടങ്ങിയവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ). വിപണന സാധ്യതകൾ കണ്ടെത്തുവാൻ ഗ്രാമസഭക്കു കഴിയണം എന്ന കാര്യം മറക്കുന്നില്ല.

പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആകെ വരവിന്റെ 55 ശതമാനം പ്രതിവർഷം ചെലവാകുന്നുണ്ടെന്നോർമിക്കണം. പതിമൂന്നു വാർഡുകളിലായി ചിതറിക്കിടക്കുന്ന മുന്നൂറോളം കിലോമീറ്റർ റോഡിന്റെ അറ്റകുറ്റപ്പണികൾ ജനപങ്കാളിത്തത്തോടെ ചെയ്തു തീർത്താൽ ആ തുക ഉത്പാദനക്ഷമവും പ്രയോജനപ്രദവുമായ വഴകളിലേക്ക് തിരിച്ചുവിടാം.

പട്ടിക - 3

ചെലവ്

ഭരണം	381814-50	4949966-55	400531-75
പൊതുമരാമത്ത്	453322-00	602915-50	2025304-25
വിദ്യാഭ്യാസം	74127-90	29130-15	37655-30
കുടിവെള്ളം,പൊതു ജനാരോഗ്യം	9457-00	57464-70	29282-05
തെരുവ് വിളക്ക്	40992-00	39430-00	40212-00
മറ്റു ചെലവുകൾ	1573055-40	1102466-00	1586268-10
ആകെ	2532768-80	2326372-80	4119253-40

പട്ടിക - 4

പൊതുമരാമത്ത്

വർഷം	ചെലവാക്കിയ തുക	തുക ശതമാനത്തിൽ
93 - 94	453322-00	12.7%
94 - 95	602915-50	17.7%
95 - 96	2025304-25	54.99%

ഇതുവഴി പഞ്ചായത്തിന്റെ ആളോഹരി വരുമാനം വർധിപ്പിക്കുവാനും അധിക വിഭവ സമാഹരണം സുസാധ്യമാക്കുവാനും സാധിക്കും. ഇതൊരു നിസ്സാരകാര്യമല്ല.

പ്രത്യക്ഷമോ പരോക്ഷമോ ആയ നികുതികളിലൂടെ വിഭവസമാഹരണം നടത്തുമ്പോൾ ജനങ്ങളിൽ അധികഭാരം അടിച്ചേല്പിക്കാതിരിക്കാൻ ശ്രദ്ധിക്കണമല്ലോ. ഈ സാഹചര്യത്തിൽ മാനുഷിക ശക്തിയാണ് ഏറ്റവും വലിയ വിഭവസമാഹരണ മാർഗം എന്ന വസ്തുതയ്ക്ക് പ്രസക്തിയേറുന്നു. ഗ്രാമസഭകളിൽ ഉയർന്നു വന്ന ചില അഭിപ്രായങ്ങൾ കൂടി ഇവിടെ പരിഗണിക്കേണ്ടതുണ്ട്. ആ നിലക്കുള്ള ചില വരുമാനമാർഗങ്ങളെപ്പറ്റി ആലോചിക്കാം.

1. പഞ്ചായത്ത് അതിർത്തിയിലെ വളർത്തു നായ്ക്കൾക്ക് നിർബന്ധിതമായ ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുകയും അതിനുള്ള ഫീസ് ഗണ്യമായി വർധിപ്പിക്കുകയും ചെയ്യുക. അലഞ്ഞു തിരിയുന്ന നായ്ക്കളിൽ നിന്നും ഇന്നാട്ടിലെ ജനങ്ങളെ സംരക്ഷിക്കുക, ഉൾക്കിടിലത്തോടെ മാത്രം ഓർമ്മിക്കുന്ന പേപ്പട്ടി വിഷബാധക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുക, എന്നീ രണ്ടു ധർമ്മങ്ങൾകൂടി ഇവിടെ നിറവേറ്റപ്പെടും.

2. കെട്ടിട നിർമ്മാണ നിയമം, നമ്മുടെ പഞ്ചായത്തിൽ നടപ്പാലാക്കുന്നതിനെപ്പറ്റി പഞ്ചായത്ത് സമിതി ആലോചിക്കേണ്ടുണ്ട്. ഇത് നടപ്പിൽ വരികയാണെങ്കിൽ ശാസ്ത്രീയമായ രീതിയിൽ കെട്ടിട നികുതി പിരിക്കുവാനും, അനധികൃതമായ കെട്ടിട നിർമാണ പ്രവർത്തനങ്ങൾ ഒരു പരിധിവരെ തടയാനും കഴിയും.

3. നാടിന്റെ പൊതുസ്വത്തായ പുഴയിൽ നിന്ന് സ്വകാര്യ വ്യക്തികൾ യഥേഷ്ടം മണൽ വാരുകയും പാറപൊട്ടിക്കുകയും ചെയ്യുന്നു. ഇത് ഒട്ടനവധി പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് മാത്രമല്ല പൊതുമുതൽ ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യുന്നു. മണൽ വാരുന്നതിനുള്ള അവകാശം പഞ്ചായത്തിന്റെ വിഭവ സമാഹരണത്തിന് ഒരു ധനാഗമമാർഗം കൂടി ആകുമെന്നു മാത്രമല്ല പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കുകയും ചെയ്യും.

4. പുഴയോരത്തുള്ള പുറമ്പോക്കു ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും അത് താത്പര്യമുള്ളവർക്ക് കൃഷിക്കായി പാട്ടത്തിന് കൊടുക്കുകയും ചെയ്യാവുന്നതാണ്.

5. കരിങ്കൽ ക്വാറികൾ, അറവുശാലകൾ എന്നിവ നടത്തുവാൻ ലൈസൻസ് ഫീ ഏർപ്പെടുത്തുന്നതു വഴി പഞ്ചായത്തിന്റെ അധിക വിഭവ സമാഹരണവും, പൊതു ജനങ്ങളുടെ ആരോഗ്യപരമായ സുരക്ഷയും ഉറപ്പു വരുത്താനാകും.

6. പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന നിരത്തിൽ പൂടങ്കല്ല്, രാജപുരം, കള്ളാർ, മാലക്കല്ല്, കോളിച്ചാൽ പനത്തടി, ബളാന്തോട്, പാണത്തൂർ, ചെമ്പേരി എന്നിവിടങ്ങളിൽ ഓട്ടോ, ടാക്സി സ്റ്റാൻറുകൾ നിർമ്മിച്ച് വാഹന ഉടമകൾക്ക് ഫീസ് ചുമത്തുകയും അത് പിരിക്കാനുള്ള അവകാശം ലേലം ചെയ്ത് കൊടുക്കുകയും ചെയ്യുക.

7. പുതിയ സാംസ്കാരിക നിലയങ്ങളും ഷോപ്പിംഗ് കോപ്ലക്സുകളും നിർമ്മിച്ച് അവയുടെ വാടകയിലൂടെ ലഭിക്കുന്ന പണം നാടിന്റെ വികസനത്തിനായി ഉപയോഗിക്കാം.

8. ആഴ്ചച്ചന്തകളോ അന്തിച്ചന്തകളോ തുറക്കുന്നതു വഴി വ്യാപാരമേഖലയെ ഉത്തേജിപ്പിക്കാൻ സാധിക്കും. ഇതിന്റെ അവകാശം ഒരു നിശ്ചിത കാലത്തേക്ക് ലേലത്തിലുറപ്പിച്ച് പുതിയ വരുമാന മാർഗം കണ്ടെത്താം.

9. പുഴകളിൽ നിന്നും യഥേഷ്ടം വെള്ളം പമ്പു ചെയ്യുന്ന പ്രവണത അടുത്ത കാലത്തായി വർധിച്ചു വരുന്നു. നാടിന്റെ പൊതു സ്വത്ത് ഒരു വിഭാഗം ഇങ്ങനെ കയ്യടക്കുന്നതുമൂലം രൂക്ഷമായ ജലക്ഷാമം നേരിടുന്നു. ഇതിന് തടയിടാൻ എന്ന നിലയിൽ പുഴയോരത്ത് അനധികൃതമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള പമ്പുകൾക്ക് അതിന്റെ കുതിരശക്തിയനുസരിച്ച് വ്യത്യസ്ഥ നിരക്കിലുള്ള ലൈസൻസ് ഫീ ഏർപ്പെടുത്തുക.

10. ഒരു ഹെക്ടറോ അതിലധികമോ വിസ്തൃതിയുള്ള തോട്ടങ്ങളിലെ റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുന്നതിനു മുമ്പായി ഗ്രാമ പഞ്ചായത്തിന്റെ അനുമതി നിശ്ചിത തുക അടച്ച് രേഖാമൂലം വാങ്ങണമെന്ന് വ്യവസ്ഥ ചെയ്യുക.

11. പഞ്ചായത്തുതലത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള തെരുവ് വിളക്കുകൾക്ക് ഉയോഗിക്കുന്ന വൈദ്യുതി മീറ്റർ റിഡിംഗിലൂടെ തിട്ടപ്പെടുത്തി അടക്കുക. ഇതു വഴി ഈ ഇനത്തിൽ ചെലവാക്കുന്ന തുക ഗണ്യമായി ലാഭിക്കുവാൻ കഴിയും.

12. ബാങ്കുകളുടെയും സഹകരണ സ്ഥാപനങ്ങളുടേയും വർഷിക അറ്റാദായത്തിന്റെ ഒരു നിശ്ചിത വിഹിതം നാടിന്റെ വികസനത്തിനായി ഗ്രാമപഞ്ചായത്തിന് കൈമാറുവാൻ വ്യവസ്ഥയുണ്ടാവണം.

13. കേരളത്തിലെ ഊട്ടി എന്ന പേരിലറിയപ്പെടുന്ന റാണിപുരത്തെ ടൂറിസത്തിന്റെ ഭൂപടത്തിൽ ഉൾപ്പെടുത്തുവാനും അതുവഴി പുത്തൻ വിഭവ സമാഹരണം സാധ്യമാക്കുവാനും നടപടികൾ സ്വീകരിക്കണം

14. ദേശീയ സമ്പാദ്യ പദ്ധതിയിലെ നിക്ഷേപത്തിന്റെ 20 ശതമാനം ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് ലഭിക്കും. അതുകൊണ്ട് പരമവധി ആളുകളെ ദേശീയ നിക്ഷേപ സമ്പാദ്യ പദ്ധതിയിൽ ചേർക്കുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.

നിർദേശങ്ങൾ

- കെട്ടിട നിർമാണ ചട്ടം നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കുക.
- നികുതി സ്രോതസ്സുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
- സർക്കാരിൽ നിന്നും കാലാകാലമായി ലഭിക്കുന്ന ഗ്രാൻറുകൾ പഞ്ചായത്തിന്റെ വിസ്തൃതിക്കും ജന സംഖ്യയ്ക്കും അനുപാതികമായി അനുവദിക്കുവാൻ അധികൃതരോട് ശുപാർശ ചെയ്യുക.
- ഒരു നിശ്ചിത പരിധിക്ക് അപ്പുറത്ത് തോട്ട വിളകൾ ഉള്ള വ്യക്തികളിൽ നിന്നും ആനുപാതികമായി കാർഷിക തൊഴിൽ നികുതി പിരിച്ചെടുക്കുക.
- പഞ്ചായത്ത് അതിർത്തിയിൽ സ്വകാര്യ വ്യക്തികൾ സ്ഥാപിക്കുന്ന പരസ്യങ്ങൾക്ക് നിർദ്ദിഷ്ട തോതിൽ ഫീസ് ഇടാക്കുക.
- ഈ പഞ്ചായത്തിൽ നിന്നും വിദേശ രാജ്യങ്ങളിൽ തൊഴിലെടുക്കുന്നവരെ പൂർണ്ണമായും ദേശീയ സമ്പാദ്യ പദ്ധതിയിൽ ഉൾപ്പെടുത്തുക. അവരുടെ സമ്പാദ്യത്തിന്റെ ഒരു വിഹിതമെങ്കിലും ഉൾപ്പെടുത്തികൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ പുരോഗതിക്കുതകുന്നതും തൊഴിൽ സാധ്യകൾ ഉളവാക്കുന്നതുമായ ചെറുകിട വ്യവാസയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

പഠന പര്യടനം

മാർക്കറ്റ്

കാർഷിക വൃത്തിയെ കൂടുതലായി ആശ്രയിച്ച് കഴിയുന്ന പനത്തടി പഞ്ചായത്തിലെ സാധാരണക്കാരായ കർഷകജനത അവരുടെ കാർഷികോൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് മംഗലാപുരം, കാഞ്ഞങ്ങാട്, സുള്ള്യ പോലുള്ള പട്ടണങ്ങളെയാണ് ആശ്രയിക്കുന്നത്. യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത, വാഹനക്കൂലി, ചെലവുകളുടെ ആധിക്യം എന്നിവ കാർഷികോൽ പന്നങ്ങളുടെ വിപണനത്തെ സാരമായി ബാധിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ പനത്തടി പഞ്ചായത്തിൽ രാജപുരത്തും മാലക്കല്ലുമായി രണ്ടു ആഴ്ചച്ചന്തകൾ നിലവിലുണ്ടായിരുന്നു. കുത്തക വ്യവസായികളുടെ സ്വാർത്ഥതാത്പര്യങ്ങൾക്ക് ഇരയായി കൊണ്ട് ഈ രണ്ടു ആഴ്ചച്ചന്തകളും നിലച്ചുപോവുക യാണുണ്ടായത്. ഭൂരിഭാഗം വരുന്ന കർഷകജനതക്കു ഈ ചന്തകളുടെ നാശം വളരെയധികം ബുദ്ധിമുട്ടുളവാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ പ്രമുഖകേന്ദ്രങ്ങളായ പാണത്തൂർ ,ബളാംതോട്, പനത്തടി, കോളിച്ചാൽ, മാലക്കല്ല്, കള്ളാർ, രാജപുരം, പൂടംകല്ല് എന്നിവിടങ്ങളിലെ സ്വകാര്യ കച്ചവടക്കാരെയാണ് കർഷകർ വിപണനകാര്യത്തിൽ ആശ്രയിക്കുന്നത്. സഹകരണരംഗത്തെ ശക്തി പ്പെടുത്തികൊണ്ട് മാർക്കറ്റ് സംവിധാനം മെച്ചപ്പെടുത്താൻ കഴിയും. ഇവിടുത്തെ കാർഷികോൽപന്നങ്ങളായ റബ്ബർ, കശുവണ്ടി, തേങ്ങ, അടയ്ക്ക, എന്നിവ അതിർത്തിസംസ്ഥാനമായ കർണ്ണാടകയിലേക്കു കടത്തപ്പെടുന്നു. ആയിനത്തിൽ നമ്മുടെ പഞ്ചായത്തിനും സംസ്ഥാനത്തിനും വളരെയധികം സാമ്പത്തിക നഷ്ടം വരുത്തിവയ്ക്കുന്നു.

പഞ്ചായത്തിൽ കള്ളാറിൽ ഒരു മാവേലിസ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. കൺസ്യൂമർ സ്റ്റോർ നിലവിലുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. സഹകരണരംഗത്ത് റബ്ബർ മാർക്കറ്റിങ് സൊസൈറ്റിപോലുള്ള സ്ഥാപനങ്ങൾ വിപണനരംഗത്ത് നല്ലരീതിയിൽ പ്രവർത്തനം നടത്തുന്നു. കർഷകരുടെ സാമ്പത്തികോന്നമനത്തിന് മാർക്കറ്റ് ഒരു പ്രധാന ഘടകമാണ്. കർഷകനുൽപാദിപ്പിക്കുന്ന കാർഷിക വിഭവങ്ങൾ സ്വകാര്യ കച്ചവടക്കാർ കുറഞ്ഞ വിലയ്ക്ക് കർഷകരിൽ നിന്നും വാങ്ങി ലാഭം കൊയ്യുമ്പോൾ മണ്ണിനെ പൊന്നാക്കി മുത്തുവിളയിച്ച സാധാരണകർഷകന്റെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വർദ്ധിയ്ക്കുയാണ്. മുൻപ്രസ്ഥാവിച്ച കാര്യങ്ങൾ കണക്കിലെടുക്കുമ്പോ പനത്തടി പഞ്ചായത്തിൽ ഒരു മാർക്കറ്റ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത നിറഞ്ഞു നിൽക്കുന്നു.

അന്യസംസ്ഥാനങ്ങളിലേയ്ക്കും പട്ടണപ്രദേശങ്ങളിലേയ്ക്കും ഈ പഞ്ചായത്തിൽ നിന്നുള്ള പണത്തിന്റെ ഒഴുക്ക് തടഞ്ഞാൽ മാത്രമേ ഇവിടുത്തെ സാമ്പത്തികോന്നമനം സാധ്യമാകൂ. കൊപ്ര, അടയ്ക്ക, റബ്ബർ, കുരുമുളക്, എന്നിവയുടെ സംഭരണം സഹകരണരംഗത്ത് വ്യാപകമാക്കികൊണ്ട് ഈ പ്രദേശത്തെ പണം ഇവിടെ തന്നെ ചിലവഴിക്കുന്നതിന് സാഹചര്യം ഒരുക്കേണ്ടിയിരിക്കുന്നു.

ഏതാണ്ട്, പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന മാലക്കല്ലിൽ പഞ്ചായത്ത് വകയായുള്ള മാർക്കറ്റ് പുനരുദ്ധരിച്ച് ഒരു സ്ഥിരം മാർക്കറ്റായി ഉയർത്തിക്കൊണ്ടുവന്നാൽ മലയോര മേഖലയിലെ ജനങ്ങൾക്ക് വളരെയേറെ പ്രയോജനപ്പെടും. പാണത്തൂർ, ബളാംതോട്, പനത്തടി, കോളിച്ചാൽ, മാലക്കല്ല്, കള്ളാർ, രാജപുരം, പൂടംകല്ല് എന്നിവടങ്ങളിൽ പ്രത്യേകം മത്സ്യ, മാംസ, പച്ചക്കറി മാർക്കറ്റുകൾ സ്ഥാപിച്ചുകൊണ്ട് ടൗൺ ശുചികരണം സാധ്യമാക്കാൻ കഴിയും. ചെറുകിട വ്യവസായ കേന്ദ്രങ്ങളായ കോഴിവളർത്തൽ കേന്ദ്രങ്ങൾ നിലവിലുണ്ടെങ്കിലും ഉത്പാദിപ്പിക്കുന്ന കോഴികളെ വിറ്റഴിക്കാൻ കേന്ദ്രങ്ങൾ ഇല്ലാത്തത് സംരംഭകരുടെ ജീവിതപ്രശ്നം രൂക്ഷമാക്കുന്നു. കൃഷിക്കാരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിന് പഞ്ചായത്തിൽ സ്ഥിരമായ സംവിധാനങ്ങൾ ഉണ്ടായാൽ കൃഷിക്കാർക്ക് ന്യായമായ വില ലഭ്യമാക്കാൻ പറ്റും.

പ്രശ്നങ്ങൾ :

1. പഞ്ചായത്തിൽ മാർക്കറ്റ് സംവിധാനം തീരെയില്ല.

2. ഇവിടെ ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങൾ ഇവിടെ തന്നെ വിറ്റഴിക്കാൻ സാധിക്കുന്നില്ല.

3 സ്വകാര്യ കച്ചവടക്കാർ സാധാരണ കൃഷിക്കാരെ ചൂഷണം ചെയ്യുന്നു.

4. ഇവിടെ ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് കടത്തി കൊണ്ടു പോകുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ആഘാതം ഏൽപ്പിക്കുന്നു.

പരിഹാര മാർഗ്ഗങ്ങൾ :

1. സഹകരണ മേഖലയിൽ പാണത്തൂർ, പനത്തടി, മാലക്കല്ല്, രാജപുരം എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിക്കുക.

2. പച്ചക്കറി സാധനങ്ങൾ വിൽക്കുന്നതിനും കൃഷിക്കാരിൽ നിന്ന് വാങ്ങുന്നതിനും സഹകരണരംഗത്ത് പഞ്ചായത്ത്തലത്തിൽ ഒരു വിപണന സംവിധാനം ഉണ്ടാക്കുക.

3. പ്രധാന ഉൽപന്നങ്ങളായ കശുവണ്ടി, കൊപ്ര, റബ്ബർ, കുരുമുളക്, അടക്ക എന്നിവ സംഭരിക്കുന്നതിന് വേണ്ടി നിലവിൽ രൂപം കൊടുത്തിട്ടുള്ള സഹകരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

4. പനത്തടി പഞ്ചായത്ത് പൗൾട്രി കോ ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന കോഴി വിപണന കേന്ദ്രം ആരംഭിക്കുക.

5. പനത്തടി പഞ്ചായത്ത് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി മുഖേന റബ്ബർ വിപണന കേന്ദ്രം ആരംഭിക്കുക.

6. ഇറച്ചി വിൽപനകേന്ദ്രവും അറവു ശാലകളും പഞ്ചായത്തിന്റെ അനുമതിയോട് കൂടി വേണ്ടത്ര സംവിധാനത്തോടെ നടത്താനുള്ള ക്രമീകരണം ഉണ്ടാക്കണം.

7. മാലക്കല്ലിൽ പഞ്ചായത്ത് വക സ്ഥലത്ത് ചന്ത പുനസ്ഥാപിക്കുക.

8. കരുത്തുറ്റ ഒരു വിപണന ശൃംഖലയ്ക്ക് രൂപം കൊടുത്ത് ഒരു സ്വാശ്രയ ഗ്രാമത്തിനുള്ള ശ്രമമാരംഭിക്കുക.

9. നിലവിൽ കള്ളാറിൽ ഉള്ള മാവേലി സ്റ്റോർ ഉൾപ്രദേശത്തായതിനാൽ കച്ചവട മാന്ദ്യവും കരിഞ്ചന്ത വിൽപനയും നടക്കുന്നു. അതുകൊണ്ട് കാഞ്ഞങ്ങാട് - പാണത്തൂർ റോഡരികിൽ കള്ളാറിൽ തന്നെ സൗകര്യപ്രദമായ സ്ഥലത്ത് മാവേലി സ്റ്റോർ മാറ്റി സ്ഥാപിച്ചാൽ ജനങ്ങൾക്ക് കൂടുതൽ സൗകര്യ പ്രദമായിരിക്കും.

സംസ്ക്കാരം

കർണ്ണാടകയിലെ കുടക്ജില്ലയോട് ചേർന്ന് കിടക്കുന്ന പനത്തടി പഞ്ചായത്ത് വൈവിധ്യമാർന്ന സംസ്ക്കാരങ്ങളുടെ സംഗമ ഭൂമിയാണ്. ശിവജിയുടെ പിൻമുറക്കാരെന്ന് കരുതപ്പെടുന്ന ആദിവാസികളായ മറാഠിസമുദായക്കാർ, മലങ്കാടുകളിൽ വന്യ മൃഗങ്ങളോടൊത്ത് പ്രകൃതിയുടെ ഭാഗമായി ജീവിച്ചിരുന്ന പട്ടികജാതി വിഭാഗക്കാർ, ഭൂവുടമകളായ ഏതാനും കർഷക തറവാട്ടുകാർ, ഇവരുടെ ജീവിതക്രമവും സാമൂഹ്യബന്ധങ്ങളും ആയിരുന്നു പനത്തടിയുടെ ആദ്യകാലസാംസ്ക്കാരിക ചരിത്രം. വൈരുദ്ധ്യങ്ങളായിരുന്നു ഈ ചരിത്രത്തിന്റെ മുഖമുദ്ര.

ജന്മിത്വവും വർണ്ണവ്യത്യാസങ്ങളും നടമാടിയിരുന്ന ഈ മണ്ണിൽ നിന്നും സാംസ്ക്കാരിക നവോത്ഥാനത്തിന്റെ കൈത്തിരികളുമായി കേരള ഗാന്ധി കേളപ്പജിക്ക് പനത്തടിയിൽ നിന്നും അത്യുത്തര മലബാറിന്റെ ജന്മിത്വതലസ്ഥാനമായിരുന്ന നീലേശ്വരം കോവിലകത്തിന്റെ പടിവാതിൽക്കൽ എത്തിയ കാൽനട യാത്ര ഈ മണ്ണിന്റെ സാംസ്ക്കാരിക ചരിത്രത്തിലെ വഴിത്തിരിവാണ്. ഈ പശ്ചാത്തലത്തിലെ സ്വപ്നഭൂമിയിലേക്കാണ് നാൽപ്പതുകളിലും അമ്പതുകളിലും വ്യത്യസ്ത സാംസ്ക്കാരിക സമ്പന്നതയുടെ ചുമടുകളുമായി മോഹങ്ങളുടെ വിത്തിറക്കാൻ കുടിയേറ്റം ചുവടുവെച്ചെത്തിയത്. കാലത്തിന്റെ കുത്തൊഴുക്കിലും കൈമോശം വരാത്ത വിഭിന്ന സംസ്ക്കാരങ്ങൾ സമന്വയിച്ചപ്പോൾ ഇവിടത്തെ മണ്ണിൽ സങ്കര സംസ്ക്കാരം ഉയർന്നുവന്നു. ഭാരത സംസ്ക്കാരത്തെപ്പറ്റി നാം പറയുന്ന നാനാത്വത്തിലെ ഏകത്വം അതേ അളവിലും ഭാവത്തിലും ഈ പ്രാദേശിക സംസ്ക്കാരത്തിനും യോജിക്കും.

നാടൻ കലാരൂപങ്ങളുടെ കാര്യത്തിൽ പനത്തടി സമ്പന്നമാണ്. ആദിവാസികളുടെ നൃത്തങ്ങളും, ദൈവിക സങ്കൽപ്പങ്ങളുമായി കൈകോർത്ത് നിൽക്കുന്ന തെയ്യവും ഇന്നും ഈ മണ്ണിന്റെ ഭാഗമാണ്. ചാതുർവർണ്ണ്യത്തിന്റെ നേരെ കൂരമ്പുകളെയ്യുന്ന പൊട്ടൻ തെയ്യത്തെ ഇന്നും നമുക്ക് പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ടോ?

മഞ്ഞടുക്കം തുളുർ വനത്തിൽ എട്ടുദിവസം നീണ്ടുനിൽക്കുന്ന കളിയാട്ടമഹോത്സവം സാമുദായി വേലിക്കെട്ടുകളെ ഭേദിച്ചുകൊണ്ട് ഒരു ജനതയുടെ ഉൽസവമായി മാറിയിരിക്കുന്നു. ഈ ക്ഷേത്രത്തേയും ആഘോഷത്തെയും സംബന്ധിച്ച് ഒട്ടേറെ ഐതീഹ്യങ്ങൾ നിലവിലുണ്ട്. കൂവം അളക്കൽ ചടങ്ങോടുകൂടി ആരംഭിക്കുന്ന കളിയാട്ടമഹോത്സവം മുന്നായരീശ്വരന്റെ മുടിയെടുക്കലോടെ സമാപിക്കുന്നു. പെരുതടി ശിവക്ഷേത്രത്തിലെയും കള്ളാർ മഹാവിഷ്ണു ക്ഷേത്രത്തിലെയും ഉത്സവങ്ങളും ജനശ്രദ്ധ ആകർഷിക്കുന്നു.

രാജപുരം തിരുക്കുടുംബ ദേവാലയം, മാലക്കല്ല് ലൂർദ്ദ് മാതാ ദേവാലയം എന്നിവിടങ്ങളിലെ തിരുനാൾ ആഘോഷം, പാണത്തൂർ സെന്റ് മേരീസ് പള്ളിയിലെ എട്ടുനോമ്പാഘോഷം, കള്ളാർ പാണത്തൂർ മഖാമുകളിലെ ഉറൂസുകൾ എന്നിവ സാമുദായിക ആഘോഷങ്ങൾ എന്നതിലുപരി പ്രാദേശിക ആഘോഷങ്ങൾ എന്ന നിലയിലാണ് എണ്ണപ്പെടുന്നത്. 32 ഓളം ഹിന്ദു ആരാധനാലയങ്ങളും, 7 മുസ്ലീം പള്ളികളും, 13 കൃസ്ത്യൻ ദേവാലയങ്ങളും പനത്തടിയുടെ ആധ്യാത്മിക സമ്പന്നതയുടെ കേദാരങ്ങളാണ്

നാടിന്റെ സാംസ്ക്കാരിക മണ്ഡലത്തിൽ കീർത്തി മുദ്ര പതിപ്പിച്ച നാൽപത്തഞ്ചോളം സ്ഥാപനങ്ങൾ പ്രവർത്തന നിരതമാണ്. സംഗീത സാഹിത്യാദി കലകളെ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിൽ ഈ സംഘടനകൾക്കുള്ള പങ്ക് മഹത്തരമാണ്. പട്ടിക 1 കാണുക.

പഞ്ചായത്തിലെ പൂടംകല്ലിൽ 11ഇന പരിപാടിയിലുൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള മിനി സ്റ്റേഡിയം പനത്തടിയുടെ സാംസ്ക്കാരിക മേഖലയിൽ വരുത്തിയിട്ടുള്ള ചലനങ്ങൾ നിസ്സാരമല്ല. ഇന്നാട്ടിലെ ആദിവാസികളായ മറാഠി ജനവിഭാഗത്തിൽ നിലനിൽക്കുന്ന ആചാരങ്ങൾ പലനിലയിലും സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു.

ആദിവാസി വിഭാഗക്കാരായ മറാഠികൾ

അധികവും ഈശ്വര വിശ്വാസികളാണ്. മലദൈവങ്ങളെയും കുലദൈവങ്ങളെയും ഇവർ ആരാധിച്ചുപോരുന്നു. ഭൈരവദേവൻ, കരിഞ്ചാമുണ്ഡി, പഞ്ചുർളി, വിഷ്ണു മൂർത്തി തുടങ്ങിയ തെയ്യങ്ങളെ കെട്ടിയാടിക്കുന്ന സമ്പ്രദായം ഇവരിൽ ഉണ്ട്. ലിപിയില്ലാത്ത മറാഠി ഭാഷയാണ് ഇവർ സംസാരിക്കുന്നത്.

ഇവരുടെ വിവാഹരീതി വ്യത്യസ്തമാണ്. വിവാഹത്തിന്റെ മുഹൂർത്തം നോക്കുന്ന ചടങ്ങിനെ സാളാവോൾ എന്നും നിശ്ചയത്തിന് സമ്മാണു എന്നും പറയുന്നു. വിവാഹത്തലേന്ന് മഞ്ഞൾ മയിലാഞ്ചി എന്നിവ തേക്കുന്ന പതിവുണ്ട്. ബ്രാഹ്മണൻ മുഖാന്തിരമാണ് വിവാഹം നടത്തുക. ഇതിന് ധാരാ എന്ന് പറയുന്നു.

പെൺകുട്ടികൾ പ്രായപൂർത്തിയാകുന്നതിനോട് അനുബന്ധിച്ച് സാരിമംഗലവും, വിവാഹാനന്തരം ഗർഭിണിയായി 7ാം മാസം പുങ്ങം മംഗലവും നടത്തുന്നു.

മിക്ക കുടുംബങ്ങളും തറവാടുകളിൽ ചൊവ്വാഴ്ച പൂജ (സോമവാറ പുജ), തുളസീ പൂജ എന്നിവ നടത്തുന്നു. സമുദായത്തിൽപെട്ട പൂജാരിയുടെ നേതൃത്വത്തിൽ പന്നി, കോഴി എന്നിവയെ അറുത്ത് രാത്രികാലങ്ങളിൽ നടത്തുന്ന പ്രത്യേക പൂജയാണ് ഭൈരവ പൂജ അഥവാ ഗൊന്തൊളുപുജ. പുജയോടനുബന്ധിച്ച് 5 ഭക്തൻമാർ ലാഗെലോ ലെംബേലൊ ..... എന്ന് തുടങ്ങുന്ന പാട്ടുമായിനൃത്തം ചെയ്യുന്നു.പൂജയിൽ സംബന്ധിക്കുന്ന ആളുകൾക്ക് പ്രഭാതത്തിൽ പാളയിലുണ്ടാക്കിയ അപ്പം, പന്നിയിറച്ചി, ചോറ്, കറി എന്നിവനൽകുന്നു. രോഗനിവാരണത്തിനായാണ് ഇത്തരം പുജകൾ നടത്തത്തപ്പെടുന്നത്.

ഈ കൊച്ചുഗ്രാമത്തിന്റെ മുഖഛായയിൽ പ്രകടമായ മാറ്റങ്ങൾ കുറിച്ച മദ്യവിരുദ്ധപ്രവർത്തനങ്ങൾ ജനങ്ങളുടെ മുക്തകണ്ഡമായ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. ചാരായനിരോധനം കേരളത്തിൽ ചലനം സൃഷ്ടിച്ചുവെങ്കിലും കർണ്ണാടക സംസ്ഥാനത്തിൽപെട്ട ചെമ്പേരിയിലെ മദ്യഷാപ്പുകൾ നമ്മുടെ എല്ലാ പ്രതീക്ഷകളേയും തകിടം മറിച്ചു. ഇതിന്റെ ദൂരവ്യാപകമായ ഫലങ്ങൾ മുന്നിൽ കണ്ടുകൊണ്ട് 1996 ഒക്ടോബർ 2 ാം തിയ്യതി പനത്തടിയിലെ മദ്യ വിരുദ്ധ സമിതി ഒരു വർഷം നിണ്ടുനിൽക്കുന്ന ബൃഹത്ത് പദ്ധതിയുമായി രംഗത്തെത്തി. ഈ സംരഭത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം ശ്രീ. എം. നാരായണൻ എം.എൽ.എ. നിർവഹിച്ചു. ശ്രീ.സത്യജിത്ത് രാജൻ (ജില്ലാ കലക്ടർ), ഇ.ചന്ദ്രശേഖരൻ നായർ (R.D.O), വി. നാരായണൻ നായർ (ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്), മദ്യനിരോധന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ഫാദർ തോമസ് തൈത്തോട്ടം തുടങ്ങിയവർ തദവസരത്തിൽ സന്നിഹിതരായിരുന്നു.

ലോകപ്രശസ്ത ഗാന്ധിയൻ ഡോ. സുബ്ബറാവുവിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് വെച്ച് നടന്ന ദേശീയോദ്ഗ്രഥന ക്യാമ്പംഗങ്ങൾക്ക് പഞ്ചായത്ത് സമിതിയുടെ ആഭിമുഖ്യത്തിൽ പാണത്തൂരിൽ നൽകപ്പെട്ട സ്വീകരണത്തോടനുബന്ധിച്ചു നടന്ന വർണ്ണാഭമായ സാംസ്ക്കാരിക ഘോഷയാത്രയും സർവമത പ്രാർത്ഥനയും പനത്തടിയുടെ സാംസ്ക്കാരിക ചരിത്രത്തിലെ മഹാസംഭവമായിരുന്നു.

142 ചതുരശ്ര കിലോ മീറ്ററുകളിലായി വ്യാപിച്ചു കിടക്കുന്ന പനത്തടി ഏകദേശം 40000 ജനങ്ങളെ ഉൾക്കൊള്ളുന്നു. വ്യത്യസ്ത ആചാരാനുഷ്ഠാനങ്ങളിൽ വിശ്വസിക്കുന്ന കുടിയേറ്റ വിഭാഗങ്ങളും ഏറെ കാലമായി ഇവിടെ നിലനിന്നിരുന്ന ആദിവാസികളും ഇതിൽപെടുന്നു.

വിദ്യാഭ്യാസ. സാമൂഹ്യ രംഗങ്ങളിൽ ഒരു ജനകീയ മുന്നേറ്റത്തിന്റെ കഥയാണ് പനത്തടിക്ക് പറയാനുള്ളത്. സമ്പൂർണ്ണസാക്ഷരതാ യജ്ഞം മലയാളികളുടെ മന്ത്രമായി മാറുന്നതിന് മുമ്പ് തന്നെ കാൻഫെഡ് തുടങ്ങിയ പ്രസ്ഥാനങ്ങൾ ഇവിടെ മാറ്റത്തിന്റെ ശംഖൊലി മുഴക്കി തുടങ്ങിയിരുന്നു. ഇക്കൂട്ടത്തിൽ ശ്രീ.ടി.എൻ. അപ്പുക്കുട്ടൻ നായരുടെ പേര് പ്രത്യേകം പ്രസ്താവ്യമാണ്. സാക്ഷരതാപ്രസ്ഥാനത്തിന്റെ ഒന്നും രണ്ടും ഘട്ടങ്ങളുടെ ചുക്കാൻ പിടിച്ച സർവ്വശ്രീ. ടി.സി.സൈമൺ, കെ.കുഞ്ഞിക്കണ്ണൻ മാസ്റ്റർ, പി.എൽ അലക്സാണ്ടർ എന്നിവരെ നമ്മുക്ക് മറക്കാനാവില്ല.

വിദ്യാഭ്യാസ കായിക, കലാരംഗങ്ങളിൽ

സമീപ കാലത്ത് നാം തിളക്കമുള്ള വിജയ ങ്ങ ൾ കൊയ്തെടുത്തിട്ടുണ്ട് സംസ്ഥാന സ്ക്കൂൾ യുവ ജനോൽസവത്തിൽ കലാപ്രതിഭ പട്ടം കരസ്ഥമാക്കിയ മൂരളി. എച്ച് ഭട്ട്, നിർഭാഗ്യം കൊണ്ടുമാത്രം കലാതിലകപട്ടം നഷ്ടമായ സ്മിതാമോൾ സൈമൺ എന്നിവർ പനത്തടിയുടെ പേര് അനശ്വരമാക്കിയവരിൽ പെടുന്നു. കായികരംഗത്ത് ഫ്ലൈസമ്മാ തോമസ്, ബിജു ചാക്കോ, പട്ടുവം ചന്ദ്രൻ എന്നീപേരുകൾ എടുത്ത്പറയേണ്ടതുണ്ട്. കേരളോൽസവത്തിലും ഉജ്വലമായ നേട്ടങ്ങൾ കരസ്ഥമാക്കാൻ നമ്മുക്ക് കഴിഞ്ഞിട്ടുണ്ട്.

ഈ പ്രദേശത്തിന്റെ സാംസ്ക്കാരികമായ മുന്നേറ്റത്തിൽ പത്രമാധ്യമങ്ങൾക്കുള്ള സ്ഥാനം വളരെ വലുതാണ്. പനത്തടിയുടെ നവോത്ഥാനത്തിലും ഇത് പ്രസക്തമാണ്. ആശയവിനിമയ രംഗത്ത് മാത്രമല്ല ആനുകാലിക സംഭവവികാസങ്ങളെ അനു വാചകരിലേക്ക് എത്തിക്കുന്നതിനും അവയെ അപഗ്രഥിക്കുന്നതിലും മാധ്യമങ്ങൾ സജീവമാണ്. ഈ ഗണത്തിൽ പെട്ട ഒട്ടേറെ പ്രസിദ്ധീകരണങ്ങൾ പനത്തടിയിൽ എത്തുന്നു.

പട്ടിക 2 കാണുക

നമ്മുടെ സാംസ്ക്കാരിക രംഗം സമ്പുഷ്ടമാക്കുന്നതിൽ വിവിധ ആഘോഷങ്ങളും സ്ക്കൂൾ സാഹിത്യ സമാജങ്ങളും ഗണ്യമായ സ്വാധീനം ചെലുത്തുന്നു. ഉയർന്ന കലാപാരമ്പര്യം സൂക്ഷിക്കുന്ന നല്ലൊരു അധ്യാപക സമൂഹം ഉള്ളത് ഒരു മുതൽക്കൂട്ട് തന്നെയാണ്. കേരളത്തിന്റെ വിവിധ മേഖലകളിലുള്ള പ്രൊഫഷണൽ കലാസംഘടന കളുടെ പരിപാടികൾ എല്ലാ വർഷവും ഇവിടെ അവതരിപ്പിക്കാറുണ്ട്. ഒരു ഫൈനാർട്ട്സ് സൊസൈറ്റി, സരിഗ ഇവിടെ പ്രവർക്കുന്നുണ്ടെങ്കിലും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല.

സാംസ്ക്കാരിക രംഗത്തെ ശ്രദ്ധേയമായ ഒരു ആനുകാലിക പ്രവണതയാണ് ഇലക്ട്രോണിക് മാധ്യമങ്ങളുടെ വ്യാപനം. ലോകത്തിനെ വിരൽതുമ്പിലെത്തിക്കുന്ന ടെലിവിഷൻ തരംഗവും കുടെ ഡിഷ് ആന്റിനകളുടെ വേലിയേറ്റവും നമ്മുടെ സാംസ്ക്കാരിക രംഗത്ത് എന്ത്തരം മാറ്റങ്ങളാണ് വരുത്താൻ പോകുന്നതെന്ന് കാത്തിരുന്നു തന്നെ കാണേണ്ടിവരും.

പ്രശ്നങ്ങൾ :

1. നാടൻ കലകൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

2. പട്ടികജാതി പട്ടിക വർഗ്ഗ കോളനികളിൽ സാംസ്ക്കാരികകേന്ദ്രങ്ങളുടെ അഭാവം

3. സാമൂഹ്യ സാംസ്ക്കാരിക സംഘടനകൾക്ക് ടി.വി., റേഡിയോ തുടങ്ങിയ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വാങ്ങിക്കാനുള്ള സാമ്പത്തികശേഷിയില്ലായ്മ.

4. സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനങ്ങളെ സമന്വയിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങളുടെ അഭാവം.

5. സ്റ്റേഡിയം, വായനശാലകൾ ഗ്രന്ഥാലയങ്ങൾ എന്നിവയുടെ കുറവ്

6. പ്രാചീന, ലളിതകലകളിൽ പരീശീലനം നൽകുന്നതിലുള്ള സ്ഥാപനങ്ങളുടെയും അഭാവം.

7. നിലവിലുള്ള സാമൂഹ്യ സാംസ്ക്കാരിക സംഘടനകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക ശേഷിക്കുറവ്.

8. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ.

9. സാഹിത്യ അഭിരുചി വളർത്താനുള്ള പ്രസ്ഥാനങ്ങളുടെ അഭാവം

നിർദേശങ്ങൾ / സാധ്യതകൾ :

1. സാംസ്ക്കാരിക പ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി പഞ്ചായത്തുതല സാംസ്ക്കാരിക സമിതി രൂപീകരിക്കുക.

2. അനുഷ്ഠാനകലകളെയും നാടൻ കലകളെയും പ്രോത്സാഹിപ്പിക്കുന്നതിന് അവയുടെ

പ്രദർശനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുക.

3. സജീവമായി പ്രവർത്തിക്കുന്ന എല്ലാ സാംസ്ക്കാരിക സംഘടനകൾക്കും റേഡിയോ, ടി.വി എന്നിവ ലഭ്യമാക്കുക

4. എല്ലാ പട്ടികജാതി, വർഗ്ഗ കോളനികളിലും സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

5. ഗ്രന്ഥശാലാപ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുക.

6. പഞ്ചായത്തിൽ ഒരു പൊതുഗ്രന്ഥാലയം സ്ഥാപിക്കുക.

7. സാമൂഹ്യ സാംസ്ക്കാരിക സംഘടനകൾക്കും, വായനശാലകൾക്കും, പത്രങ്ങൾ, ആനുകാലിക പ്രസീദ്ധീകരണങ്ങൾ എന്നിവ നൽകുക.

8. പൊതു സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കുക

9. കായികരംഗത്തെ പ്രോത്സാഹിപ്പിക്കാൻ കളിസ്ഥലങ്ങൾ നിർമ്മിക്കുക.

10. നെഹ്റു യുവക് കേന്ദ്ര, സംഗീത നാടക അക്കാദമി, ലളിത കലാ അക്കാദമി, ഗ്രന്ഥശാലാ സംഘം, എന്നിവയുമായി ബന്ധപ്പെട്ട്, സാംസ്ക്കാരിക സംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

11. അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുകയും ചെയ്യുക.

12. റാണിപുരത്ത് ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

13. സാമൂഹ്യ സാംസ്ക്കാരിക സംഘടനകൾക്കും, പ്രവർത്തകർക്കും മികച്ച സേവനത്തിനുള്ള അവാർഡുകൾ നൽകുക.

14. കലാ സാംസ്ക്കാരിക രംഗത്ത് വനിതകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.

15. പഞ്ചായത്തല വനിത സാംസ്ക്കാരിക വേദി രൂപീകരിക്കുക.

16. സാമൂഹ്യ അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക.

17. മദ്യവിരുദ്ധപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.

പട്ടിക 2
പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്ന പ്രധാന പത്രമാസികകളുടെ എണ്ണം.

പത്രത്തിന്റെ പേര്	എണ്ണം
മലയാള മനോരമ	700
മാതൃഭൂമി	750
ദീപിക	300
ദേശാഭിമാനി	200
മംഗളം	150
കേരളകൗമുദി	20
ഇന്ത്യൻ എക്സ്പ്രസ്	50
വാരിക	**എണ്ണം**
മലയാള മനോരമ	1450
മംഗളം	1100
ഇന്ത്യാ ടുഡെ	150
കേരളശബ്ദം	100
മാതൃഭൂമി	60
കലാകൗമുദി	10
വനിതാപ്രസീദ്ധീകരണങ്ങൾ	500
കുട്ടികളുടെ പ്രസീദ്ധീകരണങ്ങൾ	3000
സിനിമാ പ്രസീദ്ധീകരണങ്ങൾ	750
കാർഷികപ്രസീദ്ധീകരണങ്ങൾ	200
സ്പോർട്ട്സ് പ്രസീദ്ധീകരണങ്ങൾ	175
മറ്റു പ്രസീദ്ധീകരണങ്ങൾ	1500

പട്ടിക 1

പഞ്ചായത്തിൽ സജീവമായി പ്രവർത്തിച്ചുവരുന്ന സാമൂഹ്യ സാംസ്ക്കാരിക സംഘടനകൾ.

നമ്പർ	പേര്	സ്ഥലം	തരം	സ്വന്തമായി കെട്ടിടമുള്ളത്
01	വിജയ കലാസമിതി	ചെറു പനത്തടി	കലാസമിതി	*
02	YMA വായനശാല	അരിപ്രോഡ്	വായനശാല ഗ്രന്ഥാലയം	*
03.	ഗ്രാമീണ വായനശാല	കള്ളാർ	വായനശാല ഗ്രന്ഥാലയം	
04.	യുവശക്തി	ചാമുണ്ഡിക്കുന്ന്	വായനശാല ഗ്രന്ഥാലയം	*
05.	മന്നം മെമ്മോറിയൽ	ചാമുണ്ഡിക്കുന്ന്	ക്ലബ്	*
06.	സഹൃദയ	ബളാംതോട്	ക്ലബ്	
07.	കലാ	പെരുതടി	ക്ലബ്	*
08.	ജവഹർ	പുടംകല്ല്	ക്ലബ്	
09.	രാജപുരം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്	രാജപുരം	ക്ലബ്	*
10.	പ്രോഗ്രസീവ് റിക്രിയേഷൻ	മാലക്കല്ല്	ക്ലബ്	
11.	സ്വരാജ്	മുന്തന്റെ മൂല	ക്ലബ്	*
12.	യുവശക്തി	ചിറംകടവ്	ക്ലബ്, ഗ്രന്ഥാലയം	*
13.	ബ്രില്ല്യന്റ്സ്	കോളിച്ചാൽ	ക്ലബ്	
14.	ഉഷസ്സ്	അയ്യങ്കാവ്	വായനശാല	*
15.	യുവശക്തി	കള്ളാർ	കലാസമിതി	
16.	ഫ്രണ്ട്സ്	കൊട്ടോടി	ക്ലബ്	
17.	ഫ്രണ്ട്സ്	പാലങ്കല്ല്	ക്ലബ്	
18.	ഗ്രാമശ്രീ	പെരുമ്പള്ളി	ക്ലബ്	
19.	കനിയിലടുക്കം ക്ലബ്	കനിയിലടുക്കം	ക്ലബ്	*
20.	യുവപ്രതിഭ	കൊട്ടോടി	ക്ലബ്	
21.	കപ്പിത്താൻസ്	രാജപുരം	ക്ലബ്	
22.	ജ്യോതി	പാലച്ചുരം	ക്ലബ്	

128

നമ്പർ	പേര്	സ്ഥലം	തരം	സ്വന്തമായി കെട്ടിടമുള്ളത്
23.	മിറാഷ്	വണ്ണാത്തിക്കാനം	ക്ലബ്	
24.	സൗഹാർദ	പറക്കയം	ക്ലബ്	
25.	ചേടിക്കുണ്ട് ക്ലബ്	ചേടിക്കുണ്ട്	ക്ലബ്	
26.	ആടകം ക്ലബ്	ആടകം	ക്ലബ്	
27.	വിക്ടറി	കുറിഞ്ഞി	ക്ലബ്	*
28.	റെഡ് സ്റ്റാർ	പുലിക്കടവ്	ക്ലബ്	*
29.	ചൈതന്യ	ബീംബുങ്കാൽ	ക്ലബ്	
30.	മാനടുക്കം ക്ലബ്	മാനടുക്കം	ക്ലബ്	*
31.	കൈരളി	കപ്പള്ളി	വായനശാല	*
32.	പ്രീതി	കല്ലപ്പള്ളി	ക്ലബ്	*
33.	ചൈതന്യ	പെരുതടി	ക്ലബ്	
34.	കൈരളി	പാണത്തൂർ	ക്ലബ്	
35.	അഞ്ജലി	പ്രാന്തർകാവ്	മഹിളാസമാജം	
36.	പ്രതിഭ	കടമല	മഹിളാസമാജം	
37.	പ്രിയങ്ക	പനത്തടി	മഹിളാസമാജം	
38.	ഭാവന	ഇരിക്കുംകല്ല്	മഹിളാസമാജം	
39.	ഐശ്വര്യ	പാലങ്കല്ല്	മഹിളാസമാജം	
40.	ധനലക്ഷ്മി	വിത്തുകളം	മഹിളാസമാജം	
41.	ചന്ദ്രിക	കൊളപ്പുറം	മഹിളാസമാജം	
42.	ജനപ്രിയ	പെരുതടി	പട്ടികവർഗ്ഗ മഹിളാസമാജം	

മൃഗസംരക്ഷണവും മത്സ്യബന്ധനവും

പനത്തടി പഞ്ചായത്തിൽ മുൻ കാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും പശുക്കളെ വളർത്തിയിരുന്നു. കൃഷിക്കാരൻ ഉഴവ് കാളകളേയും, ചില വീടുകളിൽ ആടുകളേയും വളർത്തിയിരുന്നു. സ്വന്തം ആവശ്യത്തിന് വേണ്ടതിൽ ചെറിയൊരു ഭാഗം കോഴിയും മുട്ടയും അതാത് കുടുംബങ്ങളിൽ ലഭ്യമായിരുന്നു.

കാലിമേച്ചിൽ സ്ഥലങ്ങൾ ഉണ്ടായിരുന്നത് കൈവശകൃഷി ഭൂമിയായി മാറിക്കഴിഞ്ഞു. കുടിയേറ്റ കർഷകരുടെ വരവോടെ മിക്ക തരിശ്ഭൂമിയും കൃഷിസ്ഥലമായി മാറി. ഇതിന്റെയൊക്കെ ഫലമായി. കന്നുകാലി സമ്പത്ത് തന്നെ കുറഞ്ഞുവന്നു.

കന്നുകാലിതീറ്റയ്ക്കുള്ള പുല്ല് ഇപ്പോൾ ലഭ്യമല്ലാതായി. പുറം സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന പുല്ലിന് അധികം വില നൽകേണ്ടിവരുന്നു. ഉൽപാദനച്ചിലവ് വർദ്ധിച്ചതിനാൽ ക്ഷീരോൽപാദകർക്ക് ഉദ്ദേശിച്ച നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. മെച്ചപ്പെട്ട ഇനം പശുക്കൾ തുലോം കുറവാണ്. കന്നുകാലി സംരക്ഷണത്തിനായി ഗവ: സംവിധാനം വളരെ പരിമിതമാണ്. കൃത്രിമ ബീജസങ്കലനം വഴിയുള്ള വംശവർദ്ധനവിലൂടെ മാത്രമേ ഗുണ മേന്മയുള്ള കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുവാൻ കഴിയുകയുള്ളു. അതിനായി നിലവിലുള്ള സൗകര്യങ്ങൾ താഴെപറയുന്നവയാണ്.

1. സർക്കാർ മൃഗാശുപത്രി, രാജപുരം
2. ഐ.സി.ഡി.പി. സബ് സെന്റർ, കോളിച്ചാൽ.
3. ഐ.സി.ഡി.പി. സബ് സെന്റർ, ബളാംതോട്
4. ഐ.സി.ഡി.പി. സബ് സെന്റർ, മാലക്കല്ല്.

പട്ടിക 1 ശ്രദ്ധിക്കുക

വളർത്തു ജന്തുക്കളും പാൽ / മുട്ട ഉൽപാദനവും

ഇനം	പശു	ആട്	കോഴി
നാടൻ	5747	12,400	23,170
സങ്കരം	9367	ഇല്ല	ഇല്ല
ഉൽപാദനം പ്രതിമാസം	5747 ലി 18734 ലി.	93,000 ലി	23170 മുട്ട
ആകെ	24481 ലി.	93,000 ലി	23170 മുട്ട

അവലംബം : സാമൂഹ്യ സാമ്പത്തിക സർവ്വെ

പശു, ആട്, കോഴി എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. എണ്ണത്തിൽ കോഴിയും ആടുമാണ് കൂടുതൽ. പ്രാഥമിക സർവ്വെ പ്രകാരം നാടൻ പശുക്കൾ 5747 എണ്ണവും സങ്കരയിനങ്ങൾ 9367 എണ്ണവും ഉണ്ട്. എന്നാൽ ആടുകളുടെ കണക്കാവട്ടെ നാടൻ ഇനം മാത്രമായി 12400 എണ്ണമാണ് ഉള്ളത്. എരുമകളെ വളർത്തുന്നവർ വർഷങ്ങളായി തീരെ ഇല്ലെന്ന് തന്നെ പറയാം. ഉഴവുമാടുകളും എണ്ണത്തിൽ കുറവാണ്. നാടൻ ഇനം കോഴികൾ മാത്രം 23170 എണ്ണമുണ്ട്. താറാവുകളെ ഈ പഞ്ചായത്തിൽ വളത്തുന്നില്ല എന്ന് മേൽപട്ടിക വ്യക്തമാക്കുന്നു.

1996ലെ കണക്ക് പ്രകാരം പ്രതിമാസം 244481 ലിറ്റർ പാൽ പശുക്കളിൽ നിന്നും ഉൽപാദിപ്പിക്കുന്നു. മൊത്തം ഉൽപാദിപ്പിക്കപ്പെടുന്ന പാലിന്റെ 30% മാത്രമേ നമ്മുടെ 6 പാൽ സംഭരണകേന്ദ്രങ്ങളിലേക്ക് എത്തുന്നത്. അതായത് പ്രതിദിനം ശരാശരി 600 ലിറ്റർ പാൽ മാത്രമേ സംഭരണകേന്ദ്രങ്ങളിലേക്ക് എത്തുന്നുള്ളു. അതുകൊണ്ട് നമ്മുടെ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ മുഴുവൻ സംഭരിക്കാൻ സംഭരണകേന്ദ്രങ്ങളുടെ അപര്യാപ്തത ഏറെയുണ്ട്.

കാലിത്തീറ്റകളുടെ വിലവർദ്ധനവ്, വൈക്കോലിന്റേയും പുല്ലിന്റേയും ലഭ്യതക്കുറവ്,

ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത, സങ്കരയിനം ആടുമാടുകളുടെ ലഭ്യതക്കുറവ് എന്നിവ കന്നുകാലി വളർത്തലിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

പാൽ സംഭരണത്തിനും വിതരണത്തിനും സഹായകരമാകുന്ന തരത്തിൽ സൊസൈറ്റികളുടെ പ്രവർത്തനം ഈ രംഗത്ത് ചെറിയ ചലനം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷീരവികസന രംഗം ഫലപ്രദമായി അഭിവൃദ്ധിപ്പെടണമെങ്കിൽ കാര്യമായ ആസൂത്രണം നടത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ജനങ്ങളുടെ പ്രതിമാസ പാൽ ഉപഭോഗം 12000 ലിറ്റർ എന്നത് വളരെ കുറവാണ്.

പഞ്ചായത്തിലെ ഒരാളുടെ ഒരു മാസത്തെ ശരാശരി പാൽ ഉപഭോഗം 2 ലിറ്റർ മാത്രമാണ്. അത്കൊണ്ട് പാൽ ഉപഭോഗം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഉൽപാദനം മെച്ചപ്പെടുത്തി ഇത് പരിഹരിക്കപ്പെടണം. കന്നുകാലി സമ്പത്ത് വർദ്ധിക്കാതിരിക്കാനുള്ള പ്രധാന കാരണങ്ങളിലൊന്ന് വളർത്തുമൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങളാണ്. പട്ടിക 2 ശ്രദ്ധിക്കുക.

രോഗവിവരങ്ങൾ

രോഗങ്ങൾ	പശു	ആട്	കോഴി
1 ദഹന സംബന്ധമായവ	500	100	60
2 ശ്വാസകോശ സംബന്ധമായവ	200	20	100
3 ഉപാചയ സംബന്ധമായവ	150	30	
4 ത്വക്ക്രോഗങ്ങൾ	600	9	
5 ധാതുലവണങ്ങളുടെ കുറവ്	800	150	
6 പരാദരോഗങ്ങൾ	600	150	
7 പ്രത്യൽപ്പാദനവുമായി ബന്ധപ്പെട്ടവ	400		
8 വന്ധ്യത	100		
9. അകിടുവീക്കം	150		
ആകെ	3500	459	160

അവലംബം : സാമൂഹ്യ സാമ്പത്തിക സർവ്വെ

കന്നുകാലി വളർത്തലിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുന്ന ഘടകങ്ങളിലൊന്ന് അവയ്ക്കുണ്ടാകുന്ന രോഗങ്ങളാണ്.

ദഹനസംബന്ധമായ രോഗങ്ങൾ, ഗർഭാശയ സംബന്ധരോഗങ്ങൾ, അകിടുവീക്കം എന്നിവയാണ് പ്രധാനമായി കാണപ്പെടുന്ന രോഗങ്ങൾ.

1996ൽ ദഹനസംബന്ധമായ 800 രോഗങ്ങളും 600 പരാദരോഗങ്ങളും കന്നുകാലികളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ത്വക്ക് രോഗങ്ങളും ധാതു ലവണങ്ങളും കന്നുകാലി വളർത്തലിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ചെറുകിട ഗോബർഗ്യാസ് പ്ലാന്റുകൾ ഉണ്ട്. പാചകാവശ്യത്തിന് ഈ ഇന്ധനം പരിമിതമായി മാത്രം ഉപയോഗിക്കുന്നു.

കന്നുകാലി വളർത്തൽ മെച്ചമാകുന്നതോടെ ഗോബർഗ്യാസ് പ്ലാന്റുകളുടെ എണ്ണം കൂട്ടുവാനും അതുവഴി ഇന്ധനക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാനും കഴിയും. ഗ്യാസ് ഉൽപാദനത്തിന് ഉപയോഗിച്ചിട്ടുള്ള അവശിഷ്ടങ്ങളെ ജൈവവളമായി ഉപയോഗിക്കാനും കഴിയും. എന്നാൽ സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവുണ്ട്. മൃഗസംരക്ഷണ വകുപ്പ് മുഖേന പ്ലാന്റുകൾ സ്ഥാപിക്കുവാനും സഹായധനം നൽകുവാനും കഴിയണം.

രാജപുരം മൃഗാശുപത്രി മുഖേന പശു, ആട്, കോഴി എന്നിവ പരിമിതമായ തോതിൽ വിതരണം ചെയ്തിട്ടുണ്ടെങ്കിലും കൂടുതൽ ഗുണഭോക്താക്കളെ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടില്ല.

ലാഭകരമായ തൊഴിലായ പന്നി, കോഴി, മൂയൽ (സങ്കരയിനങ്ങളോടുകൂടിയ) എന്നിവ വളർത്താൻ സാധ്യത കണ്ടെത്തണം.

പാൽ ഉൽപാദനരംഗത്ത് മുന്നേറ്റം സൃഷ്ടിക്കുവാനായിട്ടുള്ള മാർഗ്ഗങ്ങളാണല്ലൊ കൃത്രിമ ബീജസങ്കലനം വഴിയുള്ള പ്രത്യുൽപാദനം. കൃത്രിമ ബീജസങ്കലന വിവര പട്ടിക ഈ രംഗത്ത് നാം ഇനിയും മുന്നോട്ട് പോകാനുണ്ട് എന്ന സൂചനയാണ് നൽകുന്നത്.

പട്ടിക 3

കൃത്രിമ ബീജസങ്കലന വിവരം

വളർത്തു മൃഗം	കൃത്രിമ ബീജസങ്കലനം	ഗർഭധാരണത്തിനായി രണ്ടിലധികം കുത്തിവെച്ചത്
പശു	60% അതായത് 9000 എണ്ണം	40% അതായത് 6000 എണ്ണം

അവലംബം : സാമൂഹ്യ സാമ്പത്തിക സർവ്വെ

പഴയ കാലങ്ങളിൽ എല്ലാ വീടുകളിലും കോഴിവളർത്തലുണ്ടായിരുന്നു. ഇറച്ചിക്ക് വേണ്ടി മറ്റുസ്ഥലങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. മുട്ട, ഇറച്ചി ഇവയ്ക്ക് വ്യാപകമായ മാർക്കറ്റ് സാധ്യത ഉണ്ട്. ഉൽപാദിപ്പിക്കപ്പെടുന്ന മുട്ടയുടെ എണ്ണവും ഉപഭോഗത്തിന്റെ എണ്ണവും തമ്മിൽ വലിയ അന്തരമുണ്ട്. പ്രതിമാസം 50000 മുട്ടകളുടെ ഉപയോഗമുണ്ടെങ്കിലും ഉൽപാദിപ്പിക്കപ്പെടുന്നത് 23170 എണ്ണം മാത്രമാണ്. ദേശീയ ശരാശരി ഉൽപാദനത്തിൽ വളരെ താഴ്ന്ന നിലവാരത്തിലാണ് നമ്മുടെ ഉൽപാദനം. മുട്ടക്കോഴികളെ വളർത്തി ഈ ആവശ്യം പരിഹരിക്കാൻ കഴിയണം. അതുവഴി തൊഴിൽ, ആരോഗ്യ രംഗത്ത് നേട്ടം ഉണ്ടാവുകയും ചെയ്യും. ഈ രംഗത്ത് വനിതകളുടെ പങ്കാളിത്തത്തിന് കേന്ദ്രീകരിച്ച പ്രവർത്തനം അത്യാവശ്യമാണ്.

കോഴികൾക്കുണ്ടാകുന്ന സാംക്രമിക രോഗങ്ങൾ ശ്രദ്ധാപൂർവ്വം ചികിത്സിച്ചു മാറ്റണം.

പട്ടിക 4

പേവിഷബാധ

പ്രതിരോധ കുത്തിവെപ്പ് നടത്തിയ വയുടെ വിവരം	എണ്ണം
നായ്ക്കൾ	500

പേപ്പട്ടി നിർമ്മാർജ്ജന ശ്രമം പഞ്ചായത്തിൽ നടത്തുന്നുണ്ടെങ്കിലും പൂർണ്ണവിജയത്തിലെത്താൻ കഴിഞ്ഞിട്ടില്ല. 1996ൽ 500 നായ്ക്കൾക്കാണ് പ്രതിരോധ കുത്തിവെയ്പ് നടത്തിയത്. ക്രമാതീതമായി നായ്ക്കളുടെ എണ്ണം പെരുകുന്നത് ഒരു സാമൂഹ്യ പ്രശ്നമായി മാറിയിട്ടുണ്ട്. ഇത് കർശനമായി നിയന്ത്രിക്കേണ്ടതുണ്ട്.

ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്ന പ്രശ്നങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

1. തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്
2. ക്ഷീരവിപണനത്തിനുള്ള അസൗകര്യങ്ങൾ
3. കാലിവളർത്തലിനുള്ള വമ്പിച്ച മുതൽമുടക്ക്
4. തേനീച്ച, മുയൽ, ആട്, പന്നി എന്നിവയെ വളർത്താനുള്ള സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം.
5. കോഴിവസന്ത, അകിടു വീക്കം, പരാദ രോഗങ്ങൾ തുടങ്ങിയവ കൃഷിക്കാരെ നിരുൽസാഹപ്പെടുത്തുന്നു.
6. മെച്ചപ്പെട്ട ഇനം കന്നുകാലികളുടെ ദൗർല്ലഭ്യം

സാധ്യതകൾ :

1. ഓരോ വാർഡിലും 100 വീതം മെച്ചപ്പെട്ട ഇനം പശുക്കളെ വിതരണം ചെയ്യുകയും അതിനാവശ്യമായ ലോൺ സൗകര്യം തരപ്പെടുത്തുകയും വേണം.

2. വാർഡുകളെ കേന്ദ്രീകരിച്ചുകൊണ്ട് യൂണിറ്റുകൾ തുടങ്ങി അവയെ പഞ്ചായത്ത് തലത്തിൽ നിയന്ത്രിക്കുന്ന സൊസൈറ്റിയുടെ കീഴിലാക്കുക. ഇത്തരം സൊസൈറ്റികൾ മുഖേന പാൽ സംഭരണവും വിതരണവും നടത്തുകയും, കൃഷിക്കാർക്ക് കാലിത്തീറ്റ, കോഴിത്തീറ്റ, എന്നിവ സബ്സിഡി നിരക്കിൽ നൽകുകയും ചെയ്യുക.

3. വിദഗ്ധൻമാരെ ഉൾപ്പെടുത്തി ആടു, കോഴി, പന്നി വളർത്തൽ യൂണിറ്റുകൾക്ക് വർക്കിംഗ് ഗ്രൂപ്പുകൾ നടപ്പിലാക്കുക.

4. വിസ്തൃതമായ നമ്മുടെ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുക. നിലവിലുള്ള മൃഗാശുപത്രിക്ക് ടെലഫോൺ, വാഹനം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

5. മൃഗ സംരക്ഷണ മേഖലയിൽ ഇൻഷുറൻസ് സൗകര്യം വ്യാപകമായി നടപ്പാക്കുക.

132

6. മൃഗസംരക്ഷണരംഗത്ത് കൂടുതൽ ബോധവൽക്കരണം നടത്തുക.

7. കന്നുകുട്ടി പരിപാലന പരിപാടി വ്യാപകമാക്കുക.

മത്സ്യബന്ധനം :

പനത്തടി പഞ്ചായത്തിൽ മത്സ്യം വളർത്തുന്നതിന് അനുയോജ്യമായ ജലാശയങ്ങൾ വളരെ ദുർല്ലഭമാണ്. അത്കൊണ്ടുതന്നെ വാണിജ്യാടിസ്ഥാനത്തിലുള്ള മത്സ്യം വളർത്തൽ അപ്രായോഗികമാണ്. എങ്കിലും കുടിവെള്ളത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കാത്ത കുളങ്ങളിൽ മത്സ്യം വളർത്തുവാൻ സാധ്യതയുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

♦♦♦♦

ഉപചാരപൂർവ്വം . . . . . .

പനത്തടി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനരേഖ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുകയാണ്. സമയബന്ധിതമായി, ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് തയ്യാറാക്കിയതാണ് ഈ രേഖ. ഗ്രാമസഭാ നിർദേശങ്ങളും ദ്വിതീയ വിവര സമാഹാരവും കേട്ടറിവും നാട്ടറിവുമാണ് ഇതിനാധാരം. ഇത് സമഗ്രവും പൂർണ്ണവുമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. തെറ്റുകൾ കാണുന്നുവെങ്കിൽ അത് ചൂണ്ടിക്കാണിക്കുകയും ഉദ്ദേശശുദ്ധിയെ മാനിച്ച് ക്ഷമിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

കേരളത്തിലെ ജനകിയാസൂത്രണ പ്രക്രിയയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിന്റെ വികസനരേഖ തയ്യാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ ഞങ്ങളോടു സഹകരിച്ച ആസൂത്രണ പരിശീലകർ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ സാമൂഹ്യ സംഘടനാ ഭാരവാഹികൾ എന്നിവർക്കും വിവിധ സ്ക്കൂൾ അധികൃതർക്കും സാങ്കേതിക സഹകരണം നൽകിയ മാസ്റ്റർ ഓഫ്സെറ്റ് പ്രിന്റേർസ്, ശ്രീ. അരവിന്ദൻ മാണിക്കോത്ത് (ലേറ്റസ്റ്റ്), സിയോൺ കംപ്യൂട്ടർ സർവീസസ് കാഞ്ഞങ്ങാട്, അബാക്കസ് ഉദുമ, ഭാരത് പ്രിന്റിംഗ് പ്രസ് കാഞ്ഞങ്ങാട്, പല്ലവ ആർട്ട്സ് കാഞ്ഞങ്ങാട്, നിറം ആർട്ട്സ് പൂടംകല്ല് എന്നിവർക്കും കേരള സംസ്ഥാന ആസൂത്രണ ബോർഡിനും ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നു.

. . . . . നന്ദി.

ചെയർമാൻ

പനത്തടി ഗ്രാമപഞ്ചായത്ത് ആസൂത്രണ സമിതി

വയനാട്.
കർണാടക.
ചന്ദനത്തടി ഗ്രാമ പഞ്ചായത്ത്.
I
II
III
IV
V
VI
VII
VIII
IX
X
XI
XII
XIII
1 ചുള്ളിക്കര
2 ചൂരംകല്ല്
3 രാജപുരം
4 കള്ളാർ
5 മാലകല്ല്
6 കൊളിയാൽ
7 ചന്ദനത്തടി
8 പഞ്ചംതോട്
9 പാണത്തൂർ.
ചാഞ്ഞിപ്പുഴ
കാഞ്ഞങ്ങാട്
പാണത്തൂർ
ബളാൽ
13½
4340